SH -1

# വിശ്വാസിയും ആഭരണവും

**(BELIEVERS AND ORNAMENTS)**



**SAMSON HENRY**
KOLLAM

വിശ്വാസികൾ എന്തുകൊണ്ട് ആഭരണം ധരിക്കരുത്? ആഭരണം ധരിച്ചവരെ സ്നാനപ്പെടുത്താമോ? അവർക്കു കർത്തൃമേശ അനുവദിക്കാമോ? ആഭരണം ധരിക്കരുതെന്നു ദൈവം കല്പിച്ചിട്ടുണ്ടോ? വിലയേറിയ വസ്ത്രങ്ങൾ ഉപയോഗിക്കാമെങ്കിൽ അല്പം ആഭരണം ധരിക്കുന്നതിലെന്താണു തെറ്റ്? മുടിയൻ പുത്രന്റെ കൈക്കു മോതിരം, യാക്കോബിന്റെ ലേഖനത്തിൽ പൊന്മോതിരം ധരിച്ച ധനവാൻ, യേശുക്രിസ്തു മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നു......; എങ്കിൽ വിശ്വാസികൾക്കും ആഭരണം ധരിക്കരുതോ? ഇത്തരം അനേകം ചോദ്യങ്ങൾ വിശ്വാസികളുടെ മദ്ധ്യേ ഉയരുന്നു. തിരുവചനം എന്തു പറയുന്നു? ദൈവസന്നിധിയിലിരുന്നു പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്തതിന്റെ ഫലമായി ദൈവം നല്കിയ ആലോചനകൾ ശ്രീ. സാംസൺ ഹെൻറി ഈ പുസ്തകത്തിലൂടെ അനുവാചകരുമായി പങ്കുവെക്കുന്നു. ഇദ്ദേഹം കൊല്ലം ബ്രദറൺ സഭയിലെ ശുശ്രൂഷയിലൂടെയും, സുവിശേഷ ലഘുലേഖാപ്രവർത്തനങ്ങളിലൂടെയും കർത്താവിനെ സേവിച്ചു വരുന്നു.

"നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്നു ദൈവജനത്തോട് പഴയനിയമത്തിൽ ശക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവകല്പനയ്ക്കുശേഷം സുവിശേഷങ്ങളിൽ കർത്താവോ, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ കർത്താവിനെ പിൻപറ്റി ജീവിച്ചു പ്രവർത്തിച്ച അപ്പൊസ്തലന്മാരോ, ലേഖനങ്ങളിൽ ഉപദേശമായോ 'ആഭരണം ധരിച്ചുകൊൾക' എന്നു അനുവാദം നല്കിയിട്ടില്ല.

Bible Good News Publications
Zion, Aradhana Nagar-22, Kollam, Pin - 691 001

വിശ്വാസിയും ആഭരണവും | SAMSON HENRY, KOLLAM

വിശ്വാസിയും ആഭരണവും

# BELIEVERS AND ORNAMENTS

SAMSON HENRY, KOLLAM

# വിശ്വാസിയും ആഭരണവും
## (BELIEVERS & ORNAMENTS)

**By**

**SAMSON HENRY**
**KOLLAM**





**വിശ്വാസിയും ആഭരണവും**
**(BELIEVERS & ORNAMENTS)**
(Malayalam)

1st Edition : August 2004
2nd Edition : September 2014
Copies : 2000

Author : Samson Henry
Zion, Aradhana Nagar # 22
Behind Sanker's Hospital
Kollam, Pin - 691 001
Phone : 0474-2741115
Mobile : 94474 10769
E-mail : biblegoodnews@gmail.com
Web : biblegoodnews.com

Published by : Bible Goodnews Publications, Kollam
Copy right : Author

DTP and
Cover design : Samson Henry, Kollam

Printed at : Printart, Kollam
Mb: 90378 00733

Price : ₹ 100/-

# ഉള്ളടക്കം


അവതാരിക, അഭിപ്രായം, പ്രസ്താവന 9 - 30

**അദ്ധ്യായം —**

1. ചില സമകാലീന ചോദ്യങ്ങൾ 31
2. ആഭരണഭ്രമത്തിന്റെ ഉത്ഭവം 37
3. ആഭരണവും വിഗ്രഹാരാധനയും 41
4. ആഭരണവർജ്ജനം തിരുവചനവെളിച്ചത്തിൽ 55
5. ആഭരണധാരണം അനുവദിക്കുന്നുവെന്നു തോന്നിപ്പോകാവുന്ന ചില വേദഭാഗങ്ങളും അവയ്ക്കുള്ള വിശദീകരണവും — 69

-- (1) യോസേഫിനെ സ്വർണ്ണസരപ്പളി അണിയിച്ചു 72

-- (2) ദൈവാലയ പണികൾക്കായി ദൈവജനം പൊന്നും, തങ്കക്കാശും കൊടുത്തു 85

-- (3) ഇയ്യോബിനു പൊൻമോതിരം കൊടുത്തു 87







-- (4) രാജ്ഞി ഓഫീർതങ്കം അണിഞ്ഞു നിൽക്കുന്നു 91

-- (5) മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നു 92

-- (6) ഒരു കന്യക ആഭരണങ്ങൾ മറക്കുമോ? 94

-- (7) ഞാൻ നിന്നെ ആഭരണം അണിയിച്ചു 95

-- (8) ദാനീയേലിനെ പൊന്മാല ധരിപ്പിച്ചു 96

-- (9) യോശുവയുടെ തലയിൽ പൊന്നും വെള്ളിയും കൊണ്ടുള്ള കിരീടം 98

-- (10) മുടിയൻ പുത്രന്റെ കൈക്കു മോതിരം 100

-- (11) യാക്കോബിന്റെ ലേഖനത്തിലെ പൊന്മോതിരം ധരിച്ച ധനവാൻ 104

-- (12) യേശുക്രിസ്തു മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നു 108

-- (13) ലവൊദിക്ക്യസഭയോട് തീയിൽ ഊതിക്കഴിച്ച പൊന്നു വാങ്ങുവാൻ പറഞ്ഞിരിക്കുന്നു 112

-- (14) സിംഹാസനങ്ങളിൽ ഇരിക്കുന്ന മൂപ്പന്മാരുടെ തലയിൽ പൊൻകിരീടം 115

**6.** ആഭരണധാരണത്തെപ്പറ്റി ചില ചോദ്യങ്ങളും
അവയ്ക്കുള്ള ഉത്തരങ്ങളും — 119

(1) വിശ്വാസി ആഭരണം ധരിക്കാമോ?
ധരിക്കുന്നതിൽ തെറ്റുണ്ടോ?
അവരെ ദൈവം വെറുക്കുമോ? 119

(2) സ്നാനസമയത്തു ആഭരണമുപേക്ഷിച്ച
വിശ്വാസി വീണ്ടും ആഭരണം ധരിച്ചാൽ
രക്ഷ നഷ്ടപ്പെടുമോ? ന്യായാസനത്തിങ്കൽ
ലജ്ജിതരാകുമോ? 125

(3) കൃപയാൽ രക്ഷ പ്രാപിച്ച വിശ്വാസി
ആഭരണം ധരിച്ചിരിക്കുന്നുവെന്ന
ഏക കാരണത്താൽ വിശ്വാസസ്നാനം
വിലക്കാമോ? 132

(4) കേരളത്തിനു പുറത്തുള്ള വേർപെട്ട
വിശ്വാസികൾ ആഭരണം ധരിക്കുന്നു;
ആഭരണധാരികളായ അവരെ
സ്നാനപ്പെടുത്തുന്നതിനു എന്താണ് തെറ്റ്? 139

(5) ഒരു ഉപദേശം സാർവ്വത്രികത കൊണ്ടാണോ
സ്വീകാര്യമാകുന്നത്? 144

(6) കേരളത്തോടു ചേർന്നു സ്ഥിതിചെയ്യുന്ന
തമിഴ്നാട്ടിൽ ആഭരണവർജ്ജനമില്ലാത്തതെന്ത്? 146

(7) ആഭരണവർജ്ജനം കേരളത്തിലെ ബ്രദറൺ-
പെന്തക്കോസ്തു വിശ്വാസികളുടെ
കണ്ടുപിടുത്തമോ? 148





(8) പേരിനും വേണ്ടി അല്പം സ്വർണ്ണാഭരണം
ധരിക്കുന്നതു തെറ്റാണോ? 149

(9) ആഭരണങ്ങൾ ഒരിക്കൽ വർജ്ജിച്ച വിശ്വാസികൾ
എന്തുകൊണ്ടു പില്ക്കാലത്ത് ആഭരണം
വീണ്ടും ധരിക്കുന്നു? 153

(10) ആഭരണങ്ങൾ സ്വമനസ്സാലെ വർജ്ജിച്ചു
ദൈവത്തെ ആരാധിക്കുന്ന കൂട്ടങ്ങളിൽ
ആഭരണം ധരിക്കുന്നവരാൽ സംഭവിക്കുന്ന
ആത്മീയനാശങ്ങൾ 161

(11) ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? 168
— ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾക്കുള്ള
മറുപടി 170-193

(12) വിലയേറിയ വസ്ത്രങ്ങൾ ധരിക്കാമെങ്കിൽ
ആഭരണം ഉപയോഗിച്ചാൽ എന്താണ് തെറ്റ്? 194
—(1) എന്താണ് യോഗ്യമായ വസ്ത്രധാരണം 195
—(2) കുഞ്ഞുങ്ങളുടെ വസ്ത്രധാരണം 197
—(3) ആൺമക്കളുടെ വസ്ത്രധാരണം 197
—(4) പെൺമക്കളുടെ വസ്ത്രധാരണം 198
—(5) വിവാഹവേളയിലെ വസ്ത്രധാരണം 199

(13) സ്വർണ്ണഫ്രെയിമിലുള്ള കണ്ണടകൾ, വാച്ചിന്റെ
സ്വർണ്ണച്ചെയിൻ എന്നിവ ആഭരണങ്ങളിൽ
ഉൾപ്പെടുകയില്ലേ? ഇങ്ങനെയുള്ളവ,
ആഭരണം ധരിക്കാത്ത വിശ്വാസികൾ
ഉപയോഗിക്കാമോ? 200

| | | |
|---|---|---|
| (14) | ആഭരണം ധരിക്കുന്നതു അപമാനം ഒഴിവാക്കാൻ നല്ലതല്ലേ? | 202 |
| (15) | ആഭരണം ധരിച്ചവർക്കു കർത്തൃമേശ അനുവദിക്കാമോ? | 205 |
| (16) | സാമുദായിക, ഹൈന്ദവപശ്ചാത്തലത്തിലെ ഭവനങ്ങളിൽ നിന്നു ഏകയായി വിശ്വാസത്തിലേക്കു വന്നവർ ഭവനക്കാരുടെ സമ്മർദ്ദത്താൽ ആഭരണം ധരിച്ചിരിക്കുന്നുവെങ്കിൽ അവർക്കു കർത്തൃമേശ കൊടുക്കാമോ? | 213 |
| (17) | ആഭരണവർജ്ജനം സ്നാനത്തിനു അനിവാര്യമാണോ? | 216 |
| (18) | ആഭരണം ധരിക്കരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? | 217 |
| (19) | സ്നാനപ്പെടുന്നതിനു മുമ്പ് ആഭരണം നീക്കണം എന്നു പറയുന്നത് കർത്താവിന്റെ അന്ത്യകല്പനയുടെ ക്രമം തെറ്റിക്കലല്ലേ? | 220 |
| (20) | യേശുവിന്റെ ജനനത്തിൽ വിദ്വാന്മാർ പൊന്നു കാഴ്ചവെച്ചതിനാൽ വിശ്വാസികൾക്കു ആഭരണം ധരിക്കാമോ? | 224 |
| (21) | ആഭരണം വർജ്ജിക്കുക കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നതിനു തുല്യമല്ലേ? | 227 |







| | | |
|---|---|---|
| (22) | വിവാഹവും വിവാഹമോതിരവും — വിശ്വാസികളുടെ വിവാഹത്തിൽ മോതിരം ഉടമ്പടിയെ വെളിപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നത് ശരിയാണോ? | 229 |
| (23) | നിന്റെ വിവാഹമോതിരം എവിടെ? — വിദേശയാത്രക്കൊരുങ്ങുമ്പോൾ ഹൈക്കമ്മീഷണറുടെ ഓഫീസിൽ ചോദിച്ചാൽ എന്തുചെയ്യും? | 231 |
| (24) | ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ ആഭരണം ധരിക്കുന്നില്ല. എന്നാൽ ആഭരണവർജ്ജനം ദൈവവചനത്തിനു നിരക്കുന്നതല്ല — പ്രസ്താവന ശരിയോ? | 232 |
| (25) | ഉപദേശ സ്ഥാപന വ്യവസ്ഥ പ്രകാരം ആഭരണവർജ്ജനം തിരുവചനത്തിനു നിരക്കുന്നതോ? | 234 |
| (26) | ആഭരണവർജ്ജനം രക്ഷിക്കപ്പെട്ടവർക്കു അധികഭാരം ചുമത്തലോ? | 236 |
| (27) | കൊല്ലം ബ്രദറൺസഭയും ആഭരണവും — ആഭരണധാരണത്തോടുള്ള സമീപനമെന്ത്? | 238 |
| 7. | ഉപസംഹാരം | 241 - 262 |

## അവതാരിക

( Dr. P.Y.GEORGE, Trivandrum )

പ്രിയസഹോദരൻ സാംസൺ ഹെൻറി രചിച്ച ഈ പുസ്തകത്തിനു അവതാരികയെഴുതാൻ അവസരം ലഭിച്ചത് ഒരപൂർവ്വ ബഹുമതിയായി ഞാൻ കരുതുന്നു. കർത്താവിന്റെ ചങ്കിലെ ചോരയാൽ വീണ്ടെടുക്കപ്പെട്ട ഒരു സഹോദരൻ എന്ന നിലയ്ക്കുള്ള ആത്മബന്ധമല്ലാതെ കാര്യമായ മുൻപരിചയം ഞങ്ങൾ തമ്മിലില്ല. എന്നാൽ ഇതിന്റെ കയ്യെഴുത്തുപ്രതി പരിശോധിക്കാനും, അവതാരികയെഴുതാനും ഇടയായതോടെ ഞങ്ങൾ തമ്മിലുള്ള സ്നേഹവും പരിചയവും പൂർവ്വാധികം വർദ്ധമാനമായി.

ഇന്നു പുസ്തകരചനാരംഗത്തു, ചാകരയുടെ കാലമാണ്. ഇംഗ്ലീഷിലും മലയാളത്തിലും ആത്മീയഗ്രന്ഥങ്ങൾ കൂണു മുളക്കും പോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചർവ്വിതചർവ്വണം ചെയ്ത വിഷയങ്ങളാണ് അവയുടെയൊക്കെ ഇതിവൃത്തങ്ങൾ എന്നു മാത്രം. പ്രസംഗപീഠങ്ങളിൽ മികവു തെളിയിച്ചിട്ടുള്ള പ്രശസ്തരായ സുവിശേഷകന്മാരുടെ കുത്തകയാണ്, ആത്മീയഗ്രന്ഥങ്ങളുടെ രചനയെന്നു വേർപെട്ട ദൈവജനങ്ങൾ എങ്ങനെയോ ധരിച്ചുവശായിട്ടുണ്ടെന്നു തോന്നുന്നു. അവരുടെ പുസ്തകങ്ങൾ ചൂടപ്പംപോലെ വിറ്റഴിയുമ്പോൾ മറ്റുള്ളവരുടേത് പുസ്തകശാലയിൽ പൊടിയടിച്ചു കിടക്കുന്നു. എന്തായാലും പ്രിയസഹോദരന്റെ തൂലികയിൽ നിന്നു വാർന്നു വീണ ഈ ഗ്രന്ഥം വായിക്കുന്നവർക്ക് മേൽ പറഞ്ഞ പൊതുധാരണ മിഥ്യയാണെന്നു ബോദ്ധ്യപ്പെടാതിരിക്കയില്ല.

പൊതുശുശ്രൂഷകന്മാരിൽ പലരും സ്തുതിപാഠകന്മാരായതിനാൽ ആഭരണധാരണം, വിവാഹമോചനം ഇത്യാദി, വിവാദപരമായ വിഷയങ്ങളിൽ കൈവെക്കാൻ അവർ മടിക്കുന്നു. അങ്ങനെ ചെയ്താൽത്തന്നെ തത്സംബന്ധിയായ സത്യങ്ങൾ പൂർണ്ണമായി പുറത്തു പറയാറുമില്ല. സത്യത്തിന്റെ മുഖം ഇരുണ്ടതാകയാൽ അനുവാചകരുടെ അനിഷ്ടം ആർജ്ജിച്ചുകൊണ്ടല്ലാതെ അതവർക്കു





ചെയ്യുവാൻ കഴിയുന്നതല്ല. അതും ശരി, ഇതും ശരി എന്ന മട്ടിൽ 'അഴകൊഴമ്പൻ' അഭിപ്രായങ്ങൾ തട്ടിവിടുക മാത്രമേയുള്ളു. എന്നാൽ അത്തരം ദോഷങ്ങളൊന്നും ആരോപിക്കാൻ കഴിയാത്തതാണ് എന്നെപ്പോലെ ഒരു സാധാരണ വിശ്വാസിയായ സഹോദരൻ സാംസൺ ഹെൻട്രി രചിച്ച ഈ ഗ്രന്ഥം.

ഏഴ്, തിരുവെഴുത്തിൽ പൂർണ്ണതയെക്കാണിക്കുന്നു. അത്രയും ലഘുഖണ്ഡങ്ങളായിട്ടാണ് ഈ കൃതിയിൽ വിഷയവിഭജനം നടത്തിയിട്ടുള്ളത്. അത് പക്ഷേ യാദൃച്ഛികമായിരിക്കാം. എന്നാലും നമ്മുടെ കർത്താവിന് ഒന്നും യാദൃച്ഛികമല്ലാത്തതിനാൽ ഈ കൃതിയുടെ രചനയിൽ പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ മേൽഭരണം ഉണ്ടായിരുന്നതായി അനുമാനിക്കാം. ആഭരണധാരണം എന്ന വിഷയത്തിൽ വിശ്വാസഗോളത്തിൽ ഇന്നു പലരും ഉന്നയിക്കാറുള്ള ഒരു ഡസനിൽപരം വിഷമപ്രശ്നങ്ങൾ ആമുഖത്തിൽ തന്നെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട്. അവയ്ക്കെല്ലാംതന്നെ തൃപ്തികരമായ മറുപടി 6 -ാം ഖണ്ഡത്തിൽ ഗ്രന്ഥകാരൻ നൽകിയിരിക്കുന്നു.

ആഭരണധാരണത്തിന്റെ ഉല്പത്തി തേടിയുള്ള പ്രയാണത്തിൽ ആദിപാപം ഉടലെടുത്ത ഏദൻ തോട്ടത്തിലും അതിനടിയിലെ മണ്ണിലും വരെ ഗ്രന്ഥകാരൻ ചികഞ്ഞു നോക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി രണ്ടാം ഖണ്ഡം പരിശോധിക്കുക. ആഭരണഭ്രാന്ത് ഒരുവനെ ബാധിച്ചാൽ അതൊരു സാമൂഹ്യതിന്മയായി മാറുന്നതെങ്ങനെയെന്നു ഇവിടെ വിശദീകരിച്ചിട്ടുള്ളത് വിശ്വാസിക്കും അവിശ്വാസിക്കും ഒരുപോലെ ഭയ നിർദ്ദേശകമായിരിക്കുന്നു. മൂന്നാം ഖണ്ഡത്തിൽ മനുഷ്യമനസ്സിനെ ആഭരണങ്ങൾ എങ്ങനെ വിഗ്രഹാരാധനയിലേക്ക് നയിക്കുന്നുവെന്നു യിസ്രായേലിന്റെ ദീർഘകാലചരിത്രത്തെ ആധാരമാക്കി വ്യക്തമാക്കിയിരിക്കുന്നു. യിശ്മായേല്യരുടെ ആഭരണങ്ങൾ ഗിദെയോനു കണിയായിത്തീർന്നതിനാൽ അവ വിട്ടോടുവാൻ ഗ്രന്ഥകാരൻ വിശ്വാസികളെ ബുദ്ധിയുപദേശിക്കുന്നു.

ആഭരണവർജ്ജനം തിരുവചന വെളിച്ചത്തിൽ അനിവാര്യ മാണോയെന്ന് 4-ാം ഖണ്ഡത്തിൽ എഴുത്തുകാരൻ പരിശോധിക്കു ന്നു. "ആഭരണം നീക്കിക്കളക" എന്നു ദൈവവചനം നിഷ്കർഷി ച്ചിരിക്കുന്നതിനാൽ അതു കേവലം ഒരു പ്രസ്താവനയല്ല, മറിച്ചു ശക്തമായ കല്പനയാണെന്നു എഴുത്തുകാരൻ സമർത്ഥിക്കുന്നു. പുറപ്പാടു പുസ്തകത്തിലെ ചില വാക്യങ്ങൾക്കു (പുറ.3:22, 11:2, 12:35...) സഹോദരൻ നൽകിയിരിക്കുന്ന സ്വതന്ത്രവ്യാഖ്യാനം ആഭ രണമോഹികളുടെ വായടപ്പിക്കാൻ പോരുന്നതാണ്. ആഭരണത്തെ പ്പറ്റി ഇരുനിയമങ്ങളിലും പരാമൃഷ്ടമായ വേദാംശങ്ങളെ ഈ ഖണ്ഡ ത്തിന്റെ അന്ത്യത്തിൽ ഉദ്ധരിച്ചിട്ടുള്ളത് ഈ വിഷയം ആഴത്തിൽ പഠിക്കാൻ താല്പര്യമുള്ളവർക്കു വളരെ സഹായകമാണ്. സ്നാന വിരോധികൾ ക്രൂശിലെ കള്ളനെ മാതൃകയാക്കുന്നതുപോലെ തങ്ങ ളുടെ ദുശ്ശീലത്തിനു മറപിടിക്കാൻ ആഭരണധാരികളായ വിശ്വാസി കൾ കപടസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നുവെന്ന പ്രസ്താവന ഗ്രന്ഥകാരന്റെ നർമ്മബോധത്തിനു ഒരു ദൃഷ്ടാന്തം കൂടിയാണ്.

ആഭരണധാരണം തിരുവചനം അനുവദിക്കുന്നുവെന്ന് തോന്നിപ്പോകാവുന്ന ഒരു ഡസനിൽപരം വേദഭാഗങ്ങൾ, അഞ്ചാം ഖണ്ഡത്തിൽ സൂക്ഷ്മവും നിഷ്പക്ഷവുമായ പരിശോധനയ്ക്കും ഗ്രന്ഥകാരൻ വിധേയമാക്കുന്നുണ്ട്. "ആഭരണം നീക്കിക്കളക" എന്ന കല്പനയ്ക്കു മുമ്പേ ജീവിച്ചിരുന്ന ഇയ്യോബിനെ ആഭരണധാരികൾ കൂട്ടു പിടിക്കുന്നതിലെ ആബദ്ധ്യം എഴുത്തുകാരൻ ഇവിടെ എടുത്തു പറയുന്നുണ്ട്. മുടിയൻപുത്രന്റെ ഉപമയിൽ പരാമർശിച്ചിരിക്കുന്ന അലങ്കാരവസ്തുക്കൾക്ക് ആത്മീക കാഴ്ചപ്പാടിൽ ഗ്രന്ഥകാരൻ നല്കിയിരിക്കുന്ന അർത്ഥകല്പന അസ്സലായിരിക്കുന്നു. ശ്രദ്ധാ പൂർവ്വം വായിച്ചറിയേണ്ടുന്നതാകയാൽ അവയൊന്നും ഇവിടെ എടുത്തു പറയുന്നില്ല. സുദീർഘമായ 6-ാം ഖണ്ഡത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ വിഷയത്തിൽ ഉന്നയിക്കപ്പെടാൻ സാദ്ധ്യ തയുള്ള പ്രധാനപ്പെട്ട ഒമ്പതു ചോദ്യങ്ങൾക്ക് ഗ്രന്ഥകാരൻ തൃപ്തി കരമായ മറുപടി നൽകുന്നുണ്ട്. അവയിലേക്കും അനുവാചകരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മാറ്റങ്ങളുടെ ലോകത്തിൽ മാറ്റമി





ല്ലാത്തത് ദൈവവചനത്തിനു മാത്രം. അതിനാൽ അവയെ മുറുകെ പ്പിടിച്ചുകൊണ്ട് നമ്മുടെ വിശ്വാസജീവിതം പൂർത്തീകരിക്കാനുള്ള ആഹ്വാനത്തോടെയാണ് ഏഴാംഖണ്ഡം ഉപസംഹരിച്ചിരിക്കുന്നത്.

കുശാഗ്രബുദ്ധിയും നിരീക്ഷണ പടുവുമായ ഒരു ഗ്രന്ഥകാ രനെ ഞാനീ പുസ്തകത്തിന്റെ പിന്നിൽ കാണുന്നു. സഹോദരന്റെ വചനപാണ്ഡിത്യവും ആദരണീയം തന്നെ. തന്റെ കന്നിസംഭാവന യാണ് ഇതെന്നോർക്കുമ്പോൾ അനുമോദിക്കാതിരിക്കാൻ കഴിയു ന്നില്ല. തിരുവെഴുത്തിനോടല്ലാതെ മറ്റാരോടും ഇതിലെ ആശയ ങ്ങൾക്കു താൻ കടപ്പെട്ടിരിക്കുന്നില്ല എന്നത് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷതയാണ്. അവ മുഴുവൻ തന്റെ സ്വതന്ത്രചിന്ത യിൽ നിന്നും, പഠനമനനത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്.

ഈ ഗ്രന്ഥത്തിലെ ഭാഷാശൈലി അല്പം ക്ലിഷ്ടമാണ്. മഹാ വാക്യങ്ങളുടെ ഉപയോഗം ഉടനീളം കാണാം. ആശയങ്ങളുടെ വേലി യേറ്റത്തിൽ അവയുടെ ആവിഷ്കാരത്തിനു മഹാവാക്യങ്ങൾ വേണ്ടി വന്നേക്കാം. പൗലൊസ് അപ്പൊസ്തലൻ എഫേസ്യർക്കെഴുതിയ ലേഖനം തന്നെ അതിനു ദൃഷ്ടാന്തമാണ്. അതിലെ ഒന്നാം അദ്ധ്യാ യത്തിൽ 3 മുതൽ 14 വരെയുള്ള വാക്യങ്ങൾ ഒറ്റ മഹാവാക്യമായി ട്ടാണ് മൂലഭാഷയിൽ കൊടുത്തിട്ടുള്ളത്. എങ്കിലും, ആശയധാരണം സുകരമാക്കുവാൻ ഭാവിയിൽ അത്തരം ദീർഘവാചകങ്ങൾ ഒഴിവാ ക്കുന്നത് നന്നായിരിക്കും.

ആലങ്കാരികമോ പ്രതീകാത്മകമോ അല്ല ഇതിലെ ഭാഷ. എങ്കിലും അത്തരം പ്രയോഗങ്ങൾ ഇല്ലെന്നു തീർത്തു പറഞ്ഞുകൂ ടാ. കുഷ്ഠരോഗിയുടെ ശുദ്ധീകരണാർത്ഥം ദൈവം നൽകിയ പ്രമാണം (ലേവ്യ.14:1-7) വിശദീകരിക്കവേ എഴുത്തുകാരന്റെ ഭാവന ചിറകു വിരിച്ചിരിക്കുന്നത് 6-ാം ഖണ്ഡത്തിൽ കാണാവുന്നതാണ്. അവിടെ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന ആലങ്കാരികവർണ്ണന വായിച്ചാസ്വദിക്കേണ്ടതു തന്നെയാണ്.

വിഷയം പഴയതെങ്കിലും കാലികപ്രസക്തിയുള്ളതും, ഒരി ക്കലും പുതുമ നശിക്കാത്തതുമായ ഒരു വിഷയത്തെ അധികരിച്ച് ഒരു ഗ്രന്ഥം രചിപ്പാൻ പ്രിയ സഹോദരൻ പുറപ്പെട്ടത് ധീരമായ ഒരു

കാൽവെപ്പായി ഞാൻ കാണുന്നു. കല്ലേറുകിട്ടുമെന്നറിയാമായിരുന്നിട്ടും തന്റെ വാക്കുകളുടെ മൂർച്ച കുറഞ്ഞിട്ടില്ല. ആ തൂലികയെ, തളർച്ച ഒരിക്കലും ബാധിക്കാതിരിക്കട്ടെയെന്നും, ഇത്തരം അവശ്യാധിഷ്ഠിതഗ്രന്ഥങ്ങൾ ഇനിയും രചിക്കുവാൻ സർവ്വകൃപാലുവായ ദൈവം സഹോദരനെ സഹായിക്കട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ആഭരണവർജ്ജനം തിരുവെഴുത്തിലെ അടിസ്ഥാന ഉപദേശം ആണോ? വേർപാടുകാരെന്നഭിമാനിക്കുന്നവർ പോലും ചോദിക്കുന്ന ചോദ്യമാണിത്. "അതേ" എന്നാണ് അതിനുള്ള മറുപടി. രക്ഷക്കത്യാവശ്യമെന്നല്ല, വേർപെട്ട ജീവിതത്തിനു അനുപേക്ഷണീയമായ ഒരു പ്രധാനപ്പെട്ട ഉപദേശം എന്നണ് അതുകൊണ്ടർത്ഥമാക്കുന്നത്. 1.തിമൊഥയൊസ്.2:9,10 വാക്യങ്ങളിൽ അപ്പൊസ്തലനായ പൗലൊസ് അവതരിപ്പിക്കുന്ന വേദശാസ്ത്രം പിന്നെ എന്താണ്?; ദൈവദാസന്റെ ദർശനം എന്താണ്? ആഭരണധാരണത്തിനും അലങ്കാരത്തിനും എതിരെ ശക്തമായ ഒരുപദേശം അവിടെ ഇല്ലേ? "എന്നിവയല്ല" എന്ന പദം അർത്ഥമാക്കുന്നത് നിഷേധരൂപത്തിലുള്ള കല്പനയല്ലാതെ മറ്റെന്താണ്? അപ്പോൾ കല്പനയുടെ അഭാവമല്ല, അനുസരിക്കാൻ മനസ്സില്ലാത്തതാണ് കുഴപ്പം. ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവനെയോ?

ദൈവജനമേ വഞ്ചിതരാകാതിരിപ്പാൻ ശ്രമിക്കാം. വേർപാടിന്റെ ഉപദേശം മുറുകെപിടിച്ചുകൊണ്ടു മുന്നോട്ടു പോകാം. അതിനാണ് ഗ്രന്ഥകാരൻ നമ്മെ ആഹ്വാനം ചെയ്തിരിക്കുന്നത്. കരുണാമയനായ കർത്താവും അതിനു നമ്മെ സഹായിക്കുമാറാകട്ടെ.

DR. P. Y. GEORGE
TC - 3268 / 15, KANNAMMOOLA
MEDICAL COLLEGE (PO)
TRIVANDRUM - 695 011.

TRIVANDRUM
28--06--2004





## പുസ്തകാഭിപ്രായം

(Br. C.M. John, Evangelist, Kundara)

വിശ്വാസികൾ ആഭരണം ധരിക്കാമോ? സ്നാനപ്പെടാത്തവരെ കർത്തൃമേശയിൽ പങ്കെടുക്കാൻ അനുവദിക്കാമോ? ചില പ്രത്യേക കാരണങ്ങൾ നിമിത്തം വിവാഹമോചനമോ, പുനർവിവാഹമോ ആകാമോ? എന്നീ വിവിധ സമകാലിക പ്രശ്നങ്ങളിൽ ശരിയായ ഒരു നിലപാടു സ്വീകരിക്കാതെ തരം പോലെ നയപരമായി പ്രതികരിക്കുന്നവർ വളരെയുണ്ട്. ഉപദേശവിഷയങ്ങളിൽ നിശ്ചയമില്ലാത്തവർ സഭാനേതൃത്വം വഹിക്കുന്നതു നിമിത്തം വന്നു ഭവിക്കുന്ന അജയമാണിത്. ദൈവവചനത്തിൽ വേണ്ടത്ര നിശ്ചയം പോരായ്കനിമിത്തം അതും ശരി, ഇതും ശരി എന്നതാണ് ഇക്കൂട്ടരുടെ തത്വം.

കാലോചിതമാറ്റങ്ങൾ ആഹാരരീതി, വസ്ത്രധാരണം, ഭവനനിർമ്മാണം, വിദ്യാഭ്യാസം, ചികിത്സാ സമ്പ്രദായം, യാത്രാസൗകര്യങ്ങൾ, വാർത്താവിനിമയം, ബാങ്കിംഗ് തുടങ്ങിയവയിൽ കൈവരിച്ചിട്ടുണ്ട്. "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല." അതിനാൽ അടിസ്ഥാനോപദേശസത്യങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തരുത്. തിരുവചനസംബന്ധമായ രണ്ടു സുപ്രധാന കാര്യങ്ങൾ: *ഒന്നാമതായി,* ദൈവവചനം പരിപൂർണ്ണമാണ്. അതിനോടു ഒന്നും കൂട്ടേണ്ട ആവശ്യം ഇല്ല. *രണ്ടാമതായി,* മാറ്റാനായി അധികപ്പറ്റായി ഒരു പുള്ളി പോലും ഇല്ല. അനുകരണങ്ങൾ പാടില്ല. തിരുവെഴുത്താണ് പ്രമാണം. ഫെലിസ്ത്യർ ദൈവത്തിന്റെ പെട്ടകം വിട്ടയച്ചപ്പോൾ ഒരു പുതിയ വണ്ടി ഉണ്ടാക്കി രണ്ടു പശുക്കളെ കൊണ്ടു വന്നു കെട്ടി. അനന്തരം യിസ്രായേൽ മക്കളും ദൈവത്തിന്റെ പെട്ടകം ഒരു വണ്ടിയിൽ കയറ്റി കാളയെ കൊണ്ടു വന്നു കെട്ടി. തിരുവെഴുത്തു എന്തു പറയുന്നു: *"നാം അവനെ നിയമപ്രകാരമല്ലല്ലോ അന്വേഷിച്ചത്."*(1.ദിന.15:13). ദൈവത്തിന്റെ പെട്ടകം ലേവ്യരിൽ വച്ച് കെഹാത്യർ ചുമപ്പാൻ വരേണം. തിരുവചനനിശ്ചയം കൂടാതെ ഉസ്സയെപ്പോലെ ശുശ്രൂഷകൾക്കു മുമ്പിൽ നില്ക്കുന്നവർ ദൈവജനത്തിനു അപമാനം തന്നെ

യാണ്. ജാതികളുടെ ആചാരങ്ങളും പാരമ്പര്യരീതികളും നുഴഞ്ഞു കയറാതെ സൂക്ഷിക്കണം. വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി നാം പോരാടേണ്ടത് അവശ്യമായിരിക്കുന്നു. ഓരോ വിശ്വാസിയും ദൈവസഭയുടെ പ്രമാണങ്ങൾ ദൈവവചനത്തിൽ നിന്നും വ്യതിചലിച്ചു പോകാതെയിരിക്കാൻ ജാഗ്രത പാലിച്ച് വചനത്തിന്റെ കാവൽക്കാരൻ ആയിരിക്കേണം.

മറ്റു സഭാവിഭാഗങ്ങളിൽ പലരും ആഭരണം ധരിക്കുന്നു, ചില ദൈവദാസന്മാർ ആഭരണം ധരിച്ചവരെയും സ്നാനപ്പെടുത്തുന്നു, അതിനാൽ ഞങ്ങളും അപ്രകാരം ചെയ്യുന്നു, അതിലെന്താണ് തെറ്റ് എന്നു ചോദിക്കുന്നവരോട് ഗ്രന്ഥകാരന് ഓർപ്പിക്കുവാനുള്ളത്: *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു"* എന്നതായിരിക്കണം ഏതൊരു ഉപദേശത്തിന്റെയും ആധാരശില. ദൈവത്തിന്റെ സഭയിലെ അടിസ്ഥാനോപദേശസത്യങ്ങൾ എല്ലാം തന്നെയും *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു"* എന്നതിന്റെ അടിസ്ഥാനത്തിൽ തന്നെ ഉള്ളതായിരിക്കണം. ദൈവത്തിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്ന ചട്ടങ്ങളും, ഉപദേശങ്ങളും, കല്പനകളും പൂർണ്ണഹൃദയത്തോടെ നാം അനുസരിക്കേണം. നിങ്ങളുടെ നിമിത്തം യഹോവ എന്നോടു കോപിച്ചു എന്നു മോശെ യിസ്രായേൽ മക്കളോടു ആവർത്തിച്ചു പറയുന്നുണ്ട്. അതവരെ കുറ്റം പറഞ്ഞതോ പഴി ചാരിയതോ ആയിരുന്നില്ല. ഒരു ചെറിയ കല്പനാലംഘനം നിമിത്തം യഹോവയുടെ ദാസനായ മോശെയോടു യാതൊരു പരിഗണനയും നൽകാതെ ദൈവം കോപിച്ചുവെങ്കിൽ യഹോവയുടെ കല്പനകൾ ലംഘിച്ചാൽ നിങ്ങളെയും ദൈവം നിർദ്ദാക്ഷിണ്യം ശിക്ഷിക്കും എന്ന മുന്നറിയിപ്പു മോശെ അവർക്കു നൽകുകയായിരുന്നു.

ഒരുവൻ രക്ഷാനിർണ്ണയം പ്രാപിച്ചു സ്നാനമേറ്റു കൂട്ടായ്മയിൽ വരുമ്പോൾ ജീവിതത്തിൽ വേർപാടും വിശുദ്ധിയും പാലിച്ചാണ് ജീവിക്കുന്നതെന്നതിന്റെ ഒരു പ്രത്യക്ഷമായ തെളിവായി ആഭരണവർജ്ജനം എടുക്കുവാൻ കഴിയും. ഈ ഗ്രന്ഥത്തിൽ ഉടനീളം അതാണ് രചയിതാവ് വചനാടിസ്ഥാനത്തിൽ വളരെ ശക്ത





മായി പ്രതിപാദിച്ചിരിക്കുന്നത്. ആഭരണം വർജ്ജിക്കണമെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ എന്താണ് അതിനു പിന്നിലുള്ള ചേതോവികാരം? ദൈവകല്പന പ്രമാണിക്കാനാണോ അതോ ആഭരണം ധരിക്കുന്നതിനു വചനത്തിന്റെ തലനാരിഴ വിഭജിച്ചു വല്ല പഴുതുമുണ്ടോ എന്ന അന്വേഷണമാണോ? അങ്ങനെയുള്ളവർക്കു വേണ്ടി ആഭരണം ധരിക്കുവാൻ തിരുവചനം അനുവദിച്ചിരിക്കുന്നു എന്നു സംശയം ജനിപ്പിക്കുന്ന വേദഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു അവയ്ക്കുള്ള വിശദീകരണങ്ങളും ഈ പുസ്തകത്തിൽ നല്കിയിട്ടുണ്ട്. ക്രിസ്തുവിശ്വാസികൾ എന്നു സ്വയം അഭിമാനിക്കുന്നവരിൽ ചിലർ തങ്ങളുടെ മാതൃകയായി സ്വീകരിച്ചിരിക്കുന്നത് വിശ്വാസികളുടെ പിതാവായി അറിയപ്പെടുന്ന അബ്രഹാമിനെയല്ല പ്രത്യുത നീതിമാനെങ്കിലും അധർമ്മപ്രവൃത്തികൾ കണ്ടും കേട്ടും മനസ്സാക്ഷി മരവിച്ചു വലഞ്ഞുപോയ ലോത്തിനെയത്രേ. "താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽ കൂടി എന്നപോലെയത്രേ." ആഭരണം ധരിക്കുന്നു എന്ന ഏക കാരണത്താലോ ജീവിതത്തിൽ മറ്റേതെങ്കിലും തെറ്റുകൾ വന്നു ഭവിച്ചതിനാലോ രക്ഷ നഷ്ടപ്പെട്ടു പോകയില്ല. ദൈവം തന്റെ വിളിയെയും കൃപാവരങ്ങളെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ.

എന്നാൽ അടിസ്ഥാനോപദേശസത്യങ്ങൾ മുറുകെപ്പിടിക്കാതെയും ജീവിതത്തിൽ ഒരു വേർപാടും പാലിക്കാതെയും കഴിയുന്നവർ ആത്മീകമായി ഉന്നതമായ ദർശനം ലഭിക്കാതെയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത കൂടാതെയും ലോകവുമായി ഇടകലർന്നു താണനിലവാരം പുലർത്തുന്ന ക്രിസ്തീയജീവിതം നയിക്കും. അവർ ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങളുടെ സ്ഥിതി പോലെയാകും. ക്രിസ്തീയജീവിതപുരോഗതിയുടെ മൂന്നു ഏണിപ്പടികൾ ഇവയാണ്. *ഒന്നാമതായി* എനിക്കു ലാഭമായിരുന്നത് ഒക്കെയും ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു. *രണ്ടാമതായി* അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തുയേശു നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. *മൂന്നാ*

*മതായി* എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു. ഒരു വിശ്വാസി തുടക്കത്തിൽ ലാഭം മാത്രം വേണ്ടെന്നു വയ്ക്കുന്നു. തുടർന്നു എല്ലാ മുതലും ലാഭവും ഉപേക്ഷിച്ചു ക്രിസ്തുവിനെ മാത്രം മുറുകെപ്പിടിക്കുന്നു. ഒടുവിൽ ചേതമെന്നെണ്ണി ഉപേക്ഷിച്ചതെല്ലാം ചവറു എന്നു എണ്ണുന്നു. കറപിടിക്കുന്നതും ഒരുവനെതിരെ സാക്ഷ്യം പറയുന്നതുമായ പൊന്നും വെള്ളിയും ധരിക്കാതെ അവയെല്ലാം ക്രിസ്തു നിമിത്തം ഉപേക്ഷിച്ചു ചപ്പുചവറു എന്നെണ്ണി ഒരു ദൈവപൈതൽ സൗരഭ്യം പരത്തുന്ന കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിക്കേണം എന്നത്രേ ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ സാരാംശം.

ആഭരണത്തിന്റെ പ്രശ്നം ഉന്നയിച്ചു സഭയുടെ വളർച്ചക്കു വിഘാതമായ നിലപാടു സ്വീകരിക്കുന്നത് ഭൂഷണമാണോ എന്നു ചോദിച്ചാൽ; ആരോഗ്യപരമായ വളർച്ചയല്ലെങ്കിൽ അതുകൊണ്ടു ഒരു നേട്ടവും നാം കൈവരിക്കുന്നില്ല. എന്നു മാത്രമല്ല പിൻകാലത്ത് അതു ദോഷം വരുത്തിവെയ്ക്കുകയും ഭിന്നപക്ഷം ഉളവാക്കുകയും ചെയ്യും. എല്യാശീബ് പുരോഹിതൻ തോബിയാവിനു ബന്ധുവായിരുന്നതിനാൽ ദൈവാലയത്തിനുള്ളിൽ ഒരു വലിയ അറ ഒരുക്കി കൊടുത്തിരുന്നു. എന്നാൽ നെഹമ്യാവു അതു അറിഞ്ഞപ്പോൾ തോബിയാവിന്റെ വീട്ടു സാമാനമൊക്കെയും അറയിൽ നിന്നു പുറത്തു എറിഞ്ഞു കളഞ്ഞു. പിന്നെ ദൈവാലയം ശുദ്ധീകരിക്കുകയും ചെയ്തു (നെഹെ.13:4-9). ഇക്കാലത്തു നെഹെമ്യാവിനെപ്പോലെ നേതൃപാഠവം ഉള്ള അദ്ധ്യക്ഷന്മാർ സഭകളിൽ തുലോം അംഗുലിപരിമിതമത്രേ.

ശരീരത്തിൽ മുറിവുണ്ടാക്കുന്നതും പച്ച കുത്തുന്നതും നിഷിദ്ധമാണ്. കാരണം നമ്മുടെ ശരീരം ജീവനുള്ള ദൈവത്തിന്റെ ആലയം ആകുന്നു. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. സ്വർണ്ണം കാതിൽ കെട്ടിത്തൂക്കണമെന്നുള്ളത് മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവം ഉദ്ദേശിച്ചിരുന്നുവെങ്കിൽ കാതിനു തുള തന്നു സൃഷ്ടിക്കുമായിരുന്നു. വിവിധവും അന്യവുമായ ഉപദേശങ്ങളോ നവീനവും





ആകർഷവും ഉപരിപ്ളവുമായ ചിന്താഗതികളോ അല്ല; കർത്താവും അപ്പൊസ്തലന്മാരും നമുക്കു എന്തു ഏല്പിച്ചു തന്നു എന്നുള്ളതാണ് ഈ ഗ്രന്ഥത്തിൽ ഊന്നിപ്പറയുന്നത്. ഇതിലേക്കു അന്തർദ്ദേശീയരോ തദ്ദേശീയരോ ആയ പ്രമാണപ്പെട്ട ആരുടെയും ഉദ്ധരണികൾ ഒന്നും തന്നെ ഈ പുസ്തകത്തിൽ കാണുന്നില്ല. കാരണം ജീവിതത്തിലോ ഉപദേശത്തിലോ ഒരു തെറ്റെങ്കിലും വന്നു ഭവിക്കാത്ത എഴുത്തുകാർ വിരളമാണ്. മാത്രമല്ല ഉപദേശവിഷയങ്ങളിൽ തിരുവെഴുത്തു എന്തു പറയുന്നു എന്നുള്ളതത്രേ പ്രധാനം. ആയതിനാൽ മറ്റു ഗ്രന്ഥങ്ങളെ ഉപജീവിക്കാതെയും, തിരുവചനത്തെ തിരുവെഴുത്തുകൾ കൊണ്ടു വ്യാഖ്യാനിച്ചു വിശ്വാസികൾ ആഭരണം വർജ്ജിക്കേണ്ടത് വേർപാടിന്റെ മുദ്രയാണെന്ന് അരക്കിട്ടുറപ്പിക്കുന്ന രീതിയാണ് ഈപുസ്തകരചനയിൽ അവലംബിച്ചിരിക്കുന്നത്. ഇതിൽ ഗ്രന്ഥകാരൻ ഏവരുടെയും പ്രശംസക്ക് അർഹത സിദ്ധിച്ചിട്ടുണ്ട് എന്നു പറഞ്ഞാൽ അതൊരു അധികപ്പറ്റാവുമെന്നു ഞാൻ കരുതുന്നില്ല.

ഈ ഗ്രന്ഥം സുവിശേഷകന്മാർ, മൂപ്പന്മാർ, ബൈബിൾ സ്കൂൾ അദ്ധ്യാപകാദ്ധ്യേതാക്കൾ ആദിയായ ഏവർക്കും ഉപദേശവിഷയങ്ങളിൽ അഭിവൃദ്ധിപ്പെടുവാൻ തികച്ചും ഉപകരിക്കും. അക്ഷരാഭ്യാസം അധികം ലഭിച്ചിട്ടില്ലാത്ത സാധാരണ വിശ്വാസികൾക്ക് പരസഹായം കൂടാതെ മനസ്സിലാക്കത്തക്കവണ്ണം വേദപുസ്തകത്തിലെപ്പോലെ വളരെ ലളിതമായ ശൈലിയാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്. ചില പുസ്തകങ്ങൾ രുചി നോക്കിയും, ചിലതിനെ വിഴുങ്ങുകയും, അല്പം ചിലവയെ ചർവ്വണം ചെയ്തു ഉള്ളിലാക്കി ശരീരാംശമാക്കി തീർക്കയും ചെയ്യേണ്ടതുണ്ട്. അനേക പുസ്തകങ്ങളുടെ സഹായത്തോടെയും ഈടുറ്റ പല ഉദ്ധരണികളുടെ അകമ്പടിയോടെയും എഴുതിയിരിക്കുന്ന ഗ്രന്ഥമല്ലായിത്. ആയതുകൊണ്ടു ചെറുതെങ്കിലും പോഷകാംശമുള്ളതാണ് ഗ്രന്ഥം. ഈ പുസ്തകം ചവച്ചുള്ളിലാക്കിയാൽ ആദ്യം അല്പം കയ്പുപോലെ അനുഭവപ്പെട്ടാലും ഉള്ളിൽ എത്തിയാൽ മധുരിക്കയും ആത്മീകവളർച്ച കൈവരിക്കുകയും ചെയ്യുമെന്നുള്ളതിന് രണ്ടു പക്ഷമില്ല.

വേർപെട്ട ദൈവജനത്തിന്റെ മദ്ധ്യേ ഒരു പൂർണ്ണസമയ സഭാ മൂപ്പനായ സഹോദരൻ സാംസൺ ഹെൻറി ക്രൈസ്തവ കൈരളിക്ക് കാഴ്ചവെക്കുന്ന പ്രഥമ ഉപഹാരമാണ് *"വിശ്വാസിയും ആഭരണവും."* പ്രിയ സഹോദരൻ കേരളസംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഒരു അക്കൗണ്ട്സ് ഓഫീസ്സർ ആയിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ച ശേഷം കൊല്ലം ബ്രദറൺ അസംബ്ളിയിൽ സജീവമായി കർത്താവിനെ ശുശ്രൂഷിച്ചു വരുന്നു. സുവിശേഷവേലയുടെ പുരോഗതി മാത്രം ലക്ഷ്യമാക്കി സഹോദരൻ ഇതിനോടകം അനേക ട്രാക്റ്റുകൾ എഴുതി സൗജന്യമായി വിതരണത്തിനു നല്കിവരുന്നു. ട്രാക്റ്റു വഴിയായും, അവയിലൂടെ ലഭിക്കുന്ന അന്വേഷണകത്തുകൾക്കു തുടർമാന പ്രവർത്തനങ്ങളിലൂടെയും അനേകരെ കർത്താവിലേക്കു ആദായപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഈ കൃതിക്കു അവതാരിക എഴുതണമെന്ന് കർത്താവിൽ എന്റെ പ്രിയ സഹോദരൻ എന്നോടു ആവശ്യപ്പെട്ടപ്പോൾ എനിക്കതിനു അർഹതയുണ്ടോയെന്നു ആശങ്കയുണ്ടായി. എങ്കിലും എന്നോടുള്ള ദൈവത്തിന്റെ കൃപ വ്യർത്ഥമായിത്തീരരുത് എന്നു കരുതി അതൊരു പദവിയായി പരിഗണിച്ചു സ്വീകരിക്കുകയാണുണ്ടായത്. ഈ പ്രസിദ്ധീകരണം വായിക്കുന്ന ഏവർക്കും ആത്മീകവർദ്ധനവും ഉപദേശവിഷയങ്ങളിൽ അവഗാഹമായ അറിവും, ഉറപ്പും, നിശ്ചയവും ലഭിക്കണമെന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കേരളീയരായ ദൈവജനമദ്ധ്യേ അവതരിപ്പിച്ചു കൊള്ളുന്നു.

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

കർത്തൃശുശ്രൂഷയിൽ

C.M. JOHN
EVANGELIST
VAIRAMON GARDENS
KUZHIMATHIKAD, KUNDARA

KUNDARA
07--06--2004





# പ്രസ്താവന

(SAMSON HENRY, KOLLAM)

സർവ്വകൃപാലുവായ ദൈവത്തിന്റെ അതിപരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ. "വിശ്വാസിയും ആഭരണവും" എന്ന പുസ്തകം രചിക്കാൻ സകലജ്ഞാനത്തിന്റെയും ഉറവിടമായ ദൈവം എന്നെ ശക്തീകരിച്ചു സഹായിച്ചതോർത്തു ദൈവത്തെ സ്തുതിക്കുന്നു. ഈ വിധത്തിലുള്ളൊരു പുസ്തകം, വിശേഷാൽ വിശ്വാസ ഗോളത്തിൽ അനുകൂലപ്രതികൂലാഭിപ്രായങ്ങളും തർക്കങ്ങളും നിലവിലുള്ള ആഭരണവിഷയം, എന്റെ ചിന്താപരിധിയിലുണ്ടായിരുന്നില്ല. 2003 ഒക്ടോബർ മാസത്തിൽ സഹോദരൻ വി.എം.ജോൺ, തൃശൂർ, കേരളത്തിലെ ഏതാനും ദൈവദാസന്മാർക്കു ആഭരണവിഷയത്തെ സംബന്ധിച്ചുള്ളൊരു ചോദ്യം ഉത്തരം നല്കുന്നതിനായി അയച്ചകൂട്ടത്തിൽ എനിക്കും ലഭിക്കുകയുണ്ടായി. ചോദ്യം ഇപ്രകാരമായിരുന്നു. —— *"സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട് കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ച് രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ച് കർത്താവിന്റെ ശ്രേഷ്ഠമായ കല്പന ജലത്തിൽ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവരെ ആഭരണം വർജ്ജിക്കാത്ത ഏക കാരണത്താൽ സ്നാനം കഴിപ്പിച്ചു കൂടാതെവണ്ണം വെള്ളം വിലക്കുന്നത് തിരുവചനത്തിന് നിരക്കുന്നതാണോ ?"*

ആഭരണവിഷയത്തിൽ ഇടപെടേണ്ടായെന്ന ചിന്തയാലും, താല്പര്യമില്ലാഞ്ഞതിനാലും ലഭിച്ച ചോദ്യത്തിനു പ്രതികരിച്ചില്ല. എന്നാൽ ചില മാസങ്ങൾക്കുശേഷം ചോദ്യത്തിനു ഉത്തരം നൽകേണ്ട പ്രത്യേക ചില സാഹചര്യങ്ങളുണ്ടായി. ഇതിനെ തുടർന്നു രണ്ടു മാസം ദൈവസന്നിധിയിലിരുന്നു പരിശുദ്ധാത്മസഹായത്താൽ "വിശ്വാസിയും ആഭരണവും" എന്ന വിഷയം ധ്യാനിക്കുകയും, പഠിക്കുകയും ചെയ്തു. വിശ്വാസികളുടെ കാഴ്ചപ്പാടു എന്തായിരിക്കണമെന്നു ദൈവം തിരുവചനത്തിലൂടെ വ്യക്തമായി എന്നോടു സംസാരിച്ചു.

പരിശുദ്ധാത്മാവു ഉൾക്കാഴ്ച തന്ന ആശയങ്ങളപ്പോഴപ്പോൾ കമ്പ്യൂട്ടറിൽ ചേർത്തു നോട്ടു തയ്യാറാക്കിക്കൊണ്ടിരുന്നു. സംക്ഷിപ്തമായ ഒരു നോട്ടു പൂർത്തിയായപ്പോൾ ഇതിന്റെ കോപ്പിയെടുത്തു ചിലർക്കു കൊടുത്തു. പലരും ഈ നോട്ടു വീണ്ടും ഫോട്ടോകോപ്പികൾ എടുത്തു ഓരോ സ്ഥലങ്ങളിലേക്കു വിതരണം ചെയ്യുന്നതായി അറിവു ലഭിച്ചു. എന്റെ സംക്ഷിപ്ത കുറിപ്പിൽ പറഞ്ഞിരിക്കുന്ന ആലോചനകൾ ഇന്നത്തെ കാലഘട്ടത്തിനു ആവശ്യമായതാണെന്നും, ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നും എന്നോടു പലരും ആവശ്യപ്പെട്ടു. ദൈവം ശക്തീകരിച്ചു തന്റെ വചനത്താൽ നിറച്ചിട്ട് ഇങ്ങനെ ഒരു പ്രബന്ധം മറ്റുള്ളവർക്കു പ്രയോജനപ്പെടാതെ കൈവശം വെച്ചിരിക്കുന്നതു ശരിയല്ലെന്നു അനേകർ ഉപദേശിച്ചു. അതിൻപ്രകാരം വീണ്ടും ദൈവസന്നിധിയിൽ ഇതുമായിരുന്ന്, തിരുവെഴുത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്നു മുത്തുകൾ ശേഖരിച്ചു പുസ്തകരൂപത്തിൽ തയ്യാറാക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇതൊരു തർക്ക വിഷയമായതിനാൽ ഏറെ എതിർപ്പുകളും വിമർശനങ്ങളും ഉണ്ടാകുമെന്നറിയാമായിരുന്നു. മനുഷ്യനെ ശങ്കിക്കാതെ ദൈവത്തെ ഭയപ്പെടുക എന്ന ദൈവശബ്ദം ഈ വിഷയം തയ്യാറാക്കുന്നതിലുടനീളം എനിക്കു ശക്തി നൽകിക്കൊണ്ടിരുന്നു. അനേക ദൈവദാസന്മാരും, വിശ്വാസികളും എന്റെ ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. ബ്രദർ. കെ.കുഞ്ഞപ്പി, സുവിശേഷകൻ, ചാത്തന്നൂർ, എന്റെ മാതൃസഭയിലെ സഹോദരന്മാരായ പ്രൊഫ. പി.എ.ഏബ്രഹാം, തോമസ് സാമുവേൽ, പി റ്റി. ജോർജ്ജ് എന്നിവരുടെ പ്രോത്സാഹനവും ധൈര്യത്തിന്റെ വാക്കുകളും, ഈ വിധത്തിലുള്ള ചെറുതെങ്കിലും വിശ്വാസികളുടെ സാക്ഷ്യജീവിതത്തിനു കുറിക്കൊള്ളേണ്ട പ്രമാണങ്ങൾ വചനത്തിൽ നിന്നു ശേഖരിച്ചു പൂർത്തീകരിക്കുവാനെന്നെ സഹായിച്ചു.

നെഹെമ്യാവിന്റെ നേതൃത്വത്തിൽ മതിൽ പണിയാരംഭിച്ചപ്പോൾ എതിരാളികൾ സംഘം ചേർന്നെഴുന്നേറ്റുവെന്നു നെഹെമ്യാവിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ എന്റെ





ഉത്സാഹവും, മനോവീര്യവും ചോർത്തിക്കളയുന്ന പ്രവണതകൾ ഇതിനിടയിൽ ഉണ്ടായെന്ന കാര്യവും വിസ്മരിക്കുന്നില്ല. ഈ അവസരത്തിൽ ദൈവത്തിന്റെ മൂർച്ചയേറിയ വാൾ പിടിച്ചുകൊണ്ടു പോരാടുവാനും, വിശ്വാസം എന്ന പരിച കൊണ്ടു സകലതിനെയും തടുത്തുകൊണ്ട് എന്റെ ദൗത്യം നിറവേറ്റുവാനും ദൈവം ശക്തി നൽകി.

“വിശ്വാസിയും ആഭരണവും” എന്ന പുസ്തകത്തിനു അവതാരിക ആവശ്യമെന്നു ആഗ്രഹിച്ചപ്പോൾ പരിശുദ്ധാത്മാവു പ്രാപ്തന്മാരായ ദൈവദാസന്മാരെ ഒരുക്കിത്തന്നു എന്നതും ദൈവത്തിന്റെ കരം ഇതിലുണ്ടായിരുന്നുവെന്നത് എനിക്കനുഭവിച്ചറിയുവാനിടയായി. അവതാരിക എഴുതുന്നവർ ഞാൻ എഴുതിയ വിഷയത്തോടു സമാനചിന്തയും, ദൈവീകാരുളപ്പാടുകൾ മറ നീക്കി പറയാൻ മനസ്സുള്ളവരുമായിരിക്കണമെന്ന ചിന്ത എന്നിലുണ്ടായിരുന്നു. കാരണം അനേകരും ഇങ്ങനെയുള്ളൊരു വിഷയത്തിലുൾപ്പെടുവാൻ മടികാണിക്കുന്നവരായിരിക്കും; അതുംശരി ഇതും ശരി എന്ന അഭിപ്രായക്കാരായിരിക്കാം. ഈ മനോഭാവമുള്ള പല ദൈവദാസന്മാരെയും പുസ്തകരചനയിൽ കാണുകയുണ്ടായി. എന്നാൽ പ്രവാചകശക്തിയോടെ, യാതൊന്നും മറച്ചു വെക്കാതെ അഭിപ്രായമെഴുതുവാൻ ദൈവദാസന്മാരെ ദൈവം തന്നെ തിരഞ്ഞെടുത്തു തന്നുവെന്നതും യാദൃച്ഛികമല്ല മറിച്ചു ദൈവത്തിന്റെ കരം തന്നെയായിരുന്നു.

അവതാരിക എഴുതിത്തന്ന ഡോക്ടർ. പി.വൈ. ജോർജ്ജ് സാറിന് ദൈവനാമത്തിൽ നന്ദി പറയുന്നു. അദ്ദേഹം ഈ വിഷയം വളരെ ക്ഷമയോടെ വായിച്ചു വേണ്ട നിർദ്ദേശങ്ങൾ തരികയും, മാറ്റങ്ങൾ ആവശ്യമായതു ചൂണ്ടിക്കാണിക്കുകയും ചെയ്തു. മലയാള ഭാഷയിൽ വളരെ പ്രാഗത്ഭ്യമുള്ള സാറിനു എന്റെ ഭാഷാശൈലി ഇഷ്ടപ്പെടുമോ, അരോചകമാകുമോ എന്ന ചിന്ത എന്നിലുണ്ടായിരുന്നു. ദൈവകൃപയാലാണ് ഇതു എഴുതുവാനിടയായതെന്നും, ഭാഷാശൈലിയിൽ ആകുലപ്പെടേണ്ടതില്ലെന്നും പറഞ്ഞെന്നെ പ്രോത്സാഹിപ്പിച്ചതിനാൽ എന്റെ അപകർഷതാബോധം തിരുത്തിക്കുറിക്കുവാനിടയായി.

ശ്രേഷ്ഠദൈവദാസനും സുവിശേഷകനുമായ സി.എം. ജോൺ സഹോദരനാണ് മറ്റൊരവതാരികയോടൊപ്പം നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി സഹായിച്ചത്. ദൈവവചനത്തിൽ അഗാധജ്ഞാനമുള്ള പ്രിയ സഹോദരന്റെ കൈവശം ഞാൻ എഴുതിയ ഈ പ്രബന്ധം എത്തുവാൻ കാരണം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെയാണെന്നതിൽ സംശയമില്ല. ദൈവവചനത്തിൽ വേണ്ടത്ര നിശ്ചയമില്ലാത്തവർ സഭാശുശ്രൂഷയും, സഭാനേതൃത്വവും വഹിക്കുന്നതിന്റെ അജയമാണ് ആഭരണധാരണം പോലെയുള്ള സമകാലീകപ്രശ്നങ്ങൾക്കു കാരണമെന്നുള്ള തന്റെ അഭിപ്രായം ഈ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം തികച്ചും ശരിയായിരിക്കുന്നു. ആകയാൽ ഓരോ വിശ്വാസിയും ദൈവസഭയുടെ പ്രമാണങ്ങൾ, ദൈവവചനത്തിൽ നിന്നു വ്യതിചലിച്ചു പോകാതിരിപ്പാൻ ജാഗ്രത പാലിച്ച് വചനത്തിന്റെ കാവൽക്കാരനായിരിക്കേണമെന്നുള്ള തന്റെ ഉപദേശം വളരെ ശ്രദ്ധയോടെ പിടിച്ചുകൊള്ളേണ്ടതാണ്. എന്റെ കുറിപ്പുകൾ വായിച്ച് ആവശ്യമായ ഭേദഗതി ചൂണ്ടിക്കാണിക്കുകയും പുസ്തകമാക്കി പ്രസിദ്ധീകരിക്കുവാനെന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത പ്രിയ ദൈവദാസനോടും കർത്താവിന്റെ നാമത്തിൽ നന്ദി അറിയിക്കുന്നു.

ഡോക്ടർ. പി.വൈ. ജോർജ്ജ് സാർ, അവതാരികയിൽ എഴുതിയിരിക്കുന്നതുപോലെ ഈ വിഷയം സത്യസന്ധമായി മറകൾ നീക്കി പറഞ്ഞാൽ കല്ലേറു കിട്ടുമെന്ന അഭിപ്രായം വാസ്തവമായിരിക്കുന്നു. എന്നാൽ ദൈവാത്മാവാണ് എന്നെ ഈ വിഷയത്തിലേക്കു നയിച്ചതും, സമൃദ്ധിയായി വചനങ്ങൾ തന്നു ശക്തീകരിച്ചതും. "അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ", "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു," "ചെവിയുള്ളവൻ കേൾക്കട്ടെ" എന്നീ വാക്യങ്ങൾ തന്ന് രചനയിലുടനീളം ദൈവം എന്നെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. വിശ്വാസികൾക്കു ആഭരണം പാടില്ലെന്നുള്ള സത്യം വ്യക്തമായി മനസ്സിലാക്കിയിട്ടും, പലരും തുറന്നു പറയാത്തത് വാസ്തവത്തിൽ മനുഷ്യരെ ഭയന്നിട്ടാണ്.





ഇക്കാര്യം പറഞ്ഞാൽ പലരുടെയും അപ്രീതി സമ്പാദിക്കാനും; ശുശ്രൂഷകൾക്കു ക്ഷണിക്കപ്പെടാതിരിക്കാനും, വിശേഷാൽ കേരളത്തിനു പുറത്തേക്കുള്ള അവസരങ്ങളില്ലാതായിത്തീരുമെന്നയാശങ്കയാണ് ഭയത്തിനു കാരണം.

അപ്പൊസ്തലനായ പൗലൊസിന്റെ ആദ്യകാല ജീവിതത്തെപ്പോലെ ഞാനും ഒരു സത്യനമസ്കാരിയായിരുന്നു. ആഭരണങ്ങൾ വർജ്ജിച്ചു വേർപെട്ടു ദൈവത്തെയാരാധിക്കുന്ന കൂട്ടങ്ങളെ അവജ്ഞയോടെ കണ്ടിരുന്ന എന്നിലേക്കും കർത്താവിന്റെ രക്ഷണ്യസ്നേഹമൊഴുകി വന്നു. ദൈവത്തെ 'ആത്മാവിലും സത്യത്തിലും' നമസ്കരിക്കുവാൻ കാരണമായൊരു ഭാഗ്യനാൾ എന്റെ ജീവിതത്തിലുമുണ്ടായി (യോഹ.4:23,24). "ആഭരണം നീക്കിക്കളക", വിശ്വാസികൾ ആഭരണം ധരിക്കുവാൻ പാടില്ല എന്ന ദൈവത്തിന്റെ കല്പന അറിയിക്കുവാൻ ആഭരണധാരികളുൾക്കുള്ളുന്ന ബന്ധുക്കളുടെയും, സാമുദായിക സഭാജനങ്ങളുടെയും മദ്ധ്യേ നിന്നുള്ള എന്റെ തിരഞ്ഞെടുപ്പിനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ജോലിചെയ്തിരുന്ന ഞാൻ 2002-ൽ സർവ്വീസിൽ നിന്നു വിരമിച്ചു. ഔദ്യോഗിക ജോലിയോടനുബന്ധിച്ചുള്ള ദീർഘദൂരയാത്രാവേളകളിൽ പരിശുദ്ധാത്മാവു നൽകിയ ചിന്തകളിലൂടെ അനേക സുവിശേഷട്രാക്റ്റുകളെഴുതുവാനിടയായി. കൊല്ലം ബ്രദറൺ സഭാശുശ്രൂഷയിലും, ട്രാക്റ്റു വഴിയായുള്ള പ്രവർത്തനങ്ങളിലും ഇപ്പോൾ മുഴുവൻ സമയവും പ്രവർത്തിച്ച് എന്നെ രക്ഷിച്ച പ്രാണപ്രിയനായി ജീവിക്കുന്നു.

കർത്താവിന്റെ വരവു താമസിക്കുന്നുവെങ്കിൽ, കർത്താവു നല്കുന്ന കഴിവു ദൈവമഹത്വത്തിന്നായി തുടർന്നും ഉപയോഗിക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു. എല്ലാ ദൈവജനങ്ങളുടെയും പ്രാർത്ഥന കാംക്ഷിച്ചുകൊണ്ട് ഈ പുസ്തകം തൃപ്പാദത്തിൽ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

SAMSON HENRY
KOLLAM

19-07-2004

# രണ്ടാം പതിപ്പിന്റെ അഭിപ്രായം

(JOSE MATHEW, RAJASTHAN)

ക്രൈസ്തവസാഹിത്യസൃഷ്ടികളെ അമൂല്യമാക്കുന്ന പ്രധാന ഘടകം പ്രതിപാദ്യവിഷയത്തിന്റെ മികവാണ്. ഈ കാര്യത്തിൽ പ്രസ്തുത ഗ്രന്ഥം മറ്റനേക ക്രൈസ്തവ സാഹിത്യങ്ങളേക്കാൾ മുന്നിൽ നില്ക്കുന്നു.

ക്രിസ്തുയേശുവിൽ പ്രിയനും ബഹുമാന്യനുമായ സഹോദരൻ സാംസൻ ഹെൻറി അവർകളുടെ തൂലികയിൽ നിന്നും പുറത്തിറങ്ങിയ "വിശ്വാസിയും ആഭരണവും" എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ ഒരു പ്രതി എന്നെ ഏല്പിച്ച് അഭിപ്രായം ആരാഞ്ഞപ്പോൾ, ചില ലേഖനങ്ങൾ മാത്രം എഴുതി പരിചയമുള്ള എനിക്ക് തികച്ചും പുതിയൊരനുഭവമായിരുന്നു.

ആഭരണം അണിയുന്നത് എന്തിനു വേണ്ടി? ശരീരത്തെ അലങ്കരിച്ച് ബാഹ്യസൗന്ദര്യം വർദ്ധിപ്പിച്ച് സ്വയം പ്രദർശിപ്പിക്കുന്നത് വഴി മറ്റുള്ളവരെ ആകർഷിക്കുന്നതിനും, പ്രതാപം, കുടുംബശ്രേഷ്ഠത, സമ്പന്നത, സ്വയഭദ്രത, ഉന്നത നിലവാരം എന്നിവ പ്രകടമാക്കി ലോകത്തിന്റെ മാനവും അംഗീകാരവും പുകഴ്ചയും നേടുവാനും എതിർലിംഗവർഗ്ഗത്തിൽപ്പെട്ടവരിൽ മോഹം ജനിപ്പിച്ച് വശീകരിക്കുവാനുമാണ്.

ആഭരണധാരണത്തെക്കുറിച്ച് ഇത്ര സമഗ്രവും ആധികാരികവുമായ പഠനത്തിന് ഉതകുന്ന ഒരു ഗ്രന്ഥം ക്രൈസ്തവകൈരളിക്ക് ഇദംപ്രദമാണ്. ആഭരണധാരണത്തോടുള്ള ബന്ധത്തിൽ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട എല്ലാ മേഖലകളെയും ഗ്രന്ഥകർത്താവ് സ്പർശിച്ചിരിക്കുന്നത് അത്യന്തം പ്രയോജനപ്രദമായി ഭവിക്കും.





ആഭരണധാരണത്തെപ്പറ്റി തിരുവചനത്തിൽ പറയുന്ന അതിപ്രധാനമായ പതിനാലിലധികം വാക്യങ്ങൾ ആഭരണധാരികൾ തെറ്റായി വ്യാഖ്യാനിക്കുമ്പോൾ, ആ വാക്യങ്ങളുടെ ശരിയായ ആത്മിക അർത്ഥം ഓരോ വാക്കുകളുടെയും വിശദാംശങ്ങളോടുകൂടി, ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഏറ്റവും ഉപയോഗപ്രദമാകുന്ന വിധത്തിൽ പ്രസ്താവിച്ചിരിക്കുന്നു. തിരുവചനപ്രകാരം എങ്ങനെയാണ് വിശുദ്ധിയിൽ നടക്കേണ്ടത് എന്നതിന്റെ ചിത്രം വരച്ചുകാട്ടുന്നു. അതേ അവസരത്തിൽ തന്നെ അതിന്റെ പിന്നിലുള്ള ദൈവനിയോഗം വ്യക്തമാക്കുന്നു.

തിരുവചനവാക്യങ്ങളെ ആഭരണധാരണത്തോടുള്ള ബന്ധത്തിൽ തെറ്റായി വ്യാഖ്യാനിക്കുന്നവരെ "യഹോവസാക്ഷികൾ" എന്ന ദുരുപദേശക്കാരെപ്പോലെയാണെന്ന് സമർത്ഥിക്കുന്നു. ഗ്രന്ഥകാരൻ വളരെ കർക്കശമായി പറയുന്നത് ശ്രദ്ധിക്കുക — "ആഭരണധാരികളായ വിശ്വാസികൾ വേർപെട്ടവർ എന്ന പേരിന് പോലും യോഗ്യരല്ല." മാത്രമല്ല ചിലകുസൃതി ചോദ്യങ്ങൾക്കും വിഢി ചോദ്യങ്ങൾക്കും വ്യക്തമായ മറുപടിയും നല്കുന്നു.

ആഭരണങ്ങൾ സ്വയമനസ്സാലെ വർജ്ജിച്ച് ദൈവത്തെ ആരാധിക്കുന്ന സഭകളിൽ ചില ആഭരണധാരികൾ വരുത്തിക്കൂട്ടുന്ന ആത്മീയനാശങ്ങളെക്കുറിച്ചും, അവർ വരുത്തി വെക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും വളരെ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. ഗ്രന്ഥകാരന്റെ സഹിഷ്ണതയും ക്ഷമാശീലവും തുടർമാനമായ പരിശ്രമശീലവും ഏത് അനുവാചകർക്കും മനസ്സിലാക്കാവുന്നതാണ്.

ഈ വിശിഷ്ട ഗ്രന്ഥത്തിൽ "ആഭരണധാരണം" എന്ന വിഷയം മാത്രമല്ല, മറ്റു അനേക ഉപദേശസത്യങ്ങൾ വീണ്ടും വീണ്ടും വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു. ഇപ്രകാരം ഒരു ഗ്രന്ഥം രചിപ്പാനും അതിന്റെ രണ്ടാം പതിപ്പ് പുറത്തിറക്കുവാനും കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്ന പ്രിയ സഹോദരന് സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പുറത്തിറങ്ങുവാൻ വെമ്പൽ കൊള്ളുന്ന "വെളിപ്പാടു പുസ്തക പഠനം" മലയാളി വിശ്വാസികൾക്ക് ഒരമൂല്യ (ക്രൈസ്തവസാഹി

ത്യത്തിന്) നിധിയായിരിക്കും (എണ്ണൂറിലധികം A-4 അളവിലുള്ള പേജുകളുള്ള ഗ്രന്ഥം). ഉൽകൃഷ്ടമായ ആത്മികദർശനം ഈ ഗ്രന്ഥങ്ങളിൽകൂടി ക്രൈസ്തവ വിശ്വാസികൾക്ക് ഒരു വഴികാട്ടി യായിത്തീരും എന്നുള്ളതിൽ സംശയമില്ല.

ലോകരക്ഷകനായ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കുന്ന വിശ്വാസികളെ കർത്താവിൽ നിന്നകറ്റുന്ന ലോകസംഭവങ്ങളിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും കർത്തൃസന്നിധിയിലേക്കു മടങ്ങി വരുവാനുള്ള ഒരു ആഹ്വാനമാണ് ഗ്രന്ഥകാരൻ ഈ രചനയിൽകൂടി നല്കുന്നത്.

*ദൈവമക്കളേ, ഒരു വിചിന്തനത്തിന് തയ്യാറാകുമോ? ——*

*വസ്ത്രം നമുക്കാവശ്യമാണ് — അത് നഗ്നത മറയ്ക്കുന്നു.*

*ചെരുപ്പ് നമുക്കാവശ്യമാണ് — അത് പാദങ്ങളെ സംരക്ഷിക്കുന്നു.*

*കണ്ണട നമുക്കാവശ്യമാണ് — അത് കണ്ണിന് കാഴ്ചശക്തി വർദ്ധിപ്പിക്കുന്നു.*

*വാച്ച് നമുക്കാവശ്യമാണ് — അത് സമയം അറിയിക്കുന്നു.*

*എന്നാൽ ആഭരണം എന്തിന്?*

ക്രൈസ്തവവിശ്വാസത്തെ അനുകരിച്ചും എതിർത്തും അനേകപുസ്തകങ്ങൾ ദിനംതോറും പുറത്തിറങ്ങുന്നു. പലതം പഴയ കുറിമാനങ്ങളുടെ ആവർത്തനമാണ്. എന്നാൽ നവീനകാഴ്ചപ്പാടോടും വിശ്വാസി ലോകത്തിൽ നിന്നു വിശുദ്ധിയോടുകൂടി വേർപെട്ടിരിക്കേണ്ടതിന്റെ ആവശ്യകത വിളിച്ചറിയിക്കുന്ന ഈ വിശിഷ്ടഗ്രന്ഥത്തിന് എല്ലാവിധ പ്രചുരപ്രചാരവും ഗ്രന്ഥകാരന് ആത്മാർത്ഥമായ അഭിനന്ദനങ്ങളും ആശംസിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരൻ

JOSE MATHEW, EVANGELIST
HATHOJ (PO), JAIPUR
RAJASTHAN -- 302 012

17--08--2014





# രണ്ടാം പതിപ്പിന്റെ പ്രസ്താവന

(SAMSON HENRY, KOLLAM)

മഹോന്നതനാം ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. "വിശ്വാസിയും ആഭരണവും" എന്ന പുസ്തകം 2004-ൽ പ്രസിദ്ധീകരിക്കുവാൻ ദൈവം കൃപ നല്കി. വളരെ വേഗത്തിൽത്തന്നെ അതു അനേകരുടെ കരങ്ങളിലെത്തുവാൻ ഇടയായി. തുടർന്നു പലരും പുസ്തകം ആവശ്യപ്പെട്ടുവെങ്കിലും സ്റ്റോക്കില്ലാത്തതിനാൽ കൊടുക്കുവാൻ സാധിച്ചില്ല. അതിന്റെ പുനഃപ്രസിദ്ധീകരണം നടത്തുവാൻ ആഗ്രഹിച്ചെങ്കിലും വിവിധ കാരണങ്ങളാൽ താമസം നേരിട്ടു. ആദ്യപ്രസിദ്ധീകരണത്തിലെ ഉപദേശസത്യങ്ങൾ നിലനിറുത്തിയും, വായനക്കാരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും, പരിശുദ്ധാത്മാവു നയിച്ചപ്രകാരം ആവശ്യമായവ ചേർത്ത് പുസ്തകം വീണ്ടും പ്രസിദ്ധീരിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഒന്നാമത്തെ പതിപ്പിന്റെ പ്രസിദ്ധീകരണത്തെ വേർപെട്ട ദൈവമക്കൾ വളരെ ആവേശത്തോടെയാണ് സ്വീകരിച്ചതെന്നു എനിക്കു ലഭിച്ച അനേക അഭിപ്രായങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നാൽ ഇക്കാലയളവിൽ വിശ്വാസഗോളത്തെ ആകമാനം ഞെട്ടിക്കുന്നതും വിശ്വാസിക്കു ആഭരണധാരണം നിഷിദ്ധമല്ല എന്ന തത്വത്തെ അരക്കിട്ടുറപ്പിക്കുന്നതുമായ പ്രസിദ്ധീകരണവും വിവിധ അഭിപ്രായങ്ങളും ഇറങ്ങിയ കാഴ്ചയും നാം കാണുകയുണ്ടായി. "ആഭരണ വർജ്ജനം സ്നാനത്തിനു അനിവാര്യമോ?" എന്ന ഒരു പുസ്തകത്തിന്റെ മറവിൽ ഭൂരിപക്ഷാഭിപ്രായം ഒപ്പിച്ചു വേർപാടിനു കളങ്കം ചാർത്തുന്ന പ്രവണതയാണ് അതിലൂടെ പ്രകടമായത്. ഇപ്രകാരമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ആഘോഷം അരങ്ങേറിയപ്പോൾ അതിനു നേതൃത്വം നല്കിയത് തിരുവചനം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ ആയിരുന്നു എന്നതും ചിന്തനീയമാണ്. ദൈവവചനം വിഭാഗിക്കുകയും, പഠിപ്പിക്കുകയും, പ്രസം

ഗിക്കുകയും ചെയ്യുന്നവർ ഈലോകത്തിന്റെ കാലഗതിക്കനുസരിച്ച് ചിന്തിച്ച്, വചനത്തിൽ നിന്നു വ്യതിചലിച്ച് പ്രവർത്തിക്കുന്നതിന്റെ ഉത്തമ ഉദാഹരണങ്ങളായി ഇപ്രകാരമുള്ള പ്രവണതയെ കണക്കാക്കാവുന്നതാണ്.

ആഭരണധാരണം ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഉൾപ്പെടുന്നില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും, രക്ഷിക്കപ്പെട്ടവർ വേർപെടേണം എന്ന കല്പനയിൽ ലോകത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടും.

"നീ നിന്റെ ആഭരണം നീക്കിക്കളക" എന്ന ദൈവകല്പനക്കു ശേഷം ആഭരണം ധരിക്കാം, മിതമായി ധരിക്കാം എന്നു ആഭരണധാരണത്തെ അനുവദിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന വാക്യങ്ങളൊന്നും തന്നെ സുവിശേഷങ്ങളിൽ കർത്താവോ, പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരോ, ലേഖനത്തിൽ ഉപദേശമായോ പറയുന്നില്ല. "നീക്കിക്കളക" എന്ന ദൈവകല്പന ഉറച്ച പ്രഖ്യാപനത്തോടെ ഇന്നും മാറ്റമില്ലാതെ നിലകൊള്ളുന്നു.

വിശ്വാസികളുടെ വിശുദ്ധജീവിതത്തിനു കളങ്കം ചാർത്തുന്നതും, വേർപാടിനെ നാമ്പോടെ പിഴുതുകളയുന്നതുമായ ആഭരണധാരണത്തിൽ നിന്നു അകന്നു ജീവിക്കുവാൻ "വിശ്വാസിയും ആഭരണവും" എന്ന പുസ്തകത്തിലൂടെ ലഭിക്കുന്ന ചിന്ത ദൈവജനത്തിനു പ്രയോജനമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു രണ്ടാം പതിപ്പ് വിശുദ്ധനാം ദൈവത്തിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

SAMSON HENRY
ZION
ARADHANA NAGAR - 22
KOLLAM - 691 001

21- 08- 2014





**ഗ്രന്ഥകാരന്റെ കൃതികൾ** —

(1) തിരുവചന ഉപദേശസത്യങ്ങൾ

**പ്രസിദ്ധീകരണത്തിനുള്ള കൃതികൾ** —

(1) വെളിപ്പാട് പുസ്തക പഠനം
(2) യഹോവയുടെ നാമങ്ങൾ
(3) വേദപുസ്തക അപഗ്രഥന പഠനം
(4) സങ്കീർത്തനം 119 ഒരു പഠനം

**സുവിശേഷ ലഘുലേഖകൾ** — വിതരണത്തിൽ —

(1) താങ്കൾ ക്രിസ്ത്യാനിയോ ?
(2) താങ്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ ?
(3) താങ്കളുടെ യാത്ര എവിടേക്ക് ?
(4) താങ്കളുടെ പൗരത്വം എവിടെ ?
(5) സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട !
(6) ഭാഗ്യം ... ഭാഗ്യം ... നേടുക... ഇന്ന് ... ഇപ്പോൾ ...ഇപ്പോൾ.
(7) ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾക ദൈവകൃപ.
(8) സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
(9) ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ ?
(10) തിരഞ്ഞെടുപ്പ്.
(11) ജീവൻ നൽകിയ സ്നേഹം.
(12) ഞാൻ ലോകത്തിൽ കേട്ട ഏറ്റവും നല്ല വാർത്ത.
(13) ARE YOU INSURED ?
(14) WHERE IS THE DESTINATION OF YOUR JOURNEY ?
(15) BE CAREFUL AND KEEP OUT OF TROUBLE.

# 1

# ചില സമകാലീന ചോദ്യങ്ങൾ

വിശ്വാസി ആഭരണം ധരിക്കാമോ? ധരിക്കുന്നതിൽ തെറ്റുണ്ടോ? ധരിക്കുന്നതു പാപമാണോ? അവരെ ദൈവം വെറുക്കുമോ? സ്നാന സമയത്തു ആഭരണം ഉപേക്ഷിച്ച വിശ്വാസി വീണ്ടും ആഭരണം ധരിച്ചാൽ രക്ഷ നഷ്ടപ്പെടുമോ? പ്രതിഫലനാളിൽ ദൈവസിംഹാസനത്തിനു മുമ്പാകെ ആഭരണം ധരിച്ചവർ അപമാനിതരാകുമോ? കൃപയാൽ രക്ഷ പ്രാപിച്ച വിശ്വാസിക്ക്, ആഭരണം ധരിച്ചിരിക്കുന്നുവെന്ന ഏക കാരണത്താൽ വിശ്വാസസ്നാനം വിലക്കാമോ? കേരളത്തിനു പുറത്തുള്ള വേർപെട്ട ചില വിശ്വാസികൾ പോലും ആഭരണം ധരിക്കുന്നുവെങ്കിൽ ആഭരണധാരികളായ അവിടത്തെ രക്ഷിക്കപ്പെട്ടവരെ സ്നാനപ്പെടുത്തുന്നതിലെന്താണു തെറ്റ്? പേരിനും വേണ്ടി അല്പം സ്വർണ്ണാഭരണം ധരിക്കുന്നതു തെറ്റാണോ? മോടിയുള്ള വിലയേറിയ വസ്ത്രങ്ങൾ ധരിക്കാമെങ്കിൽ അല്പം ആഭരണം ഉപയോഗിക്കുന്നതിൽ എന്താണു തെറ്റ്? മറ്റു സംസ്ഥാനങ്ങളിൽ, ആഭരണം ധരിക്കാത്ത സ്ത്രീകളെ വിധവമാരെന്നു കരുതുന്ന കാരണത്താൽ, സ്ത്രീകൾ ആഭരണം ധരിക്കുന്നത് അപമാനം ഒഴിവാക്കാൻ നല്ലതല്ലേ? ആഭരണം ധരിച്ച വേർപെട്ട വിശ്വാസികളെ കർത്തൃമേശയിൽ പങ്കെടുക്കാൻ അനുവദിക്കാമോ? ആഭരണം ധരിക്കരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? ............... എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ ഇന്നു വിശ്വാസികളുടെ മദ്ധ്യേ ഉയർന്നു വരുന്നു.





ആഭരണവർജ്ജനം ദൈവസഭയുടെ അടിസ്ഥാനോപദേശങ്ങളിൽ ഉൾപ്പെടുന്നില്ലെന്നു പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും രക്ഷിക്കപ്പെട്ട വിശ്വാസി വേർപെടേണമെന്ന കല്പനയിൽ ലോകത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടും. വിശ്വാസജീവിതസാക്ഷ്യത്തിന്റെ ബഹിർഗമനമാണിത്. ആഭരണവർജ്ജനത്തോടുള്ള ബന്ധത്തിൽ വിവിധ പ്രതികരണങ്ങൾ പരിശോധിക്കാം —

—> ആഭരണധാരണത്തിനെതിരായി പറയുവാൻ പലരും മടിക്കുന്നു.

—> ചിലർ ഈ വിഷയത്തിൽ മൗനം പാലിക്കുന്നു.

—> ചിലർ അങ്ങനെയും ആകാം ഇങ്ങനെയും ആകാം എന്നു പറയുന്നു;

---> മറ്റൊരു കൂട്ടരാകട്ടെ, ഇതിനേക്കാൾ മോശമായ അനേക ലോകമോഹങ്ങളിൽ നിങ്ങൾ ജീവിക്കുന്നില്ലേ? എന്നു ചോദിച്ചുകൊണ്ടു ആഭരണധാരണം ലാഘവമായി ചിന്തിക്കുന്നു.

—> ചിലരാകട്ടെ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്ന തങ്ങളുടെ സിദ്ധാന്തം ഉറപ്പിക്കുവാനായി ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിച്ചു സംതൃപ്തിയടയുന്നു. ഉദാഹരണങ്ങൾ :

> കർത്താവിന്റെ ജനനത്തിങ്കൽ വിദ്വാന്മാർ കാഴ്ച വെച്ചതിൽ പൊന്നുണ്ടായിരുന്നില്ലേ?

> മടങ്ങിവന്ന മുടിയൻപുത്രനെ മോതിരം അണിയിച്ചല്ലേ സ്വീകരിച്ചത്?

> യാക്കോബിന്റെ ലേഖനത്തിൽ പൊന്മോതിരം ധരിച്ച ധനവാനെ കാണുന്നുവല്ലോ?

> രാജ്ഞി ഓഫീർ തങ്കം അണിഞ്ഞല്ലേ രാജാവിന്റെ വലത്തു ഭാഗത്ത് നില്ക്കുന്നത്?

> മഹത്വധാരിയായ ക്രിസ്തുവിന്റെ മാറത്ത് പൊൻകച്ച കാണുന്നില്ലേ?

> സ്വർഗ്ഗത്തിൽ മൂപ്പന്മാർ തലയിൽ പൊൻകിരീടം വെച്ചിരിക്കുന്നതു മറന്നോ?

> പുതിയ യെരൂശലേമിന്റെ ഗോപുരങ്ങൾ രത്നങ്ങൾക്കൊണ്ടല്ലേ നിർമ്മിച്ചിക്കപ്പെട്ടിരിക്കുന്നത്?

—> പുരോഗമനക്കാരായ മറ്റൊരു കൂട്ടർ പറയുന്നതോ:

> സ്നാനസമയത്തു അല്പം ആഭരണം ധരിക്കുന്നത് അത്ര കാര്യമാക്കേണ്ടതുണ്ടോ?

> അവരെ സ്നാനപ്പെടുത്തിക്കഴിഞ്ഞു പറഞ്ഞുപദേശിച്ചാൽ പോരയോ? അങ്ങനെയായാൽ അവർ മറ്റുകൂട്ടങ്ങളിലേക്കു പോകാതെ സഭ വളരുവാൻ ഇടയാകുകയില്ലേ?

> അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു എന്നല്ലേ തിരുവചനം സാക്ഷ്യപ്പെടുത്തുന്നത് ? അങ്ങനെ എങ്കിൽ ഉല്പത്തി മുതൽ വെളിപ്പാടു വരെയുള്ള സകലതും പഠിപ്പിച്ചിട്ടാണോ സ്നാനപ്പെടുത്തേണ്ടത്?

> കർത്താവിന്റെ അന്ത്യകല്പന — സ്നാനം കഴിപ്പിച്ചും ...... ഉപദേശിച്ചുംകൊണ്ടു ..... ശിഷ്യരാക്കിക്കൊൾവിൻ എന്നല്ലേ (മത്താ.28:18-20). ആയതിനാൽ സ്നാനപ്പെടുത്തിയശേഷം ഉപദേശിച്ചാൽ പോരേ?

—> കുറേക്കൂടി കാര്യങ്ങൾ ആധുനിക ചിന്താഗതിയിൽ വിശകലനം ചെയ്യുന്നവരാകട്ടെ ഇയ്യോബിന്റെ ഭാര്യയെപ്പോലെ ഉപദേശിക്കും:

> *"നീ ഇനിയും നിന്റെ ഭക്തി മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നുവോ?"* (ഇയ്യോ.2:9). — ആഭരണവർജ്ജനം എന്ന പഴയസിദ്ധാന്തം മുറുകെ പിടിക്കേണ്ടതുണ്ടോ?





—> പുരോഗമനവാദികളായ ചിലർ ആഭരണവർജ്ജനത്തെ വിലയിരുത്തുന്നത് ——

> "ഞങ്ങൾ അദ്ധ്വാനിച്ചു വേല ചെയ്തിട്ടു രക്ഷയിലേക്കു വന്നപ്പോൾ ആഭരണം വർജ്ജിക്കണമെന്ന പഴഞ്ചൻ സിദ്ധാന്തം കാരണം അനേകർ മറ്റു കൂട്ടങ്ങളിലേക്കു പോകുന്നു. ആകയാൽ കാലത്തിനൊത്തു നീങ്ങാതിരിക്കുന്നതു ബുദ്ധിയല്ല."

## ഉത്തരം തിരുവചനവെളിച്ചത്തിൽ

ആഭരണധാരണത്തെക്കുറിച്ചു ഇന്നു കേൾക്കുന്ന സകല ചോദ്യങ്ങൾക്കും തിരുവചനത്തിലൂടെത്തന്നെ ഉത്തരം പരിശുദ്ധാത്മസഹായത്താൽ ലഭിക്കുന്നു. ഇക്കാര്യത്തിൽ വിശ്വാസികൾ അവശ്യം ഓർത്തിരിക്കേണ്ട അടിസ്ഥാനതത്വം — ദൈവത്തിനോ, ദൈവവചനത്തിനോ ആദിമുതൽ ഇന്നുവരെയും യാതൊരു മാറ്റവും വന്നിട്ടില്ല എന്നതാണ്.

*"യഹോവയായ ഞാൻ മാറാത്തവൻ"* (മലാ.3:6)

*"വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല "* (സംഖ്യാ.23:19).

*"ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല"* (മത്താ.24:35).

ആധുനികയുഗത്തിൽ ലോകത്തിലുള്ള സകലത്തിന്നും മാറ്റം വന്നു കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ചിന്താശക്തി, വിശ്വാസം, പ്രവർത്തനം, ജീവിതം എന്നിവയെ ഈ മാറ്റങ്ങൾ പലപ്പോഴും സ്വാധീനിക്കുന്നു. വിശ്വാസി സ്വർഗ്ഗീയ പൗരനെങ്കിലും ലോകത്തിൽ വസിക്കുന്നവനാണ്. ലൗകിക സമ്മർദ്ദങ്ങളും, മാറ്റങ്ങളും, മോഹങ്ങളും, ആഡംബരങ്ങളും വിശ്വാസിയെ സ്വാധീനിച്ചു തുടങ്ങുമ്പോൾ ദൈവവചനത്തിലുള്ള ഉറപ്പും, ധൈര്യവും ചാഞ്ചാടുന്നു; അവനിൽ സംശയത്തിന്റെ അലകൾ പൊട്ടിപ്പുറപ്പെടുവാൻ തുടങ്ങുന്നു. മറ്റുള്ള

വർക്കാകാമെങ്കിൽ എനിക്കുമെന്തുകൊണ്ട് ആയിക്കൂടാ? അതിലെന്താണു തെറ്റ്? എന്നചിന്താഗതിയിൽ എത്തിച്ചേരുന്നു.

ഈ അവസരത്തിൽ നമ്മുടെ ആദിമാതാവായ ഹവ്വായെ സമീപിച്ചു സാത്താൻ ചോദിച്ചതുപോലെ *"ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?"* (ഉല്പ.3:1) എന്ന ചോദ്യവുമായി അവൻ വിശ്വാസിയുടെ വചനത്തിലുള്ള വിശ്വാസത്തെ ചോദ്യം ചെയ്യുന്നു. തൽഫലമായി വിശ്വാസിക്കു സംശയം ഉണ്ടാകുന്നു. തുടർന്നു ഹവ്വായെപ്പോലെ വിശ്വാസിയും ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം (ഉല്പ.3:6 /1.യോഹ.2:16) എന്നിവയാൽ ആകർഷിക്കപ്പെടുന്നു. *ആഭരണധാരണം മൂലം വിശ്വാസി ഏദെൻ തോട്ടത്തിലുണ്ടായ വീഴ്ചയുടെ ഫലമായി പാപക്കുഴിയിൽ വീഴുന്നു എന്നോ രക്ഷ നഷ്ടപ്പെടുന്നു എന്നോ അല്ല, മറിച്ച് വേർപാടു ജീവിതത്തിനു കളങ്കമേല്ക്കുന്നു എന്നാണു വിവക്ഷിക്കുന്നത്.* ഫലമോ അവിശ്വാസികളെപ്പോലെ ലോകത്തിനനുരൂപമായി ജീവിക്കുവാനും വിശുദ്ധി നഷ്ടപ്പെട്ടു സാക്ഷ്യമില്ലാത്ത കുത്തഴിഞ്ഞ ജീവിതത്തിലേക്കു നയിക്കപ്പെടുവാനും ഇടയാകുന്നു.

ദൈവത്തിന്റെ ദാനമായി നമ്മിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നമ്മുടെ ശരീരം. നമ്മെ വിലയ്ക്കു വാങ്ങിയിരിക്കയാണ് (1.കൊരി.6:19). ആകയാൽ ദൈവത്തിന്റെ മന്ദിരമായ നമ്മുടെ ശരീരത്തിന്റെ വിശുദ്ധി അത്യന്താപേക്ഷിതമാണ് (റോമ.12:1,2). വിശ്വാസികളായ നമ്മെ ദൈവം തന്റെ പുത്രനായ ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലാണ് വീണ്ടെടുത്തിരിക്കുന്നത് (1.പത്രൊ.1:18,19). അതിൽ ലോകമാലിന്യങ്ങൾ കൊണ്ടല്ല അലങ്കരിക്കേണ്ടത്. ലോകക്കാർ നമ്മെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു (അപ്പൊ.16:25). "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്ന ദൈവകല്പന പാലിച്ച് നമ്മുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പാൻ (1.പത്രൊ.1:16,17) ജാഗ്രത പാലിക്കാം.





"ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്ന ഹവ്വായോടുള്ള സാത്താന്റെ ചോദ്യം ആഭരണധാരണത്തോടു ബന്ധമുള്ളതല്ല. എന്നാൽ ദൈവകല്പനകളിൽ സംശയമുളവാക്കുവാൻ ഉപയോഗിക്കുന്ന ചോദ്യമായി എടുക്കാം. ഇതിനു പ്രതിവിധി എന്ത്? ദൈവവചനത്തിൽ നിശ്ചയം ഉണ്ടായിരിക്കുകയും അതു ജീവിതത്തിൽ പകർത്തുകയും വേണം. ബെരോവെയിലെ വിശ്വാസികളുടെ മാതൃകയും, യാക്കോബ് അപ്പൊസ്തലന്റെ പ്രബോധനവും, എബ്രായലേഖനകാരന്റെ മുന്നറിയിപ്പും സ്വീകരിച്ചാൽ "വാസ്തമായി കല്പിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിനു പതറാതെ മറുപടി നല്കുവാനും വേർപാടു ജീവിതം സാക്ഷ്യമുള്ളതാക്കുവാനും സാധിക്കും — "അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു" (അപ്പൊ.17:11). *''എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ"* (യാക്കോ.1:22). *"അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടതു അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു"* (എബ്രാ.2:1).

പ്രിയ ദൈവമക്കളേ, മുൻതലമുറയിലെ നമ്മുടെ വേർപെട്ട പിതാക്കന്മാർ പോയ വഴിയേ നമുക്കും സഞ്ചരിക്കാം. അവർ ഉപേക്ഷിച്ചുപോയ ലൗകികമാലിന്യങ്ങളിൽ നിന്നും നമുക്കും ഓടിയകലാം. ഈ ഓട്ടത്തിൽ പൊന്നും വെള്ളിയും പെറുക്കിയെടുത്തു സ്വന്തമാക്കാനും ലോകമനുഷ്യരെപ്പോലെ ശരീരം മോടിപിടിപ്പിക്കുവാനും ശ്രദ്ധിക്കേണ്ട. മറ്റുള്ളവർക്കാകാം എന്നാൽ വിശ്വാസീ, നിനക്കതു പാടില്ല. "നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്നു ദൈവം കല്പിച്ചതിനു ശേഷം ആഭരണം ധരിക്കാം, മിതമായി ധരിക്കാം എന്ന് അനുവാദം തരുന്ന ഒരു വചനമെങ്കിലും ഉണ്ടോ? ഇല്ലേയില്ല. ആകയാൽ ആഭരണധാരണം വേർപെട്ട വിശ്വാസികൾക്കു ചേർന്നതല്ല.

= = = = = = = = = = = = = = = =

# 2

# ആഭരണഭ്രമത്തിന്റെ ഉത്ഭവം

ആഭരണധാരണവും, ആഭരണഭ്രമവും മനുഷ്യരിലുണ്ടായ തെങ്ങനെയെന്നു പരിശോധിക്കാം. പൊന്നും വെള്ളിയും പുരാതന കാലം മുതൽ ഇന്നുവരെയും വിലപിടിപ്പുള്ള ലോഹങ്ങളായി നില കൊള്ളുന്നു. അതുപോലെതന്നെ ലോകത്തിലെല്ലാ ഭാഗത്തും, ഏതു കാലത്തും ആഭരണഭ്രമം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പാപത്തി ലേക്കുള്ള വീഴ്ചയുടെ ഫലമായി മനുഷ്യനുണ്ടായ ഒരു പാപസ്വഭാ വമാണ് ആഭരണധാരണഭ്രമം. പാപം ചെയ്യുന്നതിനു മുമ്പു തേജോ മയനായ ദൈവത്തോടൊപ്പം കൂട്ടായ്മബന്ധത്തിൽ ആയിരുന്നപ്പോൾ ദൈവീകതേജസ്സിനാൽ മനുഷ്യൻ അണിയപ്പെട്ടിരുന്നു. മനുഷ്യൻ അന്ന് ആഭരണങ്ങളോ വസ്ത്രങ്ങളോ ധരിച്ചിരുന്നില്ല. എന്നാൽ പാപം ചെയ്ത നിമിഷം ദൈവീകതേജസ്സ് നഷ്ടപ്പെടുകയും, നഗ്നനെന്നു മനസ്സിലാക്കി അത്തിയില തുന്നിക്കൂട്ടി വസ്ത്രമുണ്ടാക്കി ധരിക്കുകയും ചെയ്തു. അന്നു മുതൽ തന്റെ ശരീരം മറയ്ക്കുവാൻ, മോടിപിടിപ്പിക്കുവാൻ, അലങ്കരിക്കുവാൻ തന്നാൽ ആകുന്നതൊ ക്കെയും മനുഷ്യൻ ചെയ്യുന്നു.

ആഭരണവും വസ്ത്രധാരണവുമായി ഒരു ബന്ധവുമില്ല. ആദാം ഹവ്വാ, ഇവരുടെ കാലം മുതലാണ് വസ്ത്രം മനുഷ്യനു ആവ ശ്യമായി വന്നത്. അത് നഗ്നത മറയ്ക്കാനായിരുന്നു. ആഭരണധാ രണം പിൽക്കാലത്ത്, വിശേഷാൽ അവരുടെ പാപത്തിലേക്കുള്ള വീഴ്ചയ്ക്കു ശേഷം അവർ സ്വയം തിരഞ്ഞെടുത്ത ശാരീരിക അല ങ്കാരമായിരുന്നു.





ഉല്പത്തി.3:17 മുതൽ 21 വരെയുള്ള ഭാഗങ്ങൾ ശ്രദ്ധിക്കുക – *"മനുഷ്യനോടു കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്കു അനു സരിക്കയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നും അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്കു അതിൽ നിന്നു മുളെക്കും...........യഹോവയായ ദൈവം ആദാമിന്നും അവന്റെ ഭാര്യക്കും തോൽകൊണ്ടു ഉടുപ്പു ഉണ്ടാക്കി അവരെ ഉടുപ്പിച്ചു."*

ദൈവം തന്നെയാണ് അവർക്കു ഉടുപ്പുണ്ടാക്കി കൊടു ത്തതും, ധരിപ്പിച്ചതും. ഏദെനിൽ മേല്ത്തരമായ പൊന്നുണ്ടായിരു ന്നു (ഉല്പ.2:11,12). എന്നാൽ ദൈവം ആദാമിനെയും ഹവ്വായെയും പൊന്നു ധരിപ്പിക്കുകയോ അവരെ പൊന്നിനാൽ അലങ്കരിക്കുകയോ ചെയ്തില്ല. മാത്രവുമല്ല ആഭരണം ധരിക്കുവാനായി മൂക്കും കാതും കുത്തിത്തുളച്ചു ദ്വാരങ്ങൾ ഉണ്ടാക്കിക്കൊടുത്തതുമില്ല. എന്നാൽ അഹോവൃത്തിക്കായി അദ്ധ്വാനിച്ച മനുഷ്യൻ മണ്ണിൽ നിന്നും ലോഹ ങ്ങൾ കുഴിച്ചെടുത്തു ആഭരണങ്ങളായി രൂപപ്പെടുത്തി ധരിക്കാൻ തുടങ്ങി. ഇത് ദൈവതേജസ്സ് നഷ്ടപ്പെടുത്തിയ മനുഷ്യന്റെ പാപപ്ര കൃതിയുടെ അനന്തരഫലം തന്നെയാണ്. സ്രഷ്ടാവിലേക്കു കണ്ണു കളുയർത്തി, രക്ഷാവസ്ത്രം ധരിക്കുന്നതിനു പകരം, ലോകത്തി ലേക്കു കുനിഞ്ഞു നോക്കി - നശിച്ചു പോകുന്ന അത്തിയില ധരി ച്ചതു പോലെ - മണ്ണിലെ ലോഹങ്ങൾ ശേഖരിച്ച് വൃഥാ സ്വയം അണിഞ്ഞൊരുങ്ങുന്നു.

ആത്മീയമായ കാഴ്ചശക്തിയില്ലാത്തതിനാൽ ലോകമനു ഷ്യൻ ഇതൊക്കെയും ചെയ്യുന്നു. എന്നാൽ കർത്താവായ യേശു ക്രിസ്തുവിലൂടെ ഹൃദയദൃഷ്ടി പ്രകാശിക്കപ്പെട്ടു ദൈവതേജസ്സും, രക്ഷാവസ്ത്രവും ലഭിച്ച വിശ്വാസികൾ, ലോഹങ്ങളും മുത്തുകളും ആഭരണങ്ങളും ധരിച്ചു തങ്ങളെത്തന്നെ മോടിപിടിപ്പിക്കേണ്ട തുണ്ടോ?

ഒറ്റനോട്ടത്തിൽത്തന്നെ അറപ്പു വരുത്തുന്ന സർപ്പത്തെപ്പോലും മാലയായി ധരിക്കുന്ന ദേവനെ ആരാധിക്കുന്ന ജാതികൾ പിൻപറ്റുന്ന രീതി വിശ്വാസികളൊരുകാലത്തും അനുകരിക്കുവാൻ പാടില്ല. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്ന് ഓർക്കുക. അതിനെ ആത്മീയമല്ലാത്ത യാതൊന്നുകൊണ്ടും മോടിപിടിപ്പിച്ചു അശുദ്ധമാക്കരുത്.

## ആഭരണത്തിന്റെ പ്രസക്തി

ആഭരണം ധരിക്കുന്നത് ലോകമനുഷ്യരെ സംബന്ധിച്ചിടത്തോളം അവരുടെ ശരീരഭംഗിയും, മോടിയും കൃത്രിമമായി വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ്. മാത്രമല്ല തങ്ങളുടെ ധനസ്ഥിതി, ഉന്നതി, മഹിമ തുടങ്ങിയവ മറ്റുള്ളവരെ അറിയിക്കാനുള്ള സ്വാർത്ഥതയുടെ ഒരു ഉപാധി കൂടിയാണ്. എന്നാൽ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവതേജസ്സും, ശോഭയും ലഭിച്ചവർ, ആത്മീയകണ്ണു തുറക്കപ്പെട്ടവർ, തങ്ങളുടെ ശരീരത്തിന് ഇനിയും ആഭരണം ധരിച്ചു ഭംഗി കൂട്ടേണ്ട ആവശ്യമുണ്ടോ?

ആഭരണം പുറമേയുള്ള അലങ്കാരമാണ്. **1.പത്രൊസ്.3:3,4** — *"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു."*

ആഭരണധാരണം ലോകസ്നേഹത്തെയും ആഡംബരത്തെയും വെളിപ്പെടുത്തുന്നു. ഇതു ദൈവത്തോടു ശത്രുത്വം ഉളവാക്കുന്നു. **യാക്കോ.4:4** — *"..... ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു."*





ആഭരണധാരണം സാമൂഹ്യതിന്മയ്ക്കും, പലവിധ ദോഷങ്ങൾക്കും അക്രമങ്ങൾക്കും വഴി തെളിക്കുന്നു —

> മോഷ്ടാക്കൾ, പിടിച്ചുപറിക്കാർ, തട്ടിപ്പുകാർ എന്നിവർക്കിരയായി തങ്ങളുടെ ജീവൻ പോലും നഷ്ടപ്പെടുമെന്ന ഭീതിയോടെ സമാധാനമില്ലാതെ ആഭരണങ്ങൾ ഉപയോഗിക്കുന്നവർ കഴിയേണ്ടി വരുന്നു. ആഭരണം മോഷ്ടിക്കുന്നതിനായി നമ്മുടെ കേരളത്തിൽത്തന്നെ എത്രയെത്ര കൊലപാതകങ്ങളാണ് നിത്യവും നടന്നുകൊണ്ടിരിക്കുന്നത്.

> ആഭരണധാരികളായ സ്ത്രീകൾ കൃത്രിമഭംഗി വരുത്തി നടക്കുന്നതിനാൽ മറ്റുള്ളവർ ആകർഷിക്കപ്പെട്ടു പാപത്തിലേക്കു നയിക്കപ്പെടുന്നു.

> ആഭരണം ധരിക്കുന്നവർ ധരിക്കാത്തവരോടും, അല്പമായി ധരിക്കുന്നവരോടും പുച്ഛഭാവത്തിൽ പെരുമാറുന്നു. മറ്റുള്ളവർ കാണുവാനുള്ള അലങ്കാരമാണ് ആഭരണം. വസ്ത്രധാരണംപോലെ നഗ്നത മറയ്ക്കുവാനുള്ളതല്ല. ഇത് ലോകത്തിന്റെ ആഡംബരത്തിന്റെ ഭാഗമാണ്.

> ആഭരണഭ്രമം കുടുംബങ്ങളുടെ സാമ്പത്തികഭദ്രതയെ തകർക്കുകയും ദ്രവ്യാഗ്രഹത്തിലേക്കു നയിക്കുകയും ചെയ്യുന്നതിനാൽ അനേക കുടുംബങ്ങളിലെ സമാധാനജീവിതം നഷ്ടമാകുന്നു.

> പെൺമക്കളുടെ വിവാഹത്തോടനുബന്ധിച്ച് സാധാരണക്കാരായ മാതാപിതാക്കൾ, സ്ത്രീധനത്തിനു പുറമേ ആഭരണം കൂടി നൽകുന്ന വിഷയത്തിൽ വേവലാതിപ്പെട്ടു ദുഃഖിച്ചു കഴിയേണ്ടി വരുന്നു.

= = = = = = = = = = = = = = = =

# 3

# ആഭരണവും വിഗ്രഹാരാധനയും

പുരാതനകാലം മുതൽ ജാതികൾ തങ്ങളുടെ ദേവീദേവന്മാരുടെ വിഗ്രഹങ്ങളിൽ ആഭരണം ചാർത്തുക സർവ്വസാധാരണമാണ്. ''തിരുവാഭരണം'' എഴുന്നെള്ളിപ്പ് -- അഥവാ വിഗ്രഹത്തിനു ചാർത്താനുള്ള ആഭരണങ്ങൾ വഹിച്ചുകൊണ്ടുള്ള യാത്ര — കേരളത്തിൽ പ്രസിദ്ധമാണ്. മാല, മോതിരം, വള, കമ്മൽ, കുണുക്ക്, ചിലങ്ക, നെറ്റിപ്പട്ടം, പാദസരം എന്നിങ്ങനെ വിവിധ തരത്തിലുള്ള അലങ്കാരങ്ങൾ ആഭരണത്തിൽ ഉൾപ്പെടുന്നു. എവിടെ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നുവോ അതിൽ മാല ചാർത്തിയിരിക്കുന്നതു ദർശിക്കാം. ഇതൊക്കെയും ജാതികൾ അവരുടെ ദേവീദേവന്മാരെ ചാർത്തുന്നത് അവയിൽ നിന്നും പ്രസാദം ലഭിക്കുമെന്നുള്ള ചിന്തയാലാണ്. പുരാതന കാലത്തു ദൈവത്തെ അറിയാത്ത ജാതികൾ വിഗ്രഹത്തെ സേവിക്കുകയും, ആരാധിക്കുകയും ചെയ്തപ്പോൾ വിഗ്രഹങ്ങളിൽ അവർ ആഭരണങ്ങൾ ചാർത്തി. പിന്നീട് ഈ ഊമ വിഗ്രഹങ്ങളുടെ രൂപങ്ങൾ ലോഹങ്ങളിൽ കൊത്തി രൂപപ്പെടുത്തി ആഭരണങ്ങളായി അവർ ശരീരത്തിൽ ധരിക്കുവാൻ തുടങ്ങി. ഇന്നു മനുഷ്യർ ധരിക്കുന്ന പല ആഭരണങ്ങളും ഓരോരോ വിഗ്രഹമൂർത്തികളോടു ബന്ധപ്പെട്ടിരിക്കുന്നു.

യാക്കോബ് ബേഥേലിലേക്കു മടങ്ങുമ്പോൾ അവരുടെ ഇടയിലുണ്ടായിരുന്ന അന്യദേവന്മാരെയും വിഗ്രഹങ്ങളെയും നീക്കം ചെയ്യുന്നതായി കാണുന്നു. അതായത് ആത്മീയ ഉണർവ്വുണ്ടായപ്പോൾ ദൈവത്തിനു ഹിതമല്ലാത്തതെല്ലാം ഉപേക്ഷിക്കുന്നു.





ഉല്പ.35:4 — *"അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു."*

കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ഇനി വിഗ്രഹങ്ങൾക്കു ചാർത്തുന്ന ആഭരണങ്ങളെയല്ല, പ്രാണപ്രിയനായ കർത്താവിനെത്തന്നെയാണ് ധരിക്കേണ്ടത്.

## മിസ്രയിമിൽ നിന്നു വിടുവിക്കപ്പെട്ട ദൈവജനത്തിനുള്ള ദൈവത്തിന്റെ കല്പനകൾ ——

ഭൂമിയിൽനിന്നു ഖനനം ചെയ്തെടുക്കുന്ന പൊന്നും വെള്ളിയും വിലയേറിയ ലോഹങ്ങളിൽ ഉൾപ്പെടുന്നു. ഈ ലോഹങ്ങൾ പലപ്പോഴും വിഗ്രഹാരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കാനായി മനുഷ്യനുണ്ടാക്കിയ വിഗ്രഹങ്ങളിൽ ഏറിയപങ്കും പൊന്നും വെള്ളിയും ഉൾപ്പെടെയുള്ള ലോഹങ്ങൾ കൊണ്ടുള്ളവയാണ്. പഴയനിയമത്തിൽ ദൈവം യിസ്രായേലിനു നൽകിയ പത്തു കല്പനകളിൽ ഏറ്റവും പ്രധാനമായത് യഹോവയല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്; ഒരു വിഗ്രഹവും ഉണ്ടാക്കുകയും അരുത് എന്നതാണ്.

**പുറ.20:1–6** — *"ദൈവം ഈ വചനങ്ങളൊക്കെയും അരുളിച്ചെയ്തു: അടിമവീടായ മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന **യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു. ഒരു വിഗ്രഹം ഉണ്ടാക്കരുതു;** മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള **യാതൊന്നിന്റെ പ്രതിമയും അരുതു.** അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളു*

*ടെമേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറ വരെ ദയ കാണിക്കയും ചെയ്യുന്നു.*"

എന്നാൽ സർവ്വശക്തനായ ദൈവം അവരെ നടത്തിയ വഴികളും അവർക്കു നൽകിയ അനുഗ്രഹങ്ങളും, കല്പനകളും മറന്നു പലപ്പോഴും വിഗ്രഹങ്ങളുണ്ടാക്കി അവയെ സേവിക്കുവാൻ തയ്യാറായി.

## പൊന്നുകൊണ്ടുണ്ടാക്കിയ കാളക്കുട്ടി

ദൈവം തന്റെ വിരലുകളാൽ എഴുതിയ ന്യായപ്രമാണവും അവർക്കു നല്കേണ്ട ഉപദേശങ്ങളും വാങ്ങുവാനായി മോശെയെ ദൈവം പർവ്വതത്തിലേക്കു വിളിക്കുന്നു (പുറ.24:12). ജനം പർവ്വതത്തിന്റെ അടിവാരത്തിൽ ആയിരിക്കുമ്പോൾ മോശെ ദൈവത്തോടൊപ്പം നാല്പതു പകലും നാല്പതു രാവും പർവ്വതത്തിൽ ആയിരുന്നു (പുറ.24:18). യിസ്രായേൽ ജനത്തിന്റെ മരുയാത്രയിൽ അവരുടെ നടുവിൽ വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. അതിനായി ഒരു വിശുദ്ധമന്ദിരം അഥവാ സമാഗമനകൂടാരം പണിയുവാൻ ദൈവം മോശെയോടു കല്പിച്ചു. കൂടാരത്തിന്റെ പണികളും, ഉപയോഗിക്കേണ്ട വസ്തുക്കളും, ശുശ്രൂഷകളുൾപ്പെടെ അതിനെക്കുറിച്ചുള്ള സകലതും ദൈവം മോശെക്കു നല്കി. മോശെ സീനായ് പർവ്വതത്തിൽ യഹോവയുടെ സന്നിധിയിൽ നിന്നും ഇറങ്ങി വരുവാൻ താമസിച്ചപ്പോൾ ദൈവജനം അവരുടെ പൊന്നാഭരണങ്ങളുപയോഗിച്ച് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ ആരാധിക്കുവാൻ തയ്യാറായി. ഇത് ദൈവകോപത്തിനിടയാക്കി. മോശെയുടെ അഭാവത്തിൽ അവരുടെ പ്രവർത്തനം നോക്കുക —

**പുറ.32:1 - 6** — "എന്നാൽ മോശെ പർവ്വതത്തിൽ നിന്നു ഇറങ്ങി വരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി അവനോടു: *നീ എഴുന്നേറ്റു, ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കിതരിക;* ഞങ്ങളെ മിസ്രയീംദേശത്തു നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു. അഹരോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻ കുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു പറഞ്ഞു. ജനം ഒക്കെയും തങ്ങളുടെ കാതിൽ നിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടു വന്നു. അവൻ അതു അവരുടെ കൈയ്യിൽ നിന്നു വാങ്ങി, ഒരു കൊത്തുളി കൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. *അപ്പോൾ അവർ: യിസ്രായാലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടു വന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു.* അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു. പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു."





ദൈവത്തെ ആരാധിക്കേണ്ട ദൈവജനം മിസ്രയീമ്യരുടെ ദേവനായ കാളക്കുട്ടിയെ പൊന്നിൽ പണിതു ആരാധിക്കുന്നു! ദൈവകോപം അവരുടെമേലുണ്ടായി. തുടർന്നു മരുഭൂമിയിൽ ഏകദേശം മൂവായിരം പേർ വീണുപോയി (പുറ.32:28). അവർ ശിക്ഷിക്കപ്പെട്ടെങ്കിലും, പിൻതലമുറ പലപ്പോഴും ദൈവത്തിലുള്ള ആശ്രയം വിട്ട് വിഗ്രഹാരാധനയിലേക്കു വീണ്ടുമൊഴുകി പൊന്നും വെള്ളിയും കൊണ്ടുള്ള ഊമവിഗ്രഹങ്ങളുണ്ടാക്കി അവയെ നമസ്കരിക്കുകയും, ആരാധിക്കുകയും ചെയ്തു.

## മോശെയുടെ ആഹ്വാനം

ദൈവം യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും ഫറവോന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുത്തത് കനാൻ ദേശം അവർക്കു അവകാശമായി കൊടുക്കുവാനായിരുന്നു. കനാനിൽ പ്രവേശിക്കുന്നതിനു മുമ്പായി അവർ വിശുദ്ധീകരണവും വേർപാടും പാലിക്കേണ്ടതുണ്ട്. അബ്രഹാമിനെ ജാതികളുടെ ഇടയിൽ നിന്നു

വിളിച്ചു വേർതിരിച്ചതും, മിസ്രയീമിൽ നിന്നു യിസ്രായേലിനെ വീണ്ടെടുത്തതും അവർ ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ ആയിരിക്കുവനാണ്. അവരെ ദൈവത്തിന്റെ നിക്ഷേപമായി കരുതിയത് അവരിൽത്തന്നെ എന്തെങ്കിലും പ്രത്യേകത ഉള്ളതുകൊണ്ട് ആയിരുന്നില്ല. അവരുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചു ആവർത്തന പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

**ആവ.7:6,7** — *"നിന്റെ ദൈവമായ യഹോവെക്കു നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകലജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകലജാതികളേക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തതു; നിങ്ങൾ സകലജാതികളേക്കാളും കുറഞ്ഞവരല്ലോ ആയിരിക്കുന്നതു."*

ആവർത്തനപുസ്തകം ഏഴാം അദ്ധ്യായത്തിൽ അവർ വേർപാടു പാലിക്കുന്നതിനുള്ള നിയമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. കനാൻദേശത്തു പ്രവേശിച്ചു കഴിഞ്ഞാൽ ഏഴു മഹാജാതികളെ നിർമ്മൂലമാക്കിക്കളയണമെന്ന് യഹോവ അവരോടു കല്പിച്ചു. അവരോട് ഉടമ്പടി ചെയ്യുകയോ, കരുണ കാണിക്കുകയോ ചെയ്യരുത്. അവരെ നിശ്ശേഷം നശിപ്പിക്കേണ്ടതാണ് (ആവ.7:1,2). ദൈവം അവർക്കു യുദ്ധത്തിൽ വിജയം കൊടുത്തു മഹാജാതികളെ കീഴടക്കുമ്പോൾ അവർ പാലിക്കേണ്ട പ്രമാണം വ്യക്തമായി അവരോടു പറയുന്നു —

**ആവ.7:25,26** — *"അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടുകളയേണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ചു എടുത്തുകൊള്ളരുതു; അതു നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു. നീയും അതുപോലെ ശാപമായ്തീരാതിരിക്കേണ്ടതിന്നു അറെപ്പായുള്ളതു നിന്റെ വീട്ടിൽ കൊണ്ടുപോകരുതു; അതു നിനക്കു തീരെ അറെപ്പും വെറുപ്പുമായിരിക്കേണം; അതു ശാപഗ്രസ്തമല്ലോ."* യഹോവയായ ദൈവം





അവർക്കു വിജയം നല്കുമ്പോൾ ശത്രുക്കളായ ജാതികളുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടു കളയണം. വശീകരിക്കപ്പെടാതിരിപ്പാൻ വിഗ്രഹങ്ങളെ പൊതിഞ്ഞിട്ടുള്ള വെള്ളിയും പൊന്നും എടുക്കുവാൻ പാടില്ല. അവ നിശ്ശേഷം നശിപ്പിക്കപ്പെട്ടില്ലെങ്കിൽ യിസ്രായേൽ ജനം വിഗ്രഹാരാധനയിലേക്കു വശീകരിക്കപ്പെടും എന്നു ദൈവത്തിനു അറിയാം. ആരെങ്കിലും ഇതിനെതിരായി പ്രവർത്തിച്ചു കൈവശമാക്കിയാൽ അവരെ ദൈവം ശിക്ഷിക്കും. ഇപ്രകാരം ദൈവശിക്ഷ ഏറ്റു വാങ്ങിയ രണ്ടു സന്ദർഭങ്ങൾ തിരുവചനത്തിൽ കാണുന്നു. ബാബിലോന്യ മേലങ്കിയും, വെള്ളിയും, പൊന്നും കണ്ടു മോഹിച്ചു സ്വന്തമാക്കിയ ആഖാൻ പിടിക്കപ്പെടുക മാത്രമല്ല കല്ലെറിഞ്ഞു കൊല്ലപ്പെട്ടു തീയ്ക്കിരയായി (യോശു.7:20-26). യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗൽ ഇതേ കാരണത്താൽ പിടിക്കപ്പെടുകയും അവന്റെ കിരീടം നഷ്ടമാകുകയും ചെയ്തു (1.ശമൂ.15). പൊന്നും വെള്ളിയും പലപ്പോഴും വിഗ്രഹാരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു.

## ന്യായാധിപന്മാരുടെ കാലഘട്ടം

ദൈവത്തിന്റെ ജനമായ യിസ്രായേൽ ദൈവത്തെ വിട്ട് അന്യദേവന്മാരെ ആരാധിച്ചപ്പോൾ അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചതായും, അവർ ദൈവത്തിങ്കലേക്കു തിരിയുമ്പോൾ അവരെ സംരക്ഷിക്കുവാൻ ന്യായാധിപന്മാരെ കാലാകാലങ്ങളിൽ എഴുന്നേല്പിച്ചതായും ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്നു. ഇവരിൽ **"ദെബോരാ"** (ന്യായാ.4:4)എന്ന പ്രവാചകിയിലൂടെ ദൈവം അവർക്കു സ്വന്ധത നൽകിയെങ്കിലും തുടർന്നു ബാൽവിഗ്രഹങ്ങളെ സേവിച്ചാരാധിച്ച ദൈവജനത്തെ ശത്രുക്കളായ മിദ്യാന്യരുടെ കയ്യിൽ ദൈവം ഏല്പിച്ചു.

വീണ്ടും ജനത്തിന്റെ നിലവിളി കേട്ട ദൈവം അവരെ മിദ്യാന്യരിൽ നിന്നു രക്ഷിക്കുവാൻ എഴുന്നേൽപ്പിച്ച ന്യായാധിപനായിരുന്നു **"ഗിദെയോൻ"** (ന്യായാ.6). ദൈവശക്തിയിൽ ആശ്രയിച്ചു പോരാടിയ ഗിദെയോനിലൂടെ ദൈവം അവർക്കു ശത്രക്കളുടെ മേൽ

അത്ഭുതകരമായ വിജയം കൊടുത്തു. ഗിദെയോനെ രാജാവാക്കുവാൻ ശ്രമിച്ച ജനത്തോടു ഗിദെയോൻ പറഞ്ഞത്, *"ഞാൻ നിങ്ങൾക്കു രാജാവാകയില്ല; എന്റെ മകനും ആകയില്ല; യഹോവ യത്രേ നിങ്ങളുടെ രാജാവു."* (ന്യായാ.8:22,23). എന്നാൽ ഗിദെയോന്റെ തുടർന്നുള്ള പ്രവൃത്തി യിസ്രായേല്യർ വിഗ്രഹാരാധനയിലേക്കു തിരിയുവാൻ വഴിതെളിച്ചതു ശ്രദ്ധിക്കുക —

**ന്യായാ.8:24-27** — *"പിന്നെ ഗിദെയോൻ അവരോടു: ഞാൻ നിങ്ങളോടു ഒന്നു അപേക്ഷിക്കുന്നു; നിങ്ങൾ ഓരോരുത്തൻ കൊള്ളയിൽ കിട്ടിയ കടുക്കൻ എനിക്കു തരേണം എന്നു പറഞ്ഞു. അവർ യിശ്മായേല്യർ ആയിരുന്നതുകൊണ്ടു അവർക്കു പൊൻകടുക്കൻ ഉണ്ടായിരുന്നു. ഞങ്ങൾ സന്തോഷത്തോടെ തരാം എന്നു അവർ പറഞ്ഞു, ഒരു വസ്ത്രം വിരിച്ചു ഓരോരുത്തനു കൊള്ളയിൽ കിട്ടിയ കടുക്കൻ അതിൽ ഇട്ടു. അവൻ ചോദിച്ചു വാങ്ങിയ പൊൻകടുക്കന്റെ തൂക്കം ആയിരത്തെഴുനൂറു ശേക്കെൽ ആയിരുന്നു; ഇതല്ലാതെ ചന്ദ്രക്കലകളും കുണ്ഡലങ്ങളും മിദ്യാന്യരാജാക്കന്മാർ ധരിച്ചിരുന്ന രക്താംബരങ്ങളും, അവരുടെ ഒട്ടകങ്ങളുടെ കഴുത്തിലെ മാലകളും ഉണ്ടായിരുന്നു. ഗിദെയോൻ അതുകൊണ്ടു ഒരു ഏഫോദ് ഉണ്ടാക്കി തന്റെ പട്ടണമായ ഒഫ്രയിൽ പ്രതിഷ്ഠിച്ചു; യിസ്രായേലെല്ലാം അവിടേക്കു പരസംഗമായി അതിന്റെ അടുക്കൽ ചെന്നു; അതു ഗിദെയോന്നും അവന്റെ കുടുംബത്തിന്നും ഒരു കണിയായി തീർന്നു."* പരാക്രമശാലിയായ ഗിദെയോൻ ദൈവാശ്രയത്താൽ വൻവിജയം കൈവരിച്ചെങ്കിലും, തന്റെ നിഗളം ദൈവജനത്തെ വിഗ്രഹാരാധനയിൽ കൊണ്ടെത്തിച്ച ദുഃഖകരമായ കാര്യമാണിവിടെ കാണുന്നത്. യിശ്മായേല്യരുടെ പൊൻകടുക്കനും, ചന്ദ്രക്കലകളും, കുണ്ഡലങ്ങളും, മിദ്യാന്യരുടെ രക്താംബരങ്ങളും, ഒട്ടകങ്ങളുടെ മാലകളും വിഗ്രഹസേവയ്ക്കു കാരണമായി. കാലം ഏറെ പുരോഗമിച്ചെങ്കിലും ഇന്നത്തെ പുതിയ തലമുറയ്ക്കും ആവശ്യമായിട്ടുള്ളത് യിശ്മായേല്യരുടെയും, മിദ്യാന്യരുടെയും പൊൻകടുക്കനും, അവരുടെ ഒട്ടകങ്ങളെ അണിയിച്ചിരുന്ന മാലയുമാണ്. *"ഗിദെയോനും അവന്റെ കുടുംബത്തിനും ഒരു കണിയായി തീർന്നു"*





(ന്യായാ.8:27) എന്നു ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, വിശ്വാസികളും ഇതിൽ കണ്ണുവെച്ചാൽ വിഗ്രഹാരാധനയിലേക്കു നയിക്കപ്പെട്ട്, അവർക്കും അവരുടെ കുടുംബത്തിനും അവ ഒരു കണിയായിത്തീരുമെന്ന മുന്നറിയിപ്പു ഭയത്തോടെ ഓർത്തു ഇവയെ വിട്ടോടുക.

## രാജാക്കന്മാരുടെ കാലഘട്ടം

രാജാക്കന്മാരുടെ ഭരണകാലത്തും പൊന്നും വെള്ളിയുമുൾപ്പെട്ട ലോഹങ്ങൾകൊണ്ടു പ്രതിഷ്ഠകളുണ്ടാക്കി വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിച്ച അനേക രാജാക്കന്മാരുണ്ടായിരുന്നു. അവരെയൊക്കെ ദൈവം ശിക്ഷിക്കുകയും, രാജസ്ഥാനത്തു നിന്നു നീക്കുകയും ചെയ്തു. എന്നാൽ അന്യദേവന്മാരുടെ പൂജാഗിരികളും, പ്രതിഷ്ഠകളും നീക്കി വിഗ്രഹാരാധനയെ തുടച്ചു മാറ്റിയ രാജാക്കന്മാരെ ദൈവം അനുഗ്രഹിക്കുകയും, അവരെ മാനിച്ചുയർത്തുകയും ചെയ്തു. വിഗ്രഹങ്ങൾ നിർമ്മിച്ചു വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുകയും, വിഗ്രഹങ്ങളും പൂജാഗിരികളും നശിപ്പിക്കാതിരിക്കുകയും ചെയ്ത ചില രാജാക്കന്മാരെ നോക്കാം —

**യേഹു** — ബാലിന്റെ പുരോഹിതന്മാരെയും പ്രവാചകന്മാരെയും സംഹരിച്ച്, വിഗ്രഹാരാധന തടഞ്ഞു ദേശത്തിൽ വലിയ ശുദ്ധീകരണം നടത്തി. <u>എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല;</u> ജനം പൂജാഗിരികളിൽ യാഗം കഴിച്ചും ധൂപം കാട്ടിയും പോന്നു (2. രാജാ.10:18-28/2.രാജാ.12:3).

**ആസാ** — ദാവീദ് രാജാവിനെപ്പോലെ ദൈവഹിതപ്രകാരം ഭരണം നടത്തി, സകല വിഗ്രഹങ്ങളെയും തകർത്തു. ആസായുടെ ജീവകാലത്തിലൊക്കെയും അവന്റെ ഹൃദയം യഹോവയിങ്കൽ ഏകാഗ്രമായിരുന്നു <u>എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല</u> എന്നു കാണുന്നു (1.രാജാ.15:11-14).

**യൊരോബെയാം** --- യൊരോബെയാം രാജാവിന്റെ ഭരണകാലത്തു തന്റെ ജനം യാഗങ്ങൾ കഴിക്കാനും, പെരുന്നാളു

കൾ ആചരിക്കാനും യെരുശലേമിലേക്കു പോകാനിടയായാൽ തന്നോടുള്ള കൂറു നഷ്ടപ്പെടാൻ ഇടയാകുമെന്നു ഭയപ്പെട്ടു. ജനത്തിന്റെ യാത്ര തടയാനായി രാജാവു പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടികളെ ഉണ്ടാക്കി; നിങ്ങൾ യെരുശലേമിൽ പോയതു മതി; യിസ്രായാലേ, ഇതാ നിന്നെ മിസ്രയീംദേശത്തു നിന്നു കൊണ്ടു വന്ന നിന്റെ ദൈവം എന്നു അവരോടു പറഞ്ഞു. *ഈ സ്വർണ്ണക്കാളക്കുട്ടികളിൽ ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു* (1.രാജാ.12:27-29). ഇപ്രകാരം സ്വർണ്ണക്കാളക്കുട്ടിയെ പ്രതിഷ്ഠിച്ചു അതിനു ധൂപം കാട്ടിയതിനാൽ ജനം വിഗ്രഹാരാധനയിൽ ചെന്നെത്തി ദൈവകോപത്തിനിടയായി. വിഗ്രഹസേവയ്ക്കായി ജനത്തെ തള്ളിവിട്ടയൊരോബെയാമിന് ദൈവപുരുഷനിലൂടെ മുന്നറിയിപ്പു നൽകിയിട്ടും തന്റെ ദുർമ്മാർഗ്ഗം വിട്ടുതിരിയാതെ മുന്നോട്ടു സഞ്ചരിച്ചതിനാൽ യൊരോബെയാംഗൃഹത്തെ ഭൂമിയിൽ നിന്നു ഛേദിച്ചു മുടിച്ചു കളയത്തക്കവണ്ണം ഈ കാര്യം അവർക്കു പാപമായ്ത്തീർന്നു എന്നു ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (1.രാജാ.13:34).

വീണ്ടും ഈ സ്വർണ്ണക്കാളക്കുട്ടിയെക്കുറിച്ചുള്ള പരാമർശം ഹോശേയ പ്രവചനത്തിൽ വായിക്കുന്നു. ഹോശേ.10:5—*"ശമര്യാനിവാസികൾ ബേത്ത് - ആവെനിലെ കാളക്കുട്ടിയെക്കുറിച്ചു പേടിക്കുന്നു."* ദൈവജനമായ യിസ്രായേൽ ദൈവത്തെ വിട്ടു അന്യദേവന്മാരുടെ പുറകേ പോകുന്ന അവിശ്വസ്തതയെ ഹോശേയാപ്രവാചകൻ ശാസിക്കുന്നു. *"ബേത്ത് "* അഥവാ ബേഥേൽ ദൈവത്തിന്റെ ഭവനമാണ് (Bethel > Beth-el = House of God). എന്നാൽ അവരുടെ സ്വർണ്ണക്കാളക്കുട്ടി വഴിയായുള്ള വിഗ്രഹാരാധനയാൽ ദൈവഭവനമായ ബേഥേൽ *"ബേത്ത് - ആവെൻ"* അഥവാ ദുഷ്ടന്മാരുടെ (സാത്താന്റെ) ഭവനമായിത്തീർന്നു (Beth -Aven = House of wickedness). യൊരോബെയാം രാജാവ് രണ്ടു സ്വർണ്ണക്കാളക്കുട്ടികളെ ഉണ്ടാക്കി ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചതിന്റെ അനന്തരഫലമാണിത്. യെരൂശെലേമിൽ പോയി സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതിനു പകരമായാണ് ഇപ്രകാരം ചെയ്തത്.





**യഹോശാഫാത്ത്** — യെഹോശാഫാത്ത് തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ നടക്കയും ബാൽവിഗ്രഹങ്ങളെ ആശ്രയിക്കാതെ ദൈവത്തെ അന്വേഷിക്കയും യിസ്രായേലിന്റെ ആചാരപ്രകാരം നടക്കാതെ ദൈവത്തിന്റെ കല്പനകളെ അനുസരിച്ചുനടക്കുകയും ചെയ്തതു കൊണ്ടു യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു. അവന്റെ ഹൃദയം യഹോവയുടെ വഴികളിൽ ധൈര്യപ്പെട്ടിട്ടു അവൻ പൂജാഗിരികളെയും അശേരാപ്രതിഷ്ഠകളെയും യെഹൂദയിൽ നിന്നു നീക്കിക്കളഞ്ഞു (2.ദിന.17:3,4,6). വീണ്ടും യെഹോശാഫാത്ത് രാജാവിനെയും അവിടത്തെ ജനങ്ങളെയും കുറിച്ചു പറഞ്ഞിരിക്കുന്നത് —2.ദിന. 20:32-33 — *"അവൻ തന്റെ അപ്പനായ ആസയുടെ വഴിയിൽ നടന്നു അതു വിട്ടുമാറാതെ യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു. എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല; ജനം തങ്ങളുടെ ഹൃദയങ്ങളെ തങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തിങ്കലേക്കു തിരിച്ചതുമില്ല."*

> പൊന്നും വെള്ളിയും അശുദ്ധമോ, തൊട്ടുകൂടാത്തതോ അല്ല. വേദപുസ്തകം പരിശോധിച്ചാൽ ഇവ ദൈവീക കാര്യങ്ങൾക്ക്, ദൈവകല്പനപ്രകാരം ഉപയോഗിച്ചിട്ടുണ്ടെന്നു കാണാം (യോശു.6:19/ഹഗ്ഗാ.2:8). മരുഭൂമിയിൽ യിസ്രായേലിന്റെ മദ്ധ്യേ വസിക്കുവാൻ ആഗ്രഹിച്ചു മോശെയാൽ നിർമ്മിക്കപ്പെട്ട സമാഗമനകൂടാരത്തിലെ ഉപകരണങ്ങളിൽ പൊന്ന്, വെള്ളി, താമ്രം എന്നിവ കാണുന്നു (പുറ.25—40). എന്നാൽ മനുഷ്യർ ഇവ അന്യദേവന്മാരെ ഉണ്ടാക്കുവാനും അതുവഴി ഏകസത്യദൈവമായ ജീവനുള്ള യഹോവയെ ആരാധിക്കുന്നതിനു പകരം വിഗ്രഹങ്ങളുണ്ടാക്കി ആരാധിക്കുവാനുള്ള വസ്തുക്കളാക്കിത്തീർത്തു. യഹോവാഭക്തരായ രാജാക്കന്മാരുടെ ഭരണകാലത്തു പൊന്നും വെള്ളിയും കൊണ്ടുണ്ടാക്കിയ സകലവിഗ്രഹങ്ങളെയും നശിപ്പിച്ചതായി കാണുന്നു. രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ എന്നീ പുസ്തകങ്ങളിൽ ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്ന പ്രയോഗമാണ് — ***"എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല"*** എന്നത് (1.രാജാ.22:43/2.രാജാ.12:3/14:4/15:4/15:35/2.ദിന.15:17). "പൂജാഗിരി" എന്നാൽ പൂജ അർപ്പിക്കുന്ന സ്ഥലം

എന്നർത്ഥം. യിസ്രായേലിൽ അനേകം പൂജാഗിരികൾ (High Places) ഉണ്ടായിരുന്നു. ഇതിലെ അർപ്പണങ്ങൾ വഴി ദൈവജനത്തിന്റെ ഹൃദയങ്ങൾ യഹോവയിൽ നിന്നകന്നു പോകുവാൻ കാരണമായി. രാജാക്കന്മാർ വിഗ്രഹങ്ങൾ നശിപ്പിച്ചു "എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല" എന്നതു വ്യക്തമാക്കുന്നത്, പുറമേ വിഗ്രഹാരാധനയ്ക്കു മാറ്റം വന്നെങ്കിലും അവരുടെ ഹൃദയങ്ങളിൽ നിന്നു അന്യദേവന്മാരുടെ വിഗ്രഹപ്രതിഷ്ഠയും, അവയോടുള്ള സ്നേഹവും പരിപൂർണ്ണമായി മാറിപ്പോയില്ല എന്നതാണ്.

*കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവമക്കളായിത്തീർന്നവർ, — യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ — ജാതികളുടെ വിഗ്രഹങ്ങളായ പൊന്നും വെള്ളിയും ആഭരണമായി ധരിക്കുമ്പോൾ നമുക്കു ഓർമ്മവരുന്നത് — "എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല" എന്നതാണ്.*

> യൊരോബയാം രാജാവ് പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ബേഥേലിലും, ദാനിലും പ്രതിഷ്ഠിച്ചു (1.രാജാ.12:29), ജനത്തെ വിഗ്രഹസേവയിലേക്കു നയിച്ചതിനാൽ ദൈവത്തിന്റെ ഭവനമായ "ബേഥേൽ", ദുഷ്ടന്മാരുടെ (സാത്താന്റെ) ഭവനമായ *"ബേത്ത് - ആവെൻ"* (ഹോശേ.10:5) ആയിത്തീരുവാൻ കാരണമായി. ചുരുക്കത്തിൽ യെരൂശെലേമിൽ നടന്നിരുന്ന ദൈവീകാരാധനയും, ബേത്ത് - ആവെനിലെ വിഗ്രഹാരാധനയും ഒത്തുചേർന്നു പോയി.

വിശ്വാസിയുടെ ആഭരണധാരണം ദൈവത്തിന്റെ ഭവനമായ ശരീരത്തിൽ ദുഷ്ടൻ ചേക്കേറുവാനുള്ള വഴി തുറന്നു കൊടുക്കുന്നതിനു സഹായിക്കും. ചുരുക്കത്തിൽ *ദൈവത്തിന്റെ ഭവനമാകുന്ന വിശ്വാസിയുടെ ശരീരത്തിൽ സാത്താൻ വസിക്കുവാനിടയാകുന്നു.*





## പ്രവാസികളോട് യെശയ്യാപ്രവാചകൻ

ബാബേൽപ്രവാസത്തിലായിരുന്ന ദൈവജനമായ യിസ്രായേലിനെ ദൈവം തന്റെ വാഗ്ദത്തപ്രകാരം അവിടെ നിന്നും വിടുവിക്കുന്നു. യെശയ്യാപ്രവാചകനിലൂടെ ദൈവം ആഹ്വാനം ചെയ്യുന്നത് അവർ അവിടെനിന്നു വിട്ടുപോരുവാനാണ്. ബാബിലോണിൽ പ്രത്യാശയില്ലാത്തവരായി, പീഡിപ്പിക്കപ്പെട്ടു, ദൈവദർശനമില്ലാതെ, സകല ധൈര്യവും ചോർന്നുപോയ അവസ്ഥയിലാണ് ദൈവം അവരെ വിടുവിക്കുന്നത്. എന്നാൽ ബാബിലോണ്യൻ അടിമത്തത്തിൽ നിന്നു വിടുവിക്കപ്പെട്ട ദൈവജനതയ്ക്കു ബാബിലോൺ വിട്ടു വരുവാൻ മനസ്സില്ല. കാരണം അവരുടെ പ്രവാസകാലം ബാബിലോണിനോടു ഇണങ്ങി പൊരുത്തപ്പെട്ടു ജീവിച്ചതിനാൽത്തന്നേ. എന്നാൽ ദൈവം അവരോടു പറയുകയാണ് — *യെശ.52:11 — "വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെനിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുതു; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടു പോരുവിൻ; യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മലീകരിപ്പിൻ."*

(1) വിട്ടുപോരണം (2) അശുദ്ധമായതൊന്നും തൊടരത് (3) അതിന്റെ നടുവിൽ നിന്നു പുറപ്പെടണം അഥവാ വേർപെടണം (4) തങ്ങളെത്തന്നെ നിർമ്മലീകരിക്കണം (5) അവർ ഓർക്കേണ്ടത് — യഹോവയുടെ ഉപകരണം ചുമക്കുന്നവരാണ്. ബാബിലോണിൽ അവർ പ്രവാസികളാണ്. അവരുടെ ദേശം ബാബിലോണല്ല. ബാബിലോണിലെ സമ്പത്തും, വെള്ളിയും പൊന്നും അവരെ ദൈവത്തിൽ നിന്നകറ്റി വിഗ്രഹാരാധനയിൽ എത്തിക്കും. അവർ വിശുദ്ധനായ ദൈവത്തിന്റെ ഉപകരണങ്ങൾ ചുമക്കുന്നവരാണ്. ആയതിനാൽ അവർ തങ്ങളെത്തന്നെ നിർമ്മലീകരിക്കണം.

ഗേഹസി ഒരിക്കൽ ദൈവത്തിന്റെ ഉപകരണം ചുമക്കുന്നവനായിരുന്നു. എന്നാൽ അശുദ്ധമായത് തൊട്ടു കൈക്കലാക്കി. അതുമൂലം ശുശ്രൂഷയിൽ നിന്നു പുറത്താക്കപ്പെട്ടു (2.രാജാ.5:27). യിസ്രായേൽ മിസ്രയീമിലും, ബാബിലോണിലും എന്നപോലെ വിശ്വാ

സികളായ നാമും സാത്താന്റെയും ലോകത്തിന്റെയും ബന്ധനങ്ങളിലായിരുന്നു. എന്നാൽ ദൈവകരുണയാൽ വീണ്ടെടുക്കപ്പെട്ടവരെന്ന നിലയിൽ നാം ദൈവത്തിന്റെ മക്കളാണ്. ദൈവത്തിന്റെ ഉപകരണം വിവിധ നിലയിൽ ചുമക്കുന്നവർ, വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. യിസ്രായേൽ ബാബിലോൺ വിട്ടുപോരുമ്പോൾ അതിലെ അശുദ്ധവസ്തുക്കൾ കൈക്കലാക്കി തങ്ങളെത്തന്നെ അശുദ്ധരാക്കരുതെന്ന മുന്നറിയിപ്പു നമുക്കും ബാധകമാണ്. പൊന്നും വെള്ളിയും, മുത്തും, പളുങ്കും കൊണ്ടുള്ള സകലവിധ ആഭരണങ്ങളിലും കണ്ണു വെക്കുവാൻ പാടില്ല. അവ കൊണ്ടു ദൈവത്തിന്റെ മന്ദിരമായ ശരീരത്തെ അലങ്കരിക്കേണ്ടാ. ഒരുകാലത്ത് സാത്താന്റെയും ലോകത്തിന്റെയും ബന്ധനത്തിലായിരുന്ന നാമും നമ്മുടെ ഇക്കാലത്തെ പ്രവാസകാലം കരുതലോടെ മുന്നേറണം. നമ്മെത്തന്നെ നിർമ്മലീകരിച്ചു വിശുദ്ധിയിൽ ജീവിക്കണം.

നമ്മുടെ പ്രാണപ്രിയനായ കർത്താവു നമുക്കു വീടൊരുക്കുവാൻ പോയിരിക്കയാണ്. "ഇതാ ഞാൻ വേഗം വരുന്നു" എന്നു വാക്കു പറഞ്ഞ കർത്താവു താമസംവിനാ വാനമേഘങ്ങളിൽ പ്രത്യക്ഷനാകും. അപ്പോൾ നാം കർത്താവിനോടൊപ്പം നിത്യവാസത്തിനായി പോകും. സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കത്തെരുവീഥിയിലൂടെ നടക്കും. അന്നു പ്രീയനോടൊപ്പം ചവിട്ടി നടക്കാനുപയോഗിക്കുന്ന സ്വർണ്ണം ഇന്നു വിശ്വാസിയുടെ ആത്മീയശരീരത്തിൽ ധരിക്കണമോ? ശലോമോൻ ദൈവാലയപ്പണി പൂർത്തിയാക്കി ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചപ്പോൾ ദൈവം പ്രസാദിക്കുവാനിടയായി. ദൈവതേജസ്സ് അഥവാ ഷെക്കീനാ അവിടെ വാസം തുടങ്ങി. അതിനുശേഷം (1.രാജാ.8:1-9:9) ഫറവോനുമായി സഖ്യം കൂടുകയും, ദ്വീപുകളിലെ ദേവീദേവന്മാർക്കു പൂജാഗിരികൾ പണിയുകയും, അതിൽ ധൂപം കാട്ടുകയും, ബലികഴിക്കയും ചെയ്തു (1.രാജാ.11:1-11). ഹൃദയത്തിന്റെ ഏകാഗ്രത നഷ്ടപ്പെടുത്തിയ ശലോമോന്റെ ജീവാവസാനത്തിലുള്ള വഴി വിശ്വാസി ഒരിക്കലും അനുകരിച്ചു കൂടാ.





ഈ ലോകത്തോടു അനുരൂപരായി ജീവിക്കാൻ പാടില്ല എന്നാണ് കർത്താവു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. എന്നാൽ ഈ ലോകത്തോടു അനുരൂപപ്പെട്ടു ജീവിക്കുമ്പോൾ ലോകത്തിന്റെ സകല മോഹങ്ങളും വിശ്വാസിയിൽ കടന്നു കൂടുവാൻ ഇടയായിത്തീരുന്നു. യേശുക്രിസ്തുവുമായി സജീവ ബന്ധത്തിലായിരിക്കുമ്പോൾ പഴയ ജീവിതത്തിലുണ്ടായിരുന്ന മാമോനെയും, ഫറവോനെയും, മിസ്രയീമ്യസോദോമ്യ മാലിന്യങ്ങളെയും ഒക്കെ ദൂരെ അകറ്റി നിറുത്താം. പൊന്നിനോടും വെള്ളിയോടുമുള്ള സ്നേഹം ദ്രവ്യാഗ്രഹത്തിലേക്കും, വിഗ്രഹാരാധനയിലേക്കും കൊണ്ടെത്തിക്കും. ദൈവത്തേക്കാളുപരിയായി സ്നേഹിക്കുന്നതെന്തും വിഗ്രഹാരാധനയാണ്. വിശ്വാസി ഇതിൽ നിന്നൊക്കെ അകന്നിരിക്കുകയും, വിട്ടോടുകയും വേണം. — *"ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടു ഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, എന്നിവയെ പിന്തുടരുക*" (1.തിമൊ.6:10,11).

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു" (2.കൊരി.5:17). പഴയ പാപത്തിന്റെ വഴി തിരിഞ്ഞുനോക്കി ഓടുവാൻ പാടില്ല. നമ്മുടെ വിശ്വാസയാത്രയിൽ കർത്താവിനെ നോക്കി ഓടണം. കർത്താവു പറഞ്ഞു -- "കലപ്പെക്കു കൈ വെച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന്നു കൊള്ളാകുന്നവനല്ല" (ലൂക്കൊ.9:62). നമ്മുടെ ഈ ലോകത്തിലെ യാത്ര എപ്രകാരമായിരിക്കണം? — സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് (എബ്രാ.12:1), വിശ്വാസത്തിന്റെ നായകനായ യേശുവിനെ നോക്കി (എബ്രാ.12:2), കർത്താവായ യേശുവിനെ ധ്യാനിച്ച് (എബ്രാ.12:3), പിമ്പിലുള്ളത് മറന്ന് (ഫിലി.3:14), യൗവ്വന മോഹങ്ങൾ വിട്ട് (2.തിമോ.2:22), വിഗ്രാഹാരാധന വിട്ട് (1.കൊരി.10:14), ദുർന്നടപ്പ് വിട്ട് (1.കൊരി.6:18), നിശ്ചയത്തോടെ (1.കൊരി.9:26), വിരുതു പ്രാപിപ്പാൻ തക്കവണ്ണം (1.കൊരി.9:24) ഓടുക.

= = = = = = = = = = = = =

# 4

# ആഭരണവർജ്ജനം

# തിരുവചനവെളിച്ചത്തിൽ

ആഭരണധാരണത്തെപ്പറ്റി തിരുവചനവെളിച്ചത്തിൽ ചില വസ്തുതകൾ ചിന്തിക്കാം. ദൈവത്തെ ആരാധിക്കാനായി യാക്കോബ് തന്റെ കുടുംബത്തിൽ ശുദ്ധീകരണം നടത്തിയപ്പോൾ ആഭരണവും നീക്കം ചെയ്തതായി കാണുന്നു (ഉല്പ.35:1-5). ഇതിന്റെ പശ്ചാത്തലം ശരിക്കു മനസ്സിലാക്കുവാൻ യാക്കോബിന്റെ ജീവിതത്തിലേക്കു നോക്കുന്നതു സഹായകമാകും. ഏശാവിന്റെ സഹോദരനായ യാക്കോബിന്റെ ചരിത്രം ഉല്പത്തിപുസ്തകത്തിൽ കാണുന്നു. ഒരു പാത്രം പായസത്തിലൂടെ സൂത്രത്തിൽ ജ്യേഷ്ഠാവകാശം ഏശാവിൽ നിന്നും യാക്കോബ് തട്ടിയെടുത്തു. തന്റെ പിതാവായ യിസ്സ്ഹാക്കിനെ കബളിപ്പിച്ചു സകല അനുഗ്രഹങ്ങളും തട്ടിയെടുത്തു. തുടർന്ന് ബേർ-ശേബയിൽ നിന്നു ഹാരാനിലേക്കു ഓടുന്നു. യാത്രാമദ്ധ്യേ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു; അവിടെ രാപാർത്തു. യഥാർത്ഥത്തിൽ അവന്റെ ജീവിതത്തിന്റെ അന്ധകാരരാത്രി ആയിരുന്നു അത്. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം അവന്റെ അന്ധകാരജീവിതത്തിനു വെളിച്ചം നല്കുവാൻ തീരുമാനിച്ചു. അന്നു രാത്രി ബേഥേലിൽ വെച്ചു യാക്കോബ് യഹോവയായ ദൈവത്തോടു ചില ഉടമ്പടികൾ ചെയ്തു (ഉല്പ.28:10-22). എന്നാൽ വഞ്ചന കൈമുതലായുള്ള ലാബാനെ യാക്കോബ് 20 വർഷം സേവിച്ചു (ഉല്പ.31:41). അവിടെ നിന്നും ബേഥേലിലേക്കു മടങ്ങിപ്പോകുവാൻ ദൈവം അവനോടു കല്പിച്ചു (ഉല്പ.31:3,13).





ബേഥേലിലേക്കുള്ള മടങ്ങിവരവിൽ "യബ്ബോക്കു" നദീതീരത്തു വെച്ചു ദൈവം അവനോടു ഇടപെട്ടു (ഉല്പ.32:22-32). അവിടെ വെച്ചു അവന്റെ ജീവിതത്തിലെ അന്ധകാരം (ഉല്പ.28:11) നിശ്ശേഷം മാറി, സൗഭാഗ്യസൂര്യൻ ഉദിച്ചു (ഉല്പ.32:31). എന്നിട്ടും ദൈവീക അരുളപ്പാടനുസരിച്ചു ബേഥേലിൽ ചെന്നു പാർക്കുന്നതിനു പകരം ശെഖേമിന്റെ പടിവാതിൽക്കൽ പാർത്തു (ഉല്പ.33:18). തുടർന്നു യാക്കോബിന്റെ മക്കൾ "ശെഖേമിൽ" പ്രവേശിച്ചു. മകൾ ദുർമ്മാർഗ്ഗിയും പുത്രന്മാർ കൊലപാതകരുമായി മാറി (ഉല്പ.34).

ഈ വിഷമസ്ഥിതിയിൽ ദൈവം വീണ്ടും യാക്കോബിനു പ്രത്യക്ഷനായി ബേഥേലിൽ ചെന്നു പാർക്കാൻ ആജ്ഞാപിച്ചു. അപ്പോൾ യാക്കോബ് തന്റെ തെറ്റ് മനസ്സിലാക്കി ബേഥേലിലേക്കു പോകാൻ തീരുമാനിച്ചു. താൻ പാർക്കേണ്ട സ്ഥാനത്തു പാർക്കാതെ, ദൈവനിർദ്ദേശം കൂട്ടാക്കാഞ്ഞതാണു തന്റെ തോൽവിക്കു കാരണമെന്നു യാക്കോബിനു ബോദ്ധ്യമായി. പിന്നീട് യാക്കോബ്, തന്റെ കുടുംബത്തിൽ ശുദ്ധീകരണം ആവശ്യമാണന്നു മനസ്സിലാക്കി. ആ സാഹചര്യത്തിലാണ് ആഭരണം കൂടി നീക്കം ചെയ്യുന്നത്.

**ഉല്പ.35:1 -5** - *"അനന്തരം ദൈവം യാക്കോബിനോടു: നീ പുറപ്പെട്ടു ബേഥേലിൽ ചെന്നു പാർക്ക: നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽ നിന്നു നീ ഓടിപ്പോകുമ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിനു അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കല്പിച്ചു. അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ. നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്തു എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടു കൂടെയിരിക്കയും ചെയ്ത ദൈവത്തിന്നു ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു.* ***അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേ***

***മിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു.*** *പിന്നെ അവർ യാത്ര പുറപ്പെട്ടു; അവരുടെ ചുറ്റുമിരുന്ന പട്ടണങ്ങളുടെ മേൽ ദൈവത്തിന്റെ ഭീതി വീണതു കൊണ്ടു യാക്കോബിന്റെ പുത്രന്മാരെ ആരും പിന്തുടർന്നില്ല."*

യാക്കോബിന്റെ ഭാര്യമാർ തങ്ങളുടെ പക്കലുണ്ടായിരുന്ന വിഗ്രഹങ്ങൾ വെളിയിൽ കൊണ്ടു വന്നു. അവരുടെ മലിനവസ്ത്രങ്ങളെല്ലാം മാറ്റി. ഹാരാനിൽ നിന്നും, ശെഖേമിൽ നിന്നും ലഭിച്ചതും സമ്പാദിച്ചതുമായ വിഗ്രഹങ്ങളും, ആഭരണങ്ങളും തങ്ങളിൽ പറ്റിപ്പിടിച്ച മാലിന്യങ്ങളും അവിടെയുള്ള കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടു. ദൈവത്തെ വിശുദ്ധിയോടെ ആരാധിക്കുന്നതിനു മുമ്പായി തങ്ങളിലുള്ള ലൗകികമായതൊക്കെയും നീക്കി കുഴിച്ചിടേണം എന്നു അവർക്കു ബോദ്ധ്യപ്പെട്ടു. ദൈവസന്നിധിയിൽ — ബേഥേലിലേക്കു കടക്കും മുമ്പ് അവർക്കൊരു ശുദ്ധീകരണവും വേർപാടും അനിവാര്യമായിരുന്നു.

എന്നാൽ ഇന്ന്, "ദൈവജനം" എന്നവകാശപ്പെടുന്ന പലരും ഈ വചനങ്ങൾ തെറ്റായി വ്യാഖ്യാനിക്കുന്നു. യാക്കോബ് സ്വമേധയാ സകല മാലിന്യങ്ങളും കുഴിച്ചിട്ടതാണെന്നും അതൊന്നും ദൈവം പറഞ്ഞിട്ടല്ലെന്നും ഒരു കൂട്ടർ വ്യാഖ്യാനിക്കുന്നു. മറ്റൊരു കൂട്ടരാകട്ടെ അന്യദേവന്മാരെയും, കാതുകളിലെ കുണുക്കുകളെയും മാത്രമേ അവർ മാറ്റിയുള്ളുവെന്നും, മറ്റ് ആഭരണങ്ങൾ അവർ ധരിച്ചിരുന്നുവെന്നും സമർത്ഥിക്കുന്നു. കൂടാതെ കാതിലെ കുണുക്കുകൾ മാറ്റിയത്, അതിൽ അന്യദേവന്മാരുടെ രൂപങ്ങൾ കൊത്തുപണി ചെയ്തിരുന്നതിനാലാണെന്നും അവർ പറയുന്നു. ആയതിനാൽ വിശ്വാസികൾക്ക് ആഭരണങ്ങൾ ധരിക്കാമെന്നു ആധുനിക കൂടിവരവുകാരും ഉണർവ്വു പ്രസംഗകരും പഠിപ്പിക്കുന്നു. അയ്യോ കഷ്ടം!! ദൈവവചനത്തെ തെറ്റായി സ്വന്തബുദ്ധിയിൽ വ്യാഖ്യാനിക്കുന്ന ഇങ്ങനെയുള്ള കൂടിവരവുകളിലേക്കു ധാരാളമാളുകൾ കടന്നു ചെല്ലുന്നു; അതിലവർ അഭിമാനം കൊള്ളുന്നു. ദൈവജനമേ, നമുക്കു





ഉണരാം. "**നീക്കിക്കളവിൻ**" എന്നു ദൈവം കല്പിക്കുമ്പോൾ, നമ്മിലുള്ള ലോകമാലിന്യങ്ങൾ പൂർണ്ണമായി നീക്കിക്കളയാം. യാക്കോബിന്റെ പ്രവൃത്തി ദൈവം ആവശ്യപ്പെടാത്തതും സ്വമേധയാ ചെയ്തതാണെന്നും സമർത്ഥിച്ചു ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കുന്നവരുണ്ട്. അവർ സക്കായിയുടെ മാനസാന്തരത്തിന്റെ പ്രതികരണം ശ്രദ്ധിക്കുക. **ലൂക്കൊ.19:8** — *"കർത്താവേ, എന്റെ വസ്തു വകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു."* കർത്താവ് സഖായിയോടു ഒന്നും ആവശ്യപ്പെടുകയോ കല്പിക്കുകയോ ചെയ്തില്ല. രക്ഷയുടെ അനന്തരനടപടിയായി സക്കായിയിൽ വന്ന മാറ്റമാണവിടെ കാണുന്നത്. ശുദ്ധീകരണം എന്നു പറഞ്ഞാൽ ബാഹ്യവും ആന്തരികവുമായ സകലതും ഉൾപ്പെടുന്നു.

ആഭരണം ധരിക്കുവാൻ കല്പന ദൈവം നൽകിയിട്ടുണ്ടെന്നു പുറപ്പാടു പുസ്തകത്തിലെ ചില വാക്യങ്ങളെ ആധാരമാക്കി വിശ്വാസികൾക്കാഭരണം ധരിക്കാമെന്നു സാധൂകരിക്കുന്നവരുണ്ട്.

**പുറപ്പാട്.3:22** — *"ഓരോ സ്ത്രീ താന്താന്റെ അയൽക്കാരത്തിയോടും വീട്ടിൽ അതിഥിയായി പാർക്കുന്നവളോടും വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു വാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ധരിപ്പിക്കയും മിസ്രയിമ്യരെ കൊള്ളയിടുകയും വേണം."*

**പുറ.11:2** — *"ഓരോ പുരുഷൻ താന്താന്റെ അയൽക്കാരനോടും ഓരോ സ്ത്രീ താന്താന്റെ അയൽക്കാരത്തിയോടും വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും ചോദിപ്പാൻ നീ ജനത്തോടു പറക എന്നു കല്പിച്ചു."*

**പുറ.12:35,36** — *"യിസ്രായേൽ മക്കൾ മോശെയുടെ വചനം അനുസരിച്ചു മിസ്രയീമ്യരോടു വെള്ളിയാഭരണങ്ങളും, പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു. യഹോവ, മിസ്രയീമ്യർക്കു ജനത്തോടു കൃപ തോന്നിച്ചതു കൊണ്ടു അവർ ചോദിച്ചതൊ*

*ക്കെയും അവർ അവർക്കു കൊടുത്തു; അങ്ങനെ അവർ മിസ്രയീമ്യരെ കൊള്ളയിട്ടു."*

ഈ വാക്യങ്ങൾ ശ്രദ്ധയോടെ പരിശുദ്ധാത്മസഹായത്താൽ അതിന്റെ സാഹചര്യങ്ങളും ഉദ്ദേശ്യവും പരിശോധിച്ചാൽ വിശ്വാസികൾക്കിന്ന് ആഭരണം ധരിക്കാമെന്നു സാധൂകരിക്കുന്ന വാദം ശരിയല്ലെന്നു മനസ്സിലാക്കാം. അബ്രഹാമിന്റെ സന്തതികളായ യിസ്രായേൽജനത ദീർഘകാലം അടിമകളായി മിസ്രയീമിൽ പാർത്തു. മിസ്രയീമ്യർ യിസ്രായേൽ മക്കളെക്കൊണ്ടു കഠിനവേലകൾ ചെയ്യിച്ചു. അവരെ മൃഗങ്ങളെപ്പോലെ കണക്കാക്കി, അവരുടെ ജീവിതം അതീവ ദുഃഖവും, കഷ്ടതയും, ക്ളേശവുമുള്ളതാക്കി. ഫറവോന്റെ ഇഷ്ടികച്ചൂളയിൽ ഊഴിയവിചാരകന്മാരുടെ ചമ്മട്ടി പ്രഹരം ഏറ്റുള്ള അവരുടെ ദീനരോദനം കേട്ട ദൈവം (പുറ.3:7) തന്റെ പ്രിയജനത്തെ രക്ഷിപ്പാൻ തീരുമാനിച്ചു. അതിനായി ദൈവപുരുഷനായ മോശെയെ അവരുടെ അടുക്കലേക്കു അയച്ചു (പുറ.3:9,10). തുടർന്നു മോശെ ദൈവജനത്തിന്റെ വിടുതലിനും, അനുഗ്രഹത്തിനുമുള്ള ദൈവീകാരുളപ്പാടുകൾ അവരെ അറിയിച്ചു.

ഫറവോന്റെ അടിമത്തത്തിന്റെ ഉരുക്കുമുഷ്ടിയിൽ നിന്നും ദൈവം അവരെ മോചിപ്പിച്ചു പുറപ്പെടുവിക്കുമ്പോൾ അവർ ചെയ്യേണ്ട കാര്യമാണ് പുറ.3:22-ൽ കാണുന്നത്.—"*ഓരോ സ്ത്രീ താന്താന്റെ അയൽക്കാരത്തിയോടും വീട്ടിൽ അതിഥിയായി പാർക്കുന്നവളോടും വെള്ളിയാഭരണങ്ങളും, പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു വാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ധരിപ്പിക്കയും മിസ്രയീമ്യരെ കൊള്ളയിടുകയും വേണം.*" അതായത് അവർക്കു ലഭിക്കേണ്ട ന്യായമായ കൂലി പോലും മിസ്രയീമ്യർ അറിഞ്ഞു നൽകാതെ ദണ്ഡിപ്പിച്ചതിനാൽ ആ ഇനത്തിൽ വസ്ത്രങ്ങളും, പൊന്നും, വെള്ളിയും അവരോടു ചോദിച്ചു വാങ്ങണമെന്നായിരുന്നു കല്പന. അവരുടെ ചോരയും നീരും മിസ്രയിംമണ്ണിൽ വീണപ്പോൾ, മിസ്രയീമ്യർ അവരെ പിഴിഞ്ഞെടുത്തപ്പോൾ, നിഷേധിക്കപ്പെട്ട അവരുടെ ന്യായമായ കൂലി എന്ന അവകാശം അവർ





വാങ്ങുകയായിരുന്നു. ഇതു കബളിപ്പിക്കലോ, വഞ്ചനയോ ആയിരുന്നില്ല. മിസ്രയീമിൽ നിന്നു വെറും കയ്യായി കബളിക്കപ്പെട്ടവരായി പോകരുതെന്നു ദൈവം ആഗ്രഹിച്ചു. **സങ്കീ.105:37** — '*'അവൻ അവരെ വെള്ളിയോടും പൊന്നിനോടുംകൂടെ പുറപ്പെടുവിച്ചു "*

*" അപ്പോൾ അവൻ അബ്രഹാമിനോടു: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം* **അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടുപോരും"** (ഉല്പ.15:13,14) — എന്നു ദൈവം അബ്രഹാമിനോടു ചെയ്ത വാഗ്ദത്ത നിവൃത്തിയുമായിരുന്നു ഈ സംഭവം. നാനൂറു സംവത്സരം മിസ്രയീമിൽ ചോര നീരാക്കി അടിമപ്പണി ചെയ്തവർ വെറുങ്കയ്യായി, കബളിപ്പിക്കപ്പെട്ടവരായി പോകാതെ, അവരുടെ ന്യായമായ കൂലിയാണു ചോദിച്ചു വാങ്ങുവാൻ ദൈവം പറഞ്ഞത്. ഇവ ധരിക്കാതെ കൈവശം സൂക്ഷിച്ചു കൊണ്ടു പോയാൽ പോരായിരുന്നോ? ധരിക്കാൻ പറഞ്ഞിരിക്കുന്നതിനാൽ നമുക്കിന്നും ധരിക്കാൻ ദൈവം അനുവദിച്ചിരിക്കുന്നു എന്നു ആധുനികവ്യാഖ്യാതാക്കൾ പറയുന്നു. ദൈവം അരുളിച്ചെയ്യുന്ന ഏതു കാര്യങ്ങൾക്കും ഒരു ഉദ്ദേശ്യമുണ്ടെന്നു നാം മനസ്സിലാക്കണം. മിസ്രയീമിൽ നിന്നും ഓടിപ്പോകുമ്പോൾ ഫറവോന്റെ സൈന്യം അവരെ പിന്തുടർന്നാക്രമിക്കുവാൻ വരുന്ന സാഹചര്യത്തിൽ ആഭരണങ്ങൾ കൈവശം സൂക്ഷിച്ചുകൊണ്ടു ഓടിപ്പോകുകയെന്നത് വളരെ ക്ളേശകരമായ കാര്യമായതിനാലായിരിക്കാം ധരിക്കാൻ പറഞ്ഞതെന്നു കരുതാം. മറ്റൊന്ന്, മിസ്രയീമ്യരോടു ചോദിച്ചു വാങ്ങുന്ന ആഭരണങ്ങൾ അവർ കാൺകെ പൊതിയായി കെട്ടി സൂക്ഷിക്കുമ്പോൾ അവർക്കു സംശയം ഉണ്ടാകുവാനും, കൊടുക്കാതിരിക്കുവാനും സാദ്ധ്യതയുള്ളതിനാലുമാകാം. മിസ്രയീമ്യ പലായനത്തിൽ വഴിയിൽ വെച്ച് ഇവ നഷ്ടപ്പെടുത്താതെ, അവരുടെ വിയർപ്പിന്റെ വിലയായ ഈ ആഭരണങ്ങൾ ഉപയോഗിച്ച് ദൈവത്തിന്റെ ആലയം (സമാഗമനകൂടാരം)

പണിയുവാൻ അവരുടെ സ്വമേധയാ ദാനമായി ദൈവം സ്വീകരിക്കുവാനായിരുന്നുവെന്നു മനസ്സിലാക്കാം (പുറ.25:1,2/35:21,22/ സംഖ്യാ.31:50-54). ദൈവം തന്റെ മക്കളെ അത്ഭുതകരമായി പോഷിപ്പിക്കുവാനും വഴിനടത്തുവാനും കഴിവുള്ളവനാണ്. അതോടൊപ്പം അവരുടേതായ ദാനങ്ങളെയും ദൈവം വിലമതിക്കുന്നു.

ആഭരണം ധരിക്കരുതെന്നു ദൈവം യിസ്രായേലിനോടു കല്പിക്കുന്നതായും, അവർ അതനുസരിക്കുന്നതായും പുറപ്പാടു. 33:3 മുതൽ 6 - വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കടിഞ്ഞൂൽ സംഹാരത്തിലൂടെ ഫറവോന്റെ പിടിയിൽ നിന്നു വിടുതൽ ലഭിച്ച ദൈവജനം, മിസ്രയീമ്യരിൽ നിന്നു ചോദിച്ചു വാങ്ങിയ സമ്പത്തുമായി പുറപ്പെടുന്നു. ബലമുള്ള കൈ കൊണ്ടു ദൈവം അവരെ പുറപ്പെടുവിച്ചു. ദൈവജനമായ യിസ്രായേൽമക്കളെ ആക്രമിച്ചു കൊള്ളയിടുവാനും, കൊല ചെയ്യുവാനും പിൻതുടർന്ന മിസ്രയീമ്യസൈന്യത്തെ മുഴുവൻ ദൈവം ചെങ്കടലിൽ മുക്കിക്കൊന്നു. എന്നാൽ യിസ്രായേൽ ജനത്തെ ദൈവം അത്ഭുതകരമായി രക്ഷിച്ചു വഴിനടത്തി. തുടർന്നു മരുഭൂമിയിൽ വെച്ചു അവർ ദൈവത്തോടു പിറുപിറുത്തു മത്സരിച്ചു. യിസ്രായേൽ മക്കൾ മിസ്രയീമിൽ നിന്നും കൊണ്ടു പോയ ആഭരണങ്ങൾ ഉപയോഗിച്ച് ഹോരേബ് പർവ്വതത്തിന്റെ താഴ്വരയിൽ ഒരു കാളക്കുട്ടിയെ ഉണ്ടാക്കി ദൈവമായി ആരാധിച്ചു, ജീവനുള്ള സത്യദൈവത്തെ കോപിപ്പിച്ചു. ദൈവം ഇവരെ ശിക്ഷിക്കുവാൻ തുടങ്ങിയപ്പോൾ ദൈവപുരുഷനായ മോശെ ഇവരുടെ രക്ഷെക്കായി ദൈവസന്നിധിയിൽ വീണ് അവർക്കായി വാദിച്ചു (പുറ.32:31,32).

മോശെയുടെ പ്രാർത്ഥന കേട്ട ദൈവം നൽകുന്ന കല്പനകൾ ശ്രദ്ധിക്കുക — **പുറ.33:3-6** —*"വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ദോഷകരമായ* ***ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല****. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും;* ***അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക*** *എന്നിങ്ങനെ യിസ്രായേൽ മക്കളോടു പറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു.* ***അങ്ങനെ ഹോരേബ്പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."***





ഹോരേബ്പർവ്വതത്തിൽ വെച്ചുണ്ടായ ആഭരണവർജ്ജനം അവരുടെ മാനസാന്തരത്തിന്റെയും വേർപാടിന്റെയും പ്രഖ്യാപനമായിരുന്നു. ഈ ആഭരണവർജ്ജനം കേവലം താൽക്കാലികമായിരുന്നുവെന്നു ചിലർ വ്യാഖ്യാനിക്കുന്നു. എന്നാൽ തിരുവചനത്തിൽ ഇതിനു ഉപോദ്ബലകമായി വാക്യങ്ങളൊന്നും ഇതിനുശേഷം കാണുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

> യാക്കോബ് ദൈവസന്നിധിയിൽ പ്രസാദകരമായ ഒരു ആരാധന കരേറ്റുവാൻ തീരുമാനിച്ചപ്പോൾ, ശുദ്ധീകരണമാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടു സ്വർണ്ണാഭരണങ്ങൾ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു (ഉല്പ.35:2-4).

> യിസ്രായേൽ മക്കളെ കൊള്ളയടിച്ച മിസ്രയീമ്യരിൽ നിന്നും തങ്ങൾക്കു ലഭിക്കേണ്ട ന്യായമായ കൂലിയായി ചോദിച്ചു വാങ്ങിയ സ്വർണ്ണാഭരണങ്ങൾ (പുറ.3:22), ദൈവത്തെ കോപിപ്പിക്കുന്ന വിഗ്രഹാരധനയിലേക്കു തിരിഞ്ഞപ്പോൾ (പുറ.32) ദൈവം പറയുന്നു — വഴിയിൽ വെച്ചു നശിക്കാതിരിക്കേണ്ടതിന്നു.......**നീ നിന്റെ ആഭരണം നീക്കിക്കളക** (പുറ.33:3-6).

> മിസ്രയീമിൽ വെച്ചു ധരിച്ചുകൊൾക എന്നരുളിച്ചെയ്ത ദൈവം, ഹോരേബിൽ വച്ചു പറയുന്നു : "നിന്റെ ആഭരണം നീക്കിക്കളക" എന്ന്. ദൈവത്തിനു എല്ലാറ്റിനുമൊരു ഉദ്ദേശമുണ്ട്. ദൈവം പറയുന്നത് മറു ചോദ്യം ചോദിക്കാതെ അതേപടി അനുസരിക്കുകയെന്നതാണ് വിശ്വാസിയുടെ ഉത്തരവാദിത്തം. "നിന്റെ ആഭരണം നീക്കിക്കളക" എന്ന കല്പനയ്ക്കുശേഷം ധരിക്കാൻ അനുവാദം നല്കുന്ന വാക്യങ്ങളൊന്നും തിരുവചനത്തിൽ ഇല്ല.

## വിശ്വാസി ആഭരണം സ്വമനസ്സാലെ വർജ്ജിക്കേണ്ടതാണ് —

രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടേണ്ട ആവശ്യമില്ല, കാരണം ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ലല്ലോ? എന്നു പറയുന്ന — പഠിപ്പിക്കുന്ന — ഉപദേശങ്ങളുടെ മദ്ധ്യേ വസിക്കുന്ന നമുക്ക്, അതു കേൾക്കുമ്പോൾ അതിനോടു യോജിക്കുവാൻ കഴിയുകയില്ലല്ലോ? ക്രൂശിലെ കള്ളനെ ഉദാഹരിച്ചുകൊണ്ട് രക്ഷിക്കപ്പെട്ടവർ, സ്നാനപ്പെടേണ്ടായെന്നു പറയുന്നുവെങ്കിൽ കള്ളൻ വചനം പഠിച്ചില്ലല്ലോ ആയതിനാൽ നമുക്കും വചനം പഠിക്കേണ്ട, കള്ളൻ കർത്തൃമേശ ആചരിച്ചില്ലല്ലോ ആയതിനാൽ നമുക്കും അതിന്റെ ആവശ്യമില്ല എന്നും പറയാനിടയാകും. ദൈവവചനം കോട്ടിമാട്ടി, ആഭരണധാരണം വിശ്വാസികൾക്കും ആകാമെന്നുള്ള വ്യാഖ്യാനങ്ങളിൽ നിന്നു നമുക്ക് ഒഴിഞ്ഞിരിക്കാം. രക്ഷിക്കപ്പെട്ട ദൈവപൈതൽ ആഭരണം സ്വമനസ്സാലെ വർജ്ജിക്കേണ്ടതാണ്; നിർബന്ധിച്ചു ചെയ്യിക്കേണ്ട വിഷയമല്ല. ഇത് ലോകത്തിൽ നിന്നും വിശ്വാസി വേർപെടുന്നതിന്റെ ഒരു സാക്ഷ്യപ്രദർശനമാണ്. സക്കായിക്കു മാനസാന്തരമുണ്ടായപ്പോൾ അവനിൽ വന്ന മാറ്റം ഒരു പുതുസൃഷ്ടിയുടെ അനുഭവമായിരുന്നു. കർത്താവു ആവശ്യപ്പെടാതെ തന്നെ, തന്നിലുള്ള ലോകമയത്വവും ദ്രവ്യാഗ്രഹവും ഉപേക്ഷിച്ചു (ലൂക്കൊസ്.19:8). രക്ഷിക്കപ്പെട്ട ദൈവപൈതൽ സ്നാനവേളയിൽ തന്റെ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുകയാണ് (കൊലൊ.3:9,10/ഗലാ.3:27). അതായത്, തന്നെ രക്ഷിച്ച വീണ്ടെടുപ്പുകാരനായ ക്രിസ്തുവിനെ ധരിക്കുകയാണ്. സ്നാനപ്പെട്ട ദൈവപൈതൽ ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ പ്രാപ്തനായിത്തീരുന്നു (റോമ.6:4,5). തുടർന്നുള്ള വിശ്വാസജീവിതത്തിൽ യേശുക്രിസ്തുവിന്റെ ദിവ്യസൗന്ദര്യം തന്നിൽ പകരപ്പെടുവാനാണാഗ്രഹിക്കുന്നത്.





യേശുക്രിസ്തുവിലൂടെ ആത്മീയതേജസ്സും സൗന്ദര്യവും ലഭിച്ച വിശ്വാസി ഇനി പൊന്നും വെള്ളിയും കൊണ്ടു കൃത്രിമസൗന്ദര്യം വരുത്തേണ്ടയാവശ്യമില്ല. വിശ്വാസി, പൊന്നിലും വെള്ളിയിലും നിന്നു തന്റെ നോട്ടം പിൻവലിച്ച്, ആയിരങ്ങളിൽ സുന്ദരനും വന്ദിതനും ആരിലും ഉന്നതനുമായ യേശുക്രിസ്തുവിങ്കലേക്കു നോക്കുമ്പോൾ മാത്രമേ, കർത്താവിന്റെ ശ്രേഷ്ഠദാസനായിരുന്ന വി. നാഗലിന്റെ ഗാനം ഹൃദയാന്തർഭാഗത്തു നിന്നു പാടുവാൻ കഴിയൂ.

*"യേശുവേ നിന്റെ രൂപമീയെന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം!*
*ശിഷ്യനാകുന്ന എന്നെയും നിന്നെപ്പോലെയാക്കണം മുഴുവൻ*
*മനുഷ്യരിലും ദൂതന്മാരിലും അതിസുന്ദരനായോനെ!*
*അനുദിനം നിൻ ദിവ്യസൗന്ദര്യം എന്നാമോദമാക്കേണമേ."*

വീണ്ടെടുപ്പുകാരനും പരിശുദ്ധനുമായ യേശുക്രിസ്തുവിന്റെ *ദിവ്യസൗന്ദര്യം, സ്നേഹം, കരുണ, താഴ്മ, ദീർഘക്ഷമ, അനുസരണം, ഉപദേശം, പ്രാർത്ഥന, പരമാർത്ഥത, ദൈവാശ്രയം* എന്നിവ ജീവിതത്തിലേക്കു പകർത്തുന്ന വിശ്വാസി മിസ്രയീമിലെ നിക്ഷേപങ്ങളും, ജാതികളുടെ വിഗ്രഹങ്ങളായ പൊന്നും വെള്ളിയും (സങ്കീ.135:15) കൊണ്ടു ആത്മീയമനുഷ്യനെ അലങ്കരിക്കുകയില്ല.

## ആഭരണത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്ന ദൈവവചനങ്ങൾ

**ഉല്പ.35:4** — *"അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു."*

**പുറ.33:5,6** — *''........ അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോടുപറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു. അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."*

**ആവ.7:25,26** — *"അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടുകളയേണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ചു എടുത്തുകൊള്ളരുതു; അതു നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു. നീയും അതുപോലെ ശാപമായ്തീരാതിരിക്കേണ്ടതിന്നു അറെപ്പായുള്ളതു നിന്റെ വീട്ടിൽ കൊണ്ടുപോകരുതു; അതു നിനക്കു തീരെ അറെപ്പും വെറുപ്പുമായിരിക്കേണം; അതു ശാപഗ്രസ്തമല്ലോ."*

**ഇയ്യോ.22:24,25**— *"നിന്റെ പൊന്നു പൊടിയിലും ഒഫീർതങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക. അപ്പോൾ സർവ്വശക്തൻ നിന്റെ പൊന്നും നിനക്കു വെള്ളിവാളവും ആയിരിക്കും."*

**സങ്കീ.135:15** — *"ജാതികളുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും മനുഷ്യരുടെ കൈവേലയും ആകുന്നു."*

**സദൃശ.8:17-21** —*"എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും. എന്റെ പക്കൽ ധനവും മാനവും പുരാതനസമ്പത്തും നീതിയും ഉണ്ടു. എന്റെ ഫലം പൊന്നിലും തങ്കത്തിലും എന്റെ ആദായം മേത്തരമായ വെള്ളിയിലും നല്ലതു. എന്നെ സ്നേഹിക്കുന്നവർക്കു വസ്തുവക അവകാശമായി കൊടുക്കയും അവരുടെ ഭണ്ഡാരങ്ങളെ നിറെക്കയും ചെയ്യേണ്ടതിന്നു ഞാൻ നീതിയുടെ മാർഗ്ഗത്തിലും ന്യായത്തിന്റെ പാതകളിലും നടക്കുന്നു."*

**സദൃശ.20:15** — *"പൊന്നും അനവധി മുത്തുകളും ഉണ്ടല്ലോ; പരിജ്ഞാനമുള്ള അധരങ്ങളോ വിലയേറിയ ആഭരണം."*

**യെശ. 3:16-23** — *"യഹോവ പിന്നെയും അരുളിച്ചെയ്തതെന്തെന്നാൽ: സീയോൻ പുത്രിമാർ നിഗളിച്ചു കഴുത്തു നീട്ടിയും എറികണ്ണിട്ടുംകൊണ്ടു സഞ്ചരിക്കയും തത്തിത്തത്തി നടക്കയും കാൽകൊണ്ടു ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു. ഇതു നിമിത്തം യഹോവ സീയോൻ പുത്രിമാരുടെ നെറുകെക്കു ചൊറി പിടിപ്പിക്കും; ................................ അന്നു കർത്താവു അവരുടെ കാൽ ചിലമ്പുകളുടെ അലങ്കാരം, അവരുടെ നെറ്റിപ്പട്ടം, ചന്ദ്രക്കല, കാതില, കടകം, കവണി, തലപ്പാവു, കാൽത്തള, പട്ടുകച്ച, പരിമളപ്പെട്ടി, തകിട്ടുകൂടു, മോതിരം, മൂക്കുത്തി, ഉത്സവവസ്ത്രം, മേലാട, ശാൽവാ, ചെറുസഞ്ചി, ദർപ്പണം, ക്ഷോമപടം, കല്ലാവു, മൂടുപടം, എന്നിവ നീക്കിക്കളയും."*





**യിരെ.4:30** — *"നീ രക്താംബരം ധരിച്ചാലും പൊന്നാഭരണം അണിഞ്ഞാലും നിന്റെ കണ്ണിൽ മഷി എഴുതിയാലും വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു."*

**യെഹെ.7:19,20** — *"അവർ നിങ്ങളുടെ വെള്ളി വീഥികളിൽ എറിഞ്ഞുകളയും; പൊന്നു അവർക്കു മലമായി തോന്നും; അവരുടെ വെള്ളിക്കും പൊന്നിന്നും യഹോവയുടെ കോപദിവസത്തിൽ അവരെ വിടുവിപ്പാൻ കഴികയില്ല. അതിനാൽ അവരുടെ വിശപ്പടങ്ങുകയില്ല, അവരുടെ വയറു നിറയുകയും ഇല്ല; അതു അവർക്കു അകൃത്യഹേതു ആയിരുന്നുവല്ലോ. അതുകൊണ്ടു ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു; അതുകൊണ്ടു അവർ തങ്ങൾക്കു മ്ളേച്ഛ വിഗ്രഹങ്ങളെയും മലിനബിംബങ്ങളെയും ഉണ്ടാക്കി; ആകയാൽ ഞാൻ അതു അവർക്കു മലമാക്കിയിരിക്കുന്നു."*

**ഹോശേയ.2:13** — *"അവൾ ബാൽ വിഗ്രഹങ്ങൾക്കു ധൂപം കാണിച്ചു കുണുക്കും ആഭരണങ്ങളും കൊണ്ടു തന്നെ അലങ്കരിച്ചു തന്റെ ജാരന്മാരെ പിന്തുടർന്നു എന്നെ മറന്നു കളഞ്ഞ നാളുകളെ ഞാൻ അവളോടു സന്ദർശിക്കും എന്നു യഹോവയുടെ അരുളപ്പാടു."*

**സെഫ .1:18** — *"യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിന്നും അവരെ രക്ഷിപ്പാൻ കഴികയില്ല."*

**അപ്പൊ.3:6** — *"വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു......."*

**1.തിമൊ.2:9,10** — *"അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വില യേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു."*

**യാക്കോബ്.5:3**— *"നിങ്ങളുടെ പൊന്നും വെള്ളിയും കറപി ടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും. അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിക്കുന്നു."*

**1.പത്രൊസ്.1:18,19**— *"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊ ണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാ ടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നു വല്ലോ."*

**1.പത്രൊസ്.3:3,4**— *"നിങ്ങളുടെ അലങ്കാരം തലമുടി പിന്നു ന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെയുള്ള പുറമേയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയി രിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു."*

മേലുദ്ധരിച്ചിരിക്കുന്ന ദൈവവചനങ്ങളിലൂടെ നമുക്കു മന സ്സിലാക്കാവുന്ന വസ്തുത എന്തെന്നാൽ വിശ്വാസികൾ ആഭരണം വർജ്ജിക്കുക തന്നെ വേണം. '*'നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ഹോരേബ് പർവ്വതത്തിലെ ദൈവകല്പനയ്ക്കു ശേഷം ആഭരണം ധരിക്കാമെന്നു പറയുന്ന ഒരു വാക്യംപോലും തിരുവചനത്തിലില്ല.*





വിശ്വാസികൾ ലോകത്തിൽ നിന്നു വേർപെട്ടവരാണ്, അവർ ബാഹ്യമായി അലങ്കരിക്കപ്പെടേണ്ടവരല്ല, മറിച്ച് അവർ ആന്തരിക മായി അലങ്കരിക്കപ്പെടേണ്ടവരാണ്. അവരുടെ ചിന്തയും കാഴ്ചപ്പാ ടുമൊക്കെ ദൈവത്തിലും ദൈവിക കാര്യങ്ങളിലുമായിരിക്കണം. വിശ്വാസജീവതത്തിലെ വേർപാട് ജീവിതത്തിൽ പ്രാവർത്തികമാ ക്കുമ്പോൾ ലോകത്തിലുള്ള സകലതിനെയും വിവേചിച്ചു ആത്മീ യമായി ജീവിക്കുവാൻ ഉയരത്തിൽ നിന്നു കൃപ ലഭിക്കും. യഥാർത്ഥ വേർപാട് പരപ്രേരണകൂടാതെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു ഉത്ഭവിക്കുന്നതാണ്. ആയതിനാൽ ആഭരണവർജ്ജനവും ഒരു പുതുവിശ്വാസിയുടെ വേർപാടിന്റെ പടിയിലേക്കുള്ള ആദ്യകാൽവെ യ്പിലുള്ള ശുദ്ധീകരണമാണ്. ആഭരണവർജ്ജനം അവർ വേർപെട്ട വരാണെന്നതിന്റെ പ്രത്യക്ഷ അടയാളവുമായിരിക്കുന്നു. നമ്മെ രക്ഷി ക്കാൻ കഴിയാത്ത വെള്ളിയിലും പൊന്നിലും വിശ്വാസി ആശ്രയം വെക്കേണ്ട. ഒരിക്കൽ പുതുമനുഷ്യനെ ധരിച്ച വിശ്വാസി ഇനി കർത്താ വായ യേശുക്രിസ്തുവിനെ തന്നെ ധരിക്കണം (എഫെ.4:24/ റോമ.13:14).

= = = = = = = = = = = = = = = =

# 5

# ആഭരണധാരണം തിരുവചനം അനുവദിക്കുന്നു എന്നു തോന്നിപ്പോകാവുന്ന ചില വേദഭാഗങ്ങളും അവയ്ക്കുള്ള വിശദീകരണവും

ആഭരണങ്ങൾ വേർപെട്ട വിശ്വാസിക്കും ധരിക്കാം, അതിൽ ദൈവവചനപ്രകാരം യാതൊരു തെറ്റുമില്ല എന്നുള്ളതാണല്ലോ ഇക്കാലത്തെ ഭൂരിപക്ഷാഭിപ്രായം. അതിനെ അരക്കിട്ടുറപ്പിക്കുവാൻ പൊന്നിന്റെ ശ്രേഷ്ഠതയെക്കുറിച്ചു നീണ്ട പ്രബന്ധങ്ങൾ തന്നെ തയ്യാറാക്കുന്നു. അതിനായി തിരുവചനത്തിൽ പൊന്നിന്റെ ശ്രേഷ്ഠതയെക്കുറിച്ചുള്ള വാക്യങ്ങൾ അവർ അടർത്തിയെടുത്തു സമർത്ഥിക്കുന്നു. പ്രസ്തുത പട്ടിക ഇപ്രകാരം നീളുന്നു —

> ദൂതസൃഷ്ടിയിലും മനുഷ്യസൃഷ്ടിയിലും ദൈവം പൊന്നു ഒരു അവിഭാജ്യഘടകമായി എടുത്തു.

> ഏദെൻതോട്ടത്തിലെ ഒന്നാമത്തെ നദിയായ പീശോൻ ഒഴുകുന്ന ഹവീലാദേശമൊക്കെയും മേല്ത്തരമായ പൊന്നു കാണുന്നു (ഉല്പ.2:11,12).

> അബ്രഹാം പൊന്നിൽ ബഹുസമ്പന്നനായിരുന്നു.

> പൊന്ന് ദൈവാനുഗ്രഹം എന്ന നിലയിൽ അബ്രാഹാമിനെ അനുഗ്രഹിച്ചതായി എല്യേസർ സാക്ഷിക്കുന്നു (ഉല്പ.24:35).





> പാപം വെറുത്തു ഓടിയ യോസേഫ് ഫറവോൻ അണിയിച്ച മുദ്രമോതിരവും സ്വർണ്ണസരപ്പളി മാലയും അണിഞ്ഞു (ഉല്പ.41:42).

> പൊന്നു സമ്പാദിക്കുന്നത് തിരുവെഴുത്തു വിലക്കിയിട്ടില്ല (പുറ.3:22 /11:2,3 /12:35,36).

> ജനത്തിൽ നിന്നു വഴിപാടായി പൊന്നു ദൈവം ചോദിച്ചു (പുറ.25:3-8/സംഖ്യാ.7:14,20).

> ദൈവാലയത്തിലെയും വിശേഷാൽ സമാഗമനകൂടാരത്തിലെ നിർമ്മാണത്തിലും പൊന്നുപയോഗിക്കുവാൻ ദൈവം ആവശ്യപ്പെട്ടു (പുറ.25).

> മഹാപുരോഹിതനായ അഹരോൻ അലങ്കാര വസ്ത്രത്തിലും, ഏഫോദ്, വട്ടക്കണ്ണി, പട്ടം എന്നുവേണ്ടാ ആകെ പൊന്നാഭരണ വിഭൂഷിതനായിരുന്നു.

> യഹോവയുടെ പെട്ടകം എക്രോനിൽ നിന്നു ബേത്ത്-ശേമെയിലേക്കു അയക്കുമ്പോൾ പൊന്നുകൊണ്ടു അഞ്ചു മൂലക്കുരുവും പൊന്നു കൊണ്ടു അഞ്ച് എലിയും പ്രായശ്ചിത്തമായി അയച്ചു (1.ശമൂ.6:1-16).

> ശലോമോന് ശേബാരാജ്ഞി പൊന്നും അനവധി രത്നങ്ങളും നല്കി (1.രാജാ.10:10).

> ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തന്റെ അരക്കച്ചയും മറക്കുമോ (യിരെ.2:32).

> ദാനീയേലിന്റെ കഴുത്തിൽ പൊന്മാല ധരിപ്പിച്ചു (ദാനീ.5:29). രാജകീയഭോജനംപോലും ഉപേക്ഷിച്ച ദാനീയേൽ പൊന്നാഭരണം വർജ്ജിച്ചില്ല!

> വെള്ളി എനിക്കുള്ളത്, പൊന്നും എനിക്കുള്ളതെന്നു ദൈവം പറഞ്ഞു (ഹഗ്ഗാ.2:8).

> വെള്ളിയും പൊന്നും വാങ്ങി കിരീടമുണ്ടാക്കി മഹാപുരോഹിതനായ യോശുവയുടെ തലയിൽ വെച്ചു (സെഖ.6:11).

> രാജാവിന്റെ വലത്തുഭാഗത്ത് രാജ്ഞി ഓഫീർതങ്കം അണിഞ്ഞു നില്ക്കുന്നു (സങ്കീ.45:9).

> യേശുവിന്റെ ജനനത്തിൽ വിദ്വാന്മാർ പൊന്നു കാഴ്ച വച്ചു (മത്താ.2:11).

> ദുർന്നടപ്പുകാരനായി ജീവിച്ചശേഷം തിരികെ വന്ന പുത്രന്റെ കൈക്കു മോതിരം ഇടുവാൻ പിതാവു കല്പിക്കുന്നു (ലൂക്കൊ.15:22).

> കർത്താവിന്റെ മാറത്തു പൊൻകച്ച (വെളി.1:13).

> തീയിൽ ഊതിക്കഴിച്ച പൊന്നു വിലയ്ക്കു വാങ്ങുവാൻ ലവൊദിക്ക്യ സഭയോടു പറഞ്ഞു (വെളി.3:18).

> സ്വർഗ്ഗസിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരുടെ തലയിൽ പൊൻകിരീടം (വെളി.4:4).

തിരുവചനത്തിലെ അനേക ഭാഗങ്ങളിലും പൊന്നിനെക്കുറിച്ചുള്ള പരാമർശം കാണുന്നത് പൊന്നിന്റെ ശ്രേഷ്ഠതയെക്കുറിച്ചു പ്രസ്താവിക്കുവാനല്ല മറിച്ച് ദൈവീകസത്യങ്ങൾ വിശദമാക്കുവാനാണെന്ന കാര്യം ഓർത്തിരിക്കണം. പൊന്ന് വിലയേറിയതാണോ ശ്രേഷ്ഠതയുള്ളതാണോ ദൈവസൃഷ്ടിയിലുള്ളതാണോ എന്നല്ല വിശ്വാസിക്കു ലോകക്കാരെപ്പോലെ പൊന്നാഭരണം ധരിക്കാമോ എന്നുള്ളതാണ് വിഷയം.

ആഭരണസ്നേഹികൾ പൊന്നിന്റെ പ്രാധാന്യവും ശ്രേഷ്ഠതയും വർണ്ണിക്കുവാൻ തിരുവചനത്തിലെ അനേക ഭാഗങ്ങൾ അടർത്തിയെടുത്തു പലതിന്റെയും ആത്മീയാർത്ഥം മനപ്പൂർവ്വം മറച്ചുവെച്ചുകൊണ്ട് ആഭരണങ്ങൾ വിശ്വാസിക്കും ധരിക്കാം എന്നു സമർത്ഥിക്കുന്നു. മാത്രമല്ല ഭൂരിപക്ഷാഭിപ്രായത്തിൽ അത് മുദ്രയിട്ടു ഉറപ്പിക്കുകയും ചെയ്യുന്നു.

ആഭരണധാരണം തിരുവചനം അനുവദിക്കുന്നു എന്നു തോന്നിപ്പോകാവുന്ന ചില ഭാഗങ്ങളും അവയ്ക്കുള്ള വിശദീകരണവും നമുക്കു ശ്രദ്ധയോടെ പരിശോധിക്കാം —





### (1) യോസേഫിനെ സ്വർണ്ണസരപ്പളി അണിയിച്ചു —

**ഉല്പത്തി.41:42,43 -- ''ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീം ദേശത്തിനൊക്കെയും മേലധികാരിയാക്കി."**

യോസേഫിനെ ഫറവോൻ മോതിരവും, സ്വർണ്ണസരപ്പളിയും അണിയിച്ചതായി ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ വിശ്വാസികൾക്കും ആഭരണങ്ങൾ ധരിക്കുന്നതിന് അപാകതയില്ലെന്നു സമർത്ഥിക്കുന്നവരുണ്ട്. എന്നാൽ ഈ പറഞ്ഞിരിക്കുന്നതിന്റെ സന്ദർഭവും, പശ്ചാത്തലവും പരിശോധിച്ചാൽ വിശ്വാസികൾ ആഭരണം ധരിക്കുന്നതിനു ഉപോദ്ബലകമായി ഈ വാക്യം എടുക്കുവാൻ സാധിക്കുകയില്ല. യാക്കോബിന്റെ പ്രിയപുത്രനായ യോസേഫ് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നിഴലായിരിക്കുന്നു. സ്വന്തസഹോദരന്മാരാൽ വില്ക്കപ്പെട്ട യോസേഫ് മിസ്രയീമിലെ ഫറവോരാജാവിന്റെ അകമ്പടിനായകനായ പോത്തീഫറിന്റെ ഭവനത്തിൽ വീട്ടുജോലിക്കായി നിയോഗിക്കപ്പെട്ടു. യജമാനനായ പോത്തീഫറിന്റെ ഭാര്യയുടെ ജഡീകാഭിലാഷത്തിനു വഴങ്ങാതെ എതിർത്തോടിയ യോസേഫ് നിരപരാധിയായിരുന്നിട്ടും കാരാഗൃഹത്തിലടക്കപ്പെട്ടു. എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു. കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം അവനു ദൈവം കൃപ നൽകി (ഉല്പ.39). കാരാഗൃഹത്തിൽ യോസേഫിനോടൊപ്പം കൊട്ടാരത്തിലെ അപ്പക്കാരുടെ പ്രമാണിയും, പാനപാത്രവാഹകന്മാരുടെ പ്രമാണിയും ഉണ്ടായിരുന്നു. അവർ കാരാഗൃഹത്തിൽ വെച്ചു കണ്ട സ്വപ്നങ്ങൾ ദൈവാത്മസഹായത്താൽ

വ്യാഖ്യാനിച്ചു കൊടുത്തു. യോസേഫ് വ്യാഖ്യാനിച്ചതുപോലെ അപ്പക്കാരുടെ പ്രമാണിയെ തൂക്കിക്കൊല്ലുകയും, പാനപാത്രവാഹകന്മാരുടെ പ്രമാണിയെ ജോലിയിൽ വീണ്ടും നിയമിക്കുകയും ചെയ്തു. പാനപാത്രവാഹകൻ വീണ്ടും നിയമിതനാകുമ്പോൾ തന്നെ ഓർത്തു രാജസന്നിധിയിൽ ഉണർത്തിച്ചു കാരാഗൃഹത്തിൽ നിന്നും വിടുവിക്കുവാൻ അപേക്ഷിച്ചുവെങ്കിലും അവൻ യോസേഫിനെ ഓർക്കാതെ മറന്നു കളഞ്ഞു (ഉല്പ.40). എന്നാൽ ദൈവം യോസേഫിനെ മറന്നില്ല. തുടർന്നു ഫറവോൻ ഒരേ അർത്ഥമുള്ള രണ്ടു സ്വപ്നങ്ങൾ കണ്ടു. മിസ്രയീമിലെ ജ്ഞാനികൾക്കും മന്ത്രവാദികൾക്കും സ്വപ്നങ്ങൾ വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല. ഈ സമയത്തു പാനപാത്രവാഹകന്മാരുടെ പ്രമാണി തന്റെ സ്വപ്നത്തിനു വ്യാഖ്യാനം നല്കിയ യോസേഫിനെ ഓർക്കുകയും രാജസന്നിധിയിൽ ഉണർത്തിക്കുകയും ചെയ്തു. തന്മൂലം യോസേഫ് രാജസന്നിധിയിൽ ആനയിക്കപ്പെട്ടു. ഞാനല്ല ദൈവം തന്നെ ഫറവോനു ശുഭമായൊരുത്തരം നല്കുമെന്നു യോസേഫ് രാജാവിനോടു അറിയിച്ചു (ഉല്പ.41:16). ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ എന്നു സ്വപ്നവ്യാഖ്യാനം കേട്ട രാജാവു തന്റെ ഭൃത്യന്മാരോടു പറഞ്ഞു (ഉല്പ.41:38).

യോസേഫിനോടു ആദരവും, സന്തോഷവും, സ്നേഹവും ഉണ്ടായ ഫറവോൻ യോസേഫിനെ മിസ്രയീം ദേശത്തിനു മേലധികാരിയായി പ്രഖ്യാപിച്ചാദരിക്കുന്ന കാര്യങ്ങളാണ് മേൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ കാണുന്നത് — (1) മുദ്രമോതിരം (2) വസ്ത്രം (3) സ്വർണ്ണസരപ്പളി (4) രഥാരോഹണം (5) പ്രഖ്യാപനം അഥവാ വിളംബരം. (6) പുതിയപേര് — ലോകസംരക്ഷകൻ എന്നർത്ഥം വരുന്ന "സാഫ്നത്ത് പനേഹ് " എന്ന മിസ്രയീമ്യനാമം (7) പുറജാതിഭാര്യ — മിസ്രയീമിലെ പുറജാതി പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ യോസേഫിനു ഭാര്യയായും കൊടുത്തു (ഉല്പ.41:45).





യഹോവയായ ദൈവത്തെ ഭയപ്പെടുകയോ, ദൈവമായി അംഗീകരിക്കുകയോ ചെയ്യാത്ത ഒരു ജാതീയ രാജാവായ ഫറവോൻ യോസേഫിനു സമ്മാനമായിക്കൊടുത്തത് ലോകത്തിന്റെ സ്ഥാനങ്ങളും, മാനങ്ങളും, ബന്ധങ്ങളുമായിരുന്നു. മുദ്രമോതിരവും, സ്വർണ്ണസരപ്പളിയും ഫറവോന്റെ ലൗകീകസമ്പത്തുകളിലുൾപ്പെടുന്നവയും, അവ തന്റെ സ്വന്തഹിതപ്രകാരം യോസേഫിനു നൽകിയവയുമായിരുന്നു. എന്നാൽ ഇവയൊന്നും തന്നെ യോസേഫിന്റെ ഹൃദയത്തെ വശീകരിക്കുവാൻ പര്യാപ്തമായിരുന്നില്ല. കാരണം യോസേഫിന്റെ ചിന്തയും, ആശ്രയവും, ലക്ഷ്യവും ദൈവത്തിലായിരുന്നു. ''യഹോവ യോസേഫിനോടു കൂടെ ഇരുന്നു'' (ഉല്പ.39:2,21,23) എന്നു ആവർത്തിച്ചു പറഞ്ഞിരിക്കുന്നതു ഇക്കാരണത്താലാണ്.

ഫറവോൻ യോസേഫിനു ഭൗതികസമ്മാനങ്ങൾ നൽകി ആദരിച്ചുവെങ്കിൽ നല്ലവനായ യോസേഫാകുന്ന യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നമുക്കു ലഭിച്ചിരിക്കുന്ന ആത്മീയസമ്പത്തും, സ്ഥാനമാനങ്ങളും, ബന്ധങ്ങളും എത്ര ഉന്നതവും, വിലമതിക്കാനാവാത്തതും, നിത്യമായതും ആകുന്നു. ഫറവോനിൽ നിന്നും യോസേഫിനു ലഭിച്ചവയുടെ വെളിച്ചത്തിൽ യേശുക്രിസ്തുവിലൂടെ വിശ്വാസികൾക്കു ലഭിച്ചിരിക്കുന്നവ ആത്മീയബന്ധത്തിൽ ചിന്തിക്കാം.

**(1) മുദ്രമോതിരം —**

ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി യോസേഫിന്റെ കൈക്കു ഇട്ടു. രേഖകൾക്കധികാരം നല്കുന്നതിനു ഉപയോഗിക്കുന്നതാണ് മുദ്രമോതിരം. മുദ്രമോതിരം യോസേഫിനു ലഭിച്ച അധികാരസ്ഥാനത്തിന്റെ ചിഹ്നമായിരുന്നു. ഈ അധികാരം ഭൗമീകവും, ഏതുസമയത്തും നീങ്ങിപ്പോകാവുന്നതുമായിരുന്നു. എന്നാൽ യേശുക്രിസ്തുവിലൂടെ വിശ്വാസിക്കു ലഭിച്ചിരിക്കുന്ന ദൈവമക്കൾ എന്ന അധികാരവും അവകാശവും ഒരിക്കലും മാറ്റപ്പെടാത്തതാണ്. യോഹ.1:12 — *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ* ***അധികാരം***

***കൊടുത്തു."*** കൂടാതെ യേശുക്രിസ്തുവിലൂടെ ആത്മരക്ഷ അഥവാ വീണ്ടെടുപ്പു മുദ്രയിട്ടിരിക്കുന്നത് ദൈവീകത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനാലാണ്. എഫെ.1:13,14 —"*അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ* ***മുദ്രയിട്ടിരിക്കുന്നു."***

**(2) വസ്ത്രം —**

ഫറവോനു യോസേഫിനോടു പ്രീതിയുണ്ടായപ്പോൾ അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. മിസ്രയീമിന്റെ മേലധികാരിയാക്കിയതിന്റെ അടയാളമായിരുന്നു അവനെ ധരിപ്പിച്ച രാജവസ്ത്രം. പാപികളും ദോഷികളും ആയിരുന്ന നമ്മൾ ധരിച്ചിരുന്ന ജഡത്താൽ കറ പിടിച്ച അങ്കി മാറ്റി പകരം ശുദ്ധവും ശുഭ്രവുമായ വിശേഷ രക്ഷാവസ്ത്രം ധരിക്കുവാൻ കൃപ ലഭിച്ചിരിക്കുന്നു. **ഇയ്യോ. 29:14**–"*ഞാൻ നീതിയെ ധരിച്ചു; അതു എന്റെ ഉടുപ്പായിരുന്നു."* **യെശ.61:10** — "*അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു."* **സെഖ.3:4** — "*ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും."* **വെളി.19:7** — "*നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു."*

**(3) സ്വർണ്ണസരപ്പളി —**

"ഒരു സ്വർണ്ണ സരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു." യോസേഫിനെ ധരിപ്പിച്ച നേരിയ വസ്ത്രവും, കഴുത്തിൽ അണിയിച്ച സ്വർണ്ണ സരപ്പളിയും രാജ്യത്തിലെ രണ്ടാമനായ ഭരണാധികാരിയുടെ ഔദ്യോഗിക വേഷമാണ്. വിശേഷാൽ ഒരു വിശിഷ്ടവ്യ





ക്തിയെ ആദരിച്ചു ബഹുമാനിക്കുന്ന അവസരത്തിൽ സ്വർണ്ണസരപ്പളി കഴുത്തിൽ അണിയിക്കുന്ന സമ്പ്രദായം മിസ്രയീമ്യരുടെ ഇടയിൽ നിലവിലുണ്ടായിരുന്നു. ആയതിനാലാണ് യോസേഫിനോടു പ്രസാദം തോന്നിയ ഫറവോൻ അവനെ സ്വർണ്ണസരപ്പളി ധരിപ്പിച്ചതെന്നു മനസ്സിലാക്കാം. മാത്രവുമല്ല യോസേഫ് രാജ്യത്തിലെ രണ്ടാമനായ ഭരണാധികാരി എന്ന പ്രഖ്യാപനവുമായിരുന്നു. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും, കറപിടിക്കുന്നതുമായ സ്വർണ്ണമാലകൊണ്ടല്ല കർത്താവു വിശ്വാസിയെ ധരിപ്പിച്ചിരിക്കുന്നത്. പിന്നെയോ സ്വർഗ്ഗത്തിലെ സകല ആത്മിയാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചു അലങ്കരിച്ചിരിക്കുകയാണ് (എഫെ.1:3). കൂടാതെ ദൈവം നമ്മെ തന്റെ ദയയും കരുണയും അണിയിക്കുന്നു (സങ്കീ.103:4). കർത്താവിൽ ആശ്രയം വെച്ചിരിക്കുന്ന വിശ്വാസി മഹാസമ്പന്നനും, ഭാഗ്യവാനുമാണ്. ഒരു മനുഷ്യനുപോലും നിനയ്ക്കുവാൻ കഴിയാത്ത സൗഭാഗ്യങ്ങളാൽ നിറച്ചിരിക്കുകയാണ്. യെശയ്യാപ്രവാചകനും, അപ്പൊസ്തലനായ പൗലൊസും വിശ്വാസിയുടെ സമ്പന്നതയെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക.-- "*ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."* (യെശ.64:4/1.കൊരി.2:9).

**(4) രഥാരോഹണം —**

യോസേഫിനെ ഫറവോൻ തുടർന്നു ബഹുമാനിച്ചത് തന്റെ രണ്ടാം രഥത്തിൽ ആരോഹണം ചെയ്യിച്ചു കൊണ്ടാണ്. — "*തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി" (ഉല്പ.41:42).* — അതായതു മിസ്രയീംരാജ്യത്തിൽ ഭരണാധികാരിയെന്ന നിലയിൽ യോസേഫ് രണ്ടാം സ്ഥാനക്കാരനായിരുന്നു. എന്നാൽ ദൈവത്തിൽ നാം അഭയം കണ്ടെത്തിയ നിമിഷത്തിൽത്തന്നേ ദൈവം തന്റെ ഒന്നാം രഥത്തിൽ പ്രവേശിപ്പിക്കുകയും തന്നോടൊപ്പം ഇരുത്തുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണ് വിശ്വാസിയുടെ ഭാഗ്യകരമായ അവസ്ഥ. വിശ്വാസി ഇന്നു ഭൂമിയിൽ വസിക്കുന്നുവെങ്കിലും സ്വർഗ്ഗത്തിൽ

ഇപ്പോൾത്തന്നെ കർത്താവിനോടൊപ്പം ഇരുത്തപ്പെട്ടിരിക്കുകയാണ്. അപ്പൊസ്തലനായ പൗലൊസ് വിശദീകരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക —"*അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു..... ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും ........ ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.*" (എഫെ.2:1,5,7)

**(5) വിളംബരം —**

സകലരും യോസേഫിന്റെ മുമ്പിൽ മുട്ടുകുത്തി വണങ്ങാനായിരുന്നു ഫറവോന്റെ തുടർന്നുള്ള പ്രഖ്യാപനം. "*മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു.*" (ഉല്പ.41:43). തന്റെ സ്വപ്നത്തിനു വ്യാഖ്യാനം ലഭിച്ചപ്പോൾ അതീവ സന്തുഷ്ടനായ ഫറവോൻ യോസേഫിനെ ജനം വണങ്ങി നമസ്കരിക്കണമെന്നു പ്രഖ്യാപിച്ചു. എന്നാൽ ലോകത്തിൽ ആരൊക്കെ എത്ര മാനിച്ചാലും ദൈവം മാനിച്ചില്ലെങ്കിൽ അതിനു യാതൊരു വിലയുമില്ല. യോസേഫ് ദൈവത്തെ മാനിച്ചതിനാൽ ദൈവം അവനെ മാനിക്കുവാനും, അതു വഴി ലോകരാൽ അവൻ മാനിക്കപ്പെടുവാനും ദൈവം വഴിയൊരുക്കി. യേശുകർത്താവിന്റെ നാമത്തിങ്കൽ സകലരുടെയും മുഴങ്കാൽ മടങ്ങുകയും യേശുക്രിസ്തു കർത്താവു എന്നു കർത്താവിനെ അറിയാത്തവരും കൂടെ ഏറ്റു പറകയും ചെയ്യുന്ന നാൾ സമീപമായിരിക്കുന്നു. അന്നു വിശ്വാസികളും ദൈവമക്കൾ എന്ന നിലയിൽ മാനിക്കപ്പെടും. "*അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*" (ഫിലി.2:10,11)

**(6) പുതിയപേര് —**

ഫറവോന്റെ രണ്ടാം രഥത്തിൽ യോസേഫിനെ ആനയിച്ചിരുത്തുകയും, സകലരും യോസേഫിന്റെ മുന്നിൽ മുട്ടുകുത്തി വണങ്ങണമെന്നു പ്രഖ്യാപിക്കുകയും ചെയ്ത ശേഷം ഫറവോൻ





യോസേഫിനു പുതിയ പേരു കൊടുക്കുന്നു. "*ഫറവോൻ യോസേഫിന്നു സാപ്നത്ത് പനേഹ് എന്നു പേരിട്ടു.*" (ഉല്പ.41:45). "*സാപ്നത്ത് പനേഹ്* " എന്ന മിസ്രയീമ്യനാമത്തിന്റെ അർത്ഥം "*ലോകസംരക്ഷകൻ, സ്വപ്നങ്ങളുടെ വ്യാഖ്യാതാവ് , രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവൻ*" എന്നൊക്കെയാണ്. ഫറവോന്റെ അധികാരപരിധിയിലുള്ള ലൗകികമായതെല്ലാം നൽകി ആദരിച്ചശേഷം യോസേഫിനെ ഒരു മിസ്രയീമ്യനാമം നൽകി മിസ്രയീമ്യനാക്കുവാനും ശ്രമിക്കുന്നതായി ഇവിടെ കാണുന്നു. എങ്കിലും തന്റെ രണ്ടു മക്കൾക്കു മനശ്ശെ (എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനം ഒക്കെയും *ദൈവം എന്നെ* മറക്കുമാറാക്കി) എന്നും എഫ്രയിം (സങ്കടദേശത്തു *ദൈവം എന്നെ* വർദ്ധിപ്പിച്ചു) എന്നുമുള്ള എബ്രായനാമം നൽകിയതിലൂടെ (ഉല്പ.41:51,52) നമുക്കു മനസ്സിലാക്കാവുന്നത് യോസേഫ് മിസ്രയിമ്യരോടു അനുരൂപപ്പെട്ടില്ല എന്നതാണ്. ദൈവത്തെ അന്വേഷിക്കാത്ത, ബഹുമാനിക്കാത്ത ദുഷ്ടലോകത്തിൽ വിശ്വാസികളായ നാമും ആയിരിക്കുന്നു. ലൗകികസമ്പത്തുകളും, അലങ്കാരങ്ങളും നമ്മെ ലോകത്തിനു അനുരൂപപ്പെടുത്തുവാൻ അനുവദിക്കരുത്. ഇന്നു ലോകം നമ്മെ പല പേരിനാൽ ആദരിക്കുകയും അനാദരിക്കുകയും ചെയ്യും. എന്നാൽ ദൈവമക്കൾ എന്ന നിലയിൽ നമ്മുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അതാണ് നമ്മുടെ ഏറ്റവും വലിയ സന്തോഷവിഷയം (ലൂക്കൊ.10:20). ഭാവിയിൽ കർത്താവിനോടൊപ്പമുള്ള വാസത്തിൽ നമ്മുടെ പ്രാണപ്രിയനെ നേരിൽ കാണുവാനും ഏറിയ അനുഗ്രഹങ്ങൾ നുകരുവാനും ഇടയാകും. "*ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും , ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും.*"(വെളി.2:17).

**(7) പുതിയബന്ധം —**

ഏഴാമതായി ഫറവോൻ യോസേഫിനെ ആദരിച്ചത് ഒരു മിസ്രയീമ്യയുവതിയെ ഭാര്യയായി കൊടുത്തതിലൂടെയായിരുന്നു. "*ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ*

*അവന്നു ഭാര്യയായി കൊടുത്തു"* (ഉല്പ.41:45). ആസ്നത്ത് എന്നതിനു 'നെയ്ത്ത് എന്ന ദേവതയ്ക്കുള്ളവൾ' എന്നും ഓൻ എന്നതിനു 'സൂര്യൻ' എന്നുമാണർത്ഥം. സൂര്യദേവനായ റേയുടെ ആരാധനാകേന്ദ്രമായ ഹെലിയോപോലീസിന്റെ മറ്റൊരു നാമമാണ് ഓൻ. അർത്ഥം 'സൂര്യനഗരം'. ലൗകികസമ്പത്തുകളും അധികാര ങ്ങളും നൽകിയ ശേഷം മിസ്രയീമ്യനാമവും, ഓനിലെ പുരോഹിത പുത്രിയായ മിസ്രയീമ്യകന്യകയെയും നൽകി ആദരിച്ചതുമൂലം ഫറ വോൻ ലക്ഷ്യമിട്ടത് യോസേഫിനെ ഒരു മിസ്രയീമ്യനാക്കുക എന്ന തായിരുന്നു. എന്നാൽ ഭൗമീകമായ ഉയർച്ചകളും, പ്രലോഭനങ്ങളും, സാഹചര്യങ്ങളും യോസേഫിനെ ദൈവവഴികളിൽ നിന്നകറ്റാൻ പര്യാപ്തമായിരുന്നില്ല. യോസേഫ് പുറജാതി സ്ത്രീയായ ഒരുവളെ തന്റെ മണവാട്ടിയായി സ്വീകരിച്ചതുപോലെ നമ്മുടെ കർത്താവു സകല ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നും ശേഖരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട കൂട്ടമായ ഒരു സഭയെ തന്റെ മണവാട്ടിയായി സ്വീകരിക്കുവാൻ പ്രസാദിച്ചു. സാത്താനുമായി ബന്ധുതയിലായിരുന്ന നമുക്കു കർത്താവായ യേശുക്രിസ്തുവി ലുള്ള വിശ്വാസത്താൽ ദൈവകുടുംബത്തിൽ ഒരു പുതിയബന്ധം ലഭിക്കുവാൻ ഇടയായി.

പാപം വെറുത്തു ഓടിയ യോസേഫ് ഫറവോൻ അണിയിച്ച മുദ്രമോതിരവും സ്വർണ്ണസരപ്പളി മാലയും അണിഞ്ഞു നടന്നു എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. യോസേഫ് അതൊക്കെ അണിഞ്ഞു നടന്നു എന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല. യേശുക്രി സ്തുവിന്റെ നിഴലായി അറിയപ്പെടുന്ന യോസേഫിനെ മോതിരവും, മാലയും അണിയിച്ചതിനാൽ വിശ്വാസികൾക്കും ആഭരണ ങ്ങളണിയാം എന്നതിനു തെളിവായി ഈ ഭാഗത്തെ ഉപയോഗിക്കു വാൻ സാധിക്കുകയില്ല. ജാതീയരാജാവായ ഫറവോൻ അണിയിച്ച മുദ്രമോതിരവും സ്വർണ്ണസരപ്പളി മാലയും അനേക ആത്മീയസത്യ ങ്ങൾ വെളിപ്പെടുത്തുന്നു. ഈ ഭാഗം ആഭരണധാരണം ഉൾപ്പെടെ ലൗകികമായ സകല ലോകമോഹങ്ങളിൽ നിന്നും, ആഡംബരങ്ങ





ളിൽ നിന്നും വിശ്വാസി അകന്നു ദൈവഭയത്തോടെ ജീവിക്കണമെ ന്നതിലേക്കു വിരൽ ചൂണ്ടുന്നവയാണ്. ഫറവോൻ യോസേഫിനു സമ്മാനിച്ച മുദ്രമോതിരം, നേരിയവസ്ത്രം, സ്വർണ്ണസരപ്പളി, രണ്ടാം രഥത്തിലെ സ്ഥാനം, സകലരും മുട്ടുമടക്കി നമസ്കരിക്കുവാനുള്ള വിളംബരം, പുതിയപേര്, പുതിയബന്ധം എന്നിങ്ങനെയുള്ളവയെല്ലാം തന്നെ ലോകത്തോടു ബന്ധപ്പെട്ടവയായിരുന്നു. എന്നാൽ യോസേ ഫിന്റെ സകലപ്രവൃത്തികളും സഫലമാകുവാനുള്ള കാരണം അവൻ പാപമോഹങ്ങളെ വെറുക്കുകയും, പാപത്തിനു അടിമപ്പെടാതെയും തന്റെ എല്ലാ വഴികളിലും ദൈവത്തിനു പ്രഥമസ്ഥാനം നൽകി ദൈവത്തെ മാനിച്ചതിനാലുമാണ്. ഫറവോൻ മിസ്രയീമ്യസമ്പാദ്യ ങ്ങളും, ബന്ധങ്ങളും കൊടുത്തു യോസേഫിനെ ഒരു മിസ്രയീ മ്യനാക്കിത്തീർക്കുവാൻ ശ്രമിച്ചെങ്കിലും യോസേഫ് ഫറവോന്റെ ലക്ഷ്യത്തിൽ നിന്നകന്നു ദൈവത്തോടു ചേർന്നു ജീവിച്ചു.

വിശ്വാസികളായ നാമും ലോകത്തിൽ ജീവിക്കുമ്പോൾ, ലോകത്തിൽ നിന്നു ലഭിക്കുന്ന സമ്പത്തുകളും, സ്ഥാനമാനങ്ങളും, ബന്ധങ്ങളും നമ്മുടെ പ്രാണപ്രിയനിൽ നിന്നകറ്റുന്നവ ആയിരിക്ക രുത്. നമ്മുടെ ചിന്തയും, പ്രവർത്തനങ്ങളും ഉയരത്തിലുള്ള കാര്യ ങ്ങളിലേക്കായിരിക്കണം.

*"ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ"* (ഉല്പ.41:38) എന്നു മിസ്രയീമ്യനായ ഫറവോൻ യോസേഫിനെക്കുറിച്ചു സാക്ഷ്യം പറഞ്ഞതുപോലെ നമ്മെക്കാ ണുന്നവരും പറയണമെങ്കിൽ എല്ലാറ്റിനുമുപരിയായി ദൈവത്തെ സ്നേഹിക്കുകയും, നമ്മുടെ നോട്ടം ദൈവത്തിലും ദൈവീകകാര്യ ങ്ങളിലുമായിരിക്കണം. ലോകം നമ്മെ സ്നേഹിക്കുന്നതിന്റെ പുറ കിൽ ഭൗതികമായ പല ലക്ഷ്യങ്ങളുണ്ടായിരിക്കും. അവരുടെ സ്നേഹം ഭൂമിയിൽ മാത്രം ഒതുങ്ങുന്നതാണ്. ദൈവസ്നേഹം ഭൂമിയിൽ മാത്രമല്ല നിത്യതയോളം നീണ്ടു നില്ക്കുന്നതാണ്.

യോസേഫിന്റെ ജീവിതത്തിലേക്കു നോക്കിയാൽ പലരും അവനെ വിവിധ കാരണങ്ങളാൽ സ്നേഹിച്ചിരുന്നുവെങ്കിലും അവരുടെയൊക്കെ സ്നേഹം നിന്നുപോകുവാനോ, മാറ്റപ്പെടുവാനോ ഇടയായി.

> യോസേഫ് വാർദ്ധക്യത്തിലെ മകനായതിനാൽ അപ്പനായ യാക്കോബ് എല്ലാ മക്കളിലും വെച്ചു അവനെ അധികം സ്നേഹിച്ചു ഒരു നിലയങ്കി അവനു ഉണ്ടാക്കിക്കൊടുത്തു (ഉല്പ.37:3). ഇതു പിതൃസ്നേഹം ആയിരുന്നു. അതു മാറ്റപ്പെട്ടു.

> യെഹൂദാ സഹോദരന്മാരുടെ മുമ്പിൽ യോസേഫിനു വേണ്ടി വാദിച്ചു വെള്ളമില്ലാത്ത പൊട്ടക്കുഴിയിൽ നിന്നും രക്ഷിച്ചു (ഉല്പ.37:26-28). യഹൂദായുടെ സ്നേഹം സഹോദരസ്നേഹമായിരുന്നു. ഇതും മാറ്റപ്പെട്ടു.

> പോത്തിഫർ യോസേഫിനെ സ്നേഹിച്ചത് അവൻ വിശ്വസ്തതയോടെ സേവിച്ചതിനാലാണ് (ഉല്പ.39:3,4). ഇതു യജമാനന്റെ സ്നേഹം. എന്നാൽ തന്റെ ഭാര്യയുടെ തെറ്റായ ആരോപണത്തിൽ പോത്തിഫറിന്റെ സ്നേഹം വിദ്വേഷമായി.

> പോത്തിഫറിന്റെ ഭാര്യ യോസേഫിനെ അവളുടെ ജഡാഭിലാഷം നിറവേറ്റുവാനായി സ്നേഹിച്ചു (ഉല്പ.39:7-20). അവളുടെ സ്നേഹം ജഡീകസ്നേഹമായിരുന്നു. എന്നാൽ യോസേഫ് അതിനു വഴിപ്പെടാഞ്ഞതിനാൽ അവളുടെ സ്നേഹം പകയായി മാറി.

> കാരാഗൃഹപ്രമാണിക്കു യോസേഫിനോടു സ്നേഹം തോന്നുവാൻ ദൈവം കൃപ ചെയ്തു (ഉല്പ.39:21-23). കാരാഗൃഹപ്രമാണിയുടെ സ്നേഹവും നീണ്ടു നിന്നില്ല.

> കാരാഗൃഹത്തിൽ സഹബദ്ധന്മാരായിരുന്ന അപ്പക്കാരുടെ പ്രമാണിയും പാനപാത്രവാഹകന്മാരുടെ പ്രമാണിയും യോസേഫിനെ സ്നേഹിച്ചു. എന്നാൽ പാനപാത്രവാഹകന്മാരുടെ പ്രമാണി തന്റെ ഉയർച്ചയിൽ യോസേഫിനെ മറന്നു (ഉല്പ.40).





> മിസ്രയീം ഭരണാധികാരിയായ ഫറവോൻ യോസേഫിനെ സ്നേഹിച്ചാദരിച്ചു (ഉല്പ.41). ഫറവോന്റെ സ്നേഹവും മരണത്തോടെ നീങ്ങിപ്പോയി.

യോസേഫിനെ പലരും സ്നേഹിച്ചതിനു പിമ്പിൽ വിവിധ കാരണങ്ങളുണ്ടായിരുന്നു. അതൊക്കെ മാറ്റപ്പെടുവാൻ ഇടയായി. എന്നാൽ മാറ്റപ്പെടാത്ത ദൈവസ്നേഹം യോസേഫിന്മേൽ ഒഴുകിക്കൊണ്ടിരുന്നതു അവൻ ലോകത്തിൽ ജീവിച്ചു എങ്കിലും ലോകത്തിനനുരൂപനാകാതെ ദൈവത്തെ മാത്രം ആശ്രയിച്ചു സ്നേഹിച്ചു ജീവിച്ചതിനാലാണ്. ദൈവസ്നേഹം നിത്യതയോളം പ്രവഹിക്കുന്നതും, കാലചക്രങ്ങളുടെ പരിധിയിൽ ഒതുങ്ങി നിൽക്കുന്നതുമല്ല.

*"ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു"* (യാക്കോ.4:4).

*"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു"* (1.യോഹ.2:15-17).'

*'ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ"* (കൊലൊ.3:1,2).

അപ്പൊസ്തലനായ പൗലൊസ് റോമർക്കെഴുതിയ ലേഖനത്തിൽ ദൈവസ്നേഹത്തിന്റെ ആഴവും വേർപിരിക്കാനാവാത്ത

ബന്ധവും വിവരിച്ചിരിക്കുന്നു. **റോമ.8:35-39** — *"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ .......... നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ച കൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ള തിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹ ത്തിൽനിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."*

ലോകത്തിനനുരൂപനാകാതെ ദൈവത്തെ സ്നേഹിച്ചു വിശ്വ സ്തതയോടെ ജീവിച്ച യോസേഫിനെ യാക്കോബ് അനുഗ്രഹിച്ചത് ഫലപ്രദമായ വൃക്ഷത്തോടുപമിച്ചാണ്. — ***"യോസേഫ് ഫലപ്രദ മായൊരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായൊരു വൃക്ഷം തന്നേ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു"*** (ഉല്പ.49:22). പിതാവിന്റെ അനുഗ്രഹം പിൽക്കാലത്ത് അവനിൽ നിറവേറുവാൻ ഇടയായി. യോസേഫിന്റെ ജീവിതത്തിലെ മൂന്നു പ്രത്യേകതകൾ ഇവിടെ കാണുന്നു. (1) ഫലപ്രദമായൊരു വൃക്ഷം (2) നീരുറവിന്ന രികെ വേരൂന്നിയിരിക്കുന്നു (3) കൊമ്പുകൾ മതിലിന്മേൽ പടരുന്നു. മിസ്രയിമിൽ ജീവിച്ചെങ്കിലും അവർക്കനുരൂപനാകാതെ ദൈവത്തോ ടൊപ്പം വസിച്ച യോസേഫിന്റെ ഈ മുന്നു പ്രത്യേകതകളും എല്ലാ വിശ്വാസികളിലും ഉണ്ടാകണം. (1) ഫലപ്രദമായൊരു വൃക്ഷം > യോസേഫ് ദൈവത്തിന്റെ തോട്ടത്തിലെ ഫലം പുറപ്പെടുവിക്കുന്ന ഒരു വൃക്ഷമായിരുന്നു. ദൈവത്തിൽ മാത്രം ആശ്രയിച്ച യോസേഫ് നല്ല ഫലം പുറപ്പെടുവിച്ചു. (2) നീരുറവിന്നരികെ വേരൂന്നിയിരിക്കു ന്നു > ദൈവകൃപകളുടെയും അനുഗ്രഹങ്ങളുടെയും നീരുറവയിൽ വേരൂന്നിയവനായിരുന്നു യോസേഫ്. ഏതു സാഹചര്യങ്ങളിലും ദൈവികപ്രമാണങ്ങൾ വിട്ടു സഞ്ചരിച്ചില്ല. (3) കൊമ്പുകൾ മതിലി ന്മേൽ പടരുന്നു > ദൈവകൃപയിൽ വേരൂന്നിയ യോസേഫ് വളർന്നു അവന്റെ കൊമ്പുകൾ മതിലിന്മേൽ പടർന്നു. വിശാലമായി പടർന്ന





കൊമ്പുകൾ അനേകർക്കു ആശ്വാസവും, തണലുമായി. കൊമ്പു കൾ പുറപ്പെടുവിച്ച ഫലം മതിലിനകത്തും പുറത്തുമുള്ളവർക്കു യഥേഷ്ടം ഭക്ഷിച്ചു തൃപ്തി പ്രാപിക്കുവാനും ഇടയായി. മതിലിന കത്തും പുറത്തും എന്നത് തന്റെ സ്നേഹനിധിയായ പിതാവിനും, ഇരുപതു വെള്ളിക്കാശിനു യിശ്മായേല്യർക്കു വിറ്റുകളഞ്ഞ സഹോ ദരന്മാർക്കും മാത്രമല്ല മിസ്രയീമിലെ സകല ജനങ്ങൾക്കും യോസേഫ് ഒരു ഫലവൃക്ഷം തന്നെയായിരുന്നു എന്നർത്ഥമാക്കുന്നു.

വിശ്വാസികൾ യോസേഫിനെപ്പോലെ ഫലപ്രദമായ വൃക്ഷമായിത്തീരണമെങ്കിൽ സകല ലൗകികമോഹങ്ങളും തൂത്തെ റിഞ്ഞു ദൈവകൃപയിൽ വേരൂന്നണം. ചാഞ്ഞു വളരുന്ന ഒരു വൃക്ഷ ത്തിന്റെ തടിയിൽ ഒരു ഇരുമ്പുകമ്പി വളവുമാറ്റാൻ കെട്ടിയാൽ, കുറേ ക്കാലം കഴിയുമ്പോൾ ആ കമ്പി തടിക്കുള്ളിലേക്കു കയറി അപ്രത്യ ക്ഷമാകും; എന്നു മാത്രമല്ല ഫലം പുറപ്പെടുവിക്കുവാൻ വേര് ഊറ്റിയെടുക്കുന്ന ജീവരസം സുഗമമായി കടന്നുപോകാനാകാതെ തടസ്സം സൃഷ്ടിക്കുവാനും ഇടയായിത്തീരുന്നു. ആയതുപോലെ ലൗകിക ആഡംബര വസ്തുക്കളായ സ്വർണ്ണാഭരണങ്ങൾ വിശ്വാ സി അണിയുമ്പോൾ അതു വിശ്വാസിയുടെ ആത്മീയശരീരത്തിൽ ചൂഴ്ന്നിറങ്ങി ആത്മഫലം പുറപ്പെടുവിക്കുവാനുള്ള ദൈവ കൃപാരസത്തിന്റെ സുഗമമായ സഞ്ചാരത്തിനു വിഘ്നം വരുത്തു ന്നു. പിശാചിന്റെയും, ലോകത്തിന്റെയും വഴികളിലേക്കു വിശ്വാ സിയെ മാടിവിളിക്കുന്നതും, ആത്മഫലം പുറപ്പെടുവിക്കുന്നതിനു തടസ്സം വരുത്തുന്നതുമായ സകലവിധ ലോഹബന്ധനങ്ങളും വിശ്വാ സിയുടെ ശരീരത്തിൽ നിന്നു തൂത്തെറിഞ്ഞു ദൈവീക കാര്യങ്ങ ളിലേക്കു ശ്രദ്ധ തിരിക്കുക. പരിശുദ്ധാത്മാവിനു വിധേയപ്പെട്ടു ജീവി ക്കുക. സൽഫലം പുറപ്പെടുവിക്കുവാനായി ദൈവവചനത്തിൽ അടി സ്ഥാനപ്പെട്ടു അവ ജീവിതത്തിൽ പകർത്തുക. തദ്വാരാ ദൈവാത്മാ വിന്റെ പ്രവർത്തനം സുഗമമായി വിശ്വാസിയിൽ ഒഴുകുവാൻ അനു വദിക്കുക. തൽഫലമായി പുറപ്പെടുന്ന ആത്മഫലം അനേകർക്കു ആശ്വാസവും സന്തോഷവും നല്കുകയും ദൈവനാമ മഹത്വത്തിനു കാരണമായിത്തീരുകയും ചെയ്യും.

യേശുക്രിസ്തുവിന്റെ നിഴലായറിയപ്പെടുന്ന യോസേഫിനെ മോതിരവും, സ്വർണ്ണസരപ്പളിയും അണിയിച്ചതിനാൽ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു വാദിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, ധരിക്കുകയും ചെയ്യുന്നവരുടെ ആത്മീയദർശനം മങ്ങി ലോകസ്നേഹത്തിൽ മുഴുകിയിരിക്കുകയാണെന്നതിനു സംശയം വേണ്ട. *"ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ"* (യൂദാ.12).

## (2) ദൈവാലയ പണികൾക്കായി ദൈവജനം പൊന്നും, തങ്കക്കാശും കൊടുത്തു —

**1.ദിന.29:7 — "ദൈവാലയത്തിന്റെ വേലെക്കായിട്ടു അവർ അയ്യായിരം താലന്ത് പൊന്നും പതിനായിരം തങ്കക്കാശും പതിനായിരം താലന്ത് വെള്ളിയും പതിനെണ്ണായിരം താലന്ത് താമ്രവും നൂറായിരം താലന്ത് ഇരുമ്പും കൊടുത്തു."**

ദൈവാലയപണിക്കായി ദൈവജനം പൊന്നും വെള്ളിയും ഉൾപ്പെടെയുള്ളവ കൊടുത്തു എന്നു പറഞ്ഞിരിക്കുന്ന ഈ വാക്യം അടിസ്ഥാനമാക്കി, അന്നത്തെ ദൈവജനം ആഭരണമണിഞ്ഞവരായിരുന്നെന്നും ആയതിനാൽ വിശ്വാസികൾക്കു ആഭരണങ്ങൾ അണിയാം എന്നും വാദിക്കുന്നവരുണ്ട്. ഹോരേബ് പർവ്വതത്തിന്റെ താഴ്‌വരയിൽ വെച്ചു പൊന്നാഭരണങ്ങൾ കൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി അതിനെ ആരാധിച്ചതിനാൽ യിസ്രായേൽ മക്കളിൽ ദൈവകോപമുണ്ടാകുകയും ശിക്ഷ അനുഭവിക്കേണ്ടി വരികയും ചെയ്തു. അവർക്കുവേണ്ടി ദൈവസന്നിധിയിൽ അപേക്ഷയുമായി ചെന്ന മോശെയോട്, ദൈവം അവർക്കു പ്രതികൂലമായി സംസാരിച്ചു. *"ദോഷകരമായ ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു;* ***ആരും തന്റെ ആഭരണം ധരിച്ചതുമില്ല*** *"* **(പുറ.33:4)** എന്നു കാണുന്നു. എന്നാൽ അവർ ദുഃഖിച്ച് അനുതപിച്ചതിനൊരു കാലപരിധി ഉണ്ടായിരുന്നെന്നും, അതു കഴിഞ്ഞപ്പോൾ മുതൽ, അഥവാ കനാൻ നാട്ടിൽ





പ്രവേശിച്ചതിനു ശേഷമെങ്കിലും അവർ ആഭരണം ധരിക്കുവാൻ തുടങ്ങിയെന്നും അതുകൊണ്ടാണു ദാവീദു രാജാവ്, ദൈവാലയ പണികൾക്കായി ദാനങ്ങൾ ആവശ്യപ്പെട്ടപ്പോൾ പൊന്നും വെള്ളിയുമുൾപ്പെട്ടവ കൊടുത്തതെന്നുമാണ് ചിലരുടെ നിഗമനം.

*"അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല"* (പുറ.33:6) എന്നു തിരുവചനം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുമ്പോൾ ഇക്കൂട്ടർ പറയുകയാണ് —(1) ദൈവജനത്തിന്റെ ദുഃഖാചരണം താല്ക്കാലികമായിരുന്നു.! (2) ദുഃഖസമയത്തു മാത്രമേ ആഭരണങ്ങൾ നീക്കിയുള്ളു.!! (3) ദുഃഖാചരണ സമയം കഴിഞ്ഞതു മുതലോ കനാൻ ദേശത്തു പ്രവേശിച്ചതിനു ശേഷമോ ആഭരണങ്ങൾ ധരിച്ചു തുടങ്ങി.!!! ദൈവവചനം തോന്നിയതുപോലെ വ്യാഖ്യാനിച്ചു തങ്ങളുടെ സിദ്ധാന്തം ഉറപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്.

ദാവീദ്‌രാജാവു സ്വന്തം ഭണ്ഡാരത്തിലെ പൊന്നും വെള്ളിയുമുൾപ്പെടെയുള്ള അമൂല്യ നിക്ഷേപങ്ങൾ ദൈവാലയവേലയ്ക്കായി നൽകി. അതുപോലെ ദൈവജനമൊക്കെയും ഔദാര്യദാനങ്ങൾ നൽകുവാനും ആഹ്വാനം ചെയ്തു. തന്മൂലം യിസ്രായേൽ ഗോത്രപ്രഭുക്കന്മാരും, സഹസ്രാധിപന്മാരും, ശതാധിപന്മാരും, രാജാവിന്റെ മേൽവിചാരകന്മാരും പൊന്നും തങ്കക്കാശും വെള്ളിയും താമ്രവും ഇരുമ്പും ഉൾപ്പെട്ട നിക്ഷേപങ്ങൾ ദൈവാലയവേലെക്കായി ദാനം ചെയ്തു (1.ദിന.29:1-6). ഈ ദാനങ്ങൾ അവരുടെ സമ്പാദ്യങ്ങളായിരുന്നു. അവയൊക്കെ ആഭരണമായി അവർ ധരിച്ചു കൊണ്ടു നടന്നതായിരുന്നെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല. പുരാതനകാലത്തു മനുഷ്യരുടെ സമ്പാദ്യങ്ങൾ വസ്തുവകകൾ, ആട്, മാട്, ഒട്ടകം, ദാസീദാസന്മാർ, പൊന്ന്, വെള്ളി എന്നിവയായിരുന്നു. ഈ സമ്പാദ്യങ്ങളിൽ നിന്നു ദൈവത്തിന്നായി കൊടുത്തപ്പോൾ അവയെല്ലാം അവർ ദേഹത്തു ധരിച്ചിരുന്നതായിരുന്നുവെന്നു പറയാൻ സാധിക്കുകയില്ല. കൂടാതെ വിഗ്രഹാരാധനയ്ക്കു വഴിതെളിച്ച പൊന്നാഭരണങ്ങൾ ഹോരേബ്

പർവ്വതത്തിങ്കൽ തുടങ്ങി അവർ ധരിച്ചില്ല എന്നു ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആഭരണവർജ്ജനം താൽക്കാലികമായിരുന്നുവെന്നു പറയുവാൻ സാധിക്കുകയില്ല.

ദൈവവചനം വ്യക്തിതാല്പര്യങ്ങൾക്കും, ഇഷ്ടാനിഷ്ടങ്ങൾക്കുമനുസരിച്ചു വ്യാഖ്യാനിച്ച് അവരുടേതായ നിഗമനങ്ങളിൽ എത്തിച്ചേരുന്നവർക്കു ദൈവം ശിക്ഷ ഉറപ്പാക്കിയിട്ടുണ്ട് (വെളി.22:18,19). ഇക്കൂട്ടരുടെ ഇത്തരം പ്രവർത്തനങ്ങളാൽ വിശ്വാസികളിൽ ദൈവത്തിനും ദൈവവചനത്തിനും പ്രാധാന്യം കുറഞ്ഞ്, ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെട്ട് ജീവിതസാക്ഷ്യമില്ലാത്തവരായിത്തീരുന്നു.

## (3) ഇയ്യോബിനു പൊൻമോതിരം കൊടുത്തു —

**ഇയ്യോബ്.42:11,12** — *"അവന്റെ സകലസഹോദരന്മാരും സഹോദരിമാരും മുമ്പെ അവന്നു പരിചയമുള്ളവരൊക്കെയും അവന്റെ അടുക്കൽ വന്നു അവന്റെ വീട്ടിൽ അവനോടുകൂടെ ഭക്ഷണം കഴിച്ചു; യഹോവ അവന്റെ മേൽ വരുത്തിയിരുന്ന സകല അനർത്ഥത്തെയും കുറിച്ചു അവർ അവനോടു സഹതാപം കാണിച്ചു അവനെ ആശ്വസിപ്പിച്ചു; ഓരോരുത്തനും അവന്നു ഓരോ പൊൻനാണ്യവും ഓരോ പൊൻമോതിരവും കൊടുത്തു. ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു; അവന്നു പതിനാലായിരം ആടും ആറായിരം ഒട്ടകവും ആയിരം ഏർ കാളയും ആയിരം പെൺകഴുതയും ഉണ്ടായി. അവന്നു ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി."*

ഇയ്യോബിനു മറ്റുള്ളവർ പൊന്മോതിരം കൊടുത്തപ്പോൾ ഇയ്യോബ് അതു എതിർത്തില്ലെന്നും, താൻ ആഭരണമണിഞ്ഞവനായിരുന്നെന്നും അതുകൊണ്ടു വിശ്വാസികൾ ആഭരണങ്ങൾ വർജ്ജിക്കേണ്ട കാര്യമില്ലെന്നും ഈ വാക്യമുദ്ധരിച്ചുകൊണ്ട് ആഭരണസ്നേഹികൾ വ്യാഖ്യാനിക്കുന്നു. ഇതിന്റെ വിശദീകരണത്തിന്നായി





ഇയ്യോബിനെയും ഈ വാക്യത്തിന്റെ പശ്ചാത്തലത്തെയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇയ്യോബിനെക്കുറിച്ചു ദൈവാത്മാവു രേഖപ്പെടുത്തിയിരിക്കുന്നതു അദ്ദേഹം നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായിരുന്നു എന്നാണ് (ഇയ്യോ.1:1,8). കൂടാതെ ഇയ്യോബ് മഹാധനികനുമായിരുന്നു. തന്റെ മൃഗസമ്പത്തുകൾ, വസ്തുവകകൾ, മക്കൾ എല്ലാം ഓരോന്നായി നഷ്ടപ്പെട്ടു. അപ്പോഴും ദൈവഭക്തനായ ഇയ്യോബിനു പറയുവാനുണ്ടായിരുന്നത് — *"യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ"* (ഇയ്യോ.1:21) എന്നായിരുന്നു. ഇയ്യോബ് ജീവിതത്തിൽ അതികഠിനമായ കഷ്ടങ്ങളിലൂടെ കടന്നുപോയി. ദൈവസന്നിധിയിൽ വിനയപ്പെടുകയും, തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ദൈവം കരുണ കാണിക്കുകയും ചെയ്തു. *"മുമ്പേ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിന് ഇരട്ടിയായി കൊടുത്തു"* (ഇയ്യോ.42:10). ആടുകളും, കന്നുകാലികളും ഒട്ടകങ്ങളും കഴുതകളും ഉൾപ്പെട്ട മൃഗസമ്പത്ത് ഇരട്ടിയായി (1:3/42:12). മക്കളുടെ കാര്യത്തിൽ ദൈവം വീണ്ടും ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉൾപ്പെടെ പത്തു മക്കളെ മാത്രമേ കൊടുത്തുള്ളു. മൃഗങ്ങളും വസ്തുവകകളും നശിച്ചുപോയതുപോലെ ആദ്യമുണ്ടായിരുന്ന പത്തു മക്കൾ നശിക്കാതെ സ്വർഗ്ഗത്തിൽ ജീവിക്കുന്നു. അതായത് സ്വർഗ്ഗത്തിൽ പത്തു മക്കളും, ഇപ്പോഴുള്ള പത്തു മക്കളുമുൾപ്പെടെ ഇരുപതു മക്കളായതിനാൽ അതിലും ഇരട്ടി ലഭിച്ചു. എല്ലാവിധത്തിലും ദൈവം ഇയ്യോബിനെ സമൃദ്ധിയായി അനുഗ്രഹിച്ചതു കണ്ടപ്പോഴാണ്, അവന്റെ സകല സഹോദരന്മാരും സഹോദരിമാരും പരിചയക്കാരും അവരുടെ സന്തോഷസൂചകമായി ഓരോ പൊൻനാണയവും പൊൻമോതിരവും കൊടുത്തത്. ഇയ്യോബിനു പൊന്മോതിരം ലഭിച്ചതിനാൽ വിശ്വാസികൾക്കും ആഭരണമുപയോഗിക്കാമെന്നു ചിലർ ഈ വാക്യമാധാരമാക്കി വാദിക്കാറുണ്ട്. എന്നാൽ ഈ വ്യാഖ്യാനം താഴെ വിവരിക്കുന്ന കാരണങ്ങളാൽ ശരിയല്ല.

(1) ഇയ്യോബ് ആഭരണധാരിയായിരുന്നുവെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല. ഇയ്യോബിനെ ദൈവമനുഗ്രഹിച്ച് എല്ലാം ഇരട്ടിയായി നൽകിയ വേളയിൽ അവന്റെ സകലസഹോദരന്മാരും, സഹോദരിമാരും, പരിചയക്കാരും ഓരോ പൊന്മോതിരം വീതം കൊടുത്തതേയുള്ളു. അതു അവരുടെ സ്നേഹ പ്രകടനമായിരുന്നു. എന്നാൽ ആരും ഇയ്യോബിനെ പൊന്മോതിരം ധരിപ്പിച്ചില്ല.

(2) ഇക്കാലങ്ങളിൽ നമ്മുടെ വിവാഹം, ഗൃഹപ്രവേശനം തുടങ്ങിയ അവസരങ്ങളിൽ ബന്ധുമിത്രാദികളെയും, സ്നേഹിതരെയും, പരിചയക്കാരെയും ക്ഷണിക്കുമ്പോൾ, അനേകർ അവരുടെ സ്നേഹസന്തോഷപ്രകടനമായി സമ്മാനങ്ങൾ കൊണ്ടുവരാറുണ്ട്. വിശ്വാസികളല്ലാത്ത ജാതീയരായ ആൾക്കാരും തദവസരത്തിൽ സമ്മാനങ്ങൾ കൊണ്ടു വരാം. വിശ്വാസിയായ ഒരുവന്റെ ഭവനത്തിൽ ഈ അവസരത്തിൽ ഒരു വെള്ളി വിഗ്രഹമാരെങ്കിലും കൊണ്ടുവന്നാൽ ആ വിശ്വാസി വിഗ്രഹാരാധിയായതിനാലാണെന്നു പറയാറുണ്ടോ? അതുപോലെ ഇയ്യോബിനു ലഭിച്ചതിൽ പൊന്മോതിരമുണ്ടായിരുന്നതിനാൽ ഇയ്യോബും ആഭരണധാരിയാണെന്നു പറഞ്ഞു നമുക്കും ആഭരണമാകാമെന്നു പറയുന്നതിൽ അർത്ഥമില്ല.

(3) ഇയ്യോബ് ഏകദേശം അബ്രഹാമിന്റെ കാലത്തോടടുത്തും മോശെക്കു മുമ്പും ജീവിച്ചിരുന്ന ഒരു ദൈവദാസനായിരുന്നുവെന്നാണ് വേദപണ്ഡിതന്മാരുടെ അഭിപ്രായം. മോശെയുടെ കാലഘട്ടത്തിൽ യിസ്രായേൽ മക്കൾ പൊന്നും വെള്ളിയുമുപയോഗിച്ചു ദൈവത്തിന്റെ സ്ഥാനത്തു വിഗ്രഹം പ്രതിഷ്ഠിച്ചപ്പോഴാണ് അവർ ആഭരണം ധരിക്കരുതെന്നു ദൈവം കല്പന കൊടുത്തത്. അങ്ങനെയെങ്കിൽ "ആഭരണം നീക്കിക്കളക" എന്ന ദൈവകല്പനയ്ക്കു മുമ്പു ജീവിച്ചിരുന്ന ഇയ്യോബിനെ ആഭരണധാരികൾക്കു കൂട്ടു പിടിക്കുവാൻ കഴിയുകയില്ല.





(4) ഇയ്യോബിന്റെ പെൺമക്കളെ നോക്കിയാലും അവർ ആഭരണം ധരിച്ചിരുന്നതായി കാണുന്നില്ല. ഇയ്യോബിന്റെ മൂന്നു പെൺമക്കളുടെ പേരുകൾ —

(1) യെമീമ (Jemima) = പ്രാവ്

(2) കെസീയാ (Kezia) = ലവംഗം/ സുഗന്ധക്കുഴമ്പ്

(3) കേരൻ-ഹപ്പൂക്ക് (Keren-happuch)

= വർദ്ധനവിന്റെ കൊമ്പ്.

*"ഇയ്യോബിന്റെ പുത്രിമാരെപ്പോലെ സൗന്ദര്യമുള്ള സ്ത്രീകൾ ദേശത്തെങ്ങും ഉണ്ടായിരുന്നില്ല"* എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഇയ്യോ.42:15). അവരുടെ സൗന്ദര്യം പൊന്നോ വെള്ളിയോ അണിഞ്ഞതിനാലല്ല. അവരുടെ പേരിന്റെ അർത്ഥം നോക്കിയാൽത്തന്നെ അവരുടെ ആത്മീയസൗന്ദര്യം കാണാം. യെമീമ പ്രാവിനെപ്പോലെ കളങ്കമില്ലാത്തവളും, ശാന്തസ്വഭാവക്കാരിയും, കെസീയാ ജീവിതത്തിൽ സൗരഭ്യം പരത്തുന്നവളും, കേരൻ-ഹപ്പൂക്ക് വർദ്ധനയുടെ കൊമ്പായി ജീവിതത്തിൽ വിജയമുള്ളവളുമായിരുന്നു.

നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായ ഇയ്യോബിനു അനേകർ നൽകിയ സ്നേഹസന്തോഷപ്രകടന സമ്മാനങ്ങളിൽ പൊന്മോതിരമുണ്ടായിരുന്നതിനാൽ ഇയ്യോബ് ആഭരണധാരിയും, ആഭരണസ്നേഹിയുമായിരുന്നുവെന്നുള്ള അപകീർത്തിപരമായ നിഗമനത്തിലെത്തുന്നവർ അവരുടെ വഴിയേ പോകട്ടെ. അന്ത്യകാലത്തു ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്നവർ ഉണ്ടാകും (യൂദാ.18) എന്നുള്ള മുന്നറിയിപ്പു ജാഗ്രതയോടെ കരുതിക്കൊണ്ട് ആഭരണമോഹങ്ങൾ നീക്കിക്കളഞ്ഞു വിശുദ്ധിയിൽ ജീവിക്കാം.

## (4) രാജ്ഞി ഓഫീർതങ്കം അണിഞ്ഞു നിൽക്കുന്നു —

**സങ്കീ.45:9 —"നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു: നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നു."**

രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നതിനു തെളിവായി ഉന്നയിക്കുന്ന മറ്റൊരു വാക്യമാണിത്. എന്നാൽ ഇത് ആലങ്കാരിക ഭാഷയിൽ പറഞ്ഞിട്ടുള്ളതാണ്. കോരഹ്പുത്രന്മാരുടെ ഒരു ധ്യാനമായ 45-ാം സങ്കീർത്തനം, ഒമ്പതാമത്തെ മശീഹാസങ്കീർത്തനം കൂടിയാണ്. ആത്മീയാർത്ഥത്തിൽ ഇതു ക്രിസ്തുവും സഭയും തമ്മിലുള്ള വിശുദ്ധസ്നേഹബന്ധത്തെക്കുറിക്കുന്നു. പഴയനിയമ തിരുവെഴുത്തുകളിൽ 'സഭ' എന്ന മർമ്മം വെളിപ്പെടാതിരുന്നതിനാൽ (എഫെ.3:5-9/ കൊലൊ.1:26) ദൈവവും, യിസ്രായേൽ മക്കളും മണവാളനും മണവാട്ടിയും എന്ന നിലയിലുള്ള സ്നേഹബന്ധത്തെയാണ് കുറിക്കുന്നതെന്നും അഭിപ്രായമുണ്ട്. ഈ സങ്കീർത്തനത്തിലെ 6,7 വാക്യങ്ങൾ ത്രിത്വത്തിൽ ഒന്നാമനായ പിതാവാം ദൈവം ത്രിത്വത്തിൽ രണ്ടാമനായ പുത്രനാം ദൈവത്തോടു പറയുന്നതായി എബ്രായലേഖനം 1:8,9-ൽ ഉദ്ധരിച്ചിരിക്കുന്നതിനാലാണ് മശീഹാസങ്കീർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലെ 1 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ സ്വർഗ്ഗീയ രാജാധിരാജാവായ ക്രിസ്തുവിനെ സർവ്വാംഗസുന്ദരനും ലാവണ്യവാനുമായ കാന്തനെന്ന നിലയിൽ, വർണ്ണിച്ചിരിക്കുന്നു. 9 മുതലുള്ള വാക്യങ്ങളിൽ സർവ്വാലങ്കാരവിഭൂഷിതയായ രാജകുമാരിയെ സന്തോഷത്തോടും ഉല്ലാസത്തോടും പ്രിയനോടു ചേർന്നുനിൽക്കുന്ന കാന്തയായും വർണ്ണിച്ചിരിക്കുന്നു. "*നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നു"* എന്നതിൽ അനേക ആത്മീയസത്യങ്ങൾ അടങ്ങിയിരിക്കുന്നു. ***"വലത്തുഭാഗം"*** അധികാരത്തിന്റെയും, അനുഗ്രഹത്തിന്റെയും, ഉന്നതിയുടെയും സ്ഥാനമാണ്. ***"രാജ്ഞി"*** എന്നത് യേശുക്രിസ്തുവിലൂടെ നീതീകരിക്കപ്പെട്ട ദൈവമക്കളുടെ കൂട്ടമായ മണവാട്ടിസഭ. ***"ഓഫീർ തങ്കം"*** ഏറ്റവും വിലയേറിയതും യാതൊരു മാലിന്യവുമില്ലാത്തതുമായ തങ്കമാണ്. ആയതുപോലെ മണവാട്ടിസഭ കറയും, കളങ്കവും ഇല്ലാത്തവളായി സഭാകാന്തനായ കർത്താവിന്റെ മഹത്വവും, സന്തോഷവും പങ്കിട്ടുകൊണ്ടു പ്രിയന്റെ വലത്തുഭാഗത്തു നിൽക്കുന്നു.





തങ്കം, ലോഹങ്ങളിൽ വെച്ചു വിലയേറിയതെങ്കിൽ, ഓഫീർ തങ്കം തങ്കത്തേക്കാൾ വിലയേറിയതും പരിശുദ്ധിയുള്ളതുമാണ്. സഭാകാന്തനായ ക്രിസ്തുവിന്റെ നീതിശോഭ അണിയപ്പെട്ടവളായി, സഭ നിൽക്കുന്നതിനെയാണ് ഇതു കാണിക്കുന്നത്. രാജ്ഞി ഓഫീർതങ്കം അണിഞ്ഞുനിൽക്കുന്നതിനാൽ ആഭരണത്തെക്കുറിച്ചുതന്നെയാണു പറയുന്നതെന്നു അഭിപ്രായപ്പെട്ടാൽ *"എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ" (45:1)* എന്നു പറഞ്ഞിരിക്കുന്നതിൽ നാവു "എഴുത്താണി" എന്നോ "നാരായം" എന്നോ പറയേണ്ടി വരും. ക്രിസ്തുവും സഭയും മണവാളനും മണവാട്ടിയും എന്ന നിലയിൽ വിവരിക്കുന്നതും അനേക ആത്മീയസത്യങ്ങൾ അടങ്ങിയതുമായ ഈ ഭാഗത്തിനു ആഭരണധാരണവുമായി ബന്ധമില്ല.

## (5) മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നു

**യെശ.61:10 — "ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവു അണിയുന്നതു പോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതു പോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു."**

മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിച്ചിരിക്കുന്നുവെന്നു ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ആഭരണം വിശ്വാസികൾക്കുമാകാമെന്നു സ്ഥാപിക്കുവാനായി ചിലർ ഈ വാക്യം തെറ്റായി വ്യാഖ്യാനിക്കുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ***തലപ്പാവു, ആഭരണം, രക്ഷാവസ്ത്രം, നീതി എന്ന അങ്കി*** എന്നിവയൊക്കെ യെശയ്യാപ്രവാചകൻ തന്റെ ദൂതു വിശദീകരിക്കുവാനായി

ആലങ്കാരികഭാഷയിൽ പറയുന്ന പ്രയോഗങ്ങളാണ്. യെശയ്യാപ്രവചനം 61-ാം അദ്ധ്യായത്തിൽ യഹോവയുടെ അഭിഷിക്തനായ ക്രിസ്തുവിനെയും, ക്രിസ്തുവിന്റെ ശുശ്രൂഷകളെയും വിശദീകരിക്കുന്നു. മശീഹയുടെ രണ്ടു പ്രത്യക്ഷതകളും ഇവിടെ കാണാം. എളിയവരോടു സദ്വർത്തമാനം അറിയിച്ചു അവർക്കു ആശ്വാസവും, വിടുതലും, സ്വാതന്ത്രവും കുറിക്കുന്ന യഹോവയുടെ പ്രസാദവർഷവും, ദൈവത്തെ അനുസരിക്കാത്തവർക്കു പ്രതികാരദിവസവും ഈ രണ്ടു പ്രത്യക്ഷതകളിൽ യെശയ്യാപ്രവാചകൻ വിശദീകരിക്കുന്നു. പ്രവാസികളായിരുന്ന യിസ്രായേൽജനത്തെ മടക്കി വരുത്തി അവരെ അനുഗ്രഹിക്കുകയും അവരുടെ ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യുമെന്നു പ്രവാചകൻ അറിയിക്കുന്നു. അപ്പോൾ യഹോവയായ ദൈവത്തിൽ അവർക്കുണ്ടാകുന്ന സന്തോഷത്തെയാണ് പ്രവാചകൻ മണവാളൻ തലപ്പാവു അണിയുന്നതു പോലെയും, മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും, രക്ഷാവസ്ത്രവും നീതിഎന്ന അങ്കിയും ധരിപ്പിക്കുന്നതുപോലെയും ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്നത്. രക്ഷാവസ്ത്രവും, നീതി എന്ന അങ്കിയും ആത്മീയമായതാണ്. അവ നഗ്നനേത്രങ്ങളാൽ ദൃശ്യമല്ല. മണവാട്ടി ആഭരണങ്ങൾ തന്നെത്താൻ ധരിച്ചിരിക്കുന്നു എന്നതിനാൽ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു ഈ വാക്യത്തിനർത്ഥമില്ല. അഥവാ ഈ വാക്യത്തെ മുറകെപ്പിടിച്ചുകൊണ്ടു ആഭരണം ധരിക്കാമെന്നു വാദിക്കുന്നുവെങ്കിൽ മണവാളൻ തലപ്പാവു അണിഞ്ഞിരിക്കുന്നതിനാൽ പുരുഷന്മാർ തലപ്പാവു അണിയണമെന്നും പറയേണ്ടി വരും.

തലപ്പാവും ആഭരണവും ഇല്ലാതെ തന്നെ നമ്മുടെ വീണ്ടെടുപ്പുകാരനും ആത്മമണവാളനുമായ കർത്താവിൽ ഏറ്റവും അധികം സന്തോഷിക്കുവാൻ ഇടയാകുന്നുവെങ്കിൽ, പിന്നെ എന്തിനാണ് തേജസ്സേറിയ ആത്മീയശരീരത്തിൽ ലോഹങ്ങൾ കെട്ടിത്തൂക്കുന്നത്?. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക — **വെളി.19:7,8** –– *"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ*





*കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ."*

## (6) ഒരു കന്യക തന്റെ ആഭരണങ്ങൾ മറക്കുമോ?

**യിരെ.2:32— "......... ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തന്റെ അരക്കച്ചയും മറക്കുമോ? ......."**

"ഒരു കന്യക തന്റെ ആഭരണം മറക്കുമോ?" എന്നു തിരുവചനത്തിൽ ചോദിച്ചിട്ടുണ്ടെന്നും, അത് ഒരു കന്യകയ്ക്ക് ആഭരണത്തോടുള്ള താല്പര്യം യാഥാർത്ഥബോധത്തോടെ ബൈബിൾ വെളിപ്പെടുത്തുകയാണെന്നും അതിനാൽ വിശ്വാസികൾക്കും ആഭരണങ്ങൾ ധരിക്കാമെന്നും ചിലർ സമർത്ഥിക്കുന്നു. പക്ഷേ ഈ വാക്യം പ്രവാചകൻ ആഭരണധാരണത്തോടുള്ള ബന്ധത്തിൽ പറയുന്നതല്ല. "യഹോവാസാക്ഷികൾ" ബൈബിളിലെ ചില തുണ്ടു വാക്യങ്ങൾ അടർത്തിയെടുത്തു അവരുടെ ഇഷ്ടാനുസരണം പ്രയോഗിക്കുന്നതുപോലെ, ഇക്കൂട്ടരും പ്രയോഗിക്കുന്നുവെന്നേയുള്ളു.

യിരെമ്യാവു യിസ്രായേൽ ജനത്തോടു പറയുന്ന അരുളപ്പാടു ഈ വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മുഴുവൻ ശ്രദ്ധിക്കുക — ***യിരെ.2:32 — "എന്റെ ജനം പറയുന്നതു എന്തു? ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തന്റെ അരക്കച്ചയും മറക്കുമോ? എന്നാൽ എന്റെ ജനം എണ്ണമില്ലാത്ത നാളായി എന്നെ മറന്നിരിക്കുന്നു."*** സർവ്വശക്തനായ ദൈവത്തെ മറന്ന് അന്യദേവന്മാരെ ആരാധിക്കുകയും, സ്വന്തം ഇഷ്ടപ്രകാരം നടക്കുകയും ചെയ്യുന്ന യിസ്രായേൽ ജനത്തെ കണ്ടുകൊണ്ടു ദൈവം പ്രവാചകനിലൂടെ പറയുകയാണ് — *"അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു"* (യിരെ.2:13). ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ വിവാഹനിശ്ചയം ചെയ്ത മണവാട്ടിയായും, ദൈവം മണവാളനായും തിരുവചനത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അവർ ദൈവത്തെ ഉപേക്ഷിച്ചു

അന്യദേവന്മാരുടെ അടുക്കലേക്കു പോയപ്പോൾ അവരുടെ തെറ്റിനെ ഉണർത്തുകയാണ് പ്രവാചകനിലൂടെ ദൈവം ചെയ്തത്. വിശ്വാസികൾ ആഭരണമുപയോഗിക്കുവാൻ അനുവദിക്കുന്നുവെന്നുള്ള ധ്വനിപോലും ഈ വാക്യത്തിലില്ല.

## (7) ഞാൻ നിന്നെ ആഭരണം അണിയിച്ചു —

**യെഹെ.16:11,12 — "ഞാൻ നിന്നെ ആഭരണം അണിയിച്ചു. നിന്റെ കൈക്കു വളയും കഴുത്തിൽ മാലയും ഇട്ടു. ഞാൻ നിന്റെ മൂക്കിന്നു മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു; തലയിൽ ഭംഗിയുള്ളോരു കിരീടവും വെച്ചു......"**

വളയും, മാലയും, മൂക്കുത്തിയും, കുണുക്കും ഉൾപ്പെടെ സകല ആഭരണങ്ങളും ദൈവം ഇതാ അണിയിച്ചു കൊടുത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു ചിലർ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വാക്യമാണിത്. ഇതും തെറ്റായ വ്യാഖ്യാനമാണ്. ആരോടാണ്, ഏതുസാഹചര്യത്തിലാണ് ഇങ്ങനെ ദൈവം പ്രവാചകനിലൂടെ പറഞ്ഞിരിക്കുന്നതെന്നു മനസ്സിലാക്കിയാൽ ഈ വാക്യവും ആഭരണവിഷയത്തോടുള്ള ബന്ധത്തിൽ പറഞ്ഞതല്ലെന്നു ബോദ്ധ്യമാകും.

ഇതു യിസ്രായേൽ ജനതയോടു പറഞ്ഞിരിക്കുന്ന പ്രസ്താവനയാണ്. അല്ലാതെ ഒരു വ്യക്തിയോടുള്ള ബന്ധത്തിലുള്ളതല്ല. യിസ്രായേലിനെ, ഗൃഹത്തിന്റെ കാവൽക്കാരൻ (യെഹെ.3:17/ യെഹെ.33:2-7), മുന്തിരിവള്ളി (യെഹെ.15:1,2), തള്ളപ്പെട്ട ശിശു (യെഹെ.16:4), അവിശ്വസ്തരായ രണ്ടു ഭാര്യമാർ (യെഹെ.23:4,5), അടുപ്പത്തു വെച്ച കുട്ടകം (യെഹെ.24:3), ഇടയൻ (യെഹെ.34:2,3) എന്നിങ്ങനെ ഈ പ്രവചനപുസ്തകത്തിൽ അനേക സാദൃശ്യങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. യെഹെസ്കേൽ പ്രവചനം 16-ാം അദ്ധ്യായത്തിൽ യെരൂശലേമിനോടു അഥവാ യിസ്രായേലിനോടു ആർക്കും മനസ്സലിവു തോന്നാതെ, എല്ലാവരാലും തള്ളപ്പെട്ട ശിശുവായി ചിത്രീകരിച്ചിരിക്കുന്നു (യെഹെ.16:1-5). എന്നാൽ ദൈവം അവളുടെ ഈ അവസ്ഥ കണ്ടു മനസ്സലിഞ്ഞു, കോരിയെടുത്തു ശുശ്രൂഷിക്കു





കയും ആവശ്യമായ എല്ലാ നന്മകളാലും അവളെ അലങ്കരിക്കുകയും ചെയ്ത വിധങ്ങൾ ആലങ്കാരികഭാഷയിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക — **യെഹെ.16:6,9,10,11,12** — *"എന്നാൽ ഞാൻ നിന്റെ സമീപത്തുകൂടി കടന്നു പോകുമ്പോൾ നീ രക്തത്തിൽ കിടന്നുരുളുന്നതു കണ്ടു.............പിന്നെ ഞാൻ നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു രക്തം കഴുകിക്കളഞ്ഞു എണ്ണപൂശി. ഞാൻ നിന്നെ വിചിത്രവസ്ത്രം ധരിപ്പിച്ചു, തഹശുതോൽകൊണ്ടുള്ള ചെരിപ്പിടുവിച്ചു, ശണപടം കൊണ്ടു ചുറ്റി പട്ടു പുതപ്പിച്ചു. ഞാൻ നിന്നെ ആഭരണം അണിയിച്ചു നിന്റെ കൈക്കു വളയും കഴുത്തിൽ മാലയും ഇട്ടു. ഞാൻ നിന്റെ മൂക്കിന്നു മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു; തലയിൽ ഭംഗിയുള്ളോരു കിരീടവും വെച്ചു."*

യിസ്രായേൽ ജനതയെ ഒന്നടങ്കം ദൈവം സകലവിധ നന്മകളാലും അലങ്കരിച്ച വസ്തുത പ്രവാചകൻ ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുന്നതാകയാൽ ഈ വാക്യം വിശ്വാസികൾ ആഭരണം ധരിക്കുവാൻ അനുവാദം നൽകുന്നുവെന്നു പറയുവാൻ സാധിക്കുകയില്ല.

## (8) ദാനീയേലിനെ പൊന്മാല ധരിപ്പിച്ചു —

**ദാനീ.5:29 — "അപ്പോൾ ബേൽശസ്സരിന്റെ കല്പനയാൽ അവർ ദാനീയേലിനെ ധൂമ്രവസ്ത്രവും കഴുത്തിൽ പൊന്മാലയും ധരിപ്പിച്ചു; അവൻ രാജ്യത്തിലെ മൂന്നാമനായി വാഴും എന്നു അവനെക്കുറിച്ചു പ്രസിദ്ധമാക്കി."**

ദാനീയേലിനെ പൊന്മാല ധരിപ്പിച്ചു എന്നു ഈ വാക്യത്തിൽ കാണുന്നു. ഇതിന്റെ പശ്ചാത്തലത്തിലേക്കു നോക്കാം. *"ബേൽശസ്സർ രാജാവു തന്റെ മഹത്തുക്കളിൽ ആയിരംപേർക്കു ഒരു വലിയ വിരുന്നു ഒരുക്കി അവർ കാൺകെ വീഞ്ഞു കുടിച്ചു. ബേൽശസ്സർ വീഞ്ഞുകുടിച്ചു രസിച്ചിരിക്കുമ്പോൾ, തന്റെ അപ്പനായ നെബൂഖദ്നേസ്സർ യെരൂശലേമിലെ മന്ദിരത്തിൽ നിന്നു എടുത്തുകൊണ്ടുവന്നിരുന്ന പൊൻ വെള്ളി പാത്രങ്ങളെ, രാജാവും മഹത്തുക്കളും അവന്റെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ കുടിക്കേണ്ടതിന്നായി കൊണ്ടു*

*വരുവാൻ കല്പിച്ചു"* (ദാനീ.5:1,2). ദൈവാലയത്തിൽ ദൈവീകശുശ്രൂഷകൾക്കായി വേർതിരിച്ചു ഉപയോഗിച്ചുകൊണ്ടിരുന്ന ഈ പാത്രങ്ങളിൽ അവർ വീഞ്ഞുകുടിച്ചുല്ലസിച്ചു, അതിനെ അശുദ്ധമാക്കുകയും ചെയ്തതുവഴി ദൈവത്തോടു അനാദരവു കാണിച്ചു. ക്ഷണത്തിൽ രാജധാനിയുടെ ഭിത്തിയിൽ ദൈവത്തിന്റെ ന്യായവിധിയുടെ സന്ദേശം എഴുതപ്പെട്ടു —*"മെനേ, മെനേ, തെക്കേൽ, ഊഫർസീൻ"* —*"ഉടനെ രാജാവിന്റെ മുഖഭാവം മാറി, അവൻ വിചാരങ്ങളാൽ പരവശനായി. അരയുടെ ഏപ്പു അഴിഞ്ഞു കാൽമുട്ടുകൾ ആടിപ്പോയി"* (ദാനീ.5:6). ആഭിചാരകന്മാരെയും ശകുനവാദികളെയും തൽക്ഷണം രാജസന്നിധിയിൽ വരുത്തിയെങ്കിലും അവർക്കു എഴുത്തു വായിക്കുന്നതിനോ അതിന്റെ അർത്ഥം വിശദീകരിക്കുവാനോ കഴിഞ്ഞില്ല. ബാബിലോണ്യ ജ്ഞാനികൾ അമ്പരന്നു നിന്നപ്പോൾ ദൈവപുരുഷനായ ദാനീയേലിനെ രാജസന്നിധിയിൽ കൊണ്ടു വന്നു. ബാബേലിലെ വിദ്വാന്മാരുടെ അറിവില്ലായ്മ രാജാവു ദാനീയേലിനോടു പറയുന്നതോടൊപ്പം കൈയെഴുത്തിന്റെ അർത്ഥം പറഞ്ഞു കൊടുക്കുന്നവർക്കു വലിയ സമ്മാനങ്ങളും പദവിയും വാഗ്ദാനം ചെയ്തു. ദാനീയേൽ ഇതിനു ഉത്തരം പറഞ്ഞത് —*"ദാനങ്ങൾ തിരുമേനിക്കു തന്നേ ഇരിക്കട്ടെ; സമ്മാനങ്ങൾ മറ്റൊരുത്തനു കൊടുത്താലും; എഴുത്തു ഞാൻ രാജാവിനെ വായിച്ചു കേൾപ്പിച്ചു അർത്ഥം ബോധിപ്പിക്കാം"* (ദാനീ.5:17). സകലജ്ഞാനത്തിന്റെയും ഉറവിടമായ സർവ്വശക്തനായ ദൈവത്തിന്റെ ദാസനായ ദാനീയേൽ അർത്ഥം വിശദീകരിച്ചു. അത് ഇപ്രകാരമായിരുന്നു —*"ദൈവം നിന്റെ രാജത്വം എണ്ണി, അതിനു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നു വെച്ചാൽ : തുലാസ്സിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു"(ദാനീ.5:26,27).*

ദാനീയേലിനെ പൊന്മാല ധരിപ്പിച്ചതിനാൽ വിശ്വാസികൾക്കും പൊന്മാല ധരിക്കാമെന്നുള്ള നിഗമനം ശരിയല്ല. രാജമന്ദിരത്തിന്റെ ചുവരിലെ എഴുത്തു വായിച്ച് അതിന്റെ അർത്ഥം പറഞ്ഞുകൊടുക്കുന്നവനു ധൂമ്രവസ്തവും, പൊന്മാലയും,





ശ്രേഷ്ഠപദവിയും കൊടുക്കുമെന്നു രാജാവു പറഞ്ഞപ്പോൾ, ദാനീയേൽ പറഞ്ഞത് സമ്മാനങ്ങൾ ഒന്നും തനിക്കുവേണ്ടെന്നും, അതൊക്കെ മറ്റൊരുത്തനു കൊടുത്താലും എന്നാണ്. ബാലനായിരുന്നപ്പോൾ രാജകൊട്ടാരത്തിലെ ഭോജനവും, വീഞ്ഞും ഉപയോഗിച്ചു തന്നെത്തന്നെ അശുദ്ധനാക്കാതെ പച്ചവെള്ളവും ശാകപദാർത്ഥവും മാത്രം കഴിച്ചു ജീവിച്ചപ്പോഴും ദാനീയേലിനെ ദൈവം ഏറ്റവും വിശിഷ്ടനാക്കിയെങ്കിൽ, ദാനീയേലിന് എന്തിനു ലോകത്തിന്റെ സമ്മാനങ്ങളും, പദവികളും? ദൈവത്തെ മാനിക്കാത്ത, ജഡികോല്ലാസങ്ങളിൽ മുങ്ങിക്കുളിച്ച രാജാവു തന്റെ സ്വന്ത ഇഷ്ടപ്രകാരം സമ്മാനങ്ങളാൽ ദാനീയേലിനെ ബഹുമാനിക്കുന്നു. പൊന്മാല രാജകല്പനപ്രകാരം ദാനീയേലിനെ ധരിപ്പിക്കുകയായിരുന്നു. അല്ലാതെ ദാനീയേൽ സ്വയമായി ധരിച്ചെന്നോ, എന്നും ഈ പൊന്മാല ധരിച്ചുകൊണ്ടു നടന്നുവെന്നോ ഇതിനർത്ഥമില്ല.

## (9) യോശുവയുടെ തലയിൽ പൊന്നും വെള്ളിയും കൊണ്ടുള്ള കിരീടം —

**സെഖ.6:11,12 — "അവരോടു നീ വെള്ളിയും പൊന്നും വാങ്ങി കിരീടം ഉണ്ടാക്കി മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവയുടെ തലയിൽ വെച്ചു അവനോടു പറയേണ്ടതെന്തെന്നാൽ: സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; മുള എന്നു പേരുള്ളൊരു പുരുഷനുണ്ടല്ലോ; അവൻ തന്റെ നിലയിൽ നിന്നു മുളെച്ചുവന്നു യഹോവയുടെ മന്ദിരം പണിയും."**

മഹാപുരോഹിതനായ യോശുവയുടെ തലയിൽ പൊന്നും വെള്ളിയും കൊണ്ടുണ്ടാക്കിയ കിരീടം ധരിപ്പിക്കുവാൻ കല്പനയുണ്ടായിരുന്നതിനാൽ പൊന്നും വെള്ളിയും കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ വിശ്വാസികൾക്കും ധരിക്കാമെന്നു ചിലർ ഈ വാക്യത്തെ അടിസ്ഥാനപ്പെടുത്തി സമർത്ഥിക്കുന്നു. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന കിരീടധാരണം പ്രവാചകൻ ആഭരണധാരണത്തോടുള്ള

ബന്ധത്തിൽ പറഞ്ഞിട്ടുള്ളതല്ല. ഹെല്ദായി, തോബീയാവു, യെദായാവു എന്നീ പ്രവാസികളിൽ നിന്നും പൊന്നും വെള്ളിയും വാങ്ങി ഒരു കിരീടം ഉണ്ടാക്കി മഹാപുരോഹിതനായ യോശുവയെ ധരിപ്പിക്കണമെന്നു ദൈവം സെഖര്യാവിനോടു കല്പിച്ചു. കിരീടം തലയിൽ വെച്ചശേഷം സെഖര്യാവു പറയേണ്ടുന്നതു ഇപ്രകാരമായിരുന്നു — *“സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മുള എന്നു പേരുള്ളൊരു പുരുഷനുണ്ടല്ലോ; അവൻ തന്റെ നിലയിൽ നിന്നു മുളെച്ചുവന്നു യഹോവയുടെ മന്ദിരം പണിയും. അവൻ തന്നേ യഹോവയുടെ മന്ദിരം പണിയും; അവൻ ബഹുമാനഭൂഷണം ധരിച്ചു സിംഹാസനത്തിൽ ഇരുന്നു വാഴും; അവൻ സിംഹാസനത്തിൽ പുരോഹിതനായിരിക്കും; ഇരുവർക്കും തമ്മിൽ സമാധാനമന്ത്രണം ഉണ്ടാകും”(സെഖ.6:12,13).*

കിരീടം സാധാരണയായി രാജാക്കന്മാർ ധരിക്കുന്നതാണ്, പുരോഹിതന്മാർക്കുള്ളതല്ല. മഹാപുരോഹിതനായ യോശുവയുടെ തലയിൽ രാജകിരീടം ചൂടിച്ചത്, യേശുക്രിസ്തു രാജാവും മഹാപുരോഹിതനുമായി വാഴുന്നതിനെ സാദൃശ്യപരമായി ചിത്രീകരിക്കാനാണ്. യിശ്ശായിയുടെ കുറ്റിയിൽ നിന്നു പൊട്ടിപ്പുറപ്പെട്ട മുള — ഇന്നു മഹാപുരോഹിതനായി ദൈവസന്നിധിയിൽ നമുക്കായി പക്ഷവാദം ചെയ്യുന്ന യേശുക്രിസ്തു — ഭാവിയിൽ രാജാധിരാജാവും കർത്താധികർത്താവുമായി ഭൂമിയിൽ വാഴും എന്നു കാണിക്കുന്നു.

സെഖര്യാപ്രവചനത്തിൽ വീണ്ടും കാണുന്നത്, മഹാപുരോഹിതനായ യോശുവയുടെ തലയിൽ നിന്നു കിരീടം എടുത്തു, കിരീടം ഉണ്ടാക്കുവാനായി പൊന്നും വെള്ളിയും ദാനം ചെയ്തവരുടെ ഓർമ്മെക്കായി യഹോവയുടെ മന്ദിരത്തിൽ വെക്കണം എന്നാണ് (സെഖ.6:14). അതായത് കിരീടം മഹാപുരോഹിതനായ യോശുവ എന്നും ധരിച്ചുകൊണ്ടു നടന്നില്ല. ആയതിനാൽ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ആത്മീയമർമ്മങ്ങൾ ആഭരണധാരണവുമായി ബന്ധപ്പെടുത്താവുന്നതല്ല. കൂടാതെ കിരീടം രാജത്വത്തിന്റെ ചിഹ്നമാണ്, അതു ആഭരണമല്ല.





## (10) മുടിയൻ പുത്രന്റെ കൈക്കു മോതിരം —

**ലൂക്കൊ. 15:22 — “അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ: ഇവന്റെ കൈക്കു മോതിരവും കാലിന്നു ചെരിപ്പും ഇടുവിപ്പിൻ.”**

ഈ വാക്യം ഉൾക്കൊള്ളുന്ന ലൂക്കൊസിന്റെ സുവിശേഷം 15:11 മുതൽ 32 വരെയുള്ള ഭാഗം യേശുകർത്താവു പറഞ്ഞ ഉപമകളിൽ ഉൾപ്പെടുന്നു. ആത്മീയസത്യങ്ങൾ വേഗത്തിൽ മനസ്സിലാകുന്നതിനാണ് കർത്താവു പലപ്പോഴും ഉപമകൾ പ്രസ്താവിച്ചിട്ടുള്ളത്. ലൂക്കൊസ് 15-ാം അദ്ധ്യായത്തിൽ മുടിയനായ പുത്രന്റെ ഉപമ കൂടാതെ കാണാതെപോയ ആട് (15:4-7), കാണാതെപോയ ദ്രഹ്മ (15:8-10) എന്നിവയുടെ ഉപമകളും കാണാം. പാപം ചെയ്തു ദൈവസന്നിധിയിൽ നിന്നു അകന്നുപോയ മനുഷ്യൻ തിരികെ പിതാവും ഉടമസ്ഥനുമായ ദൈവത്തിന്റെ സ്നേഹക്കൂട്ടായ്മയിലേക്കു മടങ്ങിവരുന്നതും, ഈ മടങ്ങിവരവിൽ ഉണ്ടാകുന്ന സന്തോഷപ്രകടനവുമാണ് ഈ മൂന്നു ഉപമകളിലും അടങ്ങിയിരിക്കുന്നത്. പുത്രൻ മടങ്ങി വന്നപ്പോൾ അവന്റെ കൈയിൽ മോതിരം ഇടുവാൻ പിതാവു കല്പിച്ചിരിക്കുന്നതിനാൽ, മോതിരം ഉൾപ്പെടെയുള്ള സകല ആഭരണങ്ങളും വിശ്വാസികൾക്കും ധരിക്കാമെന്നു ചിലർ വ്യാഖ്യനിക്കാറുണ്ട്. എന്നാൽ ഈ ഭാഗം ദൈവാത്മസഹായത്തോടെ ധ്യാനിച്ചാൽ ആഭരണധാരണത്തെ ബന്ധപ്പെടുത്തുന്നതോ അതിനെ അനുകൂലിക്കുന്നതോ ആയതൊന്നും അടങ്ങിയിരിക്കുന്നില്ല എന്നു വ്യക്തമാകും.

(1) മുടിയൻ പുത്രനെക്കുറിച്ചു കർത്താവു പറഞ്ഞത് ഒരു ഉപമയാണ്. ഇതു നടന്ന സംഭവമല്ല. ആകയാൽ മുടിയൻ പുത്രനെ ധരിപ്പിച്ച മോതിരം വിശ്വാസികൾക്കു ആഭരണം ധരിക്കുവാനുള്ള അനുമതിയായിട്ടെടുക്കാൻ സാധിക്കുകയില്ല.

(2) മുടിയനായ പുത്രനെക്കുറിച്ചുള്ള ഈ ഉപമ അനേക ആത്മീയസത്യങ്ങൾ വിശദീകരിക്കുന്നു. ദൈവത്തെ സ്നേഹിക്കാതെ മറുതലിച്ചു, ലോകത്തിന്റെ വഴികളിൽ സ്വന്തം ഇഷ്ടപ്ര

കാരം ജീവിച്ചു ദുരിതങ്ങളനുഭവിച്ച സമയത്തു, ഈ മകൻ പിതാവിനെയും പിതാവിന്റെ ഭവനത്തെയും കുറിച്ചോർക്കുകയും മടങ്ങിവരികയും ചെയ്യുന്നു. മകന്റെ മടങ്ങിവരവു പ്രതീക്ഷിച്ചിരിക്കുന്ന പിതാവു ദൂരത്തു നിന്നു തന്നേ അവനെ കണ്ടു മനസ്സലിഞ്ഞു ഓടി ച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. *"അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല"* എന്ന പുത്രന്റെ പശ്ചാത്താപവാക്കുകൾക്കൊന്നും ചെവികൊടുക്കാതെ സ്നേഹവാനായ പിതാവ് ദാസന്മാരോടു കല്പിക്കുന്നതു ശ്രദ്ധിക്കുക —

**ലൂക്കൊ.15:22–25** — *"അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം തിന്നു ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി. അവന്റെ മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോടടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു."*

ഈ ഭാഗത്തു പറഞ്ഞിരിക്കുന്ന **അങ്കിയും, മോതിരവും, ചെരിപ്പും, കാളക്കുട്ടിയെ അറുക്കലും,ആനന്ദവും,വാദ്യവും, നൃത്തഘോഷവും** എല്ലാം അനേക ആത്മീയസത്യങ്ങൾ വിളിച്ചറിയിക്കുന്നവയാണ്. അവയൊക്കെ ആലങ്കാരികഭാഷയിൽ ദൈവിക മർമ്മങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ ഉപമയായി പറഞ്ഞിട്ടുള്ളതാണ്. അവ ഓരോന്നായി നോക്കാം.

**(1) മേല്ത്തരമായ അങ്കി** (best robe) —

തിരികെ ഭവനത്തിലേക്കുള്ള സ്വീകരണം — രക്ഷയെ കുറിക്കുന്നു. മറ്റെല്ലാറ്റിലും ഉപരിയായി പിതാവിന്നു മകനോടുള്ള സ്നേഹത്തെയും കാണിക്കുന്നു (ഉല്പ.37:3). പുതിയനിയമത്തിലും പഴയനിയമത്തിലും അങ്കി, രക്ഷാവസ്ത്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു





(യെശ.61:10/ ഉല്പ.41:42/വെളി.7:14/വെളി.19:7,8). പാപം ചെയ്ത മനുഷ്യൻ സ്വന്തകയ്യാൽ അത്തിയില കൂട്ടിത്തുന്നി നഗ്നത മറയ്ക്കാൻ ശ്രമിച്ചുവെങ്കിലും അതിനു പകരമായി ദൈവം അവരെ മൃഗത്തിന്റെ തോൽ കൊണ്ടു മേല്ത്തരമായ അങ്കി ഉടുപ്പിച്ചു (ഉല്പ.3:21). ദൈവക്രോധത്തിലും കരുണയുടെ ഒഴുക്കാണ് ഇവിടെ ദർശിക്കുന്നത് (ഹബ.3:2). ഒരു പാപിക്കു കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിച്ചിരിക്കുന്ന രക്ഷയെന്ന നീതിവസ്ത്രത്തെയാണ് മുടിയൻ പുത്രന്റെ ഉപമയിൽ മേല്ത്തരമായ അങ്കി എന്നു പറഞ്ഞിരിക്കുന്നത്. പാപത്തിൽ മരിച്ചവൻ ജീവിച്ചു എന്നതിന്റെ തെളിവാണ് അവനു ലഭിച്ച മേല്ത്തരമായ അങ്കി എന്ന നീതിവസ്ത്രം.

**(2) മോതിരം** (ring) —

പുത്രനായുള്ള സ്വീകരണത്തിന്റെയും, അംഗീകാരത്തിന്റെയും, സ്ഥാനത്തിന്റെയും മുദ്ര. അഥവാ പുത്രത്വത്തിന്റെ ചിഹ്നം (എഫെ.1:5,6). യോസേഫിനെ മിസ്രയിമിലെ മേലധികാരിയാക്കിയതിന്റെ അടയാളമായി ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കയ്യിൽ ഇട്ടു എന്നു എഴുതിയിരിക്കുന്നു (ഉല്പ.41:42). ഇവിടെ മോതിരം അധികാരത്തിന്റെ അടയാളമായിരിക്കുന്നു. പുരാതനകാലങ്ങളിൽ രാജാക്കന്മാർ എഴുത്തുകളിലോ, പ്രഖ്യാപനങ്ങളിലോ ഒപ്പു രേഖപ്പെടുത്തുന്നതിനു പകരമായി രാജാവിന്റെ കയ്യിലെ മോതിരത്താൽ മുദ്ര പതിക്കാറുണ്ടായിരുന്നു (എസ്ഥേർ.3:12). മുടിയൻ പുത്രനു ലഭിച്ച മോതിരം അവനെ അവകാശിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള മുദ്രമോതിരമായിരുന്നു.

**(3) ചെരിപ്പ്** (shoes ) —

മുടിയൻ പുത്രന്റെ കാലിൽ ധരിപ്പിച്ച ചെരുപ്പ് അവൻ സ്വതന്ത്രനെന്നതിനെ കുറിക്കുന്നു. കൂടാതെ ചെരുപ്പു ശുശ്രൂഷകൾക്കുള്ള ഒരുക്കത്തെയും കാണിക്കുന്നു (എഫെ.6:15). ദാസനും, അടിമയ്ക്കും, പ്രവാസത്തിൽ പിടിക്കപ്പെട്ടവനും ചെരിപ്പു ധരിക്കുവാനവകാശമില്ലായിരുന്നു (യെശ.20:4). അതായതു ചെരിപ്പ് മക്കൾക്കുള്ളതാണ്. പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിവന്ന ഇവൻ ഇനി ദാസനോ, അടിമയോ അല്ല, സ്വതന്ത്രനും, പുത്രനും ആണ്. പുത്രത്വാംഗീകാര

ത്തിന്റെ അടയാളമായി ധരിപ്പിച്ച ചെരുപ്പ് പിതാവിന്റെ മുമ്പിൽ ധൈര്യത്തോടെ നിൽക്കുവാൻ കൃപ ലഭിച്ചു എന്നു വിളിച്ചറിയിക്കുന്നു.

**(4) തടിപ്പിച്ച കാളക്കുട്ടി (fatted calf) —**

മകനുവേണ്ടി പ്രത്യേകമൊരുക്കി സൂക്ഷിച്ചിരുന്നതിനെ കുറിക്കുന്നു. പുരാതന കാലങ്ങളിൽ ഒരു വിശിഷ്ട വ്യക്തിയെ ആദരിച്ചു നൽകുന്ന വിരുന്നിനായി തടിച്ചു, കൊഴുത്ത, ഊനമില്ലാത്ത കാളക്കുട്ടിയെ മുന്നമേ കരുതാറുണ്ടായിരുന്നു. തടിപ്പിച്ചകാളക്കുട്ടിയെന്നതു പ്രത്യേകം ഒരുക്കി സൂക്ഷിച്ചതെന്നും (specially cared), മേല്ത്തരമായതെന്നും (super fine) ചിന്തിക്കാം. ഇവിടെ തന്റെ പുത്രൻ തിരികെ വരുന്നതും കാത്ത്, ഒരുക്കി സൂക്ഷിച്ചിരുന്ന കാളക്കുട്ടിയെ അറുത്തപ്പോൾ ഈ മകനെ ശ്രേഷ്ഠവ്യക്തിയായി കരുതി പിതാവു ആനന്ദിക്കുന്നു. ദൈവത്തിൽ നിന്നകന്നു പോയ മനുഷ്യവർഗ്ഗത്തെ മക്കളും, സ്വതന്ത്രരും, അവകാശികളുമാക്കുവാൻ പിതാവായ ദൈവം മുന്നമേ ഒരുക്കി നിറുത്തിയ ഊനമില്ലാത്ത തടിപ്പിച്ച കാളക്കുട്ടി യാഗമായി കാൽവറിയിൽ അറുക്കപ്പെടേണ്ടി വന്നു.

**(5) മകൻ മരിച്ചവനായിരുന്നു —**

ലോകത്തിന്റെ പാപവഴികളിൽ നടന്ന മകൻ ആത്മീയകാഴ്ചപ്പാടിൽ മരിച്ചവനായിരുന്നു. എന്നാൽ പിതാവിന്റെ സന്നിധിയിലേക്കു മാനസാന്തരപ്പെട്ടു തിരികെ വന്നപ്പോൾ അവൻ ജീവിച്ചു, അഥവാ നിത്യജീവൻ പ്രാപിച്ചു (എഫെ.2:1,5/റോമ.6:1,2,23).

**(6) ആനന്ദം, വാദ്യം, നൃത്തഘോഷം —**

എന്നിവ, നഷ്ടപ്പെട്ട മകൻ തിരികെ വന്നതിലുള്ള പിതാവിന്റെ ആത്മീയസന്തോഷത്തെക്കുറിക്കുന്നു. പന്നി തിന്നുന്ന വാളവരയും ഭക്ഷിച്ച് എല്ലാവരാലും തള്ളപ്പെട്ട അവസ്ഥയും തനിക്കിപ്പോൾ ലഭിച്ചിരിക്കുന്ന മഹാസന്തോഷാവസ്ഥയും ഓർക്കുമ്പോഴുണ്ടാകുന്ന പുത്രന്റെ സന്തോഷത്തെയും ഇതു കുറിക്കുന്നു. പാപികളായിരുന്ന നമുക്കു കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിച്ചിരിക്കുന്ന മഹാഭാഗ്യമോർക്കുമ്പോൾ നമുക്കും ആനന്ദിക്കുവാൻ കഴിയുന്നു (എഫെ.5:19,20).





അനേക ആത്മീയസത്യങ്ങളുൾക്കൊള്ളുന്ന ഈ ഭാഗം, പിതാവായ ദൈവത്തിൽ നിന്ന് അകന്നുപോയ, പാപികളായ മനുഷ്യർ തിരികെ ദൈവസന്നിധിയിലേക്കു മടങ്ങി വന്നാൽ അവർക്കു ലഭിക്കുന്ന മഹാഭാഗ്യത്തെക്കുറിച്ചു യേശുക്രിസ്തു ഉപമയായി പറഞ്ഞതാണ്. സംഭവിച്ച കാര്യമല്ലെന്നു ഓർക്കുക. മുടിയൻ പുത്രന്റെ കൈക്ക് മോതിരം ഇടുവാൻ കല്പിച്ചു എന്ന വാക്യം മാത്രം മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു വ്യാഖ്യാനിച്ചാൽ അതില്പ്പരമായ അബദ്ധം വേറെയില്ല. അങ്ങനെ അർത്ഥം കണ്ടെത്തിയാൽ *"എന്റെ മകൻ മരിച്ചവനായിരുന്നു"* (ലൂക്കൊ.15:24) എന്നു പിതാവു പറഞ്ഞിരിക്കുന്നതിൽ മകൻ യഥാർത്ഥമായി മരിച്ചുവെന്നും വിശ്വസിക്കേണ്ടി വരും. അങ്കിയും, മോതിരവും, ചെരിപ്പും, കാളക്കുട്ടിയെ അറുക്കലും, മരണവും, ആനന്ദവും, വാദ്യവും, നൃത്തഘോഷവുമൊക്കെ അനേക ആത്മീയസത്യങ്ങളെ വിളിച്ചറിയിക്കുന്നവയാണ്. ഇവിടെ മോതിരം പുത്രത്വത്തിന്റെ അംഗീകാരമായിരിക്കുന്നു. ആകയാൽ ആഭരണധാരണത്തോടു ബന്ധപ്പെടുത്താവുന്നതല്ല.

## (11) യാക്കോബിന്റെ ലേഖനത്തിലെ പൊന്മോതിരം ധരിച്ച ധനവാൻ —

**യാക്കോ.2:1-4 — "സഹോദരന്മാരേ, തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുതു. നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുംകൊണ്ടു ഒരുത്തനും, മുഷിഞ്ഞവസ്ത്രം ധരിച്ചോരു ദരിദ്രനും *വന്നാൽ* നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോടു നീ അവിടെ നില്ക; അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരല്ലയോ?"**

യാക്കോബിന്റെ ലേഖനത്തിൽ *"നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുംകൊണ്ടു ഒരുത്തനും,*

*മുഷിഞ്ഞവസ്ത്രം ധരിച്ചോരു ദരിദ്രനും വന്നാൽ"* എന്നുള്ള വാക്യത്തെ ആസ്പദമാക്കി പൊന്മോതിരവും ആഭരണങ്ങളും ധരിക്കുന്നവർ പുതിയനിയമസഭകളിൽ പണ്ടേ ഉണ്ടായിരുന്നുവെന്നും അതുകൊണ്ടു ഇക്കാലത്തെ വിശ്വാസികൾക്കും ആഭരണങ്ങൾ ധരിക്കാമെന്നും ചിലർ സമർത്ഥിക്കാറുണ്ട്.

ഒരു വിശ്വാസി ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നു പ്രതിപാദിക്കുന്ന ലേഖനമാണ് യാക്കോബിന്റേത്. വിശ്വാസിയുടെ പ്രായോഗികജീവിതത്തിലെ തകരാറുകൾ, തെറ്റുകൾ, താളപ്പിഴകൾ, പോരായ്മകൾ എന്നിവ ഇതിലെ രണ്ടാമദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. പൊന്മോതിരം ഇടുന്നവരും, ഇടാത്തവരും സഭയിൽ ഉണ്ടായിരുന്നുവെന്നല്ല അപ്പൊസ്തലനായ യാക്കോബ് ഇവിടെ പറയുന്നത്. ധനവാനായ ഒരുവനോടും, ദരിദ്രനായ മറ്റൊരുവനോടും അവരുടെ ധനമോ, പദവിയോ, നിലയോ നോക്കി മുഖപക്ഷം കാണിക്കരുതെന്നതാണ് വിഷയം.

ധനവാനോടും, ദരിദ്രനോടും വിവിധരീതിയിൽ ഇടപെടുന്നത് യാക്കോബ് യെരുശലേം സഭയിലോ, മറ്റെവിടെയെങ്കിലുമോ കണ്ടതാണോ, അതോ വിഷയത്തിന്റെ വിശദീകരണത്തിന്നായി പറയുന്നതാണോ എന്നറികയില്ല. ഇവിടെ രണ്ടു മനുഷ്യർ പള്ളിയിലേക്കു കടന്നു വന്നാൽ, അതിൽ ഒരുവൻ വിലയേറിയ വസ്ത്രങ്ങളും, പൊന്മോതിരവും ധരിച്ചിരിക്കുന്നതിനാൽ ഒറ്റനോട്ടത്തിൽ തന്നെ ധനവാനെന്നു വിലയിരുത്തി വാതിൽക്കൽ വെച്ചു സ്വീകരിച്ചു മുഖ്യസ്ഥാനത്തിരുത്തുന്നു. രണ്ടാമത്തെയാൾ ദരിദ്രൻ — മുഷിഞ്ഞ വസ്ത്രമേ തനിക്കു ധരിക്കുവാനുണ്ടായിരുന്നുള്ളു. ഇയാളുടെ വസ്ത്രം അവന്റെ ദാരിദ്ര്യത്തെ വിളിച്ചറിയിച്ചു. അവനെ അവജ്ഞയോടെ നോക്കിയിട്ട് തറയിൽ കാൽച്ചുവട്ടിലിരുത്തുന്നു. ഇവിടെ ധനികനായ മനുഷ്യൻ ആദരിക്കപ്പെട്ടത് അവന്റെ ധനപ്രൗഢിയിലെങ്കിൽ ദരിദ്രനായവൻ അനാദരിക്കപ്പെട്ടത് അവന്റെ ദാരിദ്ര്യത്താലായിരുന്നു.





ലോകത്തിൽ ഈ വിധത്തിലുള്ള പെരുമാറ്റം ധാരാളം കാണാമെങ്കിലും ദൈവസഭയിൽ, വിശ്വാസികളിൽ മുഖപക്ഷം പാടില്ലെന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു (യാക്കോ.2:9). അപ്പോൾത്തന്നെ ഇതിനൊരു മറുവശം കൂടിയുണ്ട്. വിശ്വാസികൾ മുഖപക്ഷം ആഗ്രഹിക്കുവാനും പാടില്ല. സഭാകൂടിവരവുകളിലും പൊതു ആത്മീയയോഗങ്ങളിലും പ്രത്യേകസ്ഥാനവും, മാനവും, ഇരിപ്പിടവും, ശുശ്രൂഷയും, മുഖ്യാസനം ലഭിക്കുവാനുള്ള ചിന്തയും മുഖപക്ഷം ആഗ്രഹിക്കുകയെന്നതിൽ ഉൾപ്പെടുന്നു.

ആകയാൽ ഈ ഭാഗത്തിന് ആഭരണധാരണവുമായി ബന്ധമില്ലെന്ന വസ്തുത തുടർന്നുള്ള കാര്യങ്ങളിൽക്കൂടി മനസ്സിലാക്കാവുന്നതാണ്.

(1) *"നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുംകൊണ്ടു ഒരുത്തനും, മുഷിഞ്ഞവസ്ത്രം ധരിച്ചോരു ദരിദ്രനും **വന്നാൽ** "* എന്നതിൽ ഇവർ ***"വന്നു"*** എന്നു അർത്ഥമാക്കുന്നില്ല. അങ്ങനെയുള്ളവർ **വന്നാൽ** ഇരുവരോടും മുഖപക്ഷം കാട്ടാതെ സ്നേഹത്തിൽ സ്വീകരിക്കുക എന്നാണ്. അതായതു ഇതു സംഭവിച്ച കാര്യമല്ലായിരിക്കാം.

(2) " *............ അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ ........."* —> എന്നതിനു പറഞ്ഞുവെന്നു ചിന്തിക്കാമോ? ധനത്തിന്റെയും പ്രൗഢിയുടെയും അടിസ്ഥാനത്തിലല്ല സഭയിലേക്കു വരുന്ന രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും സ്വീകരിക്കേണ്ടതെന്ന തത്വം ഓർമ്മിപ്പിക്കുകയാണ്. അവിടെ സംഭവിച്ച കാര്യമല്ല എന്നത് *'എങ്കിൽ'* പ്രയോഗത്തിലൂടെ വെളിപ്പെടുന്നു.

(3) പള്ളിയിൽ എന്നു പറഞ്ഞിരിക്കുന്നത് സിനഗോഗ് ആണോ യഹൂദാ പള്ളിയാണോ മറ്റേതെങ്കിലും പള്ളിയാണോ എന്നു ചിന്തിച്ചു അലയേണ്ടതില്ല. വിശ്വാസികൾ കൂടിവരുന്ന സ്ഥലമായതുകൊണ്ടാണ് സഹോദരന്മാരേ എന്നു വിളിച്ചിരിക്കുന്നത് എന്നു കരുതാം. പൊന്മോതിരം ഇട്ടുകൊണ്ടു ഒരുത്തൻ വന്നാൽ എന്നു പറഞ്ഞിരിക്കുന്നതിനാൽ അവിടെയുള്ള വിശ്വാസികളിൽ പൊന്മോതിരം ധരിച്ചവരുണ്ടായിരുന്നു എന്നുള്ള നിഗമനത്തിലെത്തുവാനും സാദ്ധ്യമല്ല. ഉദാഹരണമായി നമ്മുടെ ആരാധനായോഗങ്ങളിൽ വിശ്വാസികളല്ലാത്ത അഥവാ രക്ഷിക്കപ്പെടാത്ത എത്രയോ ആൾക്കാർ സാധാരണ കടന്നു വരാറുണ്ട്. അവരിൽ പലരും ആഭരണം ധരിച്ചവരുമാകാം. അവരെല്ലാം സഭയിലെ അംഗങ്ങളും മേശയിൽ പങ്കെടുക്കുന്നവരും എന്നു പറയുവാൻ സാധിക്കുമോ ? ഇതുപോലെ വിശ്വാസികളല്ലാത്ത ആരെങ്കിലും പൊന്മോതിരവും ധരിച്ചു യാക്കോബിന്റെ സഭയിൽ ചെന്നപ്പോൾ വിശ്വാസികൾ മുഖപക്ഷം കാണിച്ചതു കണ്ടു പിന്നീടു അവരെ വിലക്കിയതായിരിക്കാം.

(4) പൊന്മോതിരമണിഞ്ഞു വന്നയാൾ ആ സഭയിലെ വിശ്വാസിയോ സഭാംഗമോ ആയിരിക്കയില്ല. കാരണം സഭാംഗമായിരുന്നെങ്കിൽ അയാളെ ക്ഷണിച്ചു ഇരിപ്പിടം കാണിച്ചുകൊണ്ടു **“ഇവിടെ സുഖേന ഇരുന്നാലും”** എന്നു പറയേണ്ട ആവശ്യമില്ല.

സഭാശുശ്രൂഷകന്മാരാകട്ടെ, വിശ്വാസികളാകട്ടെ സഭയിലേക്കു വരുന്നവർ ധനവാനോ, ദരിദ്രനോ എന്നു നോക്കി ആരോടും മുഖപക്ഷമില്ലാതെ സ്നേഹത്തോടെ ഇടപെടേണം എന്നാണ് അപ്പൊസ്തലൻ ഈ വാക്യങ്ങളിലൂടെ പ്രബോധിപ്പിക്കുന്നത്. ഇതു മനസ്സിലാക്കാതെ പുതിയനിയമസഭയിൽ പൊന്മോതിരമിട്ടവരുണ്ടായിരുന്നതിനാൽ എല്ലാ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നുള്ള നിഗമനം ശരിയല്ല.





## (12)യേശുക്രിസ്തു മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നു

**വെളി.1:13 — “തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു.”**

യേശുക്രിസ്തു നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി നിൽക്കുന്നതിനാൽ വിശ്വാസികളായ എല്ലാവർക്കും പൊന്നാഭരണങ്ങൾ ധരിക്കാം എന്നു ചിലർ പറയുന്നതായി കേട്ടിട്ടുണ്ട്. അതായത് മാറത്ത് പൊൻകച്ച കെട്ടിയവനായി കാണപ്പെടുന്ന യേശുക്രിസ്തു തന്റെ ജനം നൂൽവണ്ണത്തിൽ പൊന്നു ധരിക്കുവാൻ പാടില്ലെന്നു പറയുന്നത് യുക്തിബോധവും നീതിബോധവുമുള്ള ആർക്കും ചിന്തിക്കുവാനേ സാദ്ധ്യമല്ല എന്നും അവർ വിധി എഴുതുന്നു. മറ്റു ചിലരാകട്ടെ, സ്വർഗ്ഗത്തിൽ നിലവിളക്കുകളുൾപ്പെടെ പലതും പൊന്നുകൊണ്ടുണ്ടാക്കിയതാണെന്നും ആകയാൽ ഇന്നു വിശ്വാസികൾ പൊന്നാഭരണങ്ങൾ ധരിക്കുന്നതിൽ ഒട്ടും അപാകതയില്ലെന്നും സമർത്ഥിക്കുന്നു.

തിരുവചനവെളിച്ചത്തിൽ ഈ അഭിപ്രായങ്ങൾ പരിശോധിക്കാം. സർവ്വശക്തനും പിതാവുമായ ദൈവത്തെയും, കർത്താവായ യേശുക്രിസ്തുവിനെയും സ്നേഹിച്ചു, ദൈവഭക്തിയിലും, ദൈവവചനത്തിലും ഉറച്ചുനിന്നു സാക്ഷ്യം നൽകിയതിനാൽ കർത്താവു താൻ സ്നേഹിച്ചു, മാറോടു ചേർന്നിരുന്ന ശിഷ്യൻ എന്നറിയപ്പെട്ട അപ്പൊസ്തലനായ യോഹന്നാൻ പത്മൊസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ടു. യോഹന്നാൻ പത്മൊസ് ദ്വീപിൽ ഏകനായിരിക്കുമ്പോൾ മഹത്വധാരിയും, തേജോമയനും, ഉയിർത്തെഴുന്നേറ്റവനുമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദർശനങ്ങൾ ലഭിക്കുന്നു. ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി, പ്രവാചകശ്രേഷ്ഠൻ, സർവ്വഭൂമിയേയും ഭരിക്കുന്ന രാജാധിരാജാവ്, ശ്രേഷ്ഠമഹാപുരോഹിതൻ എന്നിങ്ങനെയുള്ള ക്രിസ്തുവിന്റെ അധികാരത്തെയും വ്യക്തിത്വത്തെയും കുറിച്ചുള്ളവ തന്റെ ദർശനത്തിൽ ഉൾപ്പെടുന്നു.

വെളിപ്പാടു പുസ്തകം 1:13-18 വരെയുള്ള വാക്യങ്ങളിൽ മനുഷ്യപുത്രനും മഹത്വധാരിയുമായ യേശുക്രിസ്തുവിന്റെ വ്യക്തിപ്രഭാവങ്ങളെയും തന്റെ ഓരോരോ ശരീരഭാഗങ്ങളെക്കുറിച്ചും യോഹന്നാൻ ദർശിച്ചു വർണ്ണിക്കുന്നു.

ഏഴു പൊൻനിലവിളക്കുകളേയും നിലവിളക്കുകളുടെ നടുവിൽ യേശുക്രിസ്തുവിനെയും യോഹന്നാൻ ദർശിക്കുന്നു (വെളി.1:13). **ഏഴു പൊൻനിലവിളക്കുകൾ** ഏഴു സഭകളാണെന്നു കർത്താവു വ്യാഖ്യാനിച്ചു കൊടുത്തു (വെളി.1:20). ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായ യേശുക്രിസ്തു (വെളി.2:1), ഏഴു നിലവിളക്കുകൾ പ്രതിനിധീകരിക്കുന്ന ഏഴു സഭകളെ തന്റെ സന്ദേശം അറിയിക്കുവാനും കല്പിച്ചു. എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യ എന്നിവയായിരുന്നു ഏഴു സഭകൾ. പഴയനിയമകാലത്തു ദൈവാലയത്തിൽ ഏഴു തണ്ടുകളുള്ള ഒറ്റ നിലവിളക്കായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പുതിയനിയമത്തിൽ ഏഴു സഭകളെ പ്രതിനിതീകരിച്ചുകൊണ്ടു ഏഴു നിലവിളക്കുകൾ കാണുന്നു. ഓരോന്നും തനിത്തനിയായി അതതിന്റെ നിലയിൽ പ്രകാശിച്ചു കൊണ്ടിരുന്നു. ഓരോ നിലവിളക്കും കർത്താവിനോടു ബന്ധപ്പെടുകയും, ഓരോന്നിനും കർത്താവു സന്ദേശം നൽകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പുതിയനിയമ പ്രാദേശികസഭകളുടെ ഇന്നത്തെ ഘടനയും, പ്രവർത്തനവും, കർത്താവിനോടുള്ള ബന്ധവുമാണിതു കാണിക്കുന്നത്. ഓരോ സ്ഥലംസഭയും സ്വതന്ത്രവും, അതിന്റെ നിലവാരമനുസരിച്ചു ജ്വലിച്ചു പ്രകാശിക്കുന്നതും, അവ സഭാകാന്തനായ കർത്താവിനോടു മാത്രം ബന്ധപ്പെട്ടു നിൽക്കുന്നതുമാണ് എന്നതിനെ കുറിക്കുന്നു.

***"നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു"*** എന്നു യോഹന്നാൻ പറയുന്നു. നിലയങ്കിയെയും, മാറത്തെ പൊൻകച്ചയെയും കുറിച്ചു ചിന്തിക്കാം.





"നിലയങ്കി" എന്നാൽ പാദങ്ങളോളം എത്തുന്ന അങ്കി എന്നർത്ഥം ( a robe reaching to the feet ). ഇതു സാധാരണക്കാരായവരുടെ വസ്ത്രമല്ല. നിലയങ്കി രാജാക്കന്മാരും (1.ശമൂ.24:4), പ്രവാചകന്മാരും (1.ശമൂ.28:14), പുരോഹിതന്മാരുമാണ് (പുറ.28:4/ ലേവ്യ.16:4) ധരിച്ചിരുന്നത്. നമ്മുടെ കർത്താവു ഭൂമിയിൽ ആയിരുന്ന സമയം രാജവസ്ത്രം ധരിച്ചു നടന്നിട്ടില്ല. എന്നാൽ അന്നു താൻ ധരിച്ചിരുന്ന വസ്ത്രത്തെപ്പറ്റി യോഹന്നാൻ പറഞ്ഞിരിക്കുന്നതു നോക്കുക – *"അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ടു അടിയോളം മുഴുവനും നെയ്തതായിരുന്നു"* (യോഹ.19:23). അക്കാലത്തു പഞ്ഞികൊണ്ടു നെയ്തുണ്ടാക്കിയ ഇത്തരം വസ്ത്രങ്ങൾ സാധാരണ ധരിക്കുന്നവയായിരുന്നു. എന്നാൽ യോഹന്നാൻ മഹത്വധാരിയായി സ്വർഗ്ഗത്തിൽ കണ്ട മനുഷ്യപുത്രനായ ക്രിസ്തു, നിലയങ്കി ധരിച്ചിരിക്കുന്നതായി ദർശിച്ചപ്പോൾ അതിലൂടെ വ്യക്തമാകുന്നത് ക്രിസ്തു സഭകളുടെ നടുവിലൂടെ നടക്കുന്ന ***രാജാധിരാജാവും, പ്രവാചകശ്രേഷ്ഠനും, മഹാപുരോഹിതനും*** ആണെന്നതാണ്.

തുടർന്നു യോഹന്നാൻ കർത്താവിനെ ദർശിക്കുന്നത് **"മാറത്തു പൊൻകച്ച കെട്ടിയവനായി"** (girded across His chest with a golden sash) മനുഷ്യപുത്രനോടു സദൃശനായിട്ടാണ്. മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നത് ***ക്രിസ്തു ന്യായാധിപൻ*** എന്ന വസ്തുതയാണു പ്രകടമാക്കുന്നത്. പൊൻകച്ച ക്രിസ്തുവിന്റെ നീതിക്ക് അടയാളമാണ്. യെശയ്യാപ്രവാചകൻ ക്രിസ്തുവിനെക്കുറിച്ചു പറയുന്നത് – "നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയുമായിരിക്കും" (യെശ.11:5). എന്നാണ്. മഹാപുരോഹിതനായ അഹരോനു മഹത്വത്തിനും അലങ്കാരത്തിനുമായി വിശുദ്ധവസ്ത്രം ഉണ്ടാക്കുവാൻ ദൈവം കല്പിച്ചതായി പുറപ്പാടു പുസ്തകത്തിൽ വായിക്കുന്നു. പൊന്നു, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നീ വസ്തുക്കൾ കൊണ്ടായിരുന്നു ഈ ഏഫോദ് ഉണ്ടാക്കിയത്. മഹാപുരോഹിതൻ ധരിച്ച ഏഫോദിൽ പൊന്നുകൊണ്ടുണ്ടാക്കിയ നൂലുകൾ കൂടി ചേർത്തിരുന്നു. തങ്കനൂലു

കൂട്ടിച്ചേർത്തു ചിത്രപ്പണിയായി ഉണ്ടാക്കിയിരുന്ന ഏഫോദ് മാറത്തു കെട്ടുന്നതും ചുമൽക്കണ്ടത്തോടു കൂടിയതുമായിരുന്നു (പുറ.28:1-8). ദൈവസന്നിധിയിൽ ശുശ്രൂഷിച്ച അഹരോൻ ധരിച്ചിരുന്ന ഏഫോദ്, യോഹന്നാൻ ദർശിച്ച നിലവിളക്കുകളായ സഭകളുടെ നടുവിൽ നടക്കുന്നവനും ശ്രേഷ്ഠമഹാപുരോഹിതനുമായ കർത്താവായ യേശുക്രിസ്തു ധരിച്ചിരിക്കുന്ന പൊൻകച്ചയുടെ പ്രതിരൂപമാണ്. പഴയനിയമ കാലങ്ങളിൽ ന്യായാധിപന്മാർ ഔദ്യോഗിക വേഷമായി മാറത്തു കച്ച ധരിക്കാറുണ്ടായിരുന്നു. മാറത്തു പൊൻകച്ച ധരിച്ച ക്രിസ്തു സകലരേയും ന്യായം വിധിപ്പാൻ വരുന്ന ന്യായാധിപനാണ്. അന്നു നീതിയോടും വിശ്വസ്തതയോടും ന്യായം വിധിക്കും (സങ്കീ.96:13/ യോഹ.5:22/അപ്പൊ.17:31/വെളി.20:11-15).

*"ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു."* യോഹന്നാന്റെ ഈ ദർശനം ക്രിസ്തു, സഭകളുടെ നടുവിലൂടെ നടക്കുന്നവനും, *രാജാധിരാജാവും, പ്രവാചകശ്രേഷ്ഠനും, മഹാപുരോഹിതനും, ന്യായാധിപനുമാണ്* എന്നിങ്ങനെ അനേകം ആത്മീകസത്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നു.

ആഭരണധാരണവുമായി ഇവിടെ പറഞ്ഞിരിക്കുന്ന വാക്യങ്ങൾക്കു ബന്ധമില്ല. സ്വർഗ്ഗത്തിൽ പൊൻനിലവിളക്കുണ്ട്, യേശുക്രിസ്തുപോലും അവിടെ പൊൻകച്ച ധരിച്ചിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നതു ന്യായീകരിപ്പാൻ ഈ വാക്യങ്ങളെ ഉപയോഗിക്കുവാൻ കഴിയുകയില്ല.





**(13) ലവൊദിക്ക്യസഭയ്ക്കുള്ള ദൂതിൽ അവർ സമ്പന്നരാകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നു വിലെക്കു വാങ്ങുവാൻ പറഞ്ഞിരിക്കുന്നു —**

**വെളി.3:17,18 — "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."**

ലവൊദിക്ക്യസഭയോട് തീയിൽ ഊതിക്കഴിച്ച പൊന്നു വിലെക്കു വാങ്ങുവാൻ കർത്താവു പറഞ്ഞിരിക്കുന്നതിനാൽ ആഭരണധാരികളെ സ്നാനപ്പെടുത്താമെന്നും വിശ്വാസികൾ സ്വർണ്ണാഭരണങ്ങൾ ധരിക്കുന്നതിൽ തെറ്റില്ലെന്നും നിഗമനത്തിലെത്തുന്നവരുണ്ട്. എന്നാൽ പ്രസ്തുത ഭാഗത്തിന്റെ ആത്മീയാർത്ഥമാണ് എടുക്കേണ്ടത്. അക്ഷരാർത്ഥത്തിലെടുത്താൽ യഹോവാസാക്ഷികളെപ്പോലെ തുണ്ടുവാക്യങ്ങളെടുത്തു സമർത്ഥിക്കുന്ന ഗതികേടിലെത്തും. ഇതിന്റെ ആത്മീയാർത്ഥം പരിശോധിക്കാം —

ഞാൻ, എനിക്കു എന്ന മനോഭാവത്തിലും, ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്ന സ്വയസംതൃപ്തിയിലും കഴിയുന്ന ലവൊദിക്ക്യസഭയെ കർത്താവു അവരുടെ യഥാർത്ഥനില വെളിപ്പെടുത്തി. നിർഭാഗ്യൻ, അരിഷ്ടൻ, ദരിദ്രൻ എന്നീ അവസ്ഥകളിൽ നിന്നു വിടുതൽ ലഭിച്ചു ആത്മീയമായി ധനവാൻ, സമ്പന്നൻ, ക്രിസ്തുവിൽ ഒന്നിനും മുട്ടില്ല എന്ന നിലയിലെത്തിച്ചേരുവാൻ അവരെ ബുദ്ധി ഉപദേശിക്കുന്നു. അതിനായി അവർ ആദ്യമായി തീയിൽ ഊതിക്കഴിച്ച പൊന്നു കർത്താവിൽ നിന്നു വിലെക്കു വാങ്ങണം.

തിരുവചനത്തിൽ പൊന്ന് ദൈവതേജസ്സ് അഥവാ ദൈവമഹത്വത്തെ പ്രകടമാക്കുന്നു. പാപം ചെയ്തപ്പോൾ മനുഷ്യന്റെ

ദൈവതേജസ്സ് നഷ്ടപ്പെട്ടു. **റോമ.3:23** — *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായി ത്തീർന്നു."* എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുമ്പോൾ നഷ്ടപ്പെട്ട ദൈവതേജസ്സു തിരികെ ലഭിക്കുകയും തുടർന്നു ദൈവത്തിന്റെ തേജസ്സ് പ്രതിഫലിപ്പിക്കുകയും ചെയ്യും. തീയിൽ ഊതിക്കഴിച്ച പൊന്നു ദൈവനീതിയെ പ്രകടമാക്കുന്നു. മനുഷ്യന്റെ നീതിപ്രവൃത്തികൾ കറ പിരണ്ട തുണിപോലെ (യെശ.64:6) ആയിരിക്കുമ്പോൾ ദൈവനീതി വിശുദ്ധിയേറിയ താകുന്നു. ദൈവതേജസ്സും, ദൈവനീതിയും സൽപ്രവൃത്തി കളാലോ, ലോകധനത്താലോ വിലെക്കു വാങ്ങുവാൻ കഴിയുകയില്ല. ഇതു തികച്ചും സൗജന്യമാണ്. എന്നാൽ വിശ്വാസം എന്ന വില കൊടുക്കേണ്ടി വരും. ദൈവം ഒരുക്കിയിരിക്കുന്ന ആത്മരക്ഷയെ ക്കുറിച്ചു യെശയ്യാപ്രവാചകൻ പറഞ്ഞിരിക്കുന്നതു നോക്കുക. **യെശ.55:1,2** --*''അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തി വരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ചു മോദിച്ചു കൊൾവിൻ."* ദൈവനീതി മനുഷ്യനിലേക്കു പകരപ്പെട്ടത് ക്രിസ്തുയേശു വിലൂടെയാണ്. **1.കൊരി.1:30** -- *''അവൻ നമുക്കു ദൈവത്തിങ്കൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു.''* **1.കൊരി.6:11** -- *''നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു."*

ലവൊദിക്ക്യക്കാരെ സംബന്ധിച്ച് പൊന്ന് അവരുടെ സമ്പൽസമൃദ്ധിയുടെ ഒരു പ്രധാന ഘടകമായിരുന്നു. അവരുടെ നാണയങ്ങൾ തന്നെ പൊന്നു കൊണ്ടുള്ളതായിരുന്നു. നിത്യവും പൊന്നുമായി ഇടപെട്ടിരുന്നതിനാൽ മാലിന്യമുള്ള പൊന്ന് അവർക്കു





വേഗത്തിൽ തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നു. പൊന്നിലെ മാലിന്യങ്ങൾ നീക്കപ്പെടുന്നത് തീയിൽ ഊതിക്കഴിക്കുമ്പോഴാണ്. അതുകൊണ്ടാണ് തീയിൽ ഊതിക്കഴിച്ച പൊന്നു അഥവാ യാതൊരു മാലിന്യവുമില്ലാത്തവ കർത്താവിൽ നിന്നും വിലെക്കു വാങ്ങുക എന്നു പറയുന്നത്. *നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും എന്ന സ്ഥിതി മാറിക്കിട്ടുവാൻ തീയിൽ ഊതിക്കഴിച്ച പൊന്നു അഥവാ ദൈവനീതി അവർ പ്രാപിക്കണം. കർത്താവിൽ നിന്നും വിലെക്കു വാങ്ങുവാനാണ് ഉപദേശം.* അതിനായി അവർ കർത്താവിനു സമീപം വരണം. അവരുടെ ലൗകികസമ്പത്തോ ധനമോ അല്ല അതിനായി വില നൽകേണ്ടത്. *അവരുടെ ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന വിശ്വാസവും, മാനസാന്തരവുമാണ് വിലയായി നൽകേണ്ടത്.*

ദൈവതേജസ്സു നഷ്ടപ്പെട്ട മാനവജാതിക്കു വീണ്ടും ദൈവതേജസ്സു നല്കുവാനുള്ള മുഴുവിലയും കർത്താവു കാൽവറി യാഗത്തിലൂടെ പൂർണ്ണമായി കൊടുത്തു തീർത്തു. ഇനി ദൈവനീതിയെക്കുറിക്കുന്ന പൊന്നു അഥവാ വിലമതിക്കാനാവാത്ത ആത്മരക്ഷ അവർ വിലെക്കു വാങ്ങേണ്ടതു അവരുടെ വിശ്വാസത്തിലൂടെയാണ്. *ലോകത്തിലെ പൊന്നു കറ പിടിക്കുന്നതും അഴിഞ്ഞുപോകുന്നതുമാണ്. ലവൊദിക്ക്യക്കാർ വാങ്ങേണ്ടത് ഒരിക്കലും കറപിടിക്കാത്തതും, അഴിഞ്ഞു പോകാത്തതും, മാലിന്യം ലേശംപോലും ഇല്ലാത്തതും, സർവ്വലോകത്തേക്കാളും വിലയേറിയ തുമായ ആത്മരക്ഷയാണ്.*

വിശ്വാസം പൊന്നിനേക്കാൾ വിലയേറിയതായി അപ്പൊസ്തലനായ പത്രൊസ് പറയുന്നു. **1.പത്രൊ.1:7** — *"അഴിഞ്ഞു പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെക്കും* തേജസ്സിന്നും മാനത്തിന്നുമായി കാണ്മാൻ അങ്ങനെ ഇടവരും."

ആയതിനാൽ ലവൊദിക്ക്യസഭയോട് തീയിൽ ഊതിക്കഴിച്ച പൊന്നു വിലെക്കു വാങ്ങുവാൻ കർത്താവു പറഞ്ഞിരിക്കുന്നതിനാൽ സകലരും പൊന്നു വാങ്ങണമെന്നല്ല, അതിന്റെ ആത്മീയാർത്ഥമാണ് എടുക്കേണ്ടത്.

## (14) സിംഹാസനങ്ങളിൽ ഇരിക്കുന്ന മൂപ്പന്മാരുടെ തലയിൽ പൊൻകിരീടം —

**വെളി.4:4—"സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുംകൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം."**

സ്വർഗ്ഗസിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ തലയിൽ പൊൻകിരീടം ധരിച്ചിരിക്കുന്നതിനാൽ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു ചിലർ ഈ വാക്യം തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. പൊൻകിരീടം എന്നത് ഇവിടെ ദൈവമക്കൾക്കു ലഭിക്കുന്ന പ്രതിഫലത്തെ ആലങ്കാരികഭാഷയിൽ വർണ്ണിക്കുന്ന പ്രയോഗമാണ്. സ്വർഗ്ഗത്തിൽ അവർ പൊൻകിരീടം തലയിൽവെച്ചു നടക്കുന്നു എന്നു ചിന്തിക്കുവാനല്ല; മറിച്ചു അവർ വിശ്വസ്തരും ജയാളികളുമാണെന്ന കാര്യം വ്യക്തമാക്കുകയാണ്.

വെളിപ്പാടു പുസ്തകം ഒന്നാം അദ്ധ്യായത്തിൽ മഹത്വധാരിയായി സ്വർഗ്ഗത്തിൽ വസിക്കുന്ന യേശുക്രിസ്തുവിനെ ദർശിക്കുന്നു. രണ്ട്, മൂന്ന് അദ്ധ്യായങ്ങളിൽ ഏഴു സഭകൾക്കുള്ള സന്ദേശങ്ങളാണ്. നാലാം അദ്ധ്യായത്തിൽ, സ്വർഗ്ഗത്തിലൊരു വാതിൽ തുറന്നിരിക്കുന്നതായി യോഹന്നാൻ കാണുന്നതും, മേലാൽ സംഭവിപ്പാനുള്ളതു കാണിച്ചുതരാമെന്നുള്ള അറിയിപ്പോടെ യോഹന്നാനെ സ്വർഗ്ഗത്തിലേക്കു കയറിച്ചെല്ലുവാൻ ക്ഷണിക്കുന്നതുമാണ്. ഉടൻ തന്നെ യോഹന്നാൻ ആത്മവിവശനായി കാണുന്ന കാഴ്ചകളാണ് തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നത് — *"സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുംകൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം."*

യോഹന്നാൻ സ്വർഗ്ഗത്തിലാദ്യമായി കണ്ടത് ഒരു സിംഹാസനവും അതിൽ ഒരുവൻ ഇരിക്കുന്നതുമാണ്. സകല സിംഹാസ





നങ്ങൾക്കും മേലായി സിംഹാസനത്തിൽ ഇരിക്കുന്നതു സർവ്വശക്തനായ ദൈവമാണ്. ദൈവീകസിംഹാസനത്തിന്റെ ചുറ്റിലും 24 സിംഹാസനങ്ങളും അവയിൽ വെള്ളയുടുപ്പു ധരിച്ചുകൊണ്ടു ഇരിക്കുന്ന 24 മൂപ്പന്മാരെയും അവരുടെ തലയിൽ പൊൻകിരീടവും യോഹന്നാൻ കണ്ടു. അവർ പഴയനിയമകാലയളവിലെ 12 ഗോത്രപിതാക്കന്മാരും, പുതിയനിയമകാലയളവിലെ 12 അപ്പൊസ്തലന്മാരും ഉൾപ്പെടെയുള്ള 24 പഴയപുതിയനിയമ വിശുദ്ധന്മാരുടെ പ്രതിനിധികളായി പറയപ്പെടുന്നു. എന്നാൽ ഈ അഭിപ്രായം എല്ലാവരാലും അംഗീകരിക്കപ്പെടുന്നില്ല. കാരണം 24 എന്നത് ഒരു വിഭാഗമായിത്തന്നെ (1.ദിന.24:7-19) നിലകൊള്ളുന്നതിനാൽ തന്നെ. കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയിൽ ഉത്പ്രാപണത്തിലൂടെ എടുക്കപ്പെട്ട വിശുദ്ധന്മാരുൾപ്പെട്ട പുതിയനിയമസഭയെ പ്രതിനിതീകരിക്കുന്നവരാണ് 24 മൂപ്പന്മാർ എന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

വെള്ളയുടുപ്പു വിശുദ്ധിയെ കുറിക്കുന്നതാകയാൽ അവർ നീതിമാന്മാരാണ്. വെളിപ്പാടു പുസ്തകത്തിൽത്തന്നെ വെള്ളയുടുപ്പിനെക്കുറിച്ചു അനേകം പരാമർശങ്ങൾ വായിക്കുന്നു (വെളി.3:5/ 3:18/ 19:8). പുതിയനിയമത്തിൽ വെള്ളയുടുപ്പു വിശുദ്ധിയേയും കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷയിലൂടെ നമുക്കു ലഭിച്ച നീതീകരണത്തെയും കുറിക്കുന്നു.

സ്വർഗ്ഗസിഹാസനങ്ങളിൽ ഇരിക്കുന്ന 24 മൂപ്പന്മാർ പൊൻകിരീടം ധരിച്ചിരിക്കുന്നതായി യോഹന്നാൻ കാണുന്നു. പൊൻകിരീടം ധരിച്ചിരിക്കുന്നത് അവരുടെ പദവിയേയും, ഉന്നതിയേയും കുറിക്കുന്നു. അവർ ധരിച്ചിരിക്കുന്ന പൊൻകിരീടത്തിനു മൂലഭാഷയായ ഗ്രീക്കിൽ "സ്തേഫാനോസ്" (stephanos) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതു മരണപര്യന്തം വിശ്വസ്തരായ ജയാളികൾക്കുള്ള പ്രതിഫലമാണ്. വിശ്വസ്തരും ജയാളികളും എന്ന നിലയിൽ പ്രതിഫലമായി കിരീടങ്ങൾ ലഭിക്കുവാൻ യോഗ്യരാണവർ.

"കിരീടം" (Crown) എന്ന വാക്കു കേൾക്കുമ്പോൾത്തന്നെ നാം ഓർക്കുന്നത് രാജാക്കന്മാർ ധരിക്കുന്ന കിരീടത്തെയാണ്. അതു അവരുടെ സ്ഥാനചിഹ്നത്തെക്കുറിക്കുന്നു. എന്നാൽ കിരീടത്തെ ദൈവവചനത്തിൽ ആത്മീയമായി പല അർത്ഥത്തിലും ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിട്ടുള്ളതായി കാണാം. *"അതു നിന്റെ തലയെ അലങ്കാരമാല അണിയിക്കും; അതു നിന്നെ ഒരു മഹത്വകിരീടം ചൂടിക്കും"* (സദൃ.4:9). ജ്ഞാനത്തെയും വിവേകത്തെയും കുറിച്ചാണിവിടെ പറയുന്നത്. *"സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്നു ഒരു കിരീടം"* (സദൃ.12:4); *"നരച്ചതല ശോഭയുള്ള കിരീടമാകുന്നു"* (സദൃ.16:31); *"മക്കളുടെ മക്കൾ വൃദ്ധന്മാർക്കു കിരീടമാകുന്നു"* ( സദൃ.17:6). ഇവിടെയൊക്കെ പ്രശംസ, മഹത്വം, അഭിമാനം എന്നീവക കാര്യങ്ങൾ ഉണ്ടാകുന്നതിനെയാണ് കിരീടം എന്നു പറഞ്ഞിരിക്കുന്നത്. *"അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന്നു മഹത്വമുള്ളോരു കിരീടവും ഭംഗിയുള്ളോരു മുടിയും ന്യായവിസ്താരം കഴിപ്പാൻ ഇരിക്കുന്നവന്നു ന്യായത്തിന്റെ ആത്മാവും പട്ടണവാതില്ക്കൽ വെച്ചു പടയെ മടക്കിക്കളയുന്നവർക്കു വീര്യബലവും ആയിരിക്കും"* (യെശ.28:5,6). യഹോവയെ സ്നേഹിക്കുന്നവരോടു ദൈവം ഏതു നിലയിൽ ആയിരിക്കുമെന്നാണ് യെശയ്യാപ്രവാചകൻ പറയുന്നത്. ഫിലിപ്പിയ വിശ്വാസികൾ പൗലോസിന്റെ കിരീടം എന്നാണ് പറയുന്നത്. *"അതുകൊണ്ടു എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പ്പിൻ, പ്രീയമുള്ളവരേ"* (ഫിലി.4:1). തെസ്സലോനിക്യ വിശ്വാസികൾ പൗലൊസിന്റെ പ്രശംസാകിരീടം എന്നു പറഞ്ഞിരിക്കുന്നു (1.തെസ്സ.2:19). കിരീടം എന്നത് തലയിൽ ചൂടുന്നതാണെങ്കിലും, ഈ ഭാഗങ്ങളിലെല്ലാം അവയുടെ ആത്മീയാർത്ഥം ഏറ്റവും ശ്രേഷ്ഠമായതും, പുകഴ്ചക്കുതകുന്നതുമായ ഗുണങ്ങളെക്കുറിക്കുന്നു.





വിശുദ്ധന്മാർ ദൈവത്തിന്നായി ചെയ്തിട്ടുള്ള സകല ശുശ്രൂഷകളേയും മാനിച്ചു അവർക്കു പ്രതിഫലങ്ങൾ കൊടുക്കുന്ന ഒരു ദിവസമുണ്ട്. ദൈവവചനത്തിൽ വിശുദ്ധന്മാർക്കു പ്രതിഫലമായി നൽകുന്ന വിവിധ കിരീടങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അവ

(1) വാടാത്ത കിരീടം (1.കൊരി.9:25),

(2) പ്രശംസാകിരീടം (1.തെസ്സ.2:19),

(3) നീതിയുടെ കിരീടം (2.തിമൊ.4:8),

(4) തേജസ്സിന്റെ കിരീടം (1.പത്രൊ.5:4),

(5) ജീവകിരീടം (യാക്കോ.1:12/വെളി.2:10).

ഇവയൊക്കെ സ്വർഗ്ഗത്തിൽ വിശുദ്ധന്മാരെ ആദരിക്കുന്ന സ്ഥാനമാനങ്ങളും, പുകഴ്ചയും, പ്രതിഫലങ്ങളുമാണ്. ഇവയൊന്നും ആഭരണങ്ങളല്ല.

*"സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുംകൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം."* എന്ന വാക്യം ആഭരണധാരണ വിഷയത്തോടു ബന്ധപ്പെടുത്താവുന്നല്ല. ഇതു ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന അനേക ആത്മീയസത്യങ്ങളുടെ ദർശനമാണ്. വീണ്ടെടുക്കപ്പെട്ട ദൈവജനത്തെ സിംഹാസനത്തിൽ ഇരിക്കുന്ന രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തു ആദരിച്ചു ബഹുമാനിക്കുന്ന സന്ദർഭമാകുന്നു. അന്ന് അവർ ഒരുമിച്ചു സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു, *"എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു: കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇടും"* (വെളി.4:10,11).

===== ==========

# 6

# ആഭരണധാരണത്തെപ്പറ്റി ചില ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും തിരുവചന വെളിച്ചത്തിൽ

## (1) വിശ്വാസി ആഭരണം ധരിക്കാമോ? ധരിക്കുന്നതിൽ തെറ്റുണ്ടോ? ധരിക്കുന്നതു പാപമാണോ? അവരെ ദൈവം വെറുക്കുമോ?

യേശുക്രിസ്തുവിലൂടെ രക്ഷ പ്രാപിച്ച വിശ്വാസി ആഭരണം ധരിക്കുവാൻ പാടില്ലെന്നു തന്നെയാണ് ദൈവേഷ്ടം. ആഭരണങ്ങളെ നീക്കിക്കളയുവാൻ ദൈവം കല്പന നൽകിയിട്ടുണ്ട്.

> **പുറ.33:3—6 :** *"വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ദോഷകരമായ ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും; അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു* **നീ നിന്റെ ആഭരണം നീക്കിക്കളക** *എന്നിങ്ങനെ യിസ്രായേൽ മക്കളോടു പറക എന്നു യഹോവ മോശെയോടു കല്പിച്ചിരുന്നു.* **അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല.**"





മിസ്രയീമിൽ നിന്നും ദൈവജനം പുറപ്പെട്ടു പോരുമ്പോൾ ആഭരണം കൊണ്ടുവരുവാൻ ദൈവം നിർദ്ദേശിച്ചതിൽ പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. എന്നാൽ അവർ ധരിച്ച ആഭരണം അവരെ വിഗ്രഹാരാധനയിലേക്കു നയിച്ചു. തത്ഫലമായി ദൈവകോപത്തിനു കാരണമായിത്തീർന്നു. ദൈവം അവരെ മിസ്രയീമിൽ ഫറവോന്റെ അടിമത്തത്തിൽ നിന്നും വിടുവിച്ചു, ചെങ്കടൽ വിഭാഗിച്ചു ശതുക്കളിൽ നിന്നും അത്ഭുതകരമായി രക്ഷിച്ചു. എന്നിട്ടും അവർ ദൈവത്തെ മറക്കുകയും ധരിച്ചിരുന്ന ആഭരണം കൊണ്ടു ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി നമസ്ക്കരിച്ച് അതിനു യാഗം കഴിക്കുകയും ചെയ്തു. ശത്രുക്കളിൽ നിന്നും വിടുവിച്ചു രക്ഷിച്ച ജീവനുള്ള ദൈവത്തെ സ്തുതിക്കുന്നതിനു പകരം അവർ കാളക്കുട്ടിയുടെ വിഗ്രഹത്തെ കുമ്പിട്ടാർത്തു സ്തുതിച്ചു പറയുന്നു —"*യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തു നിന്നു കൊണ്ടു വന്ന നിന്റെ ദൈവം ആകുന്നു"* (പുറ.32:8). ഈ വിഗ്രഹാരാധന ദൈവകോപത്തിനും, അവരുടെ ശിക്ഷാവിധിക്കും വഴിതെളിച്ചു. ഏകദേശം മൂവായിരത്തോളം പേർ മരണത്തിനിരയായി (പുറ.32:28). എന്നാൽ ജനത്തിനു വേണ്ടി ദൈവസന്നിധിയിൽ നിന്നു കരുണയ്ക്കായി അപേക്ഷിച്ച മോശെയോടു ദൈവത്തിനു കരുണ തോന്നി. ഇനിയും അവരുടെ യാത്രയിൽ അവർ നശിക്കാതിരിക്കേണ്ടതിനു അവരുടെ ആഭരണങ്ങൾ നീക്കിക്കളയുവാൻ കല്പിച്ചു (പുറ.33:1-6). ഈ വാക്കുകൾ അനുസരിച്ച ജനം ഹോരേബ് പർവ്വതം മുതൽ ആഭരണം ധരിച്ചില്ല എന്നു തിരുവചനത്തിൽ വായിക്കുന്നു. എന്നാൽ ഈ കല്പന യിസ്രായേൽ ജനത്തിനു മാത്രമുള്ളതാണെന്നും, പുതിയനിയമ വിശ്വാസികൾക്കു ആഭരണം ധരിക്കാമെന്നും വ്യാഖ്യാനിച്ചു ദൈവം വിലക്കിയതു ജാതികളെ അനുകരിച്ചു വിശ്വാസികളും പിൻപറ്റി പാപക്കുഴിയിൽ ചെന്നു പതിക്കുന്നു.

*"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിക്കേണം"* എന്നു ദൈവം പറയുന്നു(ലേവ്യ.11:45). രക്ഷിക്കപ്പെട്ട വിശ്വാസി വിശുദ്ധനായ ദൈവത്തോടു വ്യക്തിപരമായി ബന്ധമുള്ളവനാണ്. ഈ ഭൂമിയിൽ ജീവിക്കുന്നുവെങ്കിലും സ്വർഗ്ഗീയപൗര

നാണ്. ദൈവീകകൂട്ടായ്മയിലായിരിക്കുന്ന വിശ്വാസിയിൽ ലോകത്തിന്റെ യാതൊരു മാലിന്യവും പറ്റിപ്പിടിക്കുവാൻ ഇടയാകരുത്. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ വാസസ്ഥലമാണ്. ഈ ദൈവീകമന്ദിരത്തെ അശുദ്ധമായതും ആത്മീയമല്ലാത്തതുമായ യാതൊന്നും കൊണ്ട് അലങ്കരിക്കരുത്. വിശുദ്ധസ്ഥലത്തിലുള്ള *“യാഗപീഠത്തിന്മേൽ തീ കെട്ടു പോകാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കണം”* എന്നും (ലേവ്യ.6:13), ഇവിടത്തെ ധൂപപീഠത്തിൽ അന്യധൂപം കൊണ്ടുവരുവാൻ പാടില്ല (പുറ.30:9) എന്നും ദൈവം കല്പന കൊടുത്തിരുന്നു. എന്നാൽ ദൈവാലയത്തിൽ അഹരോന്റെ പുത്രന്മാരായ നാദാബും, അബീഹൂവും ദൈവകല്പന ലംഘിച്ചു അന്യാഗ്നി കൊണ്ടുവന്നു കത്തിച്ചതിനാൽ തൽക്ഷണം മരിച്ചു (ലേവ്യ.10:1, 2). പുതിയ നിയമത്തിൽ വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാകയാൽ പരിശുദ്ധാത്മാവു വിശ്വാസിയിൽ വസിക്കുന്നു. വിശ്വാസിയെ അടിമച്ചന്തയിൽ നിന്നും, പിശാചിന്റെ പിടിയിൽനിന്നും, വിലയ്ക്കു വാങ്ങിയിരിക്കുകയാൽ അവർ താന്താങ്ങൾക്കുള്ളവരല്ല. ആകയാൽ അവർ തങ്ങളുടെ ആത്മീയശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തണം (1.കൊരി.6:11,15,19,20). ദൈവത്തിന്റെ മന്ദിരമായ വിശ്വാസിയുടെ ശരീരത്തിനു ഇനി അന്യാഗ്നികൊണ്ടു ശോഭ വരുത്തിയാൽ ശിക്ഷ ലഭിക്കുക തന്നെ ചെയ്യും. *“നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ”* (1.കൊരി.3:16,17). നമ്മുടെ ദൈവം കരുണാസമ്പന്നനായ ദൈവമാണ്. പക്ഷേ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമാണ് (എബ്രാ.12:29). *“സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു”* (എബ്രാ.10:26,27).





ആഭരണങ്ങൾ നീക്കിക്കളയുവാൻ പഴയനിയമത്തിൽ ദൈവം കല്പന തന്നിട്ടുണ്ട് (പുറ.33:3-6). പുതിയനിയമ തിരുവെഴുത്തുകളിൽ നമ്മുടെ കർത്താവോ, അപ്പൊസ്തലന്മാരോ ഒരിടത്തും ഈ കല്പനയെ എതിർക്കുന്നില്ല; എന്നു മാത്രമല്ല ലോകത്തിന്റെ പൊന്നും വെള്ളിയും കൊണ്ടു വിശ്വാസിയുടെ ആത്മീയശരീരത്തെ അലങ്കരിക്കുവാൻ അനുവദിക്കുന്നതുമില്ല. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനവും നീതീകരണവും ലഭിച്ച വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കേണ്ടതു എങ്ങനെയാണെന്നും, എങ്ങനെയല്ലെന്നും അപ്പൊസ്തലന്മാരായ പൗലൊസും, പത്രൊസും വിശദീകരിച്ചിട്ടുണ്ട്.

> **1.തിമൊ.2:9,10** — *“അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു.”*
>
> **1.പത്രൊസ്.3:3,4** — *“നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.”*

***അലങ്കാരം എങ്ങനെയായിരിക്കണം —***

(1) യോഗ്യമായ വസ്ത്രം ധരിക്കണം.
(2) ലജ്ജാശീലവും, സുബോധവും വേണം.
(3) സൽപ്രവൃത്തികൾ കൊണ്ടു അലങ്കരിക്കണം.
(4) സൗമ്യതയും സാവധാനതയുമുള്ള മനസ്സ്.

***അലങ്കാരം എങ്ങനെ ആയിരിക്കരുത്*** —

(1) പിന്നിയ തലമുടി — കേശാലങ്കാര മത്സരത്തിനു പോകുന്ന രീതി യിലുള്ള ഒരുക്കം.

(2) പൊന്നും മുത്തും കൊണ്ടുള്ള അലങ്കാരം.

(3) വിലയേറിയ വസ്ത്രം —വിശ്വാസിയുടെ സാക്ഷ്യജീവിതത്തിനു നിരക്കാത്ത വസ്ത്രങ്ങൾ.

വിശുദ്ധസ്ത്രീകൾ തങ്ങളെ അലങ്കരിക്കേണ്ടത് പുറമേ മോടി പിടിപ്പിക്കുന്ന അലങ്കാരവസ്തുക്കൾ കൊണ്ടല്ല, മറിച്ച് ആത്മീയമാ യ സൽഗുണങ്ങൾ കൊണ്ടായിരിക്കണം. സൗമ്യതയും സാവധാന തയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ ആണ് ദൈവസന്നിധിയിൽ വിലയുള്ളത്. എന്നാൽ മനു ഷ്യരുടെ മുമ്പിൽ വിലയുള്ളത് തലമുടി പിന്നുന്നതും പൊന്നണിയു ന്നതും മോടിയുള്ള വസ്ത്രങ്ങൾ ധരിക്കുന്നതുമാണ്. ബാഹ്യമായ അലങ്കാരങ്ങൾ വർദ്ധിക്കുമ്പോൾ ആന്തരികാലങ്കാരങ്ങൾക്കു മങ്ങലേൽക്കുവാൻ സാദ്ധ്യതയുണ്ട്. പൊന്നും വെള്ളിയും കൊണ്ടു ണ്ടാക്കിയ ആഭരണങ്ങൾ ബാഹ്യശരീരത്തെ ആകർഷകമാക്കി തീർക്കുമായിരിക്കാം. എന്നാൽ ദൈവം അനുഗ്രഹിച്ചു ദാനമായി തന്നിരിക്കുന്ന സമ്പത്തു ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യാതെ ഈ ലോഹങ്ങൾ വലിയ വില കൊടുത്തു വാങ്ങി ആഭരണമാക്കി വിശ്വാ സിയുടെ ശരീരത്തെ കുത്തിത്തുളച്ചും അല്ലാതെയും കെട്ടിത്തൂക്കു ന്നതു ശരിയല്ല. ലോകമനുഷ്യർക്കു ദൈവതേജസ്സു ലഭിക്കാത്തതി നാൽ അവർ തങ്ങളുടെ ശരീരത്തിൽ കെട്ടിത്തൂക്കിയിടട്ടെ. എന്നാൽ ദൈവതേജസ്സു ലഭിച്ച വിശ്വാസിക്കു ഇതിന്റെ ആവശ്യമില്ല. *"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു"* എന്ന കാഴ്ചപ്പാടും ദർശനവുമുള്ളവർ എല്ലാ നിലയിലും വിശ്വാസിക്കു യോജിച്ച രീതി യിൽ പെരുമാറും; തങ്ങളുടെ ശരീരങ്ങളെ കൃത്രിമസൗന്ദര്യലോഹ ങ്ങൾ കൊണ്ടു അലങ്കരിക്കാതിരിക്കയും ചെയ്യും.





ദൈവത്തിന്റെ കല്പനകളെ ലംഘിക്കുന്നതു പാപമാണ്. അതു ദൈവം ഇഷ്ടപ്പെടുന്നില്ല. ദൈവത്തെ അനുസരിച്ചു ദൈവ ഹിതപ്രകാരം ജീവിക്കുന്നവരാണ് ദൈവമക്കൾ. അവർ ദൈവത്തിന്റെ പ്രിയമക്കൾ കൂടിയാണ്. ***"ജാതികളുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും മനുഷ്യരുടെ കൈവേലയും ആകുന്നു."*** (സങ്കീ.135:15). ആയതിനാൽ വിശ്വാസിയുടെ ആഭരണധാരണം ജാതികളെ അനു കരിക്കുന്നതും, ലോകത്തിന്റെ മോഹങ്ങളിൽ നിന്നു അവർ പൂർണ്ണ മായി വേർപെട്ടിട്ടില്ലെന്നു കാണിക്കുന്നതുമാണ്. ഈ മിസ്രയീമ്യമാലി ന്യം അഥവാ ജാതികളുടെ വിഗ്രഹം, പരിശുദ്ധാത്മാവിന്റെ വാസ സ്ഥലമായ വിശ്വാസിയുടെ ശരീരത്തിൽ വഹിക്കുന്നത് നന്നല്ല.

തിരുവചനത്തിൽ വിശ്വാസികൾ ധരിക്കേണ്ടവ രേഖപ്പെടുത്തി യിരിക്കുന്നതു ശ്രദ്ധിക്കുക —

**റോമർ.13:12** —*"ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക"*

**റോമർ.13:14** — *"കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചു കൊൾവിൻ."*

**2.കൊരി.6:8** — *"നീതിയുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട്"*

**എഫെ4:24**— *"സത്യത്തിന്റെ ഫലമായ നീതിയിലും വിശു ദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ."*

**എഫെ. 6:11** —*"പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നിൽപ്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ."*

**കൊലൊ.3:12** — *"മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘ ക്ഷമ എന്നിവ ധരിച്ചുകൊണ്ട് ...."*

**കൊലൊ.3:14** — *"എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധ മായ സ്നേഹം ധരിപ്പിൻ."*

**1.തെസ്സ.5:8** — *''നാമോ പകലിനുള്ളവരാകയാൽ വിശ്വാസ വും, സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക."*

**1.പത്രൊ.5:5** — *"എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ."*

## (2) സ്നാനസമയത്തു ആഭരണം ഉപേക്ഷിച്ച വിശ്വാസി വീണ്ടും ആഭരണം ധരിച്ചാൽ രക്ഷ നഷ്ടപ്പെടുമോ? പ്രതിഫലനാളിൽ ദൈവസിംഹാസനത്തിനു മുമ്പാകെ ആഭരണം ധരിച്ചവർ ലജ്ജിതരാകുമോ?

''രക്ഷ'' എന്നാൽ ശിക്ഷയിൽ നിന്നുള്ള വിടുതൽ എന്നാണർത്ഥം. പാപികളായ മനുഷ്യവർഗ്ഗത്തിനു ദൈവമൊരുക്കിയ ഈ ആത്മരക്ഷ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നേടിയെടുക്കാം. അതിന്നായി എല്ലാ മനുഷ്യർക്കും ദൈവം അധികാരം കൊടുത്തു. മാത്രമല്ല ഈ രക്ഷ കൃപയാൽ ലഭിക്കുന്നതും ആണ്. ചില വാക്യങ്ങൾ നോക്കുക —

***റോമ.10:9,10***— *"യേശുവിനെ കർത്താവു എന്നു വായി കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസി ക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റു പറകയും ചെയ്യുന്നു."*

**എഫെ.2:8** — *"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."*





**യോഹ.1:12** — *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകു വാൻ അവൻ അധികാരം കൊടുത്തു."*

കൃപയാലുള്ള ദൈവീകരക്ഷ ഒരിക്കലും നഷ്ടപ്പെടുകയില്ല. ആത്മരക്ഷ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുകയാണ്. രക്ഷിക്കപ്പെടുമ്പോൾ പാപിയായ മനുഷ്യൻ യേശുക്രിസ്തുവിൽ ഒരു പുതു സൃഷ്ടിയായി രൂപാന്തരപ്പെടുന്നു. പഴയ മനുഷ്യനെ ലോകത്തിന്റെ എല്ലാ മോഹങ്ങളോടും കൂടി ഉരിഞ്ഞു കളയുന്നു. യേശുക്രിസ്തുവുമായി സജീവ ബന്ധത്തിൽ വളർന്നു വരുന്ന ദൈവപൈതലിന്റെ നോട്ടത്തിൽ, സംസാരത്തിൽ, ജീവിതത്തിൽ, മറ്റുള്ളവരോടുള്ള ഇടപാടുകളിൽ, മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ, സേവിക്കുന്നതിൽ സമൂലമായ മാറ്റം വരുത്തി യേശുക്രിസ്തുവിനെ മാതൃകയാക്കി ക്രിസ്തുവിനോടു അനുരൂപനാകുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ട വിശ്വാസി ലോകത്തിന്റെ സകല മോഹങ്ങളും സ്വമനസ്സാലെ നീക്കം ചെയ്യണം. ലൗകികമോഹമായ ആഭരണവും ആരുടെയും നിർബന്ധത്താൽ നീക്കികളയേണ്ടതല്ല, മറിച്ച് ആഭരണവർജ്ജനം, തന്നെ രക്ഷിച്ച നാഥനോടുള്ള അനുസരണമാണ് എന്നോർക്കുക. രക്ഷ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും, ദൈവകൃപയിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതിനാൽ ആഭരണവുമായി ബന്ധമില്ല. ആഭരണതിരസ്കരണം സ്വർഗ്ഗത്തിൽ പോകുന്നതിനോ, രക്ഷിക്കപ്പെടുവാനോ അല്ല. രക്ഷിക്കപ്പെട്ടു എന്നതിന്റെ പരസ്യമായ പ്രദർശനവും സാക്ഷ്യജീവിതത്തിന്റെ പ്രഖ്യാപനവുമാണത്.

വിശ്വാസി, അഥവാ രക്ഷിക്കപ്പെട്ട ദൈവപൈതൽ വിശുദ്ധനായ ദൈവത്തോടു വ്യക്തിപരമായി ബന്ധമുള്ളവനാണ്. രക്ഷിക്കപ്പെടുമ്പോൾ വിശ്വാസജീവിതം ആരംഭിക്കുകയാണ്. യേശുക്രിസ്തുവിനോടു അനുരൂപപ്പെടുന്ന ജീവിതമാണു ക്രിസ്തീയ ജീവിതം. ഈ ജീവിതത്തിൽ ദൈവീകകൂട്ടായ്മക്കു തടസ്സം സൃഷ്ടിക്കുന്ന ലോകത്തിന്റെ സകല മാലിന്യങ്ങളും തൂത്തെറിയണം. ആഭരണധാരണവും ലോകമോഹത്തിൽ ഉൾപ്പെടുന്നതിനാൽ, ജാതികളെ അനുകരിക്കാതെ

നമ്മുടെ ശരീരത്തിൽ നിന്നു ഈ മാലിന്യം നീക്കിക്കളഞ്ഞു നമ്മുടെ ആത്മീകമന്ദിരത്തെ ശുദ്ധീകരിക്കണം. വിശ്വാസി തന്റെ ജീവിതയാത്രയിലൊരിക്കലും മിസ്രയീമിൽ നിന്നും നേടിയ മാലിന്യംകൊണ്ടു വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കരുത്. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ വാസസ്ഥലമാണ്. ദൈവത്തിന്റെ ആത്മാവു അവരിൽ വസിക്കുന്നു (1.കൊരി.3:16,17). ഈ വിശുദ്ധമന്ദിരത്തിലേക്കു നമ്മുടെ സാക്ഷ്യജീവിതത്തെ ഹനിക്കുന്ന യാതൊരന്യാഗ്നിയും കൊണ്ടുവരികയോ മോടിപിടിപ്പിക്കുകയോ ചെയ്യരുത്.

ഒരിക്കൽ സകലരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടി വരുമെന്നു ദൈവവചനം അറിയിക്കുന്നു. ആയതിനാൽ വിശ്വാസികൾ വളരെ ശ്രദ്ധയോടും, വിശുദ്ധിയോടും കൂടി ജീവിക്കണം.

**റോമർ.14:10--12** — *" ..... നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടിവരും.........ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും."*

**1.കൊരി.3:13–15** — *" ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ."*

**2.കൊരി.5:10** — *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."*





രക്ഷിക്കപ്പെട്ട സകല വിശ്വാസികളും ന്യായാസനത്തിന്റെ മുൻപിലും, രക്ഷിക്കപ്പെടാത്തവർ വെള്ളസിംഹാസനത്തിന്റെ മുമ്പിലും നിൽക്കേണ്ടിവരും. രണ്ടു സിംഹാസനങ്ങളിലും ഇരിക്കുന്ന ന്യായാധിപൻ ഒരാളാണ്. അതു ദൈവപുത്രനും, മനുഷ്യവർഗ്ഗത്തിനു രക്ഷയൊരുക്കിയ നാഥനും കർത്താവുമായ യേശുക്രിസ്തു തന്നെ (യോഹ.5:22/അപ്പൊ.17:31/വെളി.20:11–15). ന്യായാസനം പ്രതിഫലം നൽകുന്ന സിംഹാസനവും, വെള്ളസിംഹാസനം ശിക്ഷ നൽകുന്ന ന്യായപീഠവുമാണ്. ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുന്ന വിശ്വാസിക്ക്, ആ സമയം കണക്കു ബോധിപ്പിക്കേണ്ട അവസരവും തന്റെ വേലയെ ആദരിക്കുന്ന വേളയുമായിരിക്കും. അതായത് ക്രിസ്തുവിന്റെ ന്യായാസനം പരിശോധന, ആദരവ്, പുകഴ്ച, വിശ്വസ്ത, സേവനത്തിനുള്ള അംഗീകാരം എന്നിവയോട് ബന്ധപ്പെട്ടിരിക്കുന്നു (1.കൊരി.3:13–15/2.തിമൊ.4:8/1.കൊരി.4:5).

അനേകർ കിരീടങ്ങൾ വാങ്ങി ആദരിക്കപ്പെടുമ്പോൾ ദൈവകല്പന നിസ്സാരമാക്കി ലോകമാലിന്യങ്ങൾ ദൈവത്തിന്റെ മന്ദിരമായ തന്റെ ശരീരത്തിൽ ധരിച്ച്, ജീവിതസാക്ഷ്യത്തിനു മങ്ങലേല്പിച്ച വിശ്വാസികൾ ലജ്ജിതരാകുമെന്നു ഓർക്കുക.

അതുപോലെതന്നെ "നീ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ദൈവകല്പനയെ നിസ്സാരമാക്കി, ആഭരണം വിശ്വാസിക്കും ധരിക്കാം, ധരിക്കുന്നതിനു തെറ്റില്ല, മിതമായി ധരിക്കാം, ലോകസംസ്കാരത്തിനനുസരിച്ചു മാറ്റം വേണം, ആഭരണധാരികളെ സ്നാനപ്പെടുത്താം, സ്നാനപ്പെടുത്തിക്കഴിഞ്ഞു പഠിപ്പിച്ചാൽ മതി എന്നിങ്ങനെയുള്ള അഭിപ്രായങ്ങളുയർത്തി അനേകരെ ആഭരണധാരണത്തിലേക്കു നയിക്കുന്നവരും ന്യായാസനത്തിനു മുമ്പാകെ ലജ്ജിതരാകും. കാരണം "ആഭരണം നീക്കിക്കളക" എന്ന ദൈവകല്പന ഇന്നും മാറ്റമില്ലാതെ പുതിയനിയമതിരുവെഴുത്തിൽ അനുമതി നല്കപ്പെടാതെ നിലനില്ക്കുന്നു.

പുതിയനിയമത്തിൽ ആഭരണധാരിയായ ഒരു സ്ത്രീയെ മാത്രം കാണുന്നു. അവളെപ്പറ്റി അപ്പൊസ്തലനായ യോഹന്നാൻ ചിത്രീകരിക്കുന്നതു ശ്രദ്ധിക്കുക —— *"ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി ......... വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ കണ്ടു; അവളെ കണ്ടിട്ടു അത്യന്തം ആശ്ചര്യപ്പെട്ടു."* —— അവളാണ് - മർമ്മം: മഹതിയാം ബാബിലോൻ (വെളി.17:4-6). എന്നാൽ പൊന്ന്, രത്നം, മുത്ത്, പളുങ്ക് എന്നിവയാലുള്ള മാലയോ മോതിരമോ, കണ്ണഞ്ചിപ്പിക്കുന്ന നിറത്തിലുള്ള വസ്ത്രമോ ആരാലും അണിയിക്കപ്പെടാതെ ശുഭ്രവസ്ത്രധാരിയായി സ്വർഗ്ഗീയ പ്രൗഢിയോടെ നില്കുന്ന കുഞ്ഞാടായ ക്രിസ്തുവിന്റെ മണവാട്ടിയെ നോക്കുക. വെളി.19:7 — *"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു."*

**ദൈവിക ന്യായാസനത്തിങ്കൽ കണക്കു കൊടുക്കേണ്ടവ —**

(1) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് — 2.കൊരി.5:10/റോമ.14:12.

(2) സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും — മത്താ.12:36 /യാക്കോ.5:9.

(3) ഹൃദയത്തിലെ ആലോചനകൾക്ക് — 1.കൊരി.4:5.

(4) ലഭിച്ച താലന്തുകൾക്ക് — മത്താ.25:21.

ഇവ കൂടാതെ രക്ഷിക്കപ്പെട്ട നാൾ മുതൽ ദൈവം ഭൂമിയിൽ ജീവിക്കുവാൻ ആയുസ്സു തന്ന കാലം വരെ, ഒരു വിശ്വാസി എന്ന നിലയിൽ തന്റെ ജീവിതം, നടപ്പ്, പ്രവർത്തനം എന്നിവയോടുള്ള ബന്ധത്തിൽ ന്യായാസനത്തിങ്കൽ ശോധനയുണ്ടാകും. അനേക കാര്യങ്ങളിൽ ആദരവ്, പുകഴ്ച ലഭിക്കും. അപ്പോൾത്തന്നെ ദൈവം നല്കിയ പ്രമാണങ്ങൾ, വിശുദ്ധജീവിതം, സുവിശേഷം അറി





യിക്കൽ എന്നിവയോടു ബന്ധപ്പെട്ടും പരിശോധനയുണ്ടാകും. അലസതയിലും, നിർവ്വീര്യതയിലും, ജീവിതവിശുദ്ധിയില്ലായ്മയിലും ലജ്ജിതരാകാം. തിരുവചനത്തിലുടനീളം കാണപ്പെടുന്നതിൽ ചിലതു പരിശോധിക്കാം.

(1) ഭൂമിയിലെ പ്രവാസകാലം എങ്ങനെ ചെലവഴിച്ചു?

> സങ്കീ.90:12/എഫെ.5:16/കൊലൊ.4:5/1.പത്രൊ.1:17

(2) ദൈവം നമുക്കു നല്കിയ, നമ്മെ ഏല്പിച്ച ധനം എങ്ങനെ കൈകാര്യം ചെയ്തു?

> 2.കൊരി.9:6,7/1.തിമൊ.6:17-19

(3) ക്രിസ്തുവിനും, സുവിശേഷത്തിനും വേണ്ടി സഹിച്ച കഷ്ടത, നിന്ദ, പഴി എന്നിവയോടുള്ള പ്രതികരണം എങ്ങനെ?

> മത്താ.5:11,12 / മർക്കൊ.10:29,30 / റോമ.8:18/ 2.കൊരി.4:17/ 1.പത്രൊ.4:12,13.

(4) കൂട്ടുസഹോദരങ്ങളെയും ദൈവദാസന്മാരെയും എത്രത്തോളം ആദരിക്കുകയും, കരുതുകയും, സ്നേഹിക്കുകയും ചെയ്തു?

> മത്താ.10:41,42/എബ്രാ.6:10

(5) രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ജഡസ്വഭാവങ്ങൾ പില്ക്കാലത്തെ ആത്മീയജീവിതത്തിൽ എത്രത്തോളം നിയന്ത്രിച്ചു? പ്രസംഗവും പ്രവൃത്തിയും സാക്ഷ്യജീവിതവും എപ്രകാരം?

> 1.കൊരി.9:25-27/1.തെസ്സ.2:4,5/2.തിമൊ.2:15.

(6) ക്രിസ്തീയ ഓട്ടക്കളത്തിൽ എപ്രകാരമായിരുന്നു ഓട്ടം?

> 1..കൊരി.9:24/ഫിലി.2:16/ഫിലി.3:13,14/എബ്രാ.12:1

(7) പരീക്ഷ, പരിശോധനകളിൽ പ്രതികരണം എന്തായിരുന്നു?

> യാക്കോ.1:2,3/വെളി.3:10

(8) വിശ്വാസജീവിതത്തിലെ ആവശ്യങ്ങൾ ദൈവത്തോടോ മനുഷ്യരോടോ അറിയിച്ചത്?

> ഫിലി.4:6

(9) ദൈവം നമുക്കു പൊതുപ്രയോജനത്തിനായി നല്കിയ കൃപാവരങ്ങൾ, കഴിവുകൾ എത്രത്തോളം ഉപയോഗിച്ചു? നല്ല ഗൃഹവിചാരകനായിരുന്നോ?

> ലൂക്കൊ.19:11-26/1.കൊരി.12:7,8/1.പത്രൊ.4:10.

(10) ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വചനത്തെയും കുറിച്ചു ലജ്ജിച്ചിട്ടുണ്ടോ? എരിയുന്ന തീച്ചൂളയിലേക്കു പോയ എത്ര ജീവിതങ്ങളെ ക്രിസ്തുവിനായി നേടി?

> മർക്കൊ.8:38/ലൂക്കൊ.9:26/ദാനീ.12:3/1.തെസ്സ.2:19,20.

(11) ദൈവസേവനത്തിൽ, സുവിശേഷവേലയിൽ, ദാനധർമ്മങ്ങളിൽ മറ്റുള്ളവരിൽ നിന്നും ലോകത്തിൽ നിന്നും ലഭിച്ച ആദരവും പുകഴ്ചയും ദൈവത്തിനു കൊടുത്തോ? സ്വയം പുകഴുവാനിടയായോ?

> മത്താ.6:1-18

(12) ദൈവീകപ്രമാണങ്ങൾ എപ്രകാരം വിഭാഗിച്ചു? ഒട്ടും മറെച്ചു വെക്കാതെ മുഴുവനും അറിയിച്ചോ? മറ്റുള്ളവർക്കു മാതൃകയായി ജീവിച്ചോ? നമ്മെ ദൈവം എല്പിച്ച കൂട്ടത്തെ എപ്രകാരം പരിപാലിച്ചു?

> അപ്പൊ.20:26-28/2.തിമൊ.4:1-5/1.പത്രൊ.5:2-4

കൃപയാൽ രക്ഷിക്കപ്പെട്ട ദൈവപൈതലേ ! വിശുദ്ധിയിൽ ജീവിക്കാം. ജാതികളെ നോക്കി അവരെ അനുകരിക്കാതിരിക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കാം (എബ്രാ.12:2). അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കാം (എബ്രാ.3:1). ഇവൻ എത്ര മഹാൻ എന്നു നോക്കാം (എബ്രാ.7:4). ഈ മാതൃകാനാഥനെ നോക്കിക്കൊണ്ടു വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുവാൻ ഒരുങ്ങാം (1.തെസ്സ.3:13); ശുദ്ധീകരണം പ്രാപിക്കാം (1.തെസ്സ.5:23); കറയും, കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാത്തിരിക്കാം (2.പത്രൊ.3:14); നമ്മുടെ നാഥൻ പ്രത്യക്ഷനാകുമ്പോൾ തന്റെ സന്നിധിയിൽ ലജ്ജിച്ചു പോകാതെ പ്രത്യക്ഷതയിൽ ധൈര്യം ഉണ്ടാകേണ്ടതിന്നു കർത്താവിൽ വസിക്കാം (1.യോഹ.2:28).

..........................................





## (3) കൃപയാൽ രക്ഷ പ്രാപിച്ച വിശ്വാസി ആഭരണം ധരിച്ചിരിക്കുന്നു എന്ന ഏകകാരണത്താൽ വിശ്വാസസ്നാനം വിലക്കാമോ?

കൃപയാൽ രക്ഷിക്കപ്പെട്ട ദൈവപൈതൽ ദൈവകുടുംബത്തിലെ അംഗമാണ്. പിതാവും മക്കളും എന്ന നിലയിലുള്ള ബന്ധത്തിലേക്കു ദൈവവും വിശ്വാസിയുമായിത്തീരുന്നു. പിതാവിന്റെ ഇഷ്ടം അനുസരിക്കേണ്ടതു മക്കളുടെ ചുമതലയാണ്. ദൈവകല്പന അനുസരിക്കാതിരിക്കുന്നതും, എതിർക്കുന്നതും പിതാവായ ദൈവത്തെ ദുഃഖിപ്പിക്കുന്ന കാര്യങ്ങളാണ്. ആത്മീയകാഴ്ച ലഭിച്ച ദൈവപൈതൽ ഇനി ലോകത്തെ അനുകരിക്കുവാനോ, ജാതികളെ പിൻപറ്റി പഴയ ജീവിതത്തിലേക്കു മടങ്ങിപ്പോകുവാനോ പാടില്ല. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനനം പ്രാപിച്ചവൻ ക്രിസ്തുവിൽ പുതുസൃഷ്ടിയായിത്തീരുന്നു. *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു"* (2.കൊരി.5:17).

പുതിയ ജീവിതത്തിൽ, ലൗകികമാലിന്യങ്ങളാൽ വിശ്വാസിയുടെ ആത്മീയശരീരത്തെ മോടിപിടിപ്പിക്കുവാൻ ശ്രമിക്കുന്നത് യോജിച്ചതല്ല. ദൈവം വളരെ വ്യക്തമായി തിരുവചനത്തിലൂടെ അറിയിക്കുന്നതു നോക്കുക -- പുറ.33:5,6--*"അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോടു പറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു. അങ്ങനെ ഹോരേബ്പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."* ഈ ദൈവകല്പനെക്കുശേഷം ആഭരണം ധരിക്കുവാൻ അനുവാദം നൽകുന്ന ഒരു വാക്യം പോലും തിരുവചനത്തിലൊരിടത്തും കാണുന്നില്ല.

*ആഭരണം വർജ്ജിക്കാതെ പലരും സ്നാനപ്പെടുവാൻ ആഗ്ര ഹിക്കുന്നത്, രഹസ്യത്തിൽ ദൈവകല്പനയായ സ്നാനം നടത്തുവാനാണ്. കാരണം ആഭരണം വർജ്ജിക്കുമ്പോൾ തങ്ങൾക്കിതുവരെയുണ്ടായിരുന്ന വിശ്വാസവും കൂട്ടവും വിട്ടുവെന്നു അനേകരറിയുവാൻ ഇടയാകും. തന്മൂലം പ്രശ്നങ്ങളും, അപമാനങ്ങളും, ഒറ്റപ്പെടുത്തലുകളുമുണ്ടായേക്കും എന്നു ഭയപ്പെടുന്നു. സ്നാനം ദൈവകല്പനയായതിനാൽ അനുസരിക്കണം, അതേസമയം മറ്റുള്ളവർ അറിയാനും പാടില്ല എന്ന് അവർ ആഗ്രഹിക്കുന്നു.* ഈ മനോഭാവം പാടില്ല. രക്ഷിക്കപ്പെട്ട ഒരുവൻ, സ്നാനം സ്വീകരിക്കുന്നതിനു മുമ്പായി ആഭരണമുൾപ്പെടെയുള്ള എല്ലാ ലോകമോഹങ്ങളും, പാപങ്ങളും തൂത്തെറിയണം. അങ്ങനെ സമ്പൂർണ്ണ സമർപ്പണമില്ലാത്ത ഒരാളെ രക്ഷിക്കപ്പെട്ടുവെന്ന ഏക കാരണത്താൽ സ്നാനപ്പെടുത്താനും പാടില്ല.

പെന്തെക്കോസ്തുനാളിൽ പത്രൊസ് അപ്പൊസ്തലൻ ഒരു വലിയ ജനക്കൂട്ടത്തോടു യേശുക്രിസ്തുവിനെക്കുറിച്ചു സംസാരിച്ചു. തുടർന്നു പരിശുദ്ധാത്മാവ് അവരിൽ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധം വരുത്തി. *"ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ"* എന്നുള്ള പത്രോസിന്റെ ആഹ്വാനത്തിൽ, അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു എന്നു അപ്പൊസ്തലപ്രവൃത്തികളിൽ വായിക്കുന്നു (അപ്പൊ.2:40,41). ഇവിടെ വാക്കു കൈക്കൊണ്ടവർ ഉടനെ സ്നാനമേറ്റു എന്നതിനാൽ, ഇക്കൂട്ടത്തിൽ ആഭരണം ധരിച്ചിരുന്നവർക്കു അതു നീക്കിക്കളയുവാൻ സമയം ലഭിച്ചിരുന്നില്ലെന്നും, അതുകൊണ്ടു സ്നാനത്തിനായി ആഭരണം നീക്കേണ്ടയാവശ്യമില്ല എന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ ഈ നിഗമനം ശരിയല്ല. ഉദാഹരണമായി, വർത്തമാനപത്രത്തിൽ ഒരു വാർത്ത ഇപ്രകാരം കാണുന്നു എന്നു വിചാരിക്കുക – ഇൻഡ്യൻ പ്രധാനമന്ത്രി കൊല്ലം ഗസ്റ്റുഹൗസിൽ വിശ്രമിച്ചു, രാവിലെ എഴുന്നേറ്റ് ആഹാരം കഴിച്ചശേഷം തിരുവനന്തപുരത്തേക്കു പോയി. ഇതിൽ രാവിലെ എഴുന്നേറ്റു , ആഹാരം കഴിച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ, ദന്തശുദ്ധിവരുത്തുകയോ, മറ്റു പ്രാഥമിക കർമ്മങ്ങൾ അനുഷ്ഠിക്കയോ ചെയ്യാതെ ആഹാരം കഴിച്ചുവെന്നു ആരെങ്കിലും ചിന്തിക്കുമോ? അതുപോലെ രക്ഷിക്കപ്പെട്ട ഉടനെ സ്നാനപ്പെട്ടുവെന്നു പറഞ്ഞാൽ ജീവിതത്തിലെ അശുദ്ധിയൊക്കെ നീക്കം ചെയ്തില്ലെന്നർത്ഥമില്ല. രക്ഷിക്കപ്പെട്ടു കഴിഞ്ഞാലുടനെ സ്നാനപ്പെടണമെന്നു തന്നെയാണു ദൈവമാഗ്രഹിക്കുന്നത്. എന്നാൽ ദൈവകല്പനയായ സ്നാനം സ്വീകരിക്കുന്നതിനു മുമ്പ് സ്നാനാർത്ഥിയിൽ പറ്റിപ്പിടിച്ചിരിക്കുന്നതും, ക്രിസ്തീയ സാക്ഷ്യജീവിതത്തിനു തടസ്സമായിട്ടുള്ളതും നീക്കിക്കളയണം. ആഭരണവും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.





സ്നാനം രക്ഷിക്കപ്പെടാനോ, സ്വർഗ്ഗത്തിൽ പോകാനോ ഉള്ള മാദ്ധ്യമമല്ല. രക്ഷിക്കപ്പെട്ട ദൈവപൈതൽ പൂർണ്ണമനസ്സോടും, പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആഗ്രഹത്തോടും അനുസരിക്കുന്ന ദൈവകല്പനയാണ് സ്നാനം. രക്ഷിക്കപ്പെട്ട, പുതുജീവിതത്തിന്റെ, മാനസാന്തരത്തിന്റെ പരസ്യപ്രഖ്യാപനമാണിത്. സ്നാനത്തിൽ ക്രിസ്തുവിനെ ധരിക്കുകയാണ്.

**ഗലാ.3:27—** *"ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."*

**കൊലൊ.3:9,10—** *"നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ."*

ക്രിസ്തുവിലായപ്പോൾ ഒരുവൻ പുതിയസൃഷ്ടിയായി. പഴയവസ്ത്രങ്ങൾ മാറ്റി പുതിയവ ധരിക്കുന്നതു പോലെ സ്നാനത്തിൽ യേശുക്രിസ്തുവിനെ ധരിക്കുന്നു. ഒരു കത്തെഴുതി കവറിലിട്ട് ഒട്ടിച്ചു കഴിഞ്ഞാൽ എഴുത്തു കാണുന്നില്ല; കവറാണു കാണുന്നത്. അതുപോലെ ഇനി യേശുക്രിസ്തുവിലൂടെയായിരിക്കും നമ്മെ മറ്റുള്ള

വർ കാണുന്നത്. കൂടാതെ സ്നാനത്തിൽ അവനിലുള്ള സകല ജ ഡസ്വഭാവങ്ങളും ചിന്തകളും മോഹങ്ങളും കുഴിച്ചിടപ്പെടുന്നു. സ്നാന ജലത്തിൽ നിന്നു ഉയരുന്ന വിശ്വാസി കർത്താവിനോടുകൂടെ ജീവി ച്ചെഴുന്നേൽക്കുന്ന അനുഭവമാണ്.

**റോമർ.6:4** — നോക്കുക— *"അങ്ങനെ നാം അവന്റെ മര ണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയിൽ ജീവിച്ചെ ഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ."* ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ സ്നാനജലത്തിൽ നിന്നുയരുന്ന വിശ്വാസിയെ ഇനി പൊന്നും, വെള്ളിയും കൊണ്ട് അലങ്കരിക്കേണ്ടാ.

ആകയാൽ രക്ഷിക്കപ്പെട്ട ഒരു വിശ്വാസി ആഭരണം ധരിച്ചി രിക്കുന്നു എന്ന ഏക കാരണത്താൽത്തന്നെ സ്നാനം അനുവദി ക്കുവാനോ, സ്നാനപ്പെടുത്തുവാനോ പാടില്ല. പുകവലിക്കുന്നവൻ പുകവലി ഉപേക്ഷിക്കുക, മദ്യപിക്കുന്നവൻ മദ്യം ഉപേക്ഷിക്കുക, അസന്മാർഗ്ഗിക ജീവിതത്തിൽ കൂത്താടിയവൻ അതിൽ നിന്നും അക ലുക എന്നിവയൊക്കെ രക്ഷിക്കപ്പെട്ടതിന്റെ അനന്തരഫലങ്ങളാണ്. രക്ഷിക്കപ്പെട്ടയാൾ വീണ്ടും പുകയുന്ന സിഗററ്റുമായോ, മദ്യകുപ്പി യുമായോ വന്നിട്ടു, ഞാൻ രക്ഷിക്കപ്പെട്ടവനാണ് എന്നെ സ്നാന പ്പെടുത്തണം എന്നു പറഞ്ഞാൽ അതു നടത്തിക്കൊടുക്കുവാൻ അനുവാദമുണ്ടോ? അതുപോലെ രക്ഷിക്കപ്പെടുമ്പോൾ ആഭരണം ധരിച്ചിരുന്നു. വിശ്വാസി ആഭരണം ധരിക്കുവാൻ പാടില്ല എന്നുള്ളതു ദൈവകല്പനയാണെന്നും, അതു സാക്ഷ്യജീവിതത്തിന്റെ പ്രദർശ നമാണെന്നും, അതു ലോകത്തിൽ നിന്നുമുള്ള സമ്പൂർണ്ണവേർപാ ടാണെന്നും മനസ്സിലാക്കിയിട്ടും, അതു നിസ്സാരമെന്നു കരുതി വിശ്വാ സജീവിതയാത്ര തുടർന്നാൽ അതു ദൈവകല്പനാ ലംഘനമല്ലേ? കുത്തഴിഞ്ഞ സാക്ഷ്യജീവിതത്തിന്റെ പ്രദർശനമല്ലേ? ലോകത്തോടു അനുരൂപപ്പെടുകയല്ലേ? അങ്ങനെയുള്ളവരെ സ്നാനപ്പെടു





ത്തുകയെന്നതു മരിക്കാത്തവനെ കുഴിച്ചിടുന്നതിന്നു തുല്യമാകയാൽ ദൈവസന്നിധിയിൽ കുറ്റക്കാരായിത്തീരും.

കർത്താവു ഒരിക്കൽ ധനവാനായ ഒരു യുവാവിനോടു പറ ഞ്ഞു — **മത്തായി.19:21** — "സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛി ക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക." ഈ യുവാവു ധനവാനായതി നാൽ അല്ല കർത്താവു ഇങ്ങനെ പറഞ്ഞത്. ഈ യുവാവിന്റെ ചിന്ത യും, ലക്ഷ്യവുമൊക്കെ ധനത്തിൽ കേന്ദ്രീകരിച്ചിരുന്നുവെന്നു കർത്താവു മനസ്സിലാക്കി. വാസ്തവത്തിൽ ധനത്തോടുള്ള അവന്റെ സമീപനത്തിനു മാറ്റം വരുത്തുവാൻ കർത്താവു അവനൊരവസരം കൊടുക്കുകയായിരുന്നു. എന്നാൽ അവൻ ദൈവത്തെക്കാളും ലോക ത്തെ സ്നേഹിച്ചു. അവന്റെ ധനത്തോടുള്ള കാഴ്ചപ്പാടും, ആഗ്ര ഹവും വിട്ടുകളയാനാവാതെ വളരെ സമ്പത്തുള്ളവനാകയാൽ കർത്താവിന്റെ വാക്കുകൾ കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു. രക്ഷി ക്കപ്പെട്ടവരെങ്കിലും ഇന്നും അനേകരുടെ ചിന്തയും ആഗ്രഹവും ഈ ധനവാനായ യുവാവിനെപ്പോലെയാണ്. ദൈവത്തെ വേണം; മാമ്മോനെ വിടാനും മനസ്സില്ല.

*ആഭരണം നീക്കിക്കളക എന്നു ദൈവം കല്പിക്കുമ്പോൾ അതു പഴയനിയമത്തിൽ യിസ്രായേലിനോടു പറഞ്ഞതാണ്, പുതി യനിയമത്തിൽ പറഞ്ഞിട്ടില്ല, എന്നു പറഞ്ഞു തർക്കിക്കുന്നവർ അവ രുടെ വഴിയേ പോകട്ടെ.* സക്കായിയെപ്പോലെ മനസ്സോടെ സകല വും വിട്ടു കളയുന്ന (ലൂക്കൊ.19:8) രക്ഷിക്കപ്പെട്ടവരാണ് കർത്താ വിന്റെ കല്പനയായ സ്നാനം സ്വീകരിക്കേണ്ടത്. എല്ലാ തിരുവെഴു ത്തും ദൈവശ്വാസീയമെന്നു **2.തിമൊ.3:16**– ൽ രേഖപ്പെടുത്തിയിരി ക്കുന്നു. ദൈവം പഴയനിയമത്തിൽ യിസ്രായേൽ മക്കളോടു ചെയ്ത കല്പനകൾ പുതിയനിയമയിസ്രായേലായ നമുക്കും ബാധകമാണ്. "നിന്റെ ആഭരണം നീക്കിക്കളക" എന്നു പഴയനിയമത്തിൻ ദൈവം കല്പിച്ചിരിക്കുന്നത് ആധുനിക ഉപദേഷ്ടാക്കൾ അവരുടെ

സൗകര്യം പോലെ, യോജിച്ച നിലയിൽ വ്യാഖ്യാനിച്ചു ദൈവവചനത്തോടു പലതും കൂട്ടു ചേർത്തു പഠിപ്പിക്കുന്നു. വിശ്വാസികളായ നമുക്കു ദൈവവചനത്തിൽ ഉറച്ചു നിന്നുകൊണ്ടു പ്രവർത്തിക്കാം, സംസാരിക്കാം. **2.കൊരി.2:17**—*"ഞങ്ങൾ ദൈവവചനത്തിൽ കൂട്ടു ചേർക്കുന്ന അനേകരെപ്പോലെ അല്ല, നിർമ്മലതയോടും ദൈവത്തിന്റെ കല്പനയാലും ദൈവസന്നിധിയിൽ ക്രിസ്തുവിൽ സംസാരിക്കുന്നു."*

ആഭരണം വർജ്ജിക്കാതെ സ്നാനപ്പെടുവാനനുവദിച്ചാൽ അങ്ങനെയുള്ള സഭകളിൽ അനേകരെ ലഭിക്കുമെന്നതിൽ സംശയമില്ല. ദൈവസഭയിൽ പാപത്തിൽ ജീവിക്കുന്ന, ലോകമോഹങ്ങളിൽ മുങ്ങിക്കുളിച്ചു, ജാതികളെയനുകരിച്ചു നടക്കുന്ന ജഡീകവിശ്വാസികളെയാവശ്യമില്ല. *അവിശ്വാസികളായ രക്ഷിക്കപ്പെടാത്ത പുരുഷന്മാർ സ്വർണ്ണമാലയണിയുമ്പോൾ അവർ ധരിച്ചിരിക്കുന്ന ഷർട്ടിന്റെ ചില ബട്ടനുകളിടാതെ സ്വർണ്ണമാല മറ്റുള്ളവർ കാണുവാനായി തുറന്നിടുക സർവ്വസാധാരണമാണ്.* പക്ഷേ ഇങ്ങനെ തന്റെ സ്വർണ്ണമാല പ്രദർശിപ്പിച്ച ഒരാൾ തന്റെ യാത്രാവേളയിൽ കൊല്ലം ബ്രദറൺ സഭായോഗത്തിൽ എഴുന്നേറ്റുനിന്നു താൻ സ്നാനപ്പെട്ടവനാണെന്നും, കർത്തൃമേശയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുവെന്നും സാക്ഷ്യം പറഞ്ഞപ്പോൾ വിശ്വസിക്കുവാൻ ഏറെ അത്ഭുതവും പ്രയാസവും തോന്നി. ലോകത്തോടു വേർപെടാത്ത ഒരുവനെ സ്നാനപ്പെടുത്തി സഭയിൽ ആളെക്കൂട്ടിയതിന്റെ ഒരു ജീവസാക്ഷിയായിരിക്കുന്നു ഇദ്ദേഹം.

യൂദാ എഴുതിയിരിക്കുന്നതു നോക്കുക — **യൂദാ.18–20**— *"അന്ത്യകാലത്തു ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും എന്നു അവർ നിങ്ങളോടു പറഞ്ഞുവല്ലോ. അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ. നിങ്ങളോ, പ്രിയമുള്ളവരേ; നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മീകവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ."*





*ആഭരണം ധരിച്ചും സ്നാനപ്പെടാം, വിശ്വാസി ആഭരണം ധരിക്കരുതെന്നു വാസ്തവമായി ദൈവം കല്പിച്ചിട്ടുണ്ടോ, എന്ന ചോദ്യവുമായി അനേക പ്രാദേശികസഭകൾ ഇന്നു രൂപം കൊള്ളുന്നു. സഭകളിൽ എങ്ങനെയും ആരാധകരുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ദൈവവചനത്തിൽ അവരുടേതായ ഉപദേശങ്ങൾ കലർത്തി, ആരാധകരുടെ അഭിരുചിക്കനുസൃതമായി വ്യാഖ്യാനിച്ചു, ദൈവത്തിന്റെ നാമത്തിൽ പ്രവർത്തിക്കുന്നു.* ഇവിടെയൊക്കെ വലിയ ആൾക്കൂട്ടവും കാണാം. ദൈവവചനത്തിനു പ്രാധാന്യം കൊടുക്കാതെ ലോകത്തിന്റെ വഴികളിലേക്കു വീണ്ടും സഞ്ചരിക്കുന്നതു അന്ത്യകാലലക്ഷണമെന്നതിനു സംശയം വേണ്ട. വിശ്വാസികളായ ദൈവമക്കളേ! ഉണരാം, ഇവരെ നമുക്കു അനുകരിക്കാതിരിക്കാം. സഭയുടെ യജമാനനോട്, നമ്മുടെ പ്രാണപ്രിയനോട് ഇവരുടെ ഹൃദയദൃഷ്ടി തുറന്നു ആത്മികവെളിച്ചം കൊടുക്കാനായി പ്രാർത്ഥിക്കാം.

ആഭരണവർജ്ജനം ദൈവസഭയുടെ അടിസ്ഥാനോപദേശങ്ങളിൽ ഉൾപ്പെടുന്നില്ലെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും രക്ഷിക്കപ്പെട്ട വിശ്വാസി വേർപെടേണമെന്ന കല്പനയിൽ, ലോകത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടും. ആയതിനാൽ ആഭരണം വർജ്ജിക്കാത്തവർക്കു രക്ഷിക്കപ്പെട്ടുവെന്ന കാരണത്താൽ ദൈവത്തിന്റെ കല്പനയായ സ്നാനം അനുവദിക്കുകയോ, സ്നാനപ്പെടുത്തുകയോ ചെയ്യുന്നതു ദൈവേഷ്ടമല്ല. കാരണം *ശിഷ്യരാക്കി സ്നാനപ്പെടുത്തണമെന്നാണ് കർത്താവിന്റെ കല്പന* (ഇംഗ്ലീഷിലെയും, തമിഴിലെയും ഹിന്ദിയിലെയും, മൂലഭാഷയായ ഗ്രീക്കിലെയും പ്രയോഗം നോക്കുക). അതായത് രക്ഷിക്കപ്പെട്ടവരെ കർത്താവിന്റെ ശിഷ്യത്വത്തിലേക്കു നയിക്കുമ്പോൾ ലോകത്തിന്റെ ആഡംബരമോഹങ്ങളും ആഭരണങ്ങളും അവർ തനിയേ നീക്കിക്കളയും.

..........................................

## (4) കേരളത്തിനു പുറത്തുള്ള വേർപെട്ട ചില വിശ്വാസികൾ പോലും ആഭരണം ധരിക്കുന്നുവെങ്കിൽ ആഭരണധാരികളായ അവിടത്തെ രക്ഷിക്കപ്പെട്ടവരെ സ്നാനപ്പെടുത്തുന്നതിനെന്താണ് തെറ്റ്?

ആധുനികയുഗത്തിൽ കേൾക്കുന്ന മറ്റൊരു ചോദ്യമാണിത്. ഓരോരോ സാഹചര്യങ്ങളും, നാട്ടുനടപ്പുമനുസരിച്ച് പ്രവർത്തിക്കാമെന്നും, തങ്ങൾ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ചെല്ലുമ്പോൾ ആഭരണധാരികളെ സ്നാനപ്പെടുത്താറുണ്ടെന്നും, അതിനു യാതൊരു തെറ്റും കാണുന്നില്ലെന്നും വളരെ അഭിമാനത്തോടു കൂടി ചില ദൈവദാസന്മാർ പറയുകയും അതിന് ഉപോത്ബലകമായി വാക്യങ്ങൾ നിരത്തുകയും ചെയ്യാറുണ്ട്. കേരളത്തിലെ വേർപെട്ട ദൈവജനമാണു ശരിക്കും വേർപാടു സത്യങ്ങൾ മുറുകെ പിടിക്കുന്നവരെന്നും, ആഭരണവർജ്ജനത്തോടുള്ള അവരുടെ സമീപനം തികച്ചും ശരിയാണെന്നും, ആഭരണവർജ്ജനം വിശ്വാസി ലോകത്തിൽ നിന്നു വേർപെട്ടുവെന്നതിന്റെ ജീവിതസാക്ഷ്യപ്രദർശനമാണെന്നും, ലോകത്തിലെ സകലതും ചപ്പും, ചവറും എന്നെണ്ണി പുറപ്പെട്ട പിതാക്കന്മാരുടെ പാത പിൻതുടരുന്നവരെന്നും അവർ സമ്മതിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ സുവിശേഷവേലയോടുള്ള ബന്ധത്തിൽ ക്ഷണം സ്വീകരിച്ചു ചെല്ലുമ്പോൾ, സ്നാനപ്പെടുത്തുന്നതിനാവശ്യപ്പെട്ടാൽ, അതിൽ ആഭരണം വർജ്ജിക്കാത്തവരുണ്ടെങ്കിൽ, ഞാൻ ചെയ്യുകയില്ലെന്നു പറഞ്ഞാൽ പ്രശ്നങ്ങൾക്കും, സംസാരങ്ങൾക്കുമിടയാകുകയും, അടുത്തപ്രാവശ്യം വിളിക്കാതിരിക്കുകയും ചെയ്യുകയില്ലേയെന്നുള്ള ചിന്തയാൽ സ്നാനപ്പെടുത്തുന്നു. *ഒരു തവണ സാഹചര്യത്തിന്റെ സമ്മർദ്ദത്തിൽ വീണുപോകാനിടയാകുമ്പോൾ, അവർ ചെയ്ത കാര്യം ദൈവവചനം കൊണ്ടുതന്നെ തുടർന്ന് ന്യായീകരിക്കുന്നുവെന്നതാണ് സത്യം. അതിനു ശേഷം അങ്ങനെയുമാകാം, ഇങ്ങനെയുമാകാം എന്ന കാഴ്ചപ്പാടിൽ ചെന്നെത്തുന്നു.*





തിരുവചന വെളിച്ചത്തിൽ ഇവരുടെ അഭിപ്രായവും, പ്രവൃത്തിയും ശരിയാണോ? ഒരിക്കലുമല്ല. ദൈവവിഷയത്തോടുള്ള ബന്ധത്തിൽ രണ്ടുതരം കാഴ്ചപ്പാടുകൾ ദൈവമക്കൾക്കു യോജിച്ചതല്ല. സ്വദേശത്തുനിന്നു ദൂരമെത്രതന്നെ കൂടിയാലും, എവിടെയൊക്കെ സഞ്ചരിച്ചാലും ദൈവവചനത്തിനു മാറ്റം വരുന്നില്ല. കേരളത്തിനകത്ത് ഒരു നിയമവും, പുറത്തു മറ്റൊരു നിയമവും പാലിക്കുവാനും, സാഹചര്യങ്ങൾക്കനുസരിച്ച് ഉപദേശങ്ങൾ മാറ്റുവാനും തിരുവചനത്തിൽ യാതൊരു വ്യവസ്ഥയുമില്ല. ദൈവീകപ്രമാണങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ചു മാറ്റി കേൾവിക്കാരെ പ്രസാദിപ്പിക്കുന്ന വിധത്തിലായിരിക്കരുത്. ആഭരണധാരികളെ സ്നാനപ്പെടുത്തുന്നത് അവിടത്തെ നാട്ടുനടപ്പനുസരിച്ചു അവർ ചെയ്യുമായിരിക്കും. എന്നാൽ പ്രിയദൈവമക്കളേ, മനുഷ്യമുഖങ്ങളിലേക്കും, ലോകസാഹചര്യങ്ങളിലേക്കും നോക്കി, ദൈവവചനം ദുർബലമാക്കി ലൗകീകമാനവും, ഉന്നതിയും ലക്ഷ്യമാക്കിയുള്ള സകല ചിന്തകളുമുപേക്ഷിച്ചു ദൈവത്തിന്റെ മുഖത്തേക്കു മാത്രം നോക്കുക. ദൈവദാസന്മാരുടെ നോട്ടം ദൈവത്തിലും ദൈവീകവിഷയങ്ങളിലും ആയിരിക്കണം. അവർക്കു രണ്ടു ദർശനങ്ങളും, രണ്ടു ചിന്താഗതികളും, രണ്ടു യജമാനന്മാരും, രണ്ടുനിക്ഷേപങ്ങളും പാടില്ല (മത്താ.6:19-24). നോട്ടം തെറ്റിയാൽ പത്രൊസിനുണ്ടായ അനുഭവം നമുക്കുമുണ്ടാകുമെന്നു ഓർക്കുക. മറ്റു സംസ്ഥാനങ്ങളിലെ സംസ്കാരങ്ങളും, നാട്ടുനടപ്പും നോക്കി പ്രവർത്തിക്കുവാൻ ദൈവം ആരെയും അനുവദിക്കുന്നില്ല. *വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുക്രിസ്തുവിലേക്കു മാത്രം നോക്കുക.*

അടുത്തകാലത്തുണ്ടായ ഒരു പ്രശ്നം ഈ അവസരത്തിൽ ഓർക്കുന്നു. "അപ്പൊക്രീഫാ" ആവശ്യമുള്ളവർക്കു ബൈബിളിൽ ഉൾപ്പെടുത്തിയും, വേണ്ടാത്തവർക്കു ഉൾപ്പെടുത്താതെയും പ്രസിദ്ധീകരിക്കുവാൻ ബൈബിൾ സൊസൈറ്റി തീരുമാനമെടുത്തപ്പോൾ വേർപെട്ട വിശ്വാസികൾ അതിനെതിരായി ഒരേ ശബ്ദത്തിലെതിർത്ത

പ്പോൾ ദൈവനാമം മഹത്വപ്പെടുകയല്ലേ ഉണ്ടായത്? നാം മുറുകെപ്പിടിച്ചിരിക്കുന്ന ദൈവീകപ്രമാണങ്ങൾ മറ്റുള്ളവരറിയുവാൻ ഇടയായില്ലേ? ആവശ്യക്കാർക്കു അപ്പൊക്രീഫാ ഉൾപ്പെടുത്തിക്കൊടുക്കുന്നതിലെന്താണ് തെറ്റെന്നു അപ്പോഴും ചോദിച്ചവരില്ലേ? അതുപോലെ ആഭരണധാരണത്തോടുള്ള ബന്ധത്തിലും ദൈവവചനത്തിൽ വേരൂന്നി, പിതാക്കന്മാർ ജീവിച്ചു കാണിച്ചുതന്ന പ്രമാണങ്ങളനുസരിച്ചു ജീവിക്കാം.

ആഭരണധാരികളെ സ്നാനപ്പെടുത്തിയില്ലെങ്കിൽ അടുത്ത പ്രാവശ്യം യോഗങ്ങൾക്കു ക്ഷണിച്ചില്ലെന്നു വന്നേക്കാം, സംസാരങ്ങളും, പ്രശ്നങ്ങളുമുണ്ടായേക്കാം. എന്നാൽ ഒരു കാരണവശാലും ഭയപ്പെടേണ്ട. ദൈവം അംഗീകരിക്കുകയും, വേല വർദ്ധിപ്പിച്ചു തരികയും ചെയ്യുമെന്നതിനു സംശയിക്കേണ്ട. ദൈവവചനത്തിലെ ഉറച്ച പ്രഖ്യാപനം ദൈവനാമമഹത്വത്തിനു കാരണമാകും. ഇതുമൂലം നാം മുറുകെ പിടിച്ചിരിക്കുന്ന വിശ്വാസത്തെക്കുറിച്ചു അനേകരറിയുവാൻ ഇടയാകും. ആഭരണവിഷയത്തോടുള്ള ബന്ധത്തിൽ, അടുത്ത പ്രാവശ്യം യോഗത്തിനു വിളിച്ചില്ലെങ്കിലോ എന്ന ചിന്താഭാരം ലേശം പോലുമാവശ്യമില്ല. *കാരണം സുവിശേഷവേലയ്ക്കായി കേരളത്തിനു പുറത്തോ, ഭാരതത്തിനു പുറത്തോ മാത്രം പോയി പ്രവർത്തിക്കണമെന്നുമില്ലല്ലോ? കേരളക്കരയിൽ തന്നെ നമ്മുടെ ഭവനങ്ങൾക്കു ചുറ്റും എത്രയോ മനുഷ്യർ ഇന്നും ജീവനുള്ള ദൈവത്തെ അറിയാതെ നരകത്തീയിലേക്കു ത്വരിതസഞ്ചാരം ചെയ്തുകൊണ്ടിരിക്കുന്നു. അവർക്കായി നാം എന്തു ചെയ്തുവെന്നു ഈ അവസരത്തിൽ ശോധനചെയ്യാം.* വിശ്വാസികളെ ദേശത്തിന്റെ കാവൽക്കാരായി നിയമിച്ചിരിക്കുകയാണ്. കാവൽക്കാരൻ തന്നെത്തന്നെ കാക്കുന്നതോടൊപ്പം സുവിശേഷകാഹളം ഊതി ദേശത്തിന്റെ നേരേ വരുന്ന വാളിനെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും വേണം. "..... *ഒന്നും പറകയോ ചെയ്യാഞ്ഞാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും; അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും"* (യെഹെ.3:17,18/ യെഹെ.33:6-8).





ദൈവദാസന്മാർ, ദൈവജനത്തെ നയിക്കുന്നവർ, ദൈവവചനം അറിയിക്കുന്നവർ, ദൈവപുരുഷനായ മോശെയുടെ ജീവിതത്തിൽ ഉണ്ടായ ചെറിയ അനുസരണക്കേടു തനിക്കു ദുഃഖകാരണമായിത്തീർന്ന കാര്യം വളരെ ശ്രദ്ധയോടും, ഭയത്തോടും ഓർക്കേണ്ടതാണ്. ദൈവം തന്റെ ദാസന്മാരെ മറ്റുള്ളവർ വിമർശിക്കുവാൻ അനുവദിക്കുന്നില്ല; ദൈവവേലയ്ക്കു തടസ്സം വരുത്തുന്നതും, ദൈവനാമത്തിനു അപമാനം വരുത്തുന്നതുമായ പ്രവർത്തനങ്ങളെ വെറുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു (സംഖ്യാ.12:7-10).

അതുപോലെതന്നേ ദൈവസേവയിലായിരിക്കുന്ന ദൈവദാസന്മാർ തെറ്റു ചെയ്താൽ, അനുസരണക്കേടു കാണിച്ചാൽ, ദൈവഹിതത്തിനെതിരായി പ്രവർത്തിച്ചാൽ, അവരെയും ശിക്ഷണ നടപടിയിൽ നിന്ന് ഒഴിവാക്കുകയില്ലെന്നു മോശെയുടെ ജീവിതത്തിലൂടെ മനസ്സിലാക്കാം. സീൻ മരുഭൂമിയിൽ കാദേശിൽ വച്ചു വെള്ളത്തിനു വേണ്ടി ജനം കലഹിച്ചപ്പോൾ പാറയോടു വെള്ളം തരുന്നതിനു കല്പിക്കുവാൻ ദൈവം നിർദ്ദേശിച്ചു. എന്നാൽ **മത്സരികളേ** കേൾപ്പിൻ, ഈ പാറയിൽ നിന്ന് **ഞങ്ങൾ നിങ്ങൾക്കു വേണ്ടി വെള്ളം പുറപ്പെടുവിക്കുമോ** എന്നു പറഞ്ഞു **വടി കൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു**. മോശെയുടെ കോപത്താലുള്ള **സംസാരം, അവിശ്വാസം, അനുസരണക്കേടു** എന്നിവ ദൈവം കണക്കിലെടുക്കുകയും, തത്ഫലമായി മോശെയും, അഹരോനും വാഗ്ദത്തദേശത്തു പ്രവേശിക്കയില്ലെന്നു അരുളിച്ചെയ്യുകയും ചെയ്തു (സംഖ്യാ.20:7-13). ആ ശിക്ഷ ഇളവുചെയ്യുവാൻ മോശെ അപേക്ഷിച്ചുവെങ്കിലും ദൈവം അതു നിരസിച്ചു (ആവ.3:23-27). പാറയോടു ജലം നല്കുന്നതിനു കല്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ മോശെ തന്റെ കരത്തിലെ വടി കൊണ്ടു ഒന്നല്ല, രണ്ടുതവണ അടിക്കുകയാണ് ചെയ്തത്. വടി മോശെയുടെ അധികാരത്തിന്റെയും ആജ്ഞാശക്തിയുടെയും പ്രതീകമായിരുന്നു. മോശെയുടെ കരത്തിലിരുന്നപ്പോൾ അതു ദൈവത്തിന്റെയും, അതിലൂടെ ഒഴുകിയിരുന്നതു ദൈവശക്തിയും ആയി

രുന്നു. ഈ ദൃഷ്ടാന്തത്തിലൂടെ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത് ദൈവത്തിന്റെ ദാസന്മാർക്കു ദൈവവചനം (വടി) അവരുടെ കരങ്ങളിൽ കൊടുത്തു ദൈവഹിതപ്രകാരം മാത്രം പ്രവർത്തിക്കുവാൻ അയച്ചിരിക്കുകയാണ്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നു ആരുടെയും മുഖം നോക്കാതെ ദൈവീകാരുളപ്പാടുകൾ അറിയിച്ച ദൈവത്തിന്റെ പ്രവാചകന്മാരുടെ പാത നമുക്കും പിൻപറ്റാം. എന്നാൽ തങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നു വ്യതിചലിച്ച്, സാഹചര്യങ്ങളും സമ്മർദ്ദങ്ങളുമനുസരിച്ചു ദൈവഹിതത്തിനെതിരായി സംസാരിച്ചാൽ, പ്രവർത്തിച്ചാൽ അവർ എത്ര പ്രായവും, പക്വതയും ഉള്ളവരും, എരിഞ്ഞു ശോഭിക്കുന്നവരും ആയിരുന്നാൽതന്നെയും ദൈവ ശിക്ഷെക്കു പാത്രീഭൂതരായിത്തീരും.

*ആകയാൽ രക്ഷിക്കപ്പെട്ടുവെങ്കിലും ആഭരണം വർജ്ജിക്കാത്തത് ലോകവുമായി സമ്പൂർണ്ണവേർപാടുണ്ടായിട്ടില്ല എന്നുള്ളതിന്റെ പരസ്യപ്രഖ്യാപനമാണ്. ആയതിനാൽ അവരെ സ്നാനപ്പെടുത്തുന്നതു ദൈവഹിതമല്ല.* കേരളത്തിനു പുറത്തോ, അമേരിക്കയിലോ, മറ്റെവിടെയെങ്കിലുമോ ഉള്ളവരെ, അവരുടെ സഭാരീതികളും, സംസ്ക്കാരങ്ങളും, ആചാരങ്ങളും നോക്കി പിൻപറ്റുവാൻ ദൈവവചനം ആരെയും അനുവദിക്കുന്നില്ല.

*"ജനം ഭക്ഷിപ്പാനും, കുടിപ്പാനും ഇരുന്നു. കളിപ്പാൻ എഴുന്നേറ്റു"* (പുറ.32:6) എന്ന കാരണത്താൽ എല്ലാവരും അങ്ങനെ ചെയ്യണമോ? കേരളത്തിലായാലും മറ്റെവിടെയായാലും ദൈവവചനം സാഹചര്യത്തിനനുസരിച്ചു മാറാതെ സുസ്ഥിരമായിരിക്കുന്നു. ദൈവത്തിലും, ദൈവവചനത്തിലും മാത്രം നോക്കുക.

..........................................





## (5) ഒരു ഉപദേശം സാർവ്വത്രികത കൊണ്ടാണോ സ്വീകാര്യമാകുന്നത് ? —

ആഭരണസ്നേഹികൾ ഉയർത്തുന്ന മറ്റൊരു കണ്ടുപിടുത്തമാണ് ഉപദേശത്തിലെ സാർവ്വത്രികത. ഒരു ഉപദേശം അതിന്റെ സാർവ്വത്രികതകൊണ്ടാണ് സ്വീകാര്യമാകുന്നതെന്നു അവർ പറയുന്നു. അതായത് ആഭരണവർജ്ജനം ഒരു ഉപദേശമായിരുന്നുവെങ്കിൽ പാശ്ചാത്യ പൗരസ്ത്യഭേദം കൂടാതെ സകലരും അനുസരിക്കുമായിരുന്നു. ദൈവീകോപദേശങ്ങൾ സാർവ്വത്രികതയെ ബന്ധപ്പെടുത്തി അംഗീകാരം വാങ്ങുന്നത് ലോകത്തിന്റെ ചിന്തയാണെന്നതിൽ രണ്ടു പക്ഷമില്ല.

"ഭൂപടത്തിൽ ഒരു പൊട്ടോളം ഇല്ലാത്ത കേരളത്തിൽ മാത്രം, അതും കേവലം ഒരു ന്യൂനപക്ഷം മാത്രം ആചാരമായി അംഗീകരിക്കുന്ന ആഭരണവർജ്ജനം ഒരു ഉപദേശസത്യമാകുന്നതെങ്ങനെ?" എന്നവർ ചോദിക്കുന്നു. ദൈവവചനം കേരളത്തിനു മാത്രമല്ല ലോകം മുഴുവനുമുള്ള മാനവജാതിക്കായി സ്വർഗ്ഗത്തിലെ ദൈവം നല്കിയതാണ്. പരിശുദ്ധാത്മസഹായത്തോടെ ആത്മീയമനുഷ്യനെന്ന നിലയിൽ ചിന്തിക്കുകയും അതിലെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ സാർവ്വത്രികാഭിപ്രായങ്ങളിലേക്കു തിരിയേണ്ട ആവശ്യം ഒരിക്കലുമുണ്ടാകുകയില്ല.

> *"വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ദോഷകരമായ ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും; അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോടുപറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു. അങ്ങനെ ഹോരേബ്പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."* (പുറ.33:3-6). ഈ

ആഭരണവർജ്ജനം കേവലം താൽക്കാലികമായിരുന്നുവെന്നും, പഴയനിയമഭാഗമായതിനാൽ അത്ര കാര്യമാക്കേണ്ടാ എന്നും, നീക്കിക്കളയുവാൻ പറഞ്ഞത് ആഭരണത്തോടുള്ള ദൈവത്തിന്റെ അതൃപ്തി കൊണ്ടല്ല മറിച്ചു വിഗ്രഹാരാധനയെ ശാസിക്കുക മാത്രമായിരുന്നു എന്നൊക്കെ വിവിധ വ്യാഖ്യാനങ്ങൾക്ക് സാർവ്വത്രികത കൊണ്ടല്ലേ അംഗീകാരം ലഭിക്കുകയുള്ളു?

ദൈവവചനം അതിന്റെ തനിമയിൽ പഠിപ്പിച്ചിടത്തൊക്കെ ആഭരണം വർജ്ജിച്ചിട്ടുണ്ട്. അതായത് ദൈവവചനം വ്യക്തമായി പഠിപ്പിക്കുമ്പോൾ ലോകസ്നേഹവും ലോകമോഹവും ലോകാഡംബരങ്ങളുമൊക്കെ വെയിലത്തു വെച്ച വെണ്ണപോലെ ഉരുകിപ്പോകും. ദൈവവചനത്തിൽ കലർപ്പു ചേർത്തു ലോകത്തിനനുസരിച്ചു ദൈവവചനത്തെ വിഭാഗിക്കുമ്പോൾ വെയിലിൽ കളിമൺകട്ട വെക്കുമ്പോൾ കട്ടിയാകുന്നതുപോലെ അങ്ങനെയുള്ള ഹൃദയങ്ങൾ ലോകസ്നേഹത്തിൽ ഉറച്ചു പാറപോലെ ആയിത്തീരും. അങ്ങനെയുള്ളവരുടെ ജീവിതം യഥാർത്ഥ വേർപാടില്ലാതെ ലോകദൃഷ്ടിയിൽ ബുദ്ധിമാന്മാരായി വിളങ്ങും. കേരളത്തിനു വെളിയിൽ ലോകമെമ്പാടുമുള്ള വേർപെട്ട സഭകളിലെ സഹോദരിമാർ ആഭരണം ഉപയോഗിക്കുന്നു എന്നത് ഒരു സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു — മുൻകാലത്ത് സുവിശേഷവുമേന്തി പോയവർ, വചനം ഉപദേശിച്ചുകൊടുത്തവർ ആഭരണവിഷയത്തിൽ മൗനത പാലിച്ചു എന്നതാണ്. രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടുന്നതിനു മുമ്പായി ആഭരണവിഷയത്തിൽ ദൈവകല്പന അവരെ പഠിപ്പിക്കേണ്ടതായിരുന്നു. അമേരിക്കയിലും കാനഡയിലും ഇംഗ്ലണ്ടിലുമൊക്കെയുള്ള സകല വേർപെട്ട വിശ്വാസികളും ആഭരണം ധരിക്കുന്നു എന്ന ശബ്ദവും ആഭരണസ്നേഹികൾ പ്രചരിപ്പിക്കുന്നു. എന്നാൽ അവിടെയൊക്കെയുള്ള എത്രയോ സഹോദരിമാർ ആഭരണമൊന്നും ധരിക്കുന്നില്ല എന്ന വസ്തുതയും പ്രസ്തവ്യമല്ലേ? അങ്ങനെയുള്ളവർ വിസാ സ്റ്റാമ്പിങ്ങിനോ മറ്റാവശ്യങ്ങൾക്കോ വിദേശ എംബസ്സികളിൽ എത്തുമ്പോൾ അവർ വിവാഹതരാണെന്നു തെളിയിക്കുവാൻ "നിന്റെ വിവാഹമോതിരം എവിടെ?" എന്നു അധികാരികൾ ചോദി





ക്കാറുമില്ല. അവിടെയൊക്കെ വിവാഹബന്ധത്തിലേർപ്പെട്ട രേഖകളാണ് സമർപ്പിക്കേണ്ടത്. ദൈവാത്മാവിന്റെ നിയന്ത്രണത്തിൽപ്പെടാതെ ലോകമനുഷ്യരെപ്പോലെ ചിന്തിക്കുമ്പോഴാണ് സാർവ്വത്രികത പറകയും ഭൂരിപക്ഷാഭിപ്രായം ചോദിച്ചു വാങ്ങുകയും ചെയ്യുന്നത്.

## (6) കേരളത്തോടു ചേർന്നു സ്ഥിതിചെയ്യുന്ന തമിഴ്നാട്ടിൽ ആഭരണവർജ്ജനമില്ലാത്തതെന്ത്? —

കേരളത്തിനു തൊട്ടടുത്തു സ്ഥിതിചെയ്യുന്ന തമിഴ്നാട്ടിൽ ആഭരണവർജ്ജനമില്ല എന്നു പറഞ്ഞുകൊണ്ടു കേരളത്തിലും ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കുന്നവരുണ്ട്. എന്നാൽ തമിഴ്നാട്ടിലും എത്രയോ വേർപെട്ട വിശ്വാസികൾ ആഭരണങ്ങളുപയോഗിക്കുന്നില്ല എന്ന കാര്യം വിസ്മരിക്കരുത്. *ആദ്യകാല വിദേശമിഷനറിമാരും കേരളത്തിൽ നിന്നു അവിടെപോയി പ്രവർത്തിച്ചവരും ആഭരണധാരണത്തെക്കുറിച്ചു പഠിപ്പിച്ചില്ല എന്നതാണ് അവിടെ വിശ്വാസികളിൽ ആഭരണധാരണം നിലനില്ക്കുന്നതിനുള്ള യഥാർത്ഥ കാരണം.* രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടുന്നതിനു മുമ്പായി ലോകത്തോടും ലോകമോഹങ്ങളോടും വേർപാടു പാലിക്കണമെന്നും, സ്നാനപ്പെടുന്നത് പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതുജീവിതത്തിനു ആരംഭം കുറിക്കുന്നതിനുള്ള പരസ്യപ്രഖ്യാപനമാണെന്നും കേരളത്തിലുള്ളവരെ പഠിപ്പിച്ചതുപോലെ ചെയ്തിരുന്നുവെങ്കിൽ അവിടെയും ആഭരണധാരണം ഉണ്ടാകില്ലായിരുന്നു.

ദൈവവചനം ശരിയായി പഠിപ്പിച്ച് വേർപാടു സത്യങ്ങളെ മനസ്സിലാക്കിക്കൊടുത്തു ശിഷ്യത്വത്തിലേക്കു നയിക്കുന്നിടത്തൊക്കെ ആഭരണവും സ്വമനസ്സാലെ വിശ്വാസി വർജ്ജിക്കും. *കേരളത്തിനു പുറത്ത് വിശേഷാൽ തമിഴ്നാട്ടിൽ പ്രവർത്തിച്ച വിദേശമിഷനറിമാർ ഉൾപ്പെടെ മുൻകാലപിതാക്കന്മാർ അവരുടെ രക്തം വിയർപ്പാക്കി ക്രിസ്തുവിന്റെ രക്ഷണ്യസുവിശേഷം അറിയിച്ചതും സഭാകൂടിവരവുകൾ ആരംഭിക്കുവാൻ അദ്ധ്വാനിച്ചതും വിസ്മരിക്കുന്നില്ല. അവരെ ഓർത്തു ദൈവത്തെ സ്തുതിക്കാം. എന്നാൽ വിശു*

*ദ്ധജീവിതത്തോടുള്ള ബന്ധത്തിൽ വിശ്വാസി നീക്കിക്കളയേണ്ട ആഭരണങ്ങളും അലങ്കാരങ്ങളും എന്ന വിഷയത്തിൽ അവർ മൗനത പാലിച്ചതിനാലാണ് അവിടെ ആഭരണവർജ്ജനമില്ലാത്തത്. അവിടത്തെ അന്നത്തെ പ്രത്യേകസാഹചര്യങ്ങൾ കൊണ്ടായിരിക്കാം അവർ മൗനം പാലിച്ചത്.* എന്നാൽ അവരുടെ മൗനതയ്ക്ക് ദൈവകല്പനയെ നിസ്സാരമാക്കുവാനോ മാറ്റിമറിക്കുവാനോ സാധിക്കുമോ?

*ആയതിനാൽ ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നവർക്കും, കേരളത്തിൽ നിന്നു അവിടെപോയി ഇക്കാലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും ഇന്നത്തെ തലമുറയെ പഠിപ്പിക്കുവാൻ കടമയുണ്ടെന്ന കാര്യം വിസ്മരിക്കരുത്. സ്നാനപ്പെടുത്തി ശിഷ്യരാക്കുക എന്നല്ല ശിഷ്യരാക്കി സ്നാനപ്പെടുത്തുകയെന്നാണ് കർത്താവിന്റെ അന്ത്യകല്പന* (മത്താ.28:18-20) തമിഴിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മത്തേയൂ.28:19,20 — *"ആകയാൽ നീങ്കൾ പുറപ്പെട്ടു പോയി സകല ജാതികളെയും ശിഷ്യരാക്കി പിതാ, കുമാരൻ, പരിശുദ്ധാവിയിൻ നാമത്തിലെ അവർകൾക്കു ജ്ഞാനസ്നാനം കൊടുത്തു, ഞാൻ ഉങ്കളുക്കു കട്ടളൈ ഇട്ട് യാവയും അവർകൾ കൈക്കൊള്ളുംപടി അവർകൾക്കു ഉപദേശം പണ്ണുങ്കൾ. ഇതോ, ഉലകത്തിൻ മുടിവു പര്യന്തം സകല നാൾകളിലും നാൻ ഉങ്കളുടനെ കൂടെ ഇരിക്കിറേൻ എൻട്രാർ. ആമേൻ."* അതായത് രക്ഷയുടെ സന്ദേശം നല്കുന്നവർ അവരെ വിശുദ്ധിയുടെ പാത പഠിപ്പിക്കുകയും കർത്താവിന്റെ ശിഷ്യത്വത്തിലേക്കു നയിക്കയും വേണം. ശിഷ്യത്വത്തിലേക്കു നയിക്കപ്പെടുമ്പോൾ ആഭരണവർജ്ജനം വേർപാടു ജീവിതത്തിനു ആവശ്യമാണെന്നു മനസ്സിലാക്കും. അങ്ങനെയുള്ളവരെയാണ് സ്നാനപ്പെടുത്തേണ്ടത്. തമിഴു നാട്ടുകാർ ആഭരണം ധരിക്കുന്നതിനാൽ ആഭരണവർജ്ജനം സാർവ്വത്രിക ഉപദേശമല്ല എന്നു പറഞ്ഞ് കേരളത്തിലുള്ള വിശ്വാസികളും ആഭരണം ധരിക്കാമെന്നു പ്രബോധിപ്പിക്കുന്നതു ശരിയാണോ? കേരളത്തിലെ വിശ്വാസികളുടെ മാതൃക അവരെയും പഠിപ്പിക്കുകയല്ലേ അനിവാര്യമായിരിക്കുന്നത്?

..........................................





## (7) ആഭരണവർജ്ജനം കേരളത്തിലെ ബ്രദറൺ- പെന്തക്കോസ്തു വിശ്വാസികളുടെ കണ്ടുപിടുത്തമോ?

കേരളത്തിലെ ബ്രദറൺ- പെന്തക്കോസ്തു വിശ്വാസികളുടെ ഒരു കണ്ടുപിടുത്തമായിരുന്നില്ല ആഭരണവർജ്ജനം. Holyness Movement, Quakers, അമേരിക്കയിലെ പെന്തക്കോസ്തു വിശ്വാസികൾ ഇവരെല്ലാം ആഭരണം ഉപേക്ഷിച്ചവരായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്താർദ്ധത്തിലാണ് അസംബ്ലീസ് ഗോഡ് എന്ന പെന്തക്കോസ്തു സഭയിൽ മാറ്റമുണ്ടായതെന്നു രേഖകൾ തെളിയിക്കുന്നു. അസംബ്ലീസ് ഓഫ് ഗോഡിന്റെ ചരിത്രം നോക്കുക. (www.http://en.wikipedia.org/wiki/Assemblies_of_God_USA).

*"ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉടലെടുത്ത പെന്തക്കോസ്തു സഭയിലെ വിശ്വാസികൾ, അവർ വേർപെട്ട ഒരു ജനമായി കരുതിയിരുന്നു. മയക്കുമരുന്നുകളുടെ ഉപയോഗം, ചൂതുകളി, സാമൂഹ്യമായ നൃത്തപരിപാടികൾ, മദ്യപാനം, സിനിമാശാലകൾ, പൊതുനീന്തൽക്കുളങ്ങൾ, ടെലിവിഷൻ, പുകവലി, മുതലായവ നിരോധിക്കപ്പെട്ടിരുന്നു. സ്ത്രീകളുടെ വസ്ത്രധാരണത്തിലും ഫാഷനിലുമുള്ള നിയന്ത്രണങ്ങൾ അവരെ ഒരു പ്രത്യേക സമൂഹമായി നിലനിർത്തിയിരുന്നു. 1950 – മുതൽ സ്ഥിതി മാറിത്തുടങ്ങി. നാടകീയമായ മാറ്റങ്ങൾ പലതും സംഭവിച്ചു. ഏറ്റവും പ്രധാനമായതു സ്ത്രീകളുടെ വസ്ത്രധാരണത്തിലും ഫാഷനിലുമുണ്ടായ മാറ്റമാണ്. ആഭരണവർജ്ജനം, സൗന്ദര്യവസ്തുക്കളുടെ ഉപയോഗത്തിലുള്ള നിയന്ത്രണം എന്നിവയ്ക്ക് മുൻനിലപാടിന് സാരമായ മാറ്റമുണ്ടായി."*

1950 - കളിൽ വരെ വിശുദ്ധിയുടെയും വേർപാടിന്റെയും മാനദണ്ഡമായി അമേരിക്കയിലെ പെന്തക്കോസ്തുകാർ ആഭരണവർജ്ജനം സ്വീകരിച്ചിരുന്നുവെന്നല്ലേ ഈ രേഖകൾ തെളിയിക്കുന്നത്?

..........................................

## (8) പേരിനും വേണ്ടി അല്പം സ്വർണ്ണാഭരണം ധരിക്കുന്നതു തെറ്റാണോ ?

പേരിനും വേണ്ടി ഏതാനും സ്വർണ്ണാഭരണം ധരിക്കുന്നതു തെറ്റാണോ? എന്ന ചോദ്യം ചിലർ ചോദിക്കാറുണ്ട്. വിശ്വാസികളെന്നു അഭിമാനിക്കുന്നവർ, ആഭരണങ്ങൾ പ്രത്യക്ഷത്തിൽ അണിയാത്തവർ, ഒരുകാലത്തു ഇവ കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ട പിതാക്കന്മാരുടെ പാത പിൻതുടർന്നവർ, *ആധുനികയുഗത്തിൽ ഈ മാലിന്യം തങ്ങളുടെ വിരലിൽ ചെറിയ രൂപത്തിൽ മോതിരമായി രഹസ്യത്തിൽ അണിഞ്ഞു കാണുന്നു.* അയ്യോ കഷ്ടം! ഇതു അശുദ്ധിയുടെ അംശമായി ദൈവകല്പനാലംഘനമായി വെളിപ്പെടുന്നു. ഇത് മിസ്രയീമ്യ (ലോകത്തിന്റെ) മാലിന്യമാണ്. ഫറവോന്റെ (സാത്താന്റെ) ബന്ധനം തന്നെ.

ഒരു നൂൽവണ്ണത്തിൽ ഒരു മാല കഴുത്തിൽ ധരിക്കുന്നതോ, വിരലിൽ ചെറിയ ഒരു മോതിരം ധരിക്കുന്നതോ കാര്യമാക്കേണ്ടതുണ്ടോ? മിതമായി ധരിക്കുന്നതിൽ എന്താണ് തെറ്റ് ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഇക്കാലത്തു കേൾക്കുന്നു. *"......... നീ നിന്റെ ആഭരണം നീക്കിക്കളക ........... അങ്ങനെ ഹോരേബ്പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല"* (പുറ.33:5,6) എന്ന തിരുവചനപ്രകാരം വിശ്വാസികൾക്കു ആഭരണം ധരിക്കുവാൻ അനുവാദമില്ല. ആഭരണധാരണം ലേശമായാൽപ്പോലും ദൈവത്തോടും ദൈവകല്പനകളോടുമുള്ള മറുതലിപ്പാണെന്നതിൽ സംശയിക്കേണ്ടാ. കാരണം *"ആഭരണം നീക്കിക്കളക" എന്ന ദൈവകല്പനയ്ക്കു ശേഷം ആഭരണധാരണത്തിനു അനുവാദമുള്ള കല്പനകളൊന്നു പോലുമില്ല.*

വിഗ്രഹാരാധനയോടും പ്രാർത്ഥനയോടുമുള്ള ബന്ധത്തിലാണെങ്കിലും ദാനീയേൽപ്രവചനത്തിലെ മൂന്ന്, ആറ് അദ്ധ്യായങ്ങളിലെ രണ്ടു സംഭവങ്ങൾ ഇതിനെ വിശദീകരിക്കുന്നവയാണ്. ദാനീയേൽ മൂന്നാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പ്രമാണങ്ങളെ മുറുകെ പിടിച്ചതിനാൽ ശദ്രക്ക്,മേശക്ക്, അബേദ്നോഗോ എന്നീ യഹൂദാ





ബാലന്മാർ തീച്ചൂളയിലേക്കെറിയപ്പെട്ടു. *"ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്"* (പുറ.20:4,5) എന്ന ദൈവീകപ്രമാണമാണ് അവരുടെ ഹൃദയമാംസപ്പലകയിൽ എഴുതി വെച്ചിരിക്കുന്നത്. ആയതിനാൽ നെബൂഖദ്നേസർ രാജാവിന്റെ സ്വർണ്ണബിംബത്തെ വീണു നമസ്കരിക്കുന്നതിലും ഭേദം തീച്ചൂളതന്നെ എന്നു അവർ തീരുമാനിച്ചു. അവരുടെ വിശ്വാസത്തിന്റെ സാക്ഷ്യം നോക്കുക. **ദാനീ.3:17,18** — *"ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിക്കാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു."* ദേശാധിപന്മാരും, സ്ഥാനാപതികളും, ന്യായാധിപന്മാരും, സകലരും ബിംബത്തെ നമസ്കരിച്ചു. *ഒന്നു നമസ്കരിച്ചാലെന്ത്? അതിലെന്താണ് തെറ്റ്? എന്നു സകലരും വിചാരിച്ചു. എന്നാൽ ശദ്രക്ക്, മേശക്ക്, അബേദ്നോഗോ എന്നീ യഹൂദാബാലന്മാർ പ്രതിമയെ നമസ്കരിച്ചില്ല. ഒന്നു നമസ്കരിച്ചാലെന്താ തെറ്റ് എന്ന മുഖഭാവത്തോടു നിന്ന ജനത്തിനു മുമ്പിൽ ദൈവവചനത്തോടു ഭക്തിയുള്ളവരായി നിന്നു.* ഫലമോ സ്വർഗ്ഗത്തിലെ ജീവനുള്ള ദൈവം തന്റെ ദാസന്മാരെ തീച്ചൂളയിൽ കത്തിയമരുവാൻ വിട്ടു കൊടുത്തില്ല. നാലാമനായി അവരോടൊപ്പം തീച്ചൂളയിലേക്കു ദൈവം സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു. തീച്ചൂളയിൽ നിന്നു പുറത്തു വന്ന അവരുടെ ദേഹം വെന്തുപോയില്ല, മുടി കരിഞ്ഞില്ല, ഉടുപ്പു കത്തിയില്ല, തീയുടെ മണം പോലും അവരിലില്ലായിരുന്നു.

ദാനീയേൽ പ്രവചനം ആറാം അദ്ധ്യായത്തിൽ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളും ദൈവമക്കൾ ശ്രദ്ധിക്കേണ്ടതാണ്. ബാബിലോണിൽ പ്രവാസിയായിരുന്നപ്പോഴും ദാനീയേൽ തന്റെ ജീവിതത്തിൽ ദൈവീകപ്രമാണങ്ങളെ മുറുകെപിടിച്ചു അതനുസരിച്ചു ജീവിച്ചു. മുപ്പതു ദിവസത്തേക്കു രാജാവി

നോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കുവാൻ പാടില്ലെന്ന രാജകല്പന ബാബിലോണിൽ വിളംബരം ചെയ്യപ്പെട്ടു. *എന്നാൽ ദാനീയേൽ തന്റെ മാളികയുടെ കിളിവാതിൽ യെരൂശലേമിനു നേരേ തുറന്നുവെച്ചു താൻ മുമ്പെ ചെയ്തുവന്നപോലെ ദിവസവും മൂന്നു പ്രാവശ്യം മുട്ടു മടക്കി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു.* ശത്രുദേശത്തെങ്കിലും തന്റെ ചെറുപ്പം മുതലുള്ള ദൈവപ്രമാണം തെറ്റിച്ചില്ല. ദൈവകല്പന അനുസരിക്കണമോ, രാജാവിന്റെ കല്പന അനുസരിക്കണമോ? ദൈവ പ്രമാണങ്ങൾ ഒരണുവിട തെറ്റിക്കാതെ പ്രതിസന്ധിയിലും ദൈവ ഭാഗത്തു നിന്നു. ഫലമോ ദാനീയേലിനെ സിംഹക്കുഴിയിലേക്കിട്ടു. *കിളിവാതിൽ തുറക്കാതെ കതകടച്ചിരുന്നു പ്രാർത്ഥിച്ചുവെങ്കിൽ* എതിരാളികൾ കണ്ടു പിടിക്കയില്ലായിരുന്നെന്നും അവൻ ബുദ്ധിയില്ലാത്തവനെന്നും അനേകർ പഴിച്ചു കാണും. എന്നാൽ ഏതു പ്രതിസന്ധിയിലും തന്റെ ഹൃദയമാംസപ്പലകയിലെഴുതപ്പെട്ട ദൈവപ്രമാണങ്ങൾ വിട്ടുകളവാൻ ദാനീയോൽ കൂട്ടാക്കിയില്ല. എന്താണ് തന്റെ ഹൃദയത്തിൽ എഴുതപ്പെട്ട ദൈവവചനം?

**1.രാജാ.8:46-48** — *"...........ശത്രുവിന്റെ ദേശത്തേക്കു ബദ്ധരാക്കി കൊണ്ടുപോകയും ചെയ്താൽ അവരെ പിടിച്ചുകൊണ്ടുപോയിരിക്കുന്ന ദേശത്തുവെച്ചു അവർ ഉണർന്നു മനംതിരിഞ്ഞു, അവരെ ബദ്ധരാക്കി കൊണ്ടുപോയ ദേശത്തുവെച്ചു: ഞങ്ങൾ പാപം ചെയ്തു അകൃത്യവും ദുഷ്ടതയും പ്രവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു നിന്നോടു യാചിക്കയും അവരെ പിടിച്ചുകൊണ്ടുപോയ ശത്രുക്കളുടെ ദേശത്തുവെച്ചു അവർ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ നിങ്കലേക്കു തിരിഞ്ഞു, നീ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു നീ തിരഞ്ഞെടുത്ത നഗരത്തിലേക്കും ഞാൻ നിന്റെ നാമത്തിന്നു പണിതിരിക്കുന്ന ഈ ആലയത്തിലേക്കും നോക്കി നിന്നോടു പ്രാർത്ഥിക്കുകയും ചെയ്താൽ നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ അവരുടെ പ്രാർത്ഥനയും യാചനയും കേട്ടു അവർക്കു ന്യായം പാലിച്ചുകൊടുത്തു ...... "*
സിംഹക്കുഴിയിലേക്കു എറിയപ്പെട്ടെങ്കിലും സിംഹങ്ങളുടെ വായെ അടച്ചു തന്റെ ഭക്തനെ ദൈവം വിടുവിച്ചു. ദാനീയേലിന്റെ ദൈവം





ജീവനുള്ള ദൈവം എന്നറിഞ്ഞു രാജാവും ദൈവത്തെ മഹത്വപ്പെടുത്തി.

—> ശദ്രക്ക്, മേശക്ക്, അബേദ്നോഗോ എന്നീ യഹൂദാബാലന്മാർ തീച്ചൂളയിലേക്കെറിയപ്പെടുന്ന ശിക്ഷാവിധി ഏറ്റുവാങ്ങാതെ രാജാവിന്റെ സ്വർണ്ണപ്രതിമയെ ഒന്നു നമസ്കരിച്ചാലെന്താ, ഒരു പ്രാവശ്യത്തേക്കല്ലേ എന്നു അനേകർ പറഞ്ഞിട്ടുണ്ടാകും. ദാനീയേൽ കതകുകൾ അടെച്ചു കിളിവാതിൽ തുറക്കാതെ പ്രാർത്ഥിച്ചാൽ മതിയായിരുന്നല്ലോ എന്നും അനേകർ പറഞ്ഞിട്ടുണ്ടാകും. എന്നാൽ ഒരു ദൈവമകനെ സംബന്ധിച്ചു സാഹചര്യങ്ങളേതായാലും തിരുവചനത്തിൽ നിന്നു വ്യതിചലിക്കുവാൻ പാടില്ലെന്നു ഇവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രമാണങ്ങൾ അവരുടെ ഹൃദയമാംസപ്പലകയിൽ എഴുതപ്പെട്ടു അതിൻ പ്രകാരം ജീവിക്കുന്നവരായിരുന്നു. ആയതുപോലെ ലേശം ആഭരണം അണിഞ്ഞാലെന്താ? അതു തെറ്റാണോ? എന്നൊക്കെ ചോദിക്കാൻ അനേകർ ഉണ്ടായിരിക്കും. എന്നാൽ ഒരു യഥാർത്ഥ വേർപെട്ട വിശ്വാസി ഇങ്ങനെയുള്ള ലോകത്തിന്റെ അഭിപ്രായങ്ങൾക്കു ചെവികൊടുക്കാതെ കർത്താവിനെ നോക്കി ജീവിക്കുന്നതാണ് അഭികാമ്യം.

*ഇക്കാലങ്ങളിൽ ചില പ്രാദേശിക കൂടിവരവുകാർ ആഭരണം അല്പം ആകാം, മിതമായി ധരിക്കാം എന്നു പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഉന്മേഷത്തിനായി അല്പം മദ്യം ആകാമെന്നു പറയുന്നതുപോലെയാണിത്.* ദൈവത്തിന്റെ വചനങ്ങളെ നിസ്സാരമാക്കുന്ന പ്രവണതയാണിത്. ദൈവം നൽകിയ പത്തു കല്പനകളിൽ ഒൻപതെണ്ണവുമനുസരിച്ചിട്ട്, ഒരെണ്ണം അനുസരിക്കാതിരുന്നാൽ, തെറ്റിയാൽ, കല്പന പത്തും ലംഘിച്ചതായി കണക്കാക്കപ്പെടും; ദൈവമുമ്പാകെ കുറ്റക്കാരനായിത്തീരും എന്നതാണ് ന്യായപ്രമാണവ്യവസ്ഥ. ഇതു പഴയനിയമപ്രമാണമെന്നു പറഞ്ഞു തർക്കിച്ചേക്കാം. എന്നാൽ സാമാന്യ ബുദ്ധിക്കു ചിന്തിക്കാവുന്ന ഉദാഹരണങ്ങൾ നോക്കുക. ഒരാൾ കള്ളനെന്ന പേരു ലഭിപ്പാൻ എത്ര പ്രാവശ്യം മോഷ്ടിക്കണം? ഒരുപ്രാവശ്യം പിടിക്കപ്പെടുമ്പോൾ കള്ള

നെന്നു പേർ വിളിക്കും. പത്തു രൂപ മോഷ്ടിക്കുന്നതും, പതിനായിരം രൂപ മോഷ്ടിക്കുന്നതും ഫലത്തിൽ മോഷണം തന്നെയായതിനാൽ ഒരുപോലെ ശിക്ഷ ലഭിക്കും. അതായത് തെറ്റിന്റെ എണ്ണമോ, വലിപ്പമോ നോക്കിയല്ല തെറ്റ് ചെയ്തോ ഇല്ലയോ എന്നു നിശ്ചയിക്കുന്നത്. *ആയതുപോലെ ആഭരണം ധാരാളം ധരിച്ചാലും, മിതമായി ധരിച്ചാലും, ലേശം രഹസ്യത്തിൽ ധരിച്ചാലും ഫലം ഒന്നുതന്നെ. അതു ദൈവസന്നിധിയിൽ തെറ്റായി നിലകൊള്ളുന്നു.* മറ്റുള്ളവരെ ഭയന്നു, ഒളിച്ചും പതുങ്ങിയും ആഭരണം ധരിക്കുന്നവരുണ്ട്. അതായത് വിശ്വാസികളുടെ കൂട്ടത്തിൽ ആഭരണം ഇല്ലാതെയും, സഭാഹോളിന്റെ ഗേറ്റിനു പുറത്തേക്കു കടക്കുമ്പോൾ വാനിറ്റി ബാഗിൽ പൊതിഞ്ഞു വെച്ച ആഭരണം എടുത്തു ധരിച്ചും ലോകക്കാരോടൊപ്പം നടക്കുന്നവരുമുണ്ട്. സകലത്തെയും അറിയുന്ന, കാണുന്ന ദൈവത്തെ ഒളിക്കുവാൻ ആർക്കും കഴിയുകയില്ലെന്ന വസ്തുത അവർ ഓർത്തെങ്കിൽ എത്ര നന്നായിരുന്നു. *"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു"* (എബ്രാ.4:13).

## (9) ആഭരണങ്ങൾ ഒരിക്കൽ വർജ്ജിച്ച വിശ്വാസികൾ എന്തുകൊണ്ടു പില്ക്കാലത്ത് വീണ്ടും ആഭരണം ധരിക്കുന്നു? വിശ്വാസികളുടെ വിരലുകളിൽ കാണപ്പെടുന്ന മോതിരത്തിന്റെ പ്രസക്തിയെന്ത്?

മോതിരമുൾപ്പെടയുള്ള ആഭരണങ്ങൾ അവ പൊന്നോ, വെള്ളിയോ, മുത്തോ, പളുങ്കോ, പ്ലാസ്റ്റിക്കോ ഏതിനാൽ നിർമ്മിച്ചവയായാലും വിശ്വാസികൾക്കു പാടില്ല. *ആഭരണം നീക്കിക്കളക എന്ന ദൈവകല്പനയ്ക്കുശേഷം അവ ധരിക്കുവാൻ അനുവദിക്കുന്ന ഒരു വചനം പോലും തിരുവചനത്തിലില്ല.* എന്നാൽ ആഭരണവർജ്ജനം പതിനൊന്നാം കല്പനയോ? പഴയനിയമ വാക്യമല്ലേ? എന്നൊക്കെ ചോദിച്ചുകൊണ്ടു ആഭരണം ധരിക്കുന്നു. രക്ഷിക്കപ്പെട്ട സമയത്ത് ഇവയൊക്കെ വർജ്ജിച്ചവർ പില്ക്കാലത്ത് ആഭര





ണധാരണത്തിലേക്കു മടങ്ങിപ്പോകുന്നു. ഈ വിധത്തിലുള്ള മടങ്ങിപ്പോക്കും ആഭരണഭ്രമവും ഏറിയ പങ്കും സാധാരണയായി കാണുന്നത്, സമുദായങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടു വേർപെട്ടു സഭാകൂട്ടായ്മയിൽ വരുന്നവരിലാണെന്നു സസൂക്ഷ്മം പരിശോധിച്ചാൽ മനസ്സിലാകും. ലോകസമ്പത്തു ഏറുമ്പോഴും ചിലരിൽ ഇതു പ്രകടമാകുന്നു. ***എന്താണിതിനു കാരണം? ഇതിനു പ്രതിവിധിയുണ്ടോ?***

> ഒന്നാമതായി, വിശ്വാസയാത്രയിൽ ഇവരുടെ ആത്മീയദർശനം ന്ഷടപ്പെട്ടു ലോകത്തിനു അടിമപ്പെടുന്നതു മൂലമാണിത്. ഒരുകാലത്തു ഇക്കൂട്ടർ കർത്താവിനെ നോക്കി ഇറങ്ങിത്തിരിച്ചപ്പോൾ ഏറെ പ്രതിബന്ധങ്ങളും കഷ്ടപ്പാടുകളും സഹിച്ചവരായിരിക്കും. ആഭരണവർജ്ജനം ലോകത്തോടു വേർപെടുന്നതും, അതു വിശ്വാസിയുടെ സാക്ഷ്യജീവിതത്തിന്റെ പ്രദർശനവുമാണെന്നറിഞ്ഞു സ്വമനസ്സാലെ എല്ലാം വർജ്ജിച്ചവരുമായിരിക്കും. എന്നാൽ കാലങ്ങൾ കുറേ കഴിഞ്ഞപ്പോൾ, ലോകം അവരിൽ കടന്നുകൂടുകയും, തത്ഫലമായി വിശ്വാസത്തിൽ ക്ഷീണിക്കുകയും ചെയ്യുന്നു. ലോകത്തിൽ ഭൗമികഉയർച്ചയാൽ അവരുടെ ബാങ്കുബാലൻസ് വർദ്ധിക്കുമ്പോൾ ആത്മീയജീവിതത്തിന്റെ സകല ബാലൻസും തെറ്റുന്നു. ആത്മീയദർശനം നഷ്ടപ്പെട്ടു ദൈവത്തിൽ നിന്നകലുമ്പോൾ ലോകത്തിന്റെ ചിന്താഗതി വിശ്വാസിയിലേക്കു കടന്നുകൂടുവാൻ ഇടയാടിത്തീരുന്നു. ചെറിയ ഒരു പൊൻമോതിരം ധരിച്ചാൽ അതിൽ അപാകതയില്ലെന്നും, വിരലിൽ മോതിരം കാണുമ്പോൾ വിവാഹം കഴിച്ചവളാണെന്നു മറ്റുള്ളവരറിയുവാൻ ഇടയാകുമെന്നും മുമ്പൊരിക്കലും ഹൃദയത്തിൽ തോന്നാത്ത നൂതന ആശയങ്ങളുടലെടുക്കുന്നു.

*ലോകത്തിൽ നമുക്കു ലഭിക്കുന്ന ഭൗമികസമ്പത്തും, ഉയർച്ചയും, ദൈവത്തിൽ നിന്നു നമ്മെ തെല്ലിട പോലുമകറ്റുന്ന ഘടകങ്ങളായിത്തീരരുത്. അവയൊക്കെ ദൈവനാമമഹത്വത്തിനും, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും ഉപയോഗപ്രദമാക്കിത്തീർക്കണം (ലൂക്കൊ.16:9). ഇങ്ങനെയുള്ള കാഴ്ചപ്പാടുണ്ടാകുമ്പോൾ ആഭരണധാരണ ചിന്തയുണ്ടാകുകയില്ല.*

>> രണ്ടാമതായി, വിശ്വാസജീവിതത്തിലേക്കു പ്രവേശിച്ചപ്പോൾ സമ്പൂർണ്ണസമർപ്പണവും, വേർപാടും പാലിക്കാതെ അവരായിരുന്ന സാഹചര്യങ്ങളിലെ ചില മോഹവിഗ്രഹങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ചു താലോലിച്ച് കൊണ്ടുവന്ന വിശ്വാസികളിൽ ഈ ലോകമയത്വവും, മടങ്ങിപ്പോക്കുമുണ്ടാകുന്നു. ഇതിനു ദൃഷ്ടാന്തമാണ് യാക്കോബിന്റെ ഭാര്യയായ റാഹേലിന്റെ ജീവിതത്തിൽ സംഭവിച്ചത്. നീണ്ട ഇരുപതു വർഷം ലാബാന്റെ ഭവനത്തിൽ കഴിഞ്ഞ യാക്കോബ്, ദൈവകല്പനപ്രകാരം ബേഥേലിലേക്കു മടങ്ങിപ്പോകാൻ തീരുമാനിച്ചു. ലാബാനും പുത്രന്മാരും വീട്ടിലില്ലാതിരുന്ന സമയം യാക്കോബ് യാത്ര തിരിച്ചു. യാക്കോബ് ഓടിപ്പോയെന്നു ലാബാനു അറിവു കിട്ടിയപ്പോൾ അവനെ പിന്തുടർന്നു ഗിലെയാദ് പർവ്വതത്തിൽ വെച്ചു ലാബാൻ കണ്ടുമുട്ടി. അപ്പോൾ യാക്കോബിനോടു ലാബാൻ ചോദിക്കുന്നതു ശ്രദ്ധിക്കുക — ഉല്പ.31:30 — *"ആകട്ടെ, നിന്റെ പിതൃഭവനത്തിനായുള്ള അതിവാഞ്ഛയാൽ നീ പുറപ്പെട്ടു പോന്നു; എന്റെ ദേവന്മാരെ മോഷ്ടിച്ചതു എന്തിന്നു?"* തുടർന്നു ഈ ഭാഗം വായിക്കുമ്പോൾ നാം കാണുന്നത് യാക്കോബിന്റെ ഭാര്യ റാഹേൽ, തന്റെ ഭർത്താവുപോലുമറിയാതെ പിതാവിന്റെ വിഗ്രഹങ്ങൾ കടത്തിക്കൊണ്ടു വരികയായിരുന്നു എന്നതാണ് (ഉല്പ.31:31-37). റാഹേലിന്റെ പിതാവായ ലാബാൻ വന്നു കൂടാരം പരിശോധിച്ചപ്പോൾ റാഹേൽ ഈ വിഗ്രഹങ്ങളെടുത്തു ഒട്ടകക്കോപ്പിനകത്തിട്ടു, അതിന്മേലിരുന്നു പിതാവിനെ സൂത്രത്തിൽ പറഞ്ഞയച്ചു. സ്വകുടുംബത്തിലെ ഈ മാലിന്യത്താൽ ശെഖേമിൽ വച്ചു തന്റെ മക്കളോടു "നിങ്ങൾ എന്നെ നാറ്റിച്ചു വിഷമത്തിലാക്കിയിരിക്കുന്നു" (ഉല്പ.34:30), എന്നു പറയേണ്ടിവന്ന പരിതാപകരമായ അവസ്ഥ യാക്കോബിന്റെ ജീവിതത്തിലുണ്ടായി. തുടർന്നു ശെഖേമിൽ വെച്ചു ദൈവസന്നിധിയിൽ ഒരു ശുദ്ധീകരണം ആവശ്യമെന്നു യാക്കോബിനു മനസ്സിലായി. തന്മൂലം തന്റെ ഭാര്യ റാഹേൽ ഒളിച്ചു കടത്തിക്കൊണ്ടുവന്ന പിതാവിന്റെ വക ദേവന്റെ വിഗ്രഹം ഉൾപ്പെടെ എല്ലാവരുടെയും ആഭരണങ്ങളും, വിഗ്രഹങ്ങളും ശെഖേമിലെ കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. ഇന്നത്തെ തലമുറയുടെ ആഭരണധാരണത്തിലേക്കുള്ള





തിരിച്ചു പോക്ക്, യഥാർത്ഥത്തിൽ റാഹേലിനുണ്ടായ തെറ്റ് ഇക്കൂട്ടർ ആവർത്തിക്കുകയാണ്. അതായതു അവർ എല്ലാം ഉപേക്ഷിച്ചു ഇറങ്ങിത്തിരിച്ചപ്പോഴും, റാഹേലിനെപ്പോലെ ആരും കാണാതെ ഈ മോഹവിഗ്രഹത്തെ വിട്ടുപോന്ന സാഹചര്യങ്ങളിൽ നിന്നു ഹൃദയത്തിൽ സൂക്ഷിച്ചു സംഗ്രഹിച്ചിരിക്കുന്നു എന്നതാണ് പേരിനും വേണ്ടിയുള്ള പൊൻമോതിരം അണിയൽ വ്യക്തമാക്കുന്നത്.

*റാഹേൽ പിതാവിന്റെ ഭവനത്തിൽ നിന്നും സൂത്രത്തിൽ ഒളിച്ചു കടത്തിക്കൊണ്ടുവന്ന വിഗ്രഹവും യാക്കോബിന്റെ സാക്ഷ്യ ജീവിതത്തിനു മങ്ങലേൽപ്പിക്കുവാനൊരു കാരണമായപ്പോൾ ശുദ്ധീകരണം നടത്തി എല്ലാ മാലിന്യങ്ങളും ശെഖേമിലെ കരുവേലകക്കുഴിയിൽ മൂടുന്നു. ആയതുപോലെ കാൽവറിക്രൂശിൻ ചുവട്ടിൽ സകലമാലിന്യങ്ങളും ഉപേക്ഷിച്ചു ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീർന്ന വിശ്വാസിയിൽ ഇനി പഴയ മോഹവിഗ്രഹം പാടില്ല. മണവാളനായ ക്രിസ്തുവിൽ നിന്നും തന്റെ കാന്തയുടെ ഹൃദയം വശീകരിച്ചു കളയുവാൻ സാത്താൻ തക്കം നോക്കി ഊടാടി സഞ്ചരിക്കുന്നു. മരുഭൂമിയിൽ സഞ്ചരിച്ചു കൊണ്ടിരുന്ന റിബെക്ക, ഒരിക്കൽപോലും തന്റെ പ്രിയനെ കണ്ടിട്ടില്ലെങ്കിലും, അതിദൂരത്തു യിസ്ഹാക്കിനെ കണ്ടപ്പോൾ ഒട്ടകപ്പുറത്തുനിന്നും താഴെയിറങ്ങി (ഉല്പ.24:64). കാരണം അവളുടെ ഹൃദയത്തിൽ യിസ്ഹാക്ക് നിറഞ്ഞു നിന്നിരുന്നു. നാമും ഈ മരുഭൂമിയിൽ നമ്മുടെ പ്രാണപ്രിയന്റെ വരവു കാതോർത്തിരിക്കുന്ന അവസരത്തിൽ നമ്മുടെ തലകളെ ഉയർത്തി നോക്കാം; ലോകത്തിന്റെ എല്ലാ ആഡംബരങ്ങളിൽ നിന്നും ഇറങ്ങി പ്രിയനെ എതിരേൽക്കാം. ഈ അവസരത്തിൽ ഒരിക്കൽ ഉപേക്ഷിച്ച പാപമാലിന്യങ്ങളും, ലോകസമ്പാദ്യങ്ങളും തേടി പുറകോട്ടു യാത്ര ചെയ്യുവാൻ ഇടയാകരുത്.*

>>> മൂന്നാമതായി, വിശ്വാസജീവിതത്തിൽ ദൈവത്തോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വിശുദ്ധിയും വേർപാടും പാലിക്കുന്നതിൽ പരാജയപ്പെടുന്നു. ദൈവത്തിലും ദൈവീകകാര്യങ്ങളിലുമുള്ള ഹൃദയത്തിന്റെ ഏകാഗ്രതയും നിർമ്മലതയും നഷ്ടമാകു

മ്പോൾ ആത്മീയദർശനം മങ്ങി ഹൃദയശുദ്ധി നഷ്ടപ്പെട്ടിട്ടു ലൗകീകരെപ്പോലെ ജീവിക്കുവാൻ ഇടയായിത്തീരുന്നു. സകലവിധ പാപങ്ങളിലും, ദുർന്നടപ്പിലും, ദുരാചാരങ്ങളിലും, ധാർമ്മികാധഃപതനത്തിലും, വിഗ്രഹാരാധനയിലും മുഴുകി ജീവിച്ച കൊരിന്ത്യരിൽ ഒരുകൂട്ടം സുവിശേഷത്തിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ ഇടയായി. അവർ വിശുദ്ധരും ദൈവസഭയുടെ അംഗങ്ങളുമായി. ജാതീയ ചുറ്റുപാടുകളിൽ നിന്നും വിശ്വാസജീവിതത്തിലേക്കു വന്ന കൊരിന്തുസഭാവിശ്വാസികളിലെ ക്രമക്കേടു, കക്ഷിത്വം, ഭിന്നത, ദുർന്നടപ്പു, കർത്താവിന്റെ മേശയിൽ പങ്കെടുക്കുന്നതിലുള്ള ഗൗരവമില്ലായ്മ, അലക്ഷ്യഭാവം, കൃപാവരം ദുരുപയോഗപ്പെടുത്തൽ എന്നിങ്ങനെയുള്ള അനാത്മികപ്രശ്നങ്ങൾ പരിഹരിക്കുവാനാണ് അപ്പൊസ്തലനായ പൗലൊസു കൊരിന്ത്യവിശ്വാസികൾക്കായി ഒന്നാം ലേഖനമെഴുതിയത്. വിശ്വാസികളെങ്കിലും ചിലർ ജഡികചിന്തകളിലും, പ്രവർത്തനങ്ങളിലും മുഴുകി ജീവിച്ചതിനാൽ സഭയിൽ ആത്മീയമുരടിപ്പുണ്ടായി. അവരെക്കുറിച്ചു അപ്പൊസ്തലൻ പറയുന്നതു കേൾക്കുക -- *"എന്നാൽ സഹോദരന്മാരേ, നിങ്ങളോടു എനിക്കു ആത്മീകന്മാരോടു എന്നപോലെ അല്ല, ജഡികന്മാരോടെന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു.........ഇന്നും നിങ്ങൾ ജഡികന്മാരല്ലോ.........നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? "* (1.കൊരി.3:1-3).

വിശ്വാസികളായ ഇവരെക്കുറിച്ചു കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ പൗലൊസ് ഭയപ്പെടുന്നത് അവർ വിശ്വാസത്തിൽ നിന്നും പോകുമെന്നല്ല: പിന്നെയോ അവർ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്ന ആശങ്കയായിരുന്നു. 2.കൊരി.11:2,3 —*"ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്തിൽ ചതി*





*ച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."* ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും കുറയുമ്പോൾ ലോകത്തോടു പറ്റിച്ചേർന്നിട്ട് ദൈവികകാര്യങ്ങളിലും, പ്രമാണങ്ങളിലും ആനന്ദിക്കുവാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള വിശ്വാസികൾ പിൻമാറ്റക്കാരായിത്തീരുന്നു. ആത്മീകകാര്യങ്ങളിലുള്ള പിൻമാറ്റം ഒറ്റയടിക്കുണ്ടാകുന്നതല്ല. ദൈവത്തോടു ഏകാഗ്രത നഷ്ടപ്പെടുമ്പോൾ സഹവിശ്വാസികളുമായി കൂട്ടായ്മയും കുറയുന്നു. ക്രമേണ നിസ്സാരകാര്യങ്ങൾ മൂലം സഭായോഗങ്ങൾ മുടക്കുന്നു, ഇടദിവസങ്ങളിലുള്ള യോഗങ്ങളിൽ നിന്നു വിട്ടു നിൽക്കുന്നു, ആഴ്ചവട്ടത്തിലെ ഒന്നാം ദിവസത്തെ ആരാധനയിൽ ആദ്യപകുതി മാത്രം സംബന്ധിച്ചിട്ട്, വചനശുശ്രൂഷെക്കു മുമ്പായി സ്ഥലം വിടുന്നു. തുടർന്നു വീട്ടിലിരുന്നാലും ആരാധിക്കാമെന്ന നൂതന ചിന്ത ഉടലെടുക്കുകയും ലോകത്തിന്റെ കരങ്ങളിൽ ചെന്നെത്തുകയും ചെയ്യുന്നു.

യഹൂദാരാജാവായ യോവാശിന്റെ മകനായ അമസ്യാരാജാവിനെക്കുറിച്ചു ദിനവൃത്താന്ത പുസ്തകത്തിൽ എഴുതിയിരിക്കുന്നത് — 2.ദിന.25:2 —*"അവൻ യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു; ഏകാഗ്രഹൃദയത്തോടെ അല്ലതാനും."* അമസ്യാരാജാവിന്റെ ജീവിതം പരിശോധിച്ചാൽ നമുക്കു കാണുവാൻ കഴിയുന്നത് അവൻ ദൈവത്തിനു പ്രസാദമായതു ചെയ്തുകൊണ്ടു നല്ല ഭരണവും ജീവിതവും കാഴ്ചവെക്കുവാൻ ശ്രമിച്ചുവെങ്കിലും അവന്റെ സകലപ്രവൃത്തികളും പരാജയമായിത്തീരുവാൻ കാരണമായത് ഏകാഗ്രഹൃദയത്തോടെ അല്ലാത്തതിനാലാണ്. "എന്റെ സമ്പത്തെന്നു ചൊല്ലുവാൻ യേശു മാത്രം" എന്നു ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടു ദൈവത്തിൽ മാത്രം ആശ്രയം വെയ്ക്കുകയും, ആഭരണങ്ങൾ വിശ്വാസികൾക്കു ഭൂഷണമല്ല എന്നു നന്നായി മനസ്സിലാക്കി സകലതും വർജ്ജിച്ചിട്ട്, വീണ്ടും ഈ സോദോം മാലിന്യത്തിലേക്കുള്ള മടങ്ങിപ്പോക്കിന്റെ കാരണം ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുന്നതിന്റെ ലക്ഷണം തന്നെ.

*ലോകമോഹങ്ങളിലേക്കു ആകർഷിക്കപ്പെട്ടു അതിലേക്കു തിരിയുമ്പോൾ ദൈവത്തിലും ദൈവവചനത്തിലുമുള്ള ഏകാഗ്രത നഷ്ടപ്പെടുന്നു. തുടർന്നു വിശുദ്ധിയും വേർപാടുമില്ലാതെ ജഡിക നെപ്പോലെ ജീവിക്കുവാൻ ഇടയായിത്തീരുന്നു. ഏകാഗ്രഹൃദയം ലഭിക്കുവാൻ ദൈവത്തെയും ലോകത്തെയും എന്നല്ല; ദൈവത്തെ മാത്രം സേവിക്കയും ഹൃദയത്തിലുൾക്കൊള്ളുകയും വേണം. ദൈവികപ്രമാണങ്ങളിൽ രസിച്ച്, ഉയരത്തിലുള്ള കാര്യങ്ങളിൽ ശ്രദ്ധ വെക്കുന്ന വിശ്വാസി ഒരിക്കലും ആഭരണമുൾപ്പെടെയുള്ള ലോകാ ഡംബരങ്ങളാൽ തന്നെ അലങ്കരിക്കുവാൻ ഇടയാകുകയില്ല.*

>>>> നാലാമതായി, വിശ്വാസി ദൈവത്തിൽ നിന്നക ലുമ്പോൾ, ദൈവവചനത്തിലുള്ള ആത്മീയകാഴ്ചപ്പാടും വിവേചന ശക്തിയും നഷ്ടമായി, ദൈവത്തേക്കാളുപരിയായി പലതിനെയും ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്ന അവസരത്തിലാണ് ഈ മടങ്ങിപ്പോക്കുണ്ടാകുന്നത്. ഈ അവസരത്തിൽ ദൈവം കല്പിച്ചു തന്നിട്ടുള്ള പല പ്രമാണങ്ങളും തെറ്റായി വ്യാഖ്യാനിച്ചു ലോകക്കാ രോടൊപ്പം തോന്നിയതുപോലെ നടക്കുവാൻ തുടങ്ങുന്നു. ഹിസ്കീ യാരാജാവിന്റെ ഭരണകാലത്തുണ്ടായ ഒരു സംഭവം നോക്കാം. — **2.രാജാ.18:3–5** — *"അവൻ തന്റെ പിതാവായ ദാവീദ് ചെയ്തതുപോലെ ഒക്കെയും യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു. അവൻ പൂജാഗിരികളെ നീക്കി വിഗ്രഹസ്തംഭങ്ങളെ തകർത്തു അശേരാപ്ര തിഷ്ഠയെ വെട്ടിമുറിച്ചു* ***മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെയും ഉടച്ചുകളഞ്ഞു; ആ കാലം വരെ യിസ്രായേൽ മക്കൾ അതിന്നു ധൂപം കാട്ടിവന്നു; അതിന്നു നെഹുഷ്ഠാൻ എന്നു പേരായിരുന്നു."*** ഒരിക്കൽ യിസ്രായേൽമക്കൾ സർപ്പത്തിന്റെ കടിയേറ്റപ്പോൾ മരി ക്കാതിരിക്കേണ്ടതിന്നു നോക്കുവാൻ ദൈവകല്പനപ്രകാരം മോശെ ഉയർത്തിയതായിരുന്നു താമ്രസർപ്പം. കാലങ്ങൾ ഏറെ കഴിഞ്ഞ പ്പോൾ ജനങ്ങൾ നെഹുഷ്ഠാൻ എന്നൊരു പുതിയ പേരു ഈ പിച്ചളസർപ്പത്തിനു നൽകി അതിനെയും ആരാധിക്കുവാൻ തുടങ്ങി യപ്പോഴാണ് ഹിസ്ക്കീയാരാജാവു വിഗ്രഹങ്ങളെ ഉടച്ച കൂട്ടത്തിൽ മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെയും ഉടച്ചു നശിപ്പിച്ചത്. മിസ്രയിം





വിട്ടു, ചെങ്കടൽ കടന്നു, കനാനിൽ പ്രവേശിച്ചുവെങ്കിലും ദൈവം അവർക്കു പ്രത്യേക ഉദ്ദേശ്യത്തോടു കൂടി ഏർപ്പെടുത്തിയ താമ്ര സർപ്പത്തെ, തെറ്റായി ചിത്രീകരിച്ചു ദൈവത്തിനു പകരം ആരാധി ച്ചു. അതുപോലെ പാപക്കുഴിയിൽ നിന്നും, നിത്യമരണത്തിൽ നിന്നും രക്ഷപ്പെട്ടശേഷം വിശ്വാസജീവിതയാത്രയിൽ ദൈവവചനത്തെയും ദൈവീകവ്യവസ്ഥകളെയും തെറ്റായി വ്യാഖ്യാനിച്ച് ഒരുകാലത്തു വിട്ടിട്ടു പോന്ന പലതും വീണ്ടും ഹൃദയത്തിൽ പ്രതിഷ്ഠിച്ചു ലോകമോഹങ്ങൾ താലോലിച്ചു കൊണ്ടു നടക്കുന്നു. അല്പമാഭര ണവും പഴയതിന്റെ ഓർമ്മയായിരിക്കുന്നു. ഏതു കാരണത്താലും, ഓമനപ്പേരിലണിഞ്ഞാലും ഇതു ഒരു **"നെഹുഷ്ഠാൻ"** തന്നെ.

*താമ്രസർപ്പത്തിനു നെഹുഷ്ഠാൻ എന്ന പുതിയ പേരു കൊടുത്തു അതിനെ ആരാധിക്കുന്ന പ്രവണതയുണ്ടായപ്പോൾ ഹിസ്ക്കീയാരാജാവു അതിനെ ഉടച്ചുകളഞ്ഞത് താൻ ദൈവസന്നി ധിയിൽ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും ജീവിച്ചു എന്ന തിനു തെളിവാണ്. ഹിസ്കീയാവു ദൈവത്തോടു പറയുന്നതു ശ്രദ്ധി ക്കുക —* യെശ.38:3 - *അയ്യോ, യഹോവേ, ഞാൻ വിശ്വസ്തത യോടും ഏകാഗ്രഹൃദയത്തോടുംകൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്നു ഓർക്കേണമേ. ഹിസ്ക്കീയാരാജാവിനെപ്പോലെ ദൈവത്തെ പ്രസാദിപ്പിച്ചു കൊണ്ടു ജീവിക്കുമ്പോൾത്തന്നേ വിഗ്രഹാരാധനയിലേക്കു നമ്മെ നയിക്കുന്ന എല്ലാ ജഡികമോഹങ്ങളും നമ്മിൽ ഇല്ലാതാക്കണം. ആത്മീയദർശ നമുള്ളവരായി ഏകാഗ്രഹൃദയത്തോടും വിശ്വസ്തതയോടും ദൈവ ത്തിനു പ്രസാദമായകാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ സകല അനാത്മീകചിന്തകളും, ലൗകീകാലങ്കാരമോഹങ്ങളും ദൈവവചനമാകുന്ന വിളക്കുകത്തിച്ച്, സസൂക്ഷ്മം കണ്ടുപിടിച്ചു, ഹൃദയത്തിൽ നിന്നു തുത്തുവാരി നശിപ്പിച്ചു കളയണം. ജീവിതവി ശുദ്ധി പാലിച്ചുകൊണ്ടു ജീവിതസാക്ഷ്യമുള്ളവരായി, മാതൃകാവി ശ്വാസികളായി നടന്നാൽ ദൈവസഭയിലെ മറ്റുവിശ്വാസികളും ലോക ത്തിന്റെ മോഹങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെടുകയില്ല.*

........................................

## (10) ആഭരണങ്ങൾ സ്വമനസ്സാലെ വർജ്ജിച്ചു ദൈവത്തെ ആരാധിക്കുന്ന കൂട്ടങ്ങളിൽ ആഭരണം ധരിക്കുന്നവരാൽ സംഭവിക്കുന്ന ആത്മീയനാശങ്ങൾ —

വേർപെട്ട വിശ്വാസികൾ ഉൾക്കൊള്ളുന്ന ദൈവസഭയിൽ, പ്രത്യേകിച്ചും ഭൂരിഭാഗവും ആഭരണം വർജ്ജിച്ച കൂട്ടങ്ങളിൽ, ഈ വിധത്തിലുള്ള ആഭരണപ്രേമികൾ ദൂരവ്യാപകമായ അനേക ആത്മീയപ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് ഇക്കൂട്ടർ ബോധപൂർവ്വം മറന്നു കളയുന്നു. പ്രത്യക്ഷത്തിൽ കണ്ടാൽ ആഭരണം ധരിക്കുന്നില്ല; സാക്ഷാൽ വേർപെട്ട ദൈവപൈതൽ. *"എൻ സങ്കടങ്ങൾ സകലവും തീർന്നു പോയി, സംഹാരദൂതനെന്നെ കടന്നു പോയി, ഫറവോനു ഞാനിനി അടിമയല്ല"* എന്ന് ഉച്ചത്തിൽ കൈകളടിച്ചു പാടുമ്പോഴും ഇവരുടെ വിരലിൽ മോതിരം എന്ന പേരിൽ ഫറവോന്റെ ബന്ധനം കാണുന്നില്ലേ? *രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു കർത്താവിനെ ആരാധിക്കുന്ന പ്രിയ വിശ്വാസിയേ താങ്കളുടെ വിരലിൽ മോതിരമായി സ്ഥാനം പിടിച്ചിരിക്കുന്നത് ഫറവോന്റെ ബന്ധനം തന്നെയെന്നതിൽ സംശയിക്കേണ്ട. പാമ്പിന്റെ മാതൃകയിൽ ചുറ്റപ്പെട്ട ഈ ബന്ധനം അഴിച്ചു മാറ്റി വിശുദ്ധമന്ദിരമായ ശരീരത്തെ ശുദ്ധീകരിക്കുക.* രഹസ്യമായും, പരസ്യമായുമുള്ള ഈ അല്പ ആഭരണധാരണം സ്ഥലം സഭകൾക്കും, വിശ്വാസികൾക്കും, സഭയെ നയിക്കുന്നവർക്കും വരുത്തിക്കൂട്ടുന്ന പ്രശ്നങ്ങൾ നോക്കുക —

(1) ആഭരണവർജ്ജനം ലോകത്തോടുള്ള സമ്പൂർണ്ണ വേർപാടും, അതു സാക്ഷ്യജീവിതത്തിന്റെ പ്രദർശനവുമായി കരുതി ദൈവത്തെ ആരാധിക്കുന്ന മാതൃകാകൂട്ടങ്ങളിൽ ചിലർ പെട്ടന്നു ഒരുനാൾ രഹസ്യമായോ പരസ്യമായോ ആഭരണവും ധരിച്ചു വന്നാൽ ആ സഭയിൽ നിലവിലുള്ള ആത്മീയ അന്തരീക്ഷം നശിക്കുവാൻ ഇടയാകുന്നു. *"അവർക്കു ധരിക്കാമെങ്കിൽ എനിക്കും ധരിച്ചുകൂടേ"* എന്ന ചിന്ത പല വിശ്വാസികളിലും, പ്രത്യേകിച്ചും പുതുവിശ്വാസികളിൽ ഉണ്ടാകുന്നു. ഫലമോ ദൈവസഭയിൽ ഇടർച്ചയും, അനൈക്യവും, ഭിന്നാഭിപ്രായവും, ആത്മീയമുരടിപ്പും ഉണ്ടായി പല വിശ്വാസികളും ഇവരെ അനുകരിച്ചു ലോകത്തിന്റെ പുറകേ പോകുവാൻ കാരണമായിത്തീരുന്നു. ഇവർ മൂലം ന്യായാധിപന്മാരുടെ കാലത്തെ ജനത്തെപ്പോലെ *"ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു"* എന്ന സ്ഥിതിയിലേക്കു സ്ഥലംസഭ ചെന്നെത്തുന്നു.





(2) ദൈവത്തിലും, ദൈവവചനത്തിലും വേരൂന്നി സന്തോഷത്തിലും, സമാധാനത്തിലും കഴിഞ്ഞ്, ആത്മീയഫലം പുറപ്പെടുവിക്കുന്ന സഭയിൽ, ലോകസ്നേഹത്തിന്റെ അടയാളമായി ശരീരത്തിൽ വഹിക്കുന്ന ഈ ലോഹം മൂലം, യഥാർത്ഥത്തിൽ അവർ നിൽക്കുന്ന ദൈവസഭയിൽ പുളിപ്പിന്റെ അംശം ചേർക്കപ്പെടുകയാണ്. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക — 1.കൊരി.5:6,7 — *"അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്നു അറിയുന്നില്ലയോ? നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന്നു പഴയ പുളിമാവിനെ നീക്കിക്കളവിൻ."* വളരെ നിസ്സാരമെന്നു കരുതുന്ന ഈ പുളിപ്പിന്റെ അംശം സഭയിൽ മുഴുവനായി വ്യാപിച്ചു, സഭയുടെ ആത്മീയ ചലനശേഷി ഇല്ലാതാക്കുന്ന അവസ്ഥയിൽ കൊണ്ടെത്തിക്കും.

(3) ചില വിശ്വാസികൾ തങ്ങളുടെ ചെറുപ്രായത്തിലുള്ള കുഞ്ഞുങ്ങളെ ആഭരണം ധരിപ്പിച്ചു സഭയിലേക്കു അയെക്കാറുണ്ട്. അതു ചിലപ്പോൾ പൊന്നോ, വെള്ളിയോ, പളുങ്കോ, പ്ലാസ്റ്റിക്കോ, മുത്തോ ആയിരിക്കാം."കുഞ്ഞുങ്ങൾ അല്ലേ സാരമില്ല, അവർക്കു ആഗ്രഹം കാണുകയില്ലേ, വളരുമ്പോൾ മാറിക്കൊള്ളും" എന്നു പറഞ്ഞു വിശ്വാസികളായ മാതാപിതാക്കൾ ഇതിനെ ന്യായീകരിക്കാറുണ്ട്. നിസ്സാരമെന്നു തോന്നിക്കുന്ന ഈ പ്രവണത പിൽക്കാലത്ത് തിരുത്തിക്കുറിക്കുവാൻ കഴിയാത്ത ആത്മീയാധഃപതനത്തിൽ എത്തിക്കുമെന്നതിനു സംശയം വേണ്ട. അവർ മാത്രമല്ല; വളർന്നു വരുന്ന പുതിയ തലമുറതന്നെ ലോകമയത്വത്തിലേക്കൊഴുകി നശി

ക്കുവാൻ അവർ കാരണക്കാരായിത്തീരുന്നു. സാരമില്ലെന്നു സമാധാനിക്കുന്ന വിശ്വാസികളായ പ്രിയ മാതാപിതാക്കളേ, ഏലി പുരോഹിതന്റെ കുടുംബത്തിനു വന്ന ദുരന്തം ഭയനിർദ്ദേശമായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ജാഗ്രതയോടെ ഉൾക്കൊള്ളുക. ഒരു വിശ്വാസിയുടെ പൈതൽ ആഭരണം ധരിച്ചുകൊണ്ടു ചെന്നാൽ അത് മറ്റു കുഞ്ഞുങ്ങളിലും ആഭരണമോഹമുണർത്തും. അവരും ലോകത്തിന്റെ പാതയിൽ അഭ്യസിക്കുവാൻ കാരണമായിത്തീരും. കുഞ്ഞുങ്ങളെ കർത്താവിന്റെ പാതയിൽ ജീവിതസാക്ഷ്യമുള്ളവരായി നടത്തി വളർത്തിക്കൊണ്ടുവരേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. അവരെ ദൈവകല്പനകൾ പഠിപ്പിച്ചു, അതനുസരിച്ചു ജീവിക്കുവാൻ ഉപദേശിച്ചില്ലെങ്കിൽ ഭാവിയിൽ ദുഃഖിക്കേണ്ടിവരും. "...... ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശു.24:15) എന്ന് ഒത്തൊരുമിച്ചു പറയണമെങ്കിൽ, "ഇതാ, ഞാനും യഹോവ എനിക്കു തന്ന മക്കളും" (യെശ.8:18) എന്നു പറഞ്ഞുകൊണ്ട് ദൈവസന്നിധിയിൽ ധൈര്യത്തോടും, സന്തോഷത്തോടും നിൽക്കണമെങ്കിൽ, ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കണം (സദൃ.22:6).

(4) ആഭരണങ്ങൾ സ്വമനസ്സാലെ ഉപേക്ഷിച്ച് ആത്മീയസന്തോഷത്തിലും, ഐക്യതയിലും, ജീവിതസാക്ഷ്യമുള്ളവരായി കഴിയുന്ന വിശ്വാസികളുള്ള ഒരു സഭയിൽ, ചിലർ സാമുദായികപ്രമാണങ്ങളിലേക്കും, ആഭരണധാരണത്തിലേക്കും തിരിയുമ്പോൾ ഇതേച്ചൊല്ലി സംസാരങ്ങളും, വാദങ്ങളമുണ്ടായി ഏകാഗ്രതയും സ്നേഹക്കൂട്ടായ്മയും നഷ്ടപ്പെടുന്നു. "ചോദിക്കാനും പറയാനും ആരുമില്ലേ?" എന്നുള്ള വിശ്വാസികളുടെ ചോദ്യത്തിനു മുമ്പിൽ ദൈവം ചോദിക്കട്ടെ എന്നു പറഞ്ഞു സഭാശുശ്രൂഷകർ സകലവും ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു കണ്ണുനീരോടെ ഇവർമൂലം ഞരങ്ങിക്കൊണ്ടു സഭാപരിപാലനവും, ശുശ്രൂഷകളും ചെയ്യേണ്ടതായി വരുന്നു. എബ്രായലേഖനത്തിൽ പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക —





**എബ്രാ.13:17** — *"നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല."*

ഇന്നത്തെ വിശ്വാസികളിൽ ഒരു കൂട്ടർ ദൈവവചനത്തിൽ മുറുകെപ്പിടിച്ചുകൊണ്ട് നല്ല സാക്ഷ്യമുള്ളവരായി എല്ലാ ലൗകിക മോഹങ്ങളിൽ നിന്നും വേർപെട്ടു ജീവിക്കുന്നു. അവർക്കായി ദൈവത്തിനു സ്തോത്രം ചെയ്യാം. എന്നാൽ വേറൊരു കൂട്ടർ നാമമാത്ര വേർപാടുകാരായി ലോകക്കാരോടൊപ്പം യാന്ത്രികമായി ചലിച്ചുകൊണ്ടിരിക്കുന്നു. ആഴ്ചയുടെ ഒന്നാം ദിനം കർത്താവിനെ ആരാധിക്കുവാനായി വരുന്നു. പിന്നീട് അവരെ കാണുന്നത് അടുത്ത ആഴ്ചയുടെ ഒന്നാം ദിനത്തിൽ എന്നതാണ് പ്രത്യേകത. സഭാവിശ്വാസികളുമായി കൂട്ടായ്മ ഇല്ല; പ്രാർത്ഥനാകൂടിവരവുകളിലോ വചനപഠനത്തിനോ അവർക്കു താല്പര്യമില്ല. ക്രമേണ അവർ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം അവരുടെ സാന്നിദ്ധ്യം പകുതി സമയമാക്കും. ശുശ്രൂഷകന്മാർ ആരെങ്കിലും അവരെ ഉപദേശിക്കാൻ ഒരുമ്പെട്ടാൽ ഞങ്ങളെ ചോദ്യം ചെയ്യാൻ നിങ്ങൾ ആരെന്ന ചോദ്യരൂപമാണ് അവരുടെ മുഖഭാവത്തിൽ. ഇങ്ങനെയുള്ള വിശ്വാസികൾ ക്രമേണ വിശ്വാസത്തിൽ നിന്നും പിൻമാറ്റമുണ്ടായി ജഡികവിശ്വാസികളായി ലോകക്കാരോടൊപ്പം ഇടകലർന്നു ജീവിക്കുവാൻ ഇടയായിത്തീരുന്നു. ഈ അവസരത്തിൽ ആഭരണങ്ങൾ ധരിക്കുന്നതിൽ എന്താ തെറ്റ് എന്നുള്ള ചിന്താഗതിയുണ്ടായി ആഭരണധാരികളായി മാറുന്നു. കമ്പ്യൂട്ടറിൽ കൂടിയുള്ള ഇന്റർനെറ്റു വീഡിയോ കോൺഫറൻസും, ബൈബിൾക്ലാസ്സുകളും, ആരാധനയും രംഗപ്രവേശനം ചെയ്തുകൊണ്ടിരിക്കുന്നു! ഇനി ഇക്കൂട്ടർ ആഴ്ചയുടെ ഒന്നാം ദിനവും വീട്ടിലിരുന്നു കമ്പ്യൂട്ടറിന്റെ മുമ്പിലിരുന്നു അപ്പം മുറിക്കുന്ന കാലം അധികം വിദൂരമല്ല!!!

നോഹയുടെയും, ഏലിപുരോഹിതന്റെയും കാലത്തെപ്പോലുള്ള ഒരു ചുറ്റുപാടിൽ നാം എത്തിയിരിക്കുന്നു. വളരെ ജാഗ്രതയോടെ ജീവിക്കേണ്ട കാലമാണിത്. വിശ്വാസി ഒരു കാവൽക്കാരൻ എന്നു ദൈവവചനം വ്യക്തമാക്കുമ്പോൾ (യെഹെ.3:17,18/ യെഹെ.33:1-6) നാം മനസ്സിലാക്കേണ്ടത് അവൻ അനേകരുടെ കാവൽക്കാരൻ ആയിരിക്കുമ്പോൾത്തന്നെ തന്റെയും കാവൽക്കാരനാണ് എന്നതാണ്. ഉപദേശത്തിലും, ജീവിതത്തിലും പിടിച്ചുകൊള്ളേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ കാവൽ ചെയ്യാതെ എങ്ങനെ മറ്റുള്ളവരുടെ കാവൽക്കാരൻ ആകും? ആഭരണവർജ്ജനം വിശ്വാസികൾ പാലിക്കേണ്ടതു തന്നെയാണ്. ആഭരണധാരികളായ വിശ്വാസികൾ വേർപെട്ടവർ എന്ന പേരിനുപോലും യോഗ്യരല്ല. *"സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുതു"* (യാക്കോ.3:1) എന്നു യാക്കോബ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് ഭയത്തോടെ ഓർക്കുക. പ്രിയ ദൈവജനമേ ദൈവത്തിന്റെ പ്രമാണങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു ആഭരണഭ്രമത്തിൽ നിന്നും ലോകമയത്വത്തിൽ നിന്നും അകന്നു സാക്ഷാൽ വേർപെട്ടവരായി ജീവിക്കാം.

ആഭരണങ്ങൾ വിശ്വാസിയുടെ ജീവിതസാക്ഷ്യത്തിനു മങ്ങലേല്പിക്കുന്നതാണെന്നും അതു ദൈവേഷ്ടമല്ലെന്നും മനസ്സിലാക്കി ഒരിക്കലിതൊക്കെ ഉപേക്ഷിച്ചിട്ട്, ദൈവനഗരത്തിലേക്കുള്ള യാത്രാമദ്ധ്യേ വീണ്ടുമിതിലേയ്ക്കു തിരിയുന്നത് എത്രയോ ലജ്ജാവഹമാണ്. ദൈവം യിസ്രായേൽ മക്കളെ സുഭിക്ഷതയോടെ നടത്തിയെങ്കിലും, അവരിൽ ചിലർ *"ഹൃദയം കൊണ്ടു മിസ്രയീമിലേക്കു*





*പിന്തിരിഞ്ഞു"* (അപ്പൊ.7:39) എന്ന വാക്യം ഇവരുടെ കാര്യത്തിലും അന്വർത്ഥമായിരിക്കുന്നു. വിശ്വാസജീവിതത്തിൽ പുറകോട്ടുള്ള യാത്രെക്കു കാരണം അവർ വിട്ടുപോന്നതിൽ ചിലത് രഹസ്യമായി ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നതാണ്. വീണ്ടും ലോകത്തിന്റെ മാലിന്യങ്ങളിൽ രസിച്ചു പുറകോട്ടു പോകുന്നവരെക്കുറിച്ചു അപ്പൊസ്തലനായ പത്രൊസ് പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

**2.പത്രൊ.2:20-22** — *"കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ **ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ** അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്കു ഏല്പിച്ചുകിട്ടിയ വിശുദ്ധകല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടു കളയുന്നതിനെക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു."*

പ്രത്യക്ഷത്തിൽ ആഭരണം ധരിക്കാതെ, അല്പം മാത്രം മോതിരരൂപത്തിൽ വിരലിൽ അണിഞ്ഞു നടക്കുന്നത്, ഒരേസമയം ഇരുതോണിയിൽ കാൽവെച്ചു സഞ്ചരിക്കുന്നതിനു തുല്യമാണ്. കർത്താവു പറഞ്ഞു — *"രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല"* (മത്താ.6:24). വിശ്വാസിയുടെ യജമാനൻ ദൈവമാണ്. ദൈവത്തെ മാത്രം സേവിക്കാം. ദൈവസേവയ്ക്കും, വിശ്വാസിയുടെ സാക്ഷ്യജീവിതത്തിനും ഈ മിസ്രയീമ്യമാലിന്യം തടസ്സമാകുമെന്നു മനസ്സിലാക്കുക. ആഭരണവർജ്ജനം സ്വമനസ്സാലെ പാലിച്ചു ജീവിതസാക്ഷ്യമുള്ളവരായിക്കഴിയുന്ന വിശ്വാസികളുൾപ്പെട്ട സഭയിൽ അനേകപ്രശ്നങ്ങൾക്കും, അനൈക്യത്തിനും, ഇടർച്ചയ്ക്കും, ആത്മീകാധഃപതനത്തിനും വഴിയൊരുക്കുന്ന ഈ

അല്പാഭരണധാരണത്തേക്കാൾ എത്രയോ ഭേദമാണു സർവ്വാഭരണവിഭൂഷിതരായി നടക്കുന്നത്. *അങ്ങനെയുള്ളവർ അപ്രകാരം അണിഞ്ഞൊരുങ്ങി ജീവിക്കുന്ന കൂട്ടങ്ങളിലേക്കു പോകുന്നതായിരിക്കും വിശുദ്ധിക്കു പ്രാധാന്യം കൊടുക്കുന്ന ദൈവസഭകൾക്ക് നല്ലത്.*

യോഹന്നാൻ വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക — *"ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക."* (വെളി.3:1–3). *"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും"* (വെളി.3:15,16). ***"നീ നിന്റെ ആഭരണം നീക്കിക്കളക"*** (പുറ.33:5) എന്നു ദൈവം കല്പിക്കുമ്പോൾ അതു പൂർണ്ണമായനുസരിക്കുക.

കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് കർത്താവിനെ പിൻപറ്റുന്ന വിശ്വാസികൾ ആഭരണങ്ങൾ ധരിക്കുകയോ, ശരീരത്തെ മോടിപിടിപ്പിക്കുന്ന വസ്തുക്കളെക്കൊണ്ടു ലോകരെപ്പോലെ അലങ്കരിക്കുവാനോ പാടില്ല. അതായത് *ആഭരണങ്ങൾ മാത്രമല്ല ചുണ്ടിലെയും വിരലുകളിലെയും ചായം പൂശൽ, തലമുടി കറുപ്പിക്കലും ചെമ്പിപ്പിക്കലും, സ്ട്രെയിറ്റാക്കലും, പിരിക്കലും, വളയ്ക്കലും, ബ്യൂട്ടി പാർലറുകളിലൂടെയുള്ള സകല അലങ്കാരങ്ങളും ചമയങ്ങളും ഒഴിവാക്കണം.*

..........................................





## (11) ആഭരണധാരണം : ബൈബിൾ എന്തു പറയുന്നു?

ആഭരണധാരണത്തെയല്ല ആഭരണവർജ്ജനത്തെക്കുറിച്ചു ബൈബിൾ വളരെ വ്യക്തമായി കല്പന നല്കുന്നു. ആദാമിനെയും ഹവ്വായെയും ദൈവം സൃഷ്ടിച്ചു ഏദെനിൽ ആക്കിയപ്പോൾ അവർക്കു വസ്ത്രം പോലും ആവശ്യമില്ലായിരുന്നു. എന്നാൽ ദൈവകല്പന ലംഘിച്ചു പാപത്തിൽ വീണ നിമിഷം മുതലാണ് അവരുടെ നഗ്നത അവർ മനസ്സിലാക്കിയതും വസ്ത്രം ആവശ്യമായതും. പരിഹാരമായി ദൈവം അവർക്കു തോൽ കൊണ്ടു ഉടുപ്പുണ്ടാക്കി കൊടുത്തു അവരെ ധരിപ്പിച്ചു (ഉല്പ.3:21). തദവസരത്തിലോ പിന്നീടോ ദൈവം അവരെ ആഭരണം അണിയിച്ചില്ല എന്നത് പ്രസ്താവ്യമാണ്. ആഭരണം ആവശ്യമായിരുന്നുവെങ്കിൽ ദൈവം അപ്രകാരം ചെയ്യുമായിരുന്നു. കാതിലും മൂക്കിലുമൊക്കെ സ്വർണ്ണം കെട്ടിത്തൂക്കണമായിരുന്നുവെങ്കിൽ സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ അവരുടെ കാതിലും മൂക്കിലും അതിനായി ദൈവം തുള കൊടുത്തു സൃഷ്ടിക്കുമായിരുന്നു.

### ആഭരണവർജ്ജനം തിരുവചന വെളിച്ചത്തിൽ ——

(1) ദൈവം കല്പിച്ചു —

പുറ.33:5— *"നീ നിന്റെ ആഭരണം നീക്കിക്കളക"*

(2) ദൈവ കല്പന ദൈവജനം അനുസരിച്ചു —

പുറ.33:6 — *"അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."*

(3) ശുദ്ധീകരണത്തിനു ആഭരണവർജ്ജനം ദൈവജനത്തിനു അനിവാര്യം എന്നു ദൈവജനം തിരിച്ചറിഞ്ഞു —

യാക്കോബിനോടു ബേഥേലിൽ ചെന്നു ഒരു യാഗപീഠം ഉണ്ടാക്കുക എന്നു ദൈവം ആവശ്യപ്പെട്ടപ്പോൾ യാക്കോബും അവന്റെ കുടുംബത്തിലുള്ള എല്ലാവരും തങ്ങളുടെ ആഭരണങ്ങൾ വർജ്ജിച്ചു. അതായത് ബേഥേലിലേക്ക് (ദൈവസന്നിധിയിലേക്കു)

പ്രവേശിക്കും മുമ്പു ഒരു ശുദ്ധീകരണം ആവശ്യമായിരുന്നു.

ഉല്പ.35:4 — *“അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യ ദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു.”*

(4) ആഭരണവർജ്ജനം പുതിയനിയമ സഭാവിശ്വാസികളോടുമുള്ള കല്പനയാണ് —

“നീ നിന്റെ ആഭരണം നീക്കിക്കളക” എന്ന പഴയനിയമത്തിലെ കല്പനയ്ക്കുശേഷം ആഭരണം ധരിക്കുവാൻ അനുവാദമില്ല. അതായത് പുതിയനിയമത്തിൽ നാലു സുവിശേഷങ്ങളിൽ കർത്താവോ, പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരോ, ലേഖനത്തിൽ ഉപദേശമായോ ആഭരണം ധരിച്ചുകൊൾവാൻ അനുവാദം നല്കിയിട്ടില്ല.

യേശുക്രിസ്തുവിനെ കൈക്കൊണ്ടവർ അഥവാ രക്ഷിക്കപ്പെട്ടവർ ദൈവമക്കളാണ് (യോഹ.1:12). ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (യോഹ.14:5) എന്നു കർത്താവു പറഞ്ഞു. സത്യത്തിന്റെ ഉറവിടമായ കർത്താവിനെ പിൻപറ്റുന്നവർ സത്യത്തിൽ നടക്കണം. അവർ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതും ഏറിയ സന്തോഷമാണ് (3.യോഹ.4). സത്യത്തിൽ നടക്കുന്നവർ ദൈവത്തെ സ്നേഹിക്കുകയും വേണം.

ദൈവത്തെ സ്നേഹിക്കുന്നവരുടെ പ്രത്യേകതയെന്ത്?

യോഹ.14:15 — *“നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.”*

ദൈവകല്പന അനുസരിച്ചില്ലെങ്കിൽ അവരെക്കുറിച്ചു ദൈവവചനം പറയുന്നതെന്ത്?

1.യോഹ.2:3,4 — *“അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പ*





*നകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല.”*

നിന്റെ ആഭരണം നീക്കിക്കളക എന്നുള്ളത് ദൈവകല്പനയാണ്. അതിനെ വ്യാഖ്യാനിച്ചു, ദൈവം മുമ്പു ധരിക്കുവാൻ പറഞ്ഞിരുന്നു, പഴയനിയമ കല്പനയാണ്, പുതിയനിയമത്തിൽ എടുത്തു പറഞ്ഞിട്ടില്ല, മിതമായി ധരിക്കാം എന്നൊക്കെ പറയുന്നവർ ദൈവകല്പന ലംഘിക്കുകയല്ലേ? അവർ ആരാണെന്നും എങ്ങനെയുള്ളവർ ആണെന്നും തിരുവചനം വളരെ വ്യക്തമായി വിവരിച്ചിരിക്കുന്നു. ദൈവകല്പനയെ നിസ്സാരമാക്കുന്ന കൂട്ടങ്ങളെ മാതൃകയാക്കാതെയും, പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായ നമ്മുടെ ശരീരത്തിൽ ലോകത്തിലെ പൊന്നും വെള്ളിയും മുത്തും കൊണ്ടലങ്കരിക്കാതെയും ലോകത്തോട് വേർപാട് പാലിച്ചു ജീവിക്കാം.

## ആഭരണധാരണം : ബൈബിൾ എന്തു പറയുന്നു? ഉത്തരം കിട്ടേണ്ട ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും —

**ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ : ആഭരണധാരണം : ബൈബിൾ എന്തു പറയുന്നു?** എന്നൊരു ലഘുലേഖ എനിക്കു ലഭിക്കുവാനിടയായി (Bible Study Centre, Mannuthy, Thrissur -- October 2008). അതിൽ ഏഴു ചോദ്യങ്ങൾ നിരത്തിയിട്ട് അവയ്ക്ക് ഉത്തരം ആഭരണധാരണത്തെ എതിർക്കുന്നവർ അവരുടെ പുസ്തകത്തിലൂടെ പ്രസിദ്ധീകരിക്കുവാൻ തയ്യാറാകണമെന്നു വെല്ലുവിളിക്കുന്ന രീതിയിൽ ആവശ്യപ്പെട്ടിരുന്നു. ഇവയിലെ ചോദ്യങ്ങൾ മിക്കതും നിലവാരമില്ലാത്തതും, പ്രതികരണം ആവശ്യമില്ലാത്തതുമാണ്. ഇവയിലൂടെ ആഭരണധാരണത്തെ താങ്ങി നിറുത്തുവാനുള്ള വ്യഗ്രതയാണ് വെളിപ്പെടുന്നത്.

ഫെലിസ്ത്യർ ഒരിക്കൽ ദൈവത്തിന്റെ പെട്ടകം എടുത്തു അസ്തോദിലേക്കു കൊണ്ടുപോയി ഫെലിസ്ത്യദേവനായ ദാഗോന്റെ വിഗ്രഹത്തിനൊപ്പം വെച്ചു. പിറ്റേന്നാൾ രാവിലെ അവർ കണ്ടത് ദാഗോൻ ദൈവത്തിന്റെ പെട്ടകത്തിന്റെ മുമ്പിൽ കവിണ്ണുകിടക്കുന്ന കാഴ്ചയായിരുന്നു. വിഗ്രഹത്തെ വീണ്ടും അവർ താങ്ങി നിറുത്തിയെങ്കിലും പിറ്റേന്നാൾ തലയും കൈപ്പത്തികളും മുറിഞ്ഞു ഉടൽമാത്രം ശേഷിച്ച കഷണങ്ങൾ ദൈവത്തിന്റെ പെട്ടകത്തിന്റെ മുമ്പാകെ കവിണ്ണുകിടക്കുന്ന സ്ഥിതിയിലായിരുന്നു. അതുപോലെ ആഭരണധാരണത്തെ എങ്ങനെയും നിലനിറുത്തുവാനും, ന്യായീകരിക്കുവാനും മെനഞ്ഞെടുത്ത ചോദ്യങ്ങളും നിഗമനങ്ങളും ദാഗോന്റെ വിഗ്രഹത്തെ താങ്ങിനിറുത്തുവാനുള്ള വൃഥാ ശ്രമങ്ങളായി കരുതാം (1.ശമൂ.5:1-5).

എന്നാൽ അവരുടെ ആവശ്യപ്രകാരം അവരുടെ വികലമായ ചോദ്യങ്ങൾക്കും, അതിനു അവർ നല്കിയിരിക്കുന്ന അബദ്ധവ്യാഖ്യാനത്തിനും പരിശുദ്ധാത്മസഹായത്തോടെ മറുപടി കുറിക്കുന്നു.

**ചോദ്യം. 1 (a)** — "മരുന്നു കുടിക്കുന്നതിന് വായ് തുറക്ക് " എന്നു ഒരു മാതാവ് തന്റെ കുഞ്ഞിനോടു പറഞ്ഞാൽ മരുന്നു കുടിച്ചു കഴിയുന്നതുവരെ മാത്രം വായ് തുറന്നു പിടിക്കണം, മരുന്നു കുടിച്ചു തീർന്നാലുടൻ വായ് അടയ്ക്കാവുന്നതാണ് എന്നല്ലേ അർത്ഥം? നീ നിന്റെ ആഭരണം നീക്കിക്കളക (പുറ.33:5) എന്നു ദൈവം യിസ്രായേലിനോടു കല്പിച്ചതിന്റെ അർത്ഥം യിസ്രായേലിനോടു ദൈവം എന്തു ചെയ്യേണം എന്നു അവർ അറിഞ്ഞു കഴിയുമ്പോൾ (അവർ നടത്തിയ വിഗ്രഹാരാധന എത്ര ഭയങ്കരമായ ശിക്ഷെക്ക് അവരെ അർഹരാക്കിത്തീർത്തു എന്നു അവർ മനസ്സിലാക്കി ആ പാപത്തെക്കുറിച്ചു അവർ അഗാധമായി ദുഃഖിച്ചു എന്നു തെളിഞ്ഞു കഴിയുമ്പോൾ) അവർക്ക് പഴയതുപോലെ ആഭരണങ്ങൾ ധരിക്കാവുന്നതാണ് എന്നല്ലേ?





**ഉത്തരം —>** "നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ദൈവ കല്പനയെ വികലമാക്കുവാനുള്ള വെറും ബാലിശമായ ഉദാഹരണമാണിത്. മരുന്നു കുടിക്കുന്നതിനു വായ് തുറക്കേണ്ടതും കുടിച്ചു കഴിയുമ്പോൾ വായ് അടക്കേണ്ടതുമാണ്. എപ്പോഴും വായ് തുറന്നിരിക്കേണ്ട ആവശ്യവുമില്ല. അങ്ങനെയുള്ള കുട്ടിയെ നിശ്ചയമായും അതിനായി ചികിത്സിക്കേണ്ടതാണ്. ആഭരണം നീക്കിക്കളയുക എന്ന ദൈവ കല്പന താല്കാലികമായിരുന്നു എന്നു സ്ഥാപിക്കുവാനുള്ള വ്യഗ്രതയാണിവിടെ കാണുന്നത്. യിസ്രായേലിന്റെ വിഗ്രഹാരാധന ദൈവശിക്ഷെക്ക് അവരെ അർഹരാക്കിത്തീർത്തു എന്നു മനസ്സിലാക്കിയ ജനം പാപത്തെക്കുറിച്ചു ദുഃഖിച്ചു. ആരും തന്റെ ആഭരണം ധരിച്ചതുമില്ല (പുറ.33:4). തുടർന്നു ദൈവം അവരോടു പറയുന്നത് "അതുകൊണ്ട് ............. നിന്റെ ആഭരണം നീക്കിക്കളക."(പുറ.33:5) എന്നാൽ ഈ ദൈവകല്പന താല്ക്കാലികമായിരുന്നെന്നും തുടർന്നു ധരിക്കാമെന്നും അർത്ഥമില്ല. മാത്രവുമല്ല കല്പന ലഭിച്ച ദൈവജനത്തിന്റെ തീരുമാനം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല."(പുറ.33:6).

**ചോദ്യം. 1 (b)** — "തേങ്ങാ ഇടുന്നതിന് തെങ്ങിൽ കയറുക" എന്നു പറയുകയും "തേങ്ങാ ഇട്ടു കഴിയുമ്പോൾ താഴെ ഇറങ്ങണം" എന്നു പ്രത്യേകം പറയാതിരിക്കുകയും ചെയ്താൽ തേങ്ങാ ഇടുന്ന ആൾ തേങ്ങാ ഇട്ട ശേഷം താഴെ ഇറങ്ങാതെ തെങ്ങിന്റെ മുകളിൽ തന്നെ ഇരിക്കേണ്ട ആവശ്യമുണ്ടോ? "ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക" എന്നും ദൈവം കല്പിച്ചതിന്റെ അർത്ഥം, ''ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിഞ്ഞു കഴിഞ്ഞശേഷം നീ ആഭരണവർജ്ജനം പാലിക്കേണ്ട ആവശ്യമില്ല" എന്നല്ലേ? അല്ലെങ്കിൽ "ഞാൻ നിന്നോട് എന്തു ചെയ്യേണം എന്ന് അറിയേണ്ടതിന്ന് " എന്ന പദപ്രയോഗത്തിന്റെ അർത്ഥമെന്താണ്? "അറിയേണ്ടതിന്ന് " എന്ന പദത്തിന് "അറിഞ്ഞു കഴിഞ്ഞശേഷവും" എന്ന അർത്ഥമുണ്ടോ?

**ഉത്തരം —>** തേങ്ങാ ഇടുന്നതിനു തെങ്ങിൽ കയറുക എന്നു കേട്ട ഒരാൾ തേങ്ങാ ഇട്ടശേഷം തിരികെ ഇറങ്ങി വരുവാൻ പറയേണ്ട ആവശ്യമില്ലെന്നതിൽ രണ്ടഭിപ്രായമില്ല. എന്നാൽ "നീ നിന്റെ ആഭരണം നീക്കിക്കളക" എന്ന ദൈവകല്പനയെ നിസ്സാരമാക്കുവാൻ ഇതിനെ ഉപയോഗിക്കുന്നത് മൗഢ്യമാണ്. ആഭരണം നീക്കിക്കളക എന്ന കല്പനെക്കുശേഷം ധരിക്കാം എന്ന അനുവാദം ഇല്ലാത്തതിനാൽ കല്പനാലംഘനമാണ്.

"അതുകൊണ്ട് ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന കല്പനയിൽ അറിഞ്ഞു കഴിഞ്ഞശേഷം ആഭരണവർജ്ജനം പാലിക്കേണ്ട ആവശ്യമില്ലെന്നർത്ഥമില്ല. ദൈവക്രോധത്തിനു കാരണമായ വിഗ്രഹാരാധയിലേക്കു ദൈവജനം തിരിഞ്ഞപ്പോൾ അവരെ അറിയിക്കുന്ന ദൈവകല്പനയാണ് — നീ നിന്റെ ആഭരണം നീക്കിക്കളക എന്നത്. അത് അനുസരിച്ചു പ്രവർത്തിച്ച ദൈവജനത്തിനു — അറിഞ്ഞു അനുസരിച്ചശേഷം — വിഗ്രഹാരാധനയും ആഭരണം ധരിക്കലും ആകാമെന്നു ചിന്തിക്കുവാനേ സാദ്ധ്യമല്ല. 'അറിയേണ്ടതിനു' എന്നു ദൈവം അറിയിക്കുമ്പോൾ അതു എക്കാലത്തും ഓർമ്മയിലിരിക്കേണ്ടതും പാലിക്കേണ്ടതുമാണ്.

**ചോദ്യം. 2** — "യിസ്രായേൽ പുത്രിമാരേ, ശൗലിനെച്ചൊല്ലി കരവിൻ അവൻ നിങ്ങളെ ഭംഗിയായി രക്താംബരം ധരിപ്പിച്ചു നിങ്ങളുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിച്ചു" (2.ശമൂ.1:24). മരുഭൂമിയിലൂടെ യാത്ര ചെയ്തപ്പോൾ തങ്ങൾ ചെയ്ത പാപത്തെക്കുറിച്ച് അനുതപിച്ചുകൊണ്ട് ദുഃഖസൂചകമായി ആഭരണവർജ്ജനം പാലിച്ച യിസ്രായേൽ ജനം കനാൻനാട്ടിൽ പ്രവേശിച്ച് അവിടെ പാർക്കുവാൻ തുടങ്ങിയ ശേഷം പണ്ടത്തെപ്പോലെ തന്നെ ആഭരണങ്ങൾ ധരിക്കാൻ തുടങ്ങി എന്നല്ലേ ഈ വേദഭാഗം തെളിയിക്കുന്നത്?

**ഉത്തരം —>** "യിസ്രായേൽ പുത്രിമാരേ, ശൗലിനെച്ചൊല്ലി കരവിൻ അവൻ നിങ്ങളെ ഭംഗിയായി രക്താംബരം ധരിപ്പിച്ചു നിങ്ങളുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിച്ചു" എന്ന ഭാഗം





ആഭരണധാരണത്തോടോ ആഭരണവർജ്ജനത്തോടോ ബന്ധപ്പെട്ടുള്ളതല്ല. "നീ നിന്റെ ആഭരണം നീക്കിക്കളക" എന്ന ദൈവകല്പന കേട്ടനുസരിച്ച ദൈവജനം കനാനിൽ പ്രവേശിച്ചതു മുതൽ ആഭരണം ധരിക്കുവാൻ തുടങ്ങി എന്ന നിഗമനം ആഭരണധാരണം ന്യായീകരിക്കുവാനുള്ള പരക്കം പാച്ചിലിൽ തപ്പിയെടുത്ത ഒരു വാക്യമാണ്. എന്നാൽ ഈ ഭാഗം എന്തിനെ കുറിക്കുന്നു? യിസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗലിന്റെ മരണത്തിൽ ദാവീദിനുണ്ടായ അത്യധികമായ ദുഃഖത്തിന്റെ വാക്കുകളാണ്. ദാവീദിന്റെ വിലാപഗീതം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. യിസ്രായേൽ പുത്രിമാർ ശൗലിനെ ഓർത്തു കരയുവാൻ പറഞ്ഞിരിക്കുന്നു. രാജാവായ ശൗൽ അവരെ ഭംഗിയായി രക്താംബരം ധരിപ്പിക്കുകയും അവരുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിക്കുകയും ചെയ്തു എന്നത് ആലങ്കാരികഭാഷയിലുള്ളൊരു വർണ്ണനയാണ്. രക്താംബരവും പൊന്നും പതിച്ച വസ്ത്രങ്ങളും ശൗൽ രാജാവിന്റെ ഭരണകാലത്തെ സമ്പൽസമൃദ്ധിയെ വെളിപ്പെടുത്തുന്നു. അതായത് യിസ്രായേലിനെ സമ്പൽസമൃദ്ധിയിലേക്കു നയിച്ച രാജാവായ ശൗലിന്റെ മരണത്തെ ഓർത്തു വിലപിക്കുവാനാണ് ആഹ്വാനം ചെയ്യുന്നത്. അല്ലാതെ ശൗൽ രാജാവ് എല്ലാ സ്ത്രീകളെയും രക്താംബരവും പൊന്നും അണിയിച്ചെന്നു അർത്ഥമില്ല. മാത്രവുമല്ല കനാനിൽ പ്രവേശിച്ചതു മുതൽ പണ്ടത്തെപ്പോലെ യിസ്രായേൽ ജനം ആഭരണങ്ങൾ ധരിക്കുവാൻ തുടങ്ങിയെന്നത് അജ്ഞതയാലുള്ള അബദ്ധവ്യാഖ്യാനവുമാണ്.

കനാനിൽ പ്രവേശിച്ചു കഴിഞ്ഞാൽ എന്തും ചെയ്യാമെന്നാണോ? എങ്ങനെയും നടക്കാമെന്നാണോ? എവിടെയായാലും, ഏതു സാഹചര്യത്തിലായാലും ദൈവകല്പന അനുസരിച്ചു ജീവിക്കേണ്ട ബാദ്ധ്യത വിശാസിക്കുണ്ട്. കനാനിലേക്കു യാത്ര ചെയ്യുന്ന ദൈവജനത്തിനു ദൈവം നല്കുന്ന താക്കീത് എന്ത്? **ലേവ്യ.18:1–3** — *"യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ : ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശ*

*ത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുതു; ഞാൻ നിങ്ങളെ കൊണ്ടു പോകുന്ന കനാൻ ദേശത്തിലെ നടപ്പുപോലെയും അരുതു; അവരുടെ മര്യാദ ആചരിക്കരുത്."*

**ചോദ്യം. 3 (a)** — ദൈവം യിസ്രായേലിനെ സന്തോഷത്തോടും ഘോഷത്തോടും കൂടെയായിരുന്നു മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചത് എന്ന് സങ്കീ.105:43 -ൽ പറഞ്ഞിരിക്കുന്നു. അവർ പുറപ്പെട്ടപ്പോൾ ആവോളം ആഭരണങ്ങൾ ധരിച്ചുകൊണ്ടു തന്നെ പുറപ്പെടണം എന്ന് ദൈവം അവരോടു കല്പിച്ചതായി പുറ.3:22-ൽ വായിക്കുന്നു. ഇതിൽ നിന്നു തെളിയുന്നത് ആഭരണധാരണം സന്തോഷ പ്രകടനത്തിന്റെ ഒരു മാർഗ്ഗം എന്നല്ലേ? കഷ്ടതയിൽ നിന്നുള്ള വിടുതൽ ഇയ്യോബിനു ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ അദ്ദേഹത്തിനു പൊൻമോതിരങ്ങൾ കൊടുത്തതും (ഇയ്യോ.42:11), മുടിയൻ പുത്രൻ തിരിച്ചു വന്നപ്പോൾ അവന്റെ പിതാവ് അവനെ മോതിരം അണിയിച്ചുവെന്ന് (ലൂക്കൊ.15:22) കർത്താവ് തന്റെ ഉപമയിൽ പറഞ്ഞതും എല്ലാം തെളിയിക്കുന്നത് ആഭരണധാരണം ആഹ്ലാദപ്രകടനത്തിന്റെ മാർഗ്ഗമാണെന്നല്ലേ?

**ഉത്തരം** —> ഇവിടെ പരാമർശിച്ചിരിക്കുന്ന ഭാഗങ്ങൾ ആഭരണം ധരിക്കുവാൻ അനുവാദമോ അതിനായി പ്രോത്സാഹനം നല്കുന്നതോ അല്ല. ഞാൻ പിടിച്ച മുയലിനു നാല് കൊമ്പുണ്ട് എന്നു പറയുന്നപോലെയുള്ള സ്വാർത്ഥതാല്പര്യങ്ങളുടെ പ്രഖ്യാപനമായിരിക്കാം. ഉറങ്ങുന്നവനെ ഉണർത്താം എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പ്രയാസമാണെന്നു പറയുന്നപോലെ വചനത്തിന്റെ സത്യം അറിഞ്ഞിട്ടും സമ്മതിക്കാതെ മറുതലിച്ചു നില്ക്കുന്നതോ അതുമല്ലെങ്കിൽ ആത്മികമായി വാക്യങ്ങളെ വിചിന്തനം ചെയ്യുവാനുള്ള അജ്ഞതയോ ആയിരിക്കാം.

> "അവൻ തന്റെ ജനത്തെ സന്തോഷത്തോടും താൻ തിരഞ്ഞെടുത്തവരെ ഘോഷത്തോടും കൂടെ പുറപ്പെടുവിച്ചു" (സങ്കീ.105:43). യിസ്രായേലിനോടുള്ള ദൈവത്തിന്റെ വിശ്വസ്തതയെ വർണ്ണിക്കുന്ന സങ്കീർത്തനമാണിത്. മിസ്രയീമിൽ അടിമകളായി





പാർത്തിരുന്ന യിസ്രായേൽജനത്തെ ദൈവം വിടുവിച്ചു എന്നു മാത്രമല്ല അവരെ കരുതുകയും അവർക്കാവശ്യമായതൊക്കെയും കൊടുത്തു വഴി നടത്തി. എന്നാൽ അവർ പുറപ്പെട്ടപ്പോഴുള്ള സന്തോഷവും ഘോഷവും ആഭരണധാരണത്തിന്റെ സന്തോഷപ്രകടനമായി കരുതാൻ സാധിക്കുകയില്ല. സന്തോഷം ഏറുമ്പോൾ ആഭരണങ്ങൾ വാങ്ങിക്കൂട്ടുന്നതും ധരിക്കുന്നതും വേർപെട്ട വിശ്വാസികളല്ല ലോകക്കാരാണ്.

> യിസ്രായേൽജനം മിസ്രയീമിൽനിന്നു പുറപ്പെട്ടപ്പോൾ ആഭരണം ധരിക്കുവാൻ ദൈവം പറഞ്ഞു — പുറപ്പാട്.3:22 — *"ഓരോ സ്ത്രീ താന്താന്റെ അയൽക്കാരത്തിയോടും വീട്ടിൽ അതിഥിയായി പാർക്കുന്നവളോടും വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു വാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ധരിപ്പിക്കയും മിസ്രയിമ്യരെ കൊള്ളയിടുകയും വേണം."*

മോശെ മുഖാന്തരം യിസ്രായേൽമക്കളെ മിസ്രയീമിലെ അടിമത്വത്തിൽ നിന്നു ദൈവം വീണ്ടെടുത്തു വിടുവിക്കുന്ന അവസരത്തിൽ അവർ പാലിക്കേണ്ട വ്യവസ്ഥയാണിത്. ഫറവോന്റെ ഇഷ്ടികക്കളത്തിൽ ചോര നീരാക്കി പണിയെടുത്ത അവർക്കു ലഭിക്കേണ്ട കൂലി കൊടുക്കാതെ ഫറവോൻ പറഞ്ഞയക്കുമ്പോൾ അവർ ചെയ്യേണ്ടതാണിത്. ദൈവം അവരോടു വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു വാങ്ങുവാൻ പറഞ്ഞത് യിസ്രായേൽ സ്ത്രീകളെ അണിയിച്ചു ഒരുക്കുവാനല്ലായിരുന്നു. ദൈവം അബ്രഹാമിനോടു ചെയ്ത ഒരു വാഗ്ദത്തത്തിന്റെ നിവൃത്തിയായിരുന്നു (ഉല്പ.15:13,14). യിസ്രായേൽ ജനം 400 വർഷക്കാലം അടിമകളായി പണിയെടുത്തതിന്റെ ന്യായമായ കൂലിയായിരുന്നു. പില്ക്കാലത്ത് അവരുടെ കൈവശമുണ്ടായിരുന്ന പൊന്നാഭരണങ്ങൾ കൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി അതിനെ ആരാധിക്കുവാൻ തുടങ്ങിയപ്പോൾ ദൈവക്രോധം ഉണ്ടായി (പുറ.32:4,9,10). തദവസരത്തിൽ ആഭരണം നീക്കിക്കളയുവാൻ ദൈവം കല്പിച്ചു (പുറ.33:5). ഇതു എക്കാലത്തേക്കുമുള്ള കല്പനയായിരിക്കുന്നു.

> കഷ്ടതയിൽ നിന്നുള്ള വിടുതൽ ഇയ്യോബിനു ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ അദ്ദേഹത്തിനു പൊൻ മോതിരങ്ങൾ കൊടുത്തു. ആകയാൽ വിശ്വാസികൾക്കും ആഭരണം ധരിക്കോമോ? ഒരിക്കലുമില്ല. കഷ്ടതകൾ മാറുമ്പോൾ പൊൻമോതിരം ധരിക്കാമെന്നും അതു സന്തോഷപ്രകടനമാണെന്നും പറയുന്നത് എങ്ങനെയും ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള വാക്കുകളാണെന്നതിൽപരം അവയ്ക്കു യാതൊരു പ്രസക്തിയും ഇല്ല.

**ഇയ്യോ.42:11** — *"അവന്റെ സകലസഹോദരന്മാരും സഹോദരിമാരും മുമ്പെ അവന്നു പരിചയമുള്ളവരൊക്കെയും അവന്റെ അടുക്കൽ വന്നു അവന്റെ വീട്ടിൽ അവനോടുകൂടെ ഭക്ഷണം കഴിച്ചു; യഹോവ അവന്റെ മേൽ വരുത്തിയിരുന്ന സകല അനർത്ഥത്തെയും കുറിച്ചു അവർ അവനോടു സഹതാപം കാണിച്ചു അവനെ ആശ്വസിപ്പിച്ചു; ഓരോരുത്തനും അവന്നു ഓരോ പൊൻ നാണ്യവും ഓരോ പൊൻമോതിരവും കൊടുത്തു."*

ഇയ്യോബ് ഏറിയ കഷ്ടതകളിലൂടെ കടന്നുപോയി. ദൈവം അതൊക്കെ മാറ്റി സമൃദ്ധിയായി അനുഗ്രഹിച്ചു. അപ്പോൾ അവന്റെ സകല സഹോദരന്മാരും സഹോദരിമാരും മുമ്പെ അവന്നു പരിചയമുള്ളവരൊക്കെയും വന്നു അവനോടു സഹാതാപം കാണിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്തു. കൂടാതെ ഓരോ പൊൻനാണ്യവും ഓരോ പൊൻമോതിരവും കൊടുത്തു. അക്കാലങ്ങളിൽ കഷ്ടത അനുഭവിക്കുന്നവരെ സ്നേഹിതരും, പരിചയക്കാരും വന്നു കണ്ടു ആശ്വസിപ്പിക്കുകയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യുമായിരുന്നു. അവരുടെ ഏറിയ നഷ്ടങ്ങൾക്കു ഒരു താങ്ങായി കരുതിയാണ് ഇങ്ങനെ സ്വമേധാദാനങ്ങൾ നല്കിയിരുന്നത്. എന്നാൽ ഇയ്യോബിനെ സംബന്ധിച്ചു ഏറിയ നഷ്ടങ്ങൾ ജീവിത്തിലുണ്ടായെങ്കിലും ദൈവം സകലത്തിനും ഇരട്ടി നല്കി അനുഗ്രഹിച്ചു. ഇയ്യോബ് തനിക്കു ലഭിച്ച പൊൻമോതിരങ്ങളെല്ലാമണിഞ്ഞു നടന്നതായി തിരുവചനം പ്രസ്താവിക്കുന്നില്ല. സമ്മാനമായി ലഭിച്ച പൊൻ മോതിരങ്ങൾ പലരുടെ സ്നേഹപ്രകടനങ്ങളായിരുന്നു. മാത്ര





വുമല്ല, "ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ദൈവകല്പനെക്കു മുമ്പു ജീവിച്ച നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകന്നു ജീവിച്ചവനുമായ ഒരു ദൈവദാസനെ ദൈവകല്പന ലംഘിക്കുവാൻ മാതൃകയായി കൂട്ടു പിടിക്കുന്നത് അപഹാസ്യമാണ്.

> മുടിയൻ പുത്രൻ തിരിച്ചു വന്നപ്പോൾ അവന്റെ പിതാവ് അവനെ മോതിരം അണിയിച്ചുവെന്ന് (ലൂക്കൊ.15:22) കർത്താവ് തന്റെ ഉപമയിൽ പറഞ്ഞത് തെളിയിക്കുന്നത് ആഭരണധാരണം ആഹ്ലാദ പ്രകടനത്തിന്റെ മാർഗ്ഗമാണെന്നാണോ?

ആഭരണധാരണം സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പ്രകടനമാകുന്നത് കർത്താവിനെ അറിയാത്ത ലോകക്കാർക്കും, കർത്താവിനെ അറിഞ്ഞിട്ടും ലോകത്തിനു അനുരൂപമായി ജീവിക്കുന്നവർക്കുമാണ്. ലൂക്കൊ.15:22 — *"അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേൽത്തരമായ അങ്കികൊണ്ടു വന്നു ഇവനെ ധരിപ്പിപ്പിൻ: ഇവന്റെ കൈക്കു മോതിരവും കാലിന്നു ചെരിപ്പും ഇടുവിൻ."* പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നിന്നു അകന്നു പോയി പാപത്തിൽ ജീവിച്ച ഒരുവനിൽ മാനസാന്തരത്തിന്റെ അനുഭവമുണ്ടായി. അപ്പോൾ അപ്പനെയും അപ്പന്റെ ഭവനത്തെയും ഓർത്തു മകൻ മടങ്ങി വരുമ്പോൾ ദൈവത്തിനുണ്ടാകുന്ന അതിസന്തോഷത്തെയാണ് കർത്താവ് മുടിയൻ പുത്രന്റെ ഉപമയിലൂടെ വ്യക്തമാക്കുന്നത്.

അനേക ആത്മീകസത്യങ്ങൾ വിശദമാക്കുന്ന ഒരു ഉപമയാണിത്. മേൽത്തരമായ അങ്കിയും, കൈക്കു മോതിരവും, കാലിനു ചെരിപ്പും ഇടുവിൻ എന്നത് മാനസാന്തരപ്പെട്ടു ദൈവസന്നിധിയിലേക്കു വരുന്ന ഒരുവനു ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളാണ്. മേൽത്തരമായ അങ്കി കാണിക്കുന്നത് പാപത്തിൽ ജീവിച്ചവനു ലഭിക്കുന്ന രക്ഷാവസ്ത്രം അഥവാ നീതി വസ്ത്രം. കൈക്കു മോതിരം ഇടുവാൻ പറയുന്നത് പുത്രത്വത്തിന്റെ അംഗീകാരം. അതായത് പുത്രനായുള്ള സ്വീകരണം, അംഗീകാരം, സ്ഥാനം, അധികാരം എന്നിവയെ കുറിക്കുന്നു. കാലിന്നു ചെരിപ്പ് ഇടുവിൻ എന്നത് അവനു ലഭിച്ച സ്വാതന്ത്ര്യത്തെ കുറിക്കുന്നു. ദാസനും അടിമയ്ക്കും ചെരുപ്പ്

ധരിക്കുവാൻ അവകാശമില്ലായിരുന്നു (യെശ.20:4). പുത്രനെ മോതിരം അണിയിക്കുവാൻ പറഞ്ഞിരിക്കുന്നതിനാൽ വിശ്വാസികൾക്കു മോതിരങ്ങളും ആഭരണങ്ങളും ധരിക്കാം എന്നു ചിന്തിക്കുന്നത് വചനം ശരിക്കു പഠിക്കാത്തതിന്റെ പോരായ്മ തന്നെയാണ്.

**ചോദ്യം. 3 (b)** — പാപമോചനം ലഭിച്ചവർക്ക് സന്തോഷ സൂചകമായി ആഭരണം ധരിക്കാനും അവർക്ക് അത് ഇഷ്ടമില്ലെങ്കിൽ ധരിക്കാതിരിക്കാനും സ്വാതന്ത്രമില്ലേ? പാപം ചെയ്യാതിരുന്ന അവസ്ഥയിൽ ആവോളം ആഭരണങ്ങൾ ധരിക്കാൻ ദൈവം കല്പിച്ചതിൽ നിന്നും (പുറ.3:22) പാപം ചെയ്ത അവസ്ഥയിൽ ആഭരണധാരണം ദൈവം വിലക്കിയതിൽ നിന്നും (പുറ.33:3-5) തെളിയുന്നത് പാപം ചെയ്തിട്ട് അതിനെക്കുറിച്ച് ദുഃഖിച്ചു കൊണ്ടിരിക്കാൻ കടപ്പാടുള്ളവർ (ഭയങ്കര പാപങ്ങൾ ചെയ്തിട്ടുള്ളവർ) മാത്രമാണ് ആഭരണവർജ്ജനം പാലിക്കുന്നതിനു ബാദ്ധ്യതയുള്ളവർ എന്നല്ലേ? സഭയിൽ വരുന്നവരിൽ ആഭരണം ധരിച്ചിരിക്കുന്നവർ ഉണ്ടായിരിക്കുമെന്ന് യാക്കോബ്.2:2 വ്യക്തമായി തെളിയിക്കുന്നില്ലേ?

**ഉത്തരം** —> പാപമോചനം ലഭിക്കുന്നവർക്ക് സന്തോഷസൂചകമായി ആഭരണം ധരിക്കുവാൻ ദൈവവചനം അനുവദിക്കുന്നില്ല. കാരണം അതു ദൈവകല്പനാലംഘനമാണ്. "നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ദൈവകല്പനയ്ക്കു ശേഷം ആഭരണം ധരിക്കുവാൻ അനുവദിക്കുന്ന ഒരു വചനം പോലും പഴയനിയമത്തിലോ പുതിയ നിയമത്തിലോ ഇല്ല. പാപമോചനം ലഭിച്ചവർക്ക് ആഭരണം ധരിക്കുവാനും ധരിക്കാതിരിക്കുവാനും സ്വാതന്ത്ര്യമില്ലേ? എന്ന ചോദ്യത്തിനു ഉത്തരം സ്വാതന്ത്ര്യമുണ്ട് എന്നാണ്. കാരണം ദൈവകല്പന അനുസരിക്കുവാനും അനുസരിക്കാതിരിക്കുവാനും ദൈവം മനുഷ്യനു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. പ്രസ്തുത പ്രമാണം സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ഏദെനിൽ കാണുന്നു (ഉല്പ.2:16). ദൈവം മനുഷ്യനു ഒരുക്കിയ രക്ഷയോടുള്ള ബന്ധത്തിലും ഏതു വഴിയും — നിത്യജീവനിലേക്കോ, നിത്യനാശത്തിലേക്കോ — തിരഞ്ഞെടുക്കുവാൻ ദൈവം സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. ആഭരണത്തോടുള്ള ബന്ധത്തിലും ദൈവകല്പന അനുസരിക്കണമോ വേണ്ടയോ എന്നത് തിരഞ്ഞെടുക്കാം. കർത്താവിനെ പിൻപറ്റുന്നവരുടെ ഉത്തരവാദിത്തം ദൈവകല്പന ഏതു വേളയിലും അനുസരിച്ചു ജീവിക്കുകയെന്നതാണ്. കർത്താവിൽ വിശ്വസിച്ച യെഹൂദന്മാരോടു കർത്താവു പറഞ്ഞത് ഓർക്കുക — **യോഹ.8:31** — *"എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"* വിശ്വാസിയെന്ന നാമത്തിൽ അറിയപ്പെടുകയും ദൈവത്തിന്റെ കല്പന പാലിക്കാതെ ദൈവത്തോടു മറുതലിക്കുകയും ചെയ്തുകൂടാ. പാപമോചനം ലഭിച്ചവർക്ക് സന്തോഷസൂചകമായി ആഭരണം ധരിക്കാം, ഭയങ്കരപാപങ്ങൾ ചെയ്തവർ മാത്രം ദുഃഖിച്ചുകൊണ്ടു ആഭരണവർജ്ജനം പാലിച്ചാൽ മതി എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ ലോകത്തിന്റെ ചിന്തകളിൽ നിന്നുയരുന്നതാണ്. "നീ നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്നു കല്പിച്ച ദൈവം, പിന്നീടെന്നെങ്കിലും ധരിക്കാം എന്നു പറഞ്ഞിട്ടില്ല. ആകയാൽ വിശ്വാസികളുടെ ജീവിതത്തിലുണ്ടാകുന്ന എതു അവസരത്തിലും സന്തോഷമായാലും സന്താപമായാലും ആഭരണധാരണം പാടില്ല.

——> സഭയിൽ വരുന്നവരിൽ ആഭരണം ധരിച്ചിരിക്കുന്നവർ ഉണ്ടായിരിക്കുമെന്ന് യാക്കോബ്.2:2 വ്യക്തമായി തെളിയിക്കുന്നില്ലേ?

**ഉത്തരം** —> ആഭരണം ധരിക്കുന്നവർ സഭയിൽ ഉണ്ടായിരിക്കുമെന്നു തെളിയിക്കുന്ന വാക്യമല്ല യാക്കോബ്.2:2. യാക്കോ.2:1-3 — *"സഹോദരന്മാരേ, തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുതു. നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുംകൊണ്ടു ഒരുത്തനും, മുഷിഞ്ഞ വസ്ത്രം ധരിച്ചോരു ദരിദ്രനും വന്നാൽ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോടു നീ അവിടെ നില്ക; അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരല്ലയോ?"* ഒരു പിതാവിന്റെ

മക്കളെന്ന നിലയിൽ സഹോദരന്മാരായ വിശ്വാസികൾ മുഖപക്ഷം കാണിക്കരുത് (യാക്കോ.2:1) എന്നാണ് ഇവിടെ പ്രസ്താവിക്കുന്നത്. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു (യാക്കോ.2:9). പൊൻമോതിരം ധരിച്ചയാൾ സഭയിലുണ്ടായിരുന്നോ? ഇല്ല എന്നാണ് ഉത്തരം. കാരണം ഇങ്ങനെയുള്ള ഒരാൾ **"വന്നാൽ"** എന്നേ പറഞ്ഞിട്ടുള്ളു. വന്നാൽ എന്നു പറഞ്ഞാൽ വന്നു എന്നർത്ഥമില്ല. മാത്രവുമല്ല "ഇവിടെ സുഖേന ഇരുന്നാലും ....... എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ ......" എന്നാണ് തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നത്. **"പറയുന്നു എങ്കിൽ"** എന്ന പദപ്രയോഗത്തിൽ വന്ന ഒരാളോടു പറയുന്ന കാര്യമല്ല എന്നു വ്യക്തം. തിരുവചനത്തെ സ്വാർത്ഥലക്ഷ്യത്തോടെ വ്യാഖ്യാനിച്ചു പുതിയനിയമസഭയിൽ പൊൻമോതിരം ധരിച്ചവരുണ്ടായിരുന്നു, നമുക്കും ധരിക്കാം എന്നു പറയുന്നവർ വിശ്വാസികളെ ദൈവകല്പന ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവരാണ്.

**ചോദ്യം. 4** — ധാരാളം ആഭരണങ്ങൾ അണിഞ്ഞിരുന്ന റിബേക്കയുടെ (ഉല്പ.24:53) മകനായിരുന്ന യാക്കോബ് തന്റെ ഭാര്യമാരോട് ആഭരണം ഉപേക്ഷിക്കാൻ കല്പിച്ചുവെന്ന് ഉല്പ.35:2 -ൽ വായിക്കുന്നുണ്ടല്ലോ? അന്യദേവബിംബങ്ങൾ ഉപേക്ഷിക്കാൻ മാത്രമല്ലേ യാക്കോബ് അവരോട് പറഞ്ഞത്? അന്യദേവന്മാരുടെ രൂപങ്ങൾ കൊത്തിയിരുന്ന കുണുക്കകൾ അവർ ധരിച്ചിരുന്നതു കൊണ്ടല്ലേ ആ കുണുക്കുകൾ അവർ ഊരി യാക്കോബിനു കൊടുത്തത്? ദേവരൂപങ്ങൾ ഇല്ലാത്ത മാലയും വളയും മോതിരവും എല്ലാം ധരിച്ചു കൊണ്ടല്ലേ യാക്കോബിന്റെ ഭാര്യമാർ ബെഥേലിലേക്ക് ദൈവാരാധനയ്ക്കായി പോയത് ?

**ഉത്തരം** ---> ബേഥേലിലേക്കുള്ള മടക്ക യാത്രയിൽ യാക്കോബ് ശെഖെമിൽ താമസിക്കുന്നു (ഉല്പ.33:18). അവിടെ തന്റെ മക്കൾ വഴിപിഴച്ച ജീവിതത്തിലകപ്പെടുന്നു. ശെഖെമിലെ ഏറ്റവും വിഷമകരമായ അവസ്ഥയിൽ ദൈവം വീണ്ടും യാക്കോബിനോടു ബേഥേലിൽ ചെന്നു പാർക്കുവാനും അവിടെ ഒരു യാഗപീഠം ഉണ്ടാക്കുവാനും കല്പിക്കുന്നു (ഉല്പ.35:1). അപ്രകാരം ബേഥേലിലേക്കു





പോകുവാൻ തീരുമാനിച്ച യാക്കോബ് ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പു വീടടക്കം ഒരു ശുദ്ധീകരണം അനിവാര്യമാണെന്നു തീരുമാനിക്കുന്നു. ശുദ്ധീകരണത്തിനുള്ള യാക്കോബിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ ഭാര്യമാർ അന്യദേവന്മാരുടെ ബിംബങ്ങളെയും ആഭരണങ്ങളായി അവർ ഉപയോഗിച്ചിരുന്ന കുണുക്കുകളും നീക്കിക്കളഞ്ഞു. ആക്കാലത്തെ ആഭരണങ്ങളെല്ലാം തന്നെ ജാതീയദേവന്മാരുടെ രൂപങ്ങളും കൊത്തുപണികളും അടങ്ങിയവയായിരുന്നു. ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിനു പഴയതെല്ലാം മാറ്റി പുതിയ തുടക്കം ആവശ്യമായി വന്നു.

അവർ ദേവന്മാരുടെ രൂപമുള്ള കുണുക്കുകൾ മാത്രമേ മാറ്റിയുള്ളുവെന്നും, ദേവരൂപമില്ലാത്ത മാലയും, വളയും, മോതിരവും എല്ലാം ധരിച്ചു കൊണ്ടല്ലേ ദൈവത്തെ ആരാധിക്കുവാനായി പോയത് എന്നുമുള്ള ദൃക്ക്സാക്ഷിയെപ്പോലുള്ള വിവരണം വിശ്വാസികളെ വഴിതെറ്റിക്കുവാനും ദൈവകല്പന നിരാകരിക്കുവാനുമുള്ള പ്രവണതയായി കണക്കാക്കാം. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള സകല ലോക മാലിന്യങ്ങളും യാക്കോബ് ചെയ്തതുപോലെ കരുവേലകത്തിൽ ചുവട്ടിൽ കുഴിച്ചിടാം. വിശ്വാസജീവിതയാത്രയിൽ പുറകോട്ടു തിരിഞ്ഞു നോക്കുന്നതും, പഴയകരുവേലകത്തിന്റെ ചുവട് കണ്ടു പിടിച്ച് അതിന്റെ ശക്തമായ വേര് മാന്തി മാലിന്യങ്ങളെടുത്തു വീണ്ടും പരിശുദ്ധാത്മാവിന്റെ മന്ദിരമായ ശരീരത്തെ അലങ്കരിക്കുന്നതും പാടില്ല. രക്ഷിക്കപ്പെട്ടു ബേഥേലിന്റെ അനുഭവത്തിൽ കർത്താവിനോടൊപ്പം വസിക്കുമ്പോൾ ശെഖേമിന്റെ ചിന്ത വേണ്ടേ വേണ്ടാ.

**ചോദ്യം. 5 (a)** — വൈദ്യുതദീപാലങ്കാരം പാടില്ല എന്നു പറഞ്ഞാൽ സാധാരണനിലയിലുള്ള വൈദ്യുതദീപങ്ങളുടെ ഉപയോഗം പാടില്ല എന്നർത്ഥം വരുമോ ? ഇല്ലെങ്കിൽ, ആഭരണവും വസ്ത്രവും അലങ്കാരമായി ഉപയോഗിക്കാതെ സൽസ്വഭാവവും സൽപ്രവൃത്തികളും അലങ്കാരമായി സ്വീകരിക്കണം എന്ന് 1.തിമൊ.2:9,10-ലും 1.പത്രൊ.3:3-5-ലും പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം വസ്ത്രത്തിലും ആഭരണത്തിലും സാധാരണത്വം (മിതത്വം) പാലിച്ചുകൊണ്ട് സൽസ്വ

ഭാവത്തിലും സൽപ്രവൃത്തികളിലും അസാധരണത്വം (ധാരാളത്വം) പ്രകടമാക്കണം എന്നല്ലേ ? മറ്റുള്ളവർക്കുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ആഭരണങ്ങൾ എനിക്കുവേണം എന്നാഗ്രഹിച്ചുകൊണ്ട് ആഭരണങ്ങൾ ധരിക്കുമ്പോൾ മാത്രമല്ലേ ആഭരണങ്ങൾ ഒരാൾക്ക് അലങ്കാരമായിത്തീരുന്നത് ?

**ഉത്തരം** —> വൈദ്യുതദീപാലങ്കാരം പാടില്ല എന്നു പറഞ്ഞാൽ ഒരു കാരണവശാലും പാടില്ല എന്നു തന്നേ. അപ്പോൾത്തന്നെ വൈദ്യുത ദീപങ്ങളുടെ ഉപയോഗം പാടില്ലെന്നു അതിൽ അർത്ഥമില്ല. ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന നിയമങ്ങൾ വിശ്വാസികൾ പാലിക്കേണ്ടതാണ് (1.പത്രൊ.2:13,14). ആഭരണവും വസ്ത്രവും വെവ്വേറെ ചിന്തിക്കേണ്ടതാണ്. ആഭരണം മനുഷ്യനു ആഡംബരവും അലങ്കാരവുമായിരിക്കുമ്പോൾ, വസ്ത്രം നഗ്നത മറയ്ക്കുവാനും ശരീരത്തെ സംരക്ഷിക്കുവാനും ആവശ്യമായിരിക്കുന്നു. പാപത്തിൽ വീണ മനുഷ്യനെ ദൈവം വസ്ത്രം ധരിപ്പിച്ചപ്പോൾ ആഭരണം ധരിപ്പിക്കയോ അതിനായി കാതോ മൂക്കോ തുളയ്ക്കുകയോ ചെയ്തില്ല. 1.തിമൊ.2:9,10-ലും 1.പത്രൊ.3:3-5-ലും വസ്ത്രത്തിലും ആഭരണത്തിലും സാധാരണത്വം (മിതത്വം) പാലിക്കുവാൻ പറഞ്ഞിട്ടില്ല. വസ്ത്രത്തോടുള്ള ബന്ധത്തിൽ അതു യോഗ്യമായിരിക്കണം അപ്പോൾത്തന്നെ വിലയേറിയ വസ്ത്രത്താലുള്ള അലങ്കാരവുമായിരിക്കരുത് (1.തിമൊ.2:9,10). ആഭരണത്തോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നത് അലങ്കാരം പൊന്ന്, മുത്തു എന്നിവ കൊണ്ടല്ല എന്നാണ് (1.തിമൊ.2:10). എന്നാൽ എപ്രകാരമുള്ള അലങ്കാരമായിരിക്കണമെന്നും പറഞ്ഞിട്ടുണ്ട്. സൽപ്രവൃത്തികൾ കൊണ്ടലങ്കരിക്കണം (1.തിമൊ.2:10). അലങ്കാരം പുറമേയുള്ളതായിരിക്കാതെ സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം (1.പത്രൊ.3:3,4). വസ്ത്രധാരണം യോഗ്യമായിരിക്കണം. എന്നാൽ “ആഭരണം നീക്കിക്കളക” എന്ന ദൈവകല്പന നിലനില്ക്കുന്നതിനാൽ അതു മിതമായോ, ഏറിയ അലങ്കാരമായോ അല്ലാതെയോ വിശ്വാസികൾ ധരിക്കുന്നത് ദൈവകല്പനാ ലംഘന





മാണ്. മദ്യം അല്പം ആകാം എന്നതുപോലെയാണ് ആഭരണം അല്പം ആകാം, മിതമായി ആകാം എന്നൊക്കെ പറയുന്നത്. ആഭരണത്തോടുള്ള ബന്ധത്തിൽ ദൈവവചനത്തിലില്ലാത്ത അല്പവും, മിതവും അനുവാദങ്ങൾ ഇന്നത്തെ പ്രാദേശിക സഭകളുടെ മാനുഷിക നിയമങ്ങളും പ്രമാണങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു.

**ചോദ്യം. 5 (b) (1)** — ആഭരണവും വസ്ത്രവും അലങ്കാരമായി സ്വീകരിക്കാതെ സൽസ്വഭാവവും സൽപ്രവൃത്തികളും അലങ്കാരമായി സ്വീകരിച്ച മാതൃകാവനിതയായി 1.പത്രൊ.3:3-5 -ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് അബ്രഹാമിന്റെ ഭാര്യയായ സാറയെ അല്ലേ ?

**ഉത്തരം** —> സ്ത്രീകളുടെ അലങ്കാരത്തെക്കുറിച്ചു പറയുന്ന പത്രൊസ് അപ്പൊസ്തലൻ (1.പത്രൊ.3:3-5) ഇവിടെ ഊന്നൽ കൊടുക്കുന്നത് അവരുടെ അലങ്കാരങ്ങൾ പുറമേയുള്ളതല്ല മറിച്ചു അകമേയുള്ളതാണ് ദൈവസന്നിധിയിൽ ഏറ്റവും വിലയേറിയതെന്നാണ്. അത് ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും മാന്യമായതായിരിക്കണം. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ ആണ് ദൈവസന്നിധിയിൽ ഉണ്ടായിരിക്കേണ്ടത്. മനുഷ്യരുടെ മുമ്പിൽ യോഗ്യമായ വെളിപ്പെടൽ അഥവാ ഒരുക്കം ആയിരിക്കണം. ലോകക്കാർക്കു മാന്യമായത് തലമുടി പിന്നുന്നതും പൊന്നണിയുന്നതുമൊക്കെയാണ്. ഇതു തിരിച്ചറിഞ്ഞവർ നശിച്ചുപോകുന്ന ശരീരത്തെ അലങ്കരിക്കുകയില്ല. ഇങ്ങനെയുള്ളവർ “ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധസ്ത്രീകൾ” (1.പത്രൊ.3:5) എന്നാണ് പത്രൊസ് അപ്പൊസ്തലൻ പറയുന്നത്. ഇവർക്കു രണ്ടു ഉത്തരവാദിത്തങ്ങളുണ്ട് —ദൈവത്തോടുള്ള ബന്ധത്തിൽ ദൈവത്തിൽ പ്രത്യാശവെച്ചവരും ദൈവത്തിനായി വേർതിരിക്കപ്പെട്ടവരുമാണ്. ഭർത്താക്കന്മാരോടുള്ള ബന്ധത്തിൽ ഭർത്താക്കന്മാർക്കു കീഴടങ്ങി അവരെ ബഹുമാനിക്കുന്നവരുമാണ്. ദൈവത്തിൽ പ്രത്യാശവെച്ചവളും, ഭർത്താവായ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ചു കീഴടങ്ങി ജീവിച്ചവളുമായ സാറായെ പത്രൊസ് ഉദാഹരണമായി പറയുന്നു. ആഭരണവും വസ്ത്രവും അലങ്കാരമായി സ്വീകരിച്ചോ ഇല്ലയോ എന്നതല്ല ഇവിടത്തെ വിഷയം.

**ചോദ്യം. 5 (b) (2)** — റിബേക്കയ്ക്കു ധരിക്കുവാൻ തന്റെ ദാസൻവശം ധാരാളം ആഭരണങ്ങൾ അബ്രഹാം കൊടുത്തയച്ചതായി ഉല്പ.24:53 -ൽ വായിക്കുന്നു.

**ഉത്തരം —>** അബ്രഹാം തന്റെ ദാസൻ വശം ധാരാളം ആഭരണങ്ങൾ കൊടുത്തയച്ചെന്നോ അതൊക്കെ റിബേക്കയ്ക്കു ധരിക്കുവാനായിരുന്നുവെന്നോ തിരുവചനത്തിലില്ല. **ഉല്പ.24: 53** — ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു — *"പിന്നെ ദാസൻ വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും എടുത്തു റിബെക്കെക്കു കൊടുത്തു; അവളുടെ സഹോദരന്നും അമ്മെക്കും വിശേഷവസ്തുക്കൾ കൊടുത്തു."* അബ്രഹാം തന്റെ മകനു ഭാര്യായായി ഒരുവളെ തിരഞ്ഞെടുക്കുവാൻ ദാസനെ അയെക്കുന്നു. അബ്രഹാമിന്റെ ഹൃദയത്തിലെ ആഗ്രഹം മനസ്സിലാക്കിയ ദാസൻ അബ്രഹാമിനോടു സത്യം ചെയ്തു പുറപ്പെട്ടപ്പോൾ ദാസൻ തന്നെയാണ് ചില വസ്തുക്കൾ എടുക്കുന്നത്. **ഉല്പ.24:10** — *"അനന്തരം ആ ദാസൻ തന്റെ യജമാനന്റ ഒട്ടകങ്ങളിൽ പത്തു ഒട്ടകങ്ങളെയും യജമാനനുള്ള വിവിധമായ വിശേഷവസ്തുക്കളെയും കൊണ്ടു പുറപ്പെട്ടു മെസൊപ്പൊത്താമ്യയിൽ നാഹോരിന്റെ പട്ടണത്തിൽ ചെന്നു."* ഇക്കാലങ്ങളിലെ വിവാഹങ്ങളിൽ മണവാളന്റെ വീട്ടുകാർ മണവാട്ടിയുടെ വീട്ടുകാർക്കു സ്ത്രീധനം എന്ന പേരു പറയാതെ പോക്കറ്റു മണിയെന്നോ ഷെയർ എന്നപേരിലോ ധനവും വസ്തുവകകളും കൈമാറാറുണ്ട്. എന്നാൽ അബ്രഹാമിന്റെ കാലത്ത്, മണവാട്ടിയെ തേടിപ്പോകുമ്പോൾ പെൺകുട്ടർക്കാണ് സമ്മാനം കൊടുത്തിരുന്നത്. അക്കാലത്ത് പ്രോമസറിനോട്ടോ, സ്ഥിരനിക്ഷേപങ്ങളുടെ രേഖകളോ, കറൻസിനോട്ടുകളോ ഇല്ലാതിരുന്നതിനാൽ പൊന്ന്, വെള്ളി എന്നിവയാണ് കൊടുത്തിരുന്നത്. അബ്രഹാമിന്റെ ദാസൻ റിബെക്കയെ കണ്ടപ്പോൾ *"അര ശെഖെൽ തൂക്കമുള്ള ഒരു പൊന്മൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തു ശെഖെൽ തൂക്കമുള്ള രണ്ടു പൊൻ വളയും എടുത്തു"* (ഉല്പ.24:22) എന്നും വായിക്കുന്നു. റിബെക്കാ പൊന്മൂക്കുത്തിയും വളയും ആഭരണമായി ധരിച്ചാലും അതിൽ അപാകത കാണുന്നില്ല. കാരണം *"ആഭരണം നീക്കിക്കളക"* (പുറ.33:5) എന്ന ദൈവ കല്പന ഉണ്ടായത് യിസ്രായേലിന്റെ ചെങ്കടൽ കടന്നുള്ള യാത്രയിൽ ഹോരേബിൽ വെച്ചാണ്. പിന്നീട് ആഭരണങ്ങൾ ധരിക്കുവാൻ അനുവാദം തിരുവചനത്തിലൂടെ നല്കിയിട്ടില്ല. എന്നാൽ ഇന്നത്തെ ആഭരണധാരണം മാനുഷികപ്രമാണങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ്.





**ചോദ്യം. 5 (b) (3)** — മരുമകൾക്കു നിരവധി ആഭരണങ്ങൾ കൊടുത്ത അബ്രഹാം താന്റെ ഭാര്യ സാറായ്ക്ക് ധാരാളം ആഭരണങ്ങൾ നല്കിയിരുന്നില്ലേ ?

**ഉത്തരം —>** അബ്രഹാം തന്റെ മരുമകളായ റിബെക്കെക്കോ, ഭാര്യയായ സാറായ്ക്കോ നിരവധി ആഭരണങ്ങൾ കൊടുത്തുവെന്നു തിരുവചനത്തിൽ ഇല്ല. എന്നാൽ അബ്രഹാമിന്റെ ദാസൻ റിബെക്കെയ്ക്കു സമ്മാനമായി നല്കിയവയിൽ ആഭരണമുണ്ടായിരുന്നു (ഉല്പ.24:22). ദൈവവിളികേട്ടു ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു യാത്ര തിരിച്ച വിശ്വാസവീരനായ അബ്രഹാം തന്റെ ഭാര്യ സാറായ്ക്ക് ധാരാളം ആഭരണങ്ങൾ നല്കിയിരുന്നു എന്നുള്ള ദൃക്ക്സാക്ഷിവിവരണം നീതിക്കു നിരക്കുന്നതല്ല. കേവലം ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള നിഗമനമായിരിക്കാം. ലോകത്തിന്റെ ധനത്തിനും സമ്പത്തിനും വിലകൊടുക്കാതെ ദൈവനഗരത്തെ നോക്കി കൂടാരങ്ങളിൽ പാർത്ത അബ്രഹാം തന്റെ ഭാര്യ സർവ്വാഭരണവിഭൂഷിതയായി നടക്കുവാൻ ആഭരണം നല്കിയിരുന്നുവെന്നോ ?!!

**ചോദ്യം. 5 (b) (4)** — സൽപ്രവൃത്തികളിൽ അലങ്കാരമായി സ്വീകരിക്കുന്നതിനു തടസ്സമായി സാറയുടെ ആഭരണങ്ങൾ ഇരുന്നില്ല എങ്കിൽ ഇന്നു ആർക്കെങ്കിലും സൽപ്രവൃത്തികളിൽ അലങ്കാരമായി ഇരിക്കുന്നതിന് അവരുടെ ആഭരണങ്ങൾ തടസ്സമായി ഇരിക്കുമോ?

**ഉത്തരം —>** സാറാ ആഭരണങ്ങളണിഞ്ഞു നടന്നുവെന്നു തിരുവചനത്തിൽ പറഞ്ഞിട്ടില്ല. ദൈവത്താൽ വീണ്ടെടുക്കപ്പെട്ട യിസ്രായേലിന്റെ ആഭരണങ്ങൾ വിഗ്രഹാരാധനയിലേക്കു നയിച്ച

വേളയിലാണ് *"ആഭരണം നീക്കിക്കളക"* (പുറ.33:5) എന്ന ദൈവക ല്പന ഉണ്ടാകുന്നത്. അത് ഹോരേബിൽ വെച്ചായിരുന്നു. ദൈവക ല്പന അനുസരിച്ച അവരെക്കുറിച്ചു വചനം സാക്ഷ്യപ്പെടുത്തുന്നത് — **പുറ.33:6** — *"അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രാ യേൽ മക്കൾ ആഭരണം ധരിച്ചില്ല"* എന്നാണ്. ദൈവത്തിൽ പ്രത്യാ ശവെച്ചവളും, ഭർത്താവായ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ചു കീഴടങ്ങി ജീവിച്ചവളുമായ സാറായെ പത്രൊസ് ഭാര്യമാർക്കു നല്കുന്ന പ്രബോധനത്തിൽ പരാമർശിക്കുന്നു (1.പത്രൊ.3:1-6). ഇന്നു സൽപ്രവൃത്തികളിൽ അലങ്കാരമായി ഇരിക്കുന്നതിനു ആഭരണങ്ങൾ തടസ്സമായിരിക്കുമോ? തടസ്സമായിരിക്കും എന്നു തന്നെയാണ് ഉത്ത രം. കാരണം ദൈവകല്പനയെ നിരാകരിച്ചു ചെയ്യുന്ന ഒരു സൽപ്ര വൃത്തിയും ദൈവസന്നിധിയിൽ ആദരിക്കപ്പെടുകയില്ല എന്നതു തന്നേ. ഹോരേബിൽ വെച്ചുള്ള ദൈവകല്പനെക്കു മുമ്പു ജീവി ച്ചിരുന്ന വിശുദ്ധസ്ത്രീയായ സാറായെ ആഭരണം ധരിക്കുവാനുള്ള മറയായി എടുക്കുന്നത് ഉചിതമല്ല.

**ചോദ്യം. 5 (b) (5)**—സാധാരണ നിലയിലുള്ള ആഭരണങ്ങളും അല ങ്കാരമാണെങ്കിൽ ആഭരണങ്ങൾ ധരിച്ചിരുന്ന സാറാ എങ്ങനെയാണ് ആഭരണങ്ങൾ അലങ്കാരമായി ഉപയോഗിക്കാത്തവർക്ക് മാതൃകയാ യിത്തീർന്നത്?

**ഉത്തരം** —> സാറാ ആഭരണധാരിയോ അല്ലെയോ എന്നു തിരുവചനത്തിൽ പറഞ്ഞിട്ടില്ല. വിശുദ്ധസ്ത്രീകൾക്കു മാതൃകയായി, വിശ്വാസത്താൽ അബ്രഹാമിനോടൊപ്പം ദൈവസന്നിധിയിൽ നടന്ന ഒരുവളായിരുന്നു സാറാ. ആഭരണധാരണം ദൈവചനത്തിനു നിര ക്കാത്തതും ദൈവകല്പനാലംഘനവും ആയിരിക്കുമ്പോൾ സാറായെ മുമ്പിൽ നിറുത്തിയുള്ള ചോദ്യം എങ്ങനെയും ആഭരണം ധരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള തന്ത്രമായിരിക്കുന്നു. സൽപ്രവൃത്തികളുടെ ഉറവിടമായ കർത്താവിലേക്കു നോക്കി ജീവി ക്കുക.





**ചോദ്യം. 6 (a)** — ജാതികളായിരുന്ന കൊർന്നെല്ല്യോസും ബന്ധുമി ത്രാദികളും (അപ്പൊ.10), ഫിലിപ്യയിലെ കാരാഗൃഹപ്രമാണിയും കുടുംബവും (അപ്പൊ.16:19-34) ആഭരണപാരമ്പര്യം ഉള്ളവരായിരു ന്നില്ലേ ?

**ഉത്തരം** —> അവർ ആഭരണധാരികളാണോ അല്ലയോ എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇരുവരും ജാതീയപശ്ചാ ത്തലക്കാർ ആയതിനാൽ അവർ ആഭരണം ധരിച്ചവരായിരുന്നു എന്നു നിഗമനത്തിലെത്തുന്നവർ ആഭരണധാരണത്തെ ഏതു വിധേ നയും പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമമായേ കരുതുവാൻ സാധി ക്കൂ. അവർ സ്നാനമേറ്റപ്പോൾ ആഭരണം ധരിച്ചിരുന്നോ ഇല്ലയോ എന്നും വചനത്തിൽ ഇല്ല. കർത്താവിൽ വിശ്വസിച്ചു പാപമോചനം പ്രാപിക്കുന്നവരെ സ്നാനപ്പെടുത്താം. എന്നാൽ സ്നാനമെന്താ ണെന്നും അതിന്റെ ആവശ്യകതയെന്താണെന്നും അവരെ പഠിപ്പി ക്കണം. അതോടൊപ്പം ജീവിതവിശുദ്ധിയെ ഹനിക്കുന്ന സകലപാപ ങ്ങളെയും, ലോകത്തിനു അനുരൂപമായി ജീവിക്കുന്ന സകല ചിന്താ ഗതികളെയും ലോക ആഡംബരങ്ങളെയും വിട്ടുകളവാൻ ഉപദേശി ക്കണം. വിശ്വാസികൾക്കു യോജ്യമല്ലാത്തതും, ദൈവം വിലക്കിയ തുമായ ആഭരണധാരണത്തെയും പറഞ്ഞു മനസ്സിലാക്കണം. ഇപ്ര കാരം ദൈവകല്പന അനുസരിക്കുന്നവരെയാണ് സ്നാനപ്പെടുത്തേ ണ്ടത്.

**ചോദ്യം. 6 (b)** — അവർ സ്നാനമേറ്റപ്പോൾ അവരോട് ആഭരണം ഊരാൻ പൗലൊസ് ആജ്ഞാപിച്ചുവോ? ആജ്ഞാപിക്കാതിരുന്ന തിൽ നിന്ന്, ആഭരണവർജ്ജനം എന്നൊരു ഉപദേശത്തെക്കുറിച്ച് യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല എന്നു വ്യക്തമല്ലേ ?

**ഉത്തരം** —> കൊർന്നെല്ലോസും ബന്ധുമിത്രാദികളും (അപ്പൊ.10), ഫിലിപ്യയിലെ കാരാഗൃഹപ്രമാണിയും കുടുംബവും (അപ്പൊ.16:19-34) ആഭരണധാരികളാണോ അല്ലയോ എന്നു തിരുവ ചനത്തിൽ പറഞ്ഞിട്ടില്ല. ഒരു പക്ഷേ ആഭരണധാരികളായിരുന്നു

വെങ്കിൽ അപ്പൊസ്തലൻ നിശ്ചയമായും ആഭരണധാരണം ദൈവ കല്പനാ ലംഘനമാണെന്നു അവരോടു പറഞ്ഞുകാണും. രക്ഷണ്യ സുവിശേഷം കേൾക്കുന്ന വേളയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്ത നത്താൽ മാനസാന്തരത്തിന്റെ അനുഭവമുണ്ടായി സകലപാപങ്ങളും ബോദ്ധ്യപ്പെട്ടു അതൊക്കെ വിട്ടു കളയും. അതോടൊപ്പം ലോക മാലിന്യങ്ങളായ ആഭരണങ്ങൾ ധരിച്ചിട്ടുണ്ടെങ്കിൽ അതും ഉപേക്ഷി ക്കുവാൻ അവർ തയ്യാറാകും. അതിനായി നീക്കിക്കളക, നീക്കിക്ക ളക എന്നു അപ്പൊസ്തലന്മാർ പ്രത്യേകിച്ചു പറയേണ്ട കാര്യവുമി ല്ല. കാരണം പഴയനിയമത്തിൽ (പുറപ്പാടു പുസ്തകം 33-ാം അദ്ധ്യായം മുതൽ) ഒരു സംശയത്തിനും വകയില്ലാതെ "ആഭരണം നീക്കിക്കളക" എന്ന കല്പന (പുറ.33:5) നിലനില്ക്കുന്നു. ഈ കല്പനയ്ക്കുശേഷം ദൈവമക്കൾ ആഭരണങ്ങൾ ധരിക്കാൻ അനു വദിക്കുന്ന കല്പനയോ ഉപദേശമോ പഴയപുതിയനിയമ തിരുവെഴു ത്തുകളിൽ ഇല്ല.

ആഭരണം ഇട്ടുകൊണ്ടു സ്നാനപ്പെടാം, ലേശം ആകാം, പഴയനിയമപ്രമാണമായതിനാൽ കൂട്ടാക്കേണ്ടാ എന്നൊക്കെ തട്ടി വിടുന്നത് വിശുദ്ധിക്കും വേർപാടിനും ഒരു പ്രാധാന്യവും നല്കാ ത്തവരാണ്. എങ്ങനെയും സഭയിൽ ആളെക്കൂട്ടണമെന്ന ലക്ഷ്യം മാത്രമാണവർക്കുള്ളത്.

**ചോദ്യം. 6 (c)** — ജീവിതലാളിത്യം പ്രകടമാക്കാനായി കേരളത്തിലെ വിശ്വാസികളുടെ പിതാക്കന്മാർ ഒരുമിച്ചുചേർന്ന് ആഭരണം നമുക്കു വർജ്ജിക്കാം എന്നൊരു തീരുമാനം എന്നെങ്കിലും എടുക്കുകയു ണ്ടായോ? എങ്കിൽ, എന്ന് എവിടെവച്ച് ആരൊക്കെകൂടി ആ തീരു മാനം എടുത്തു? അതിന്റെ ചരിത്ര രേഖ എന്താണ്?

**ഉത്തരം —>** *'ആഭരണം നീക്കിക്കളക"* (പുറ.33:5) എന്ന ദൈവകല്പനയും *"അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല '* (പുറ.33:6) എന്ന ദൈവ ജനത്തിന്റെ അനുസരണയും തിരുവചനം വളരെ വ്യക്തമായി രേഖ പ്പെടുത്തിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ജീവിതലാളിത്യം പ്രക





ടമാക്കാനായി കേരളത്തിലെ വിശ്വാസികളുടെ പിതാക്കന്മാർ ഒരുമി ച്ചു ചേർന്ന് ആഭരണം നമുക്കു വർജ്ജിക്കാം എന്നൊരു തീരു മാനം എടുക്കേണ്ടതുണ്ടോ? ചരിത്രരേഖകൾ നോക്കിയല്ല ദൈവവ ചനത്തെ സ്വീകരിക്കേണ്ടത് എന്നു ഓർക്കുക. തിരുവചനം അനു സരിച്ച പിതാക്കന്മാർ അവർ മുറുകെ പിടിച്ച വിശ്വാസത്തിനു ഏറെ വില കൊടുക്കുകയാൽ ലോകക്കാരുൾപ്പെടെ സകലരുടെയും നിന്ദാ പാത്രങ്ങളായിത്തീർന്നു. ലോകത്തിലെ സമ്പത്തുകൾ ചപ്പും ചവ റുമായി എണ്ണി ദൈവമുഖത്തേക്കു മാത്രം അവർ നോക്കി. ദൈവഭ ക്തന്മാരായ പിതാക്കന്മാരെ ആഭരണത്തോടുള്ള ബന്ധത്തിൽ അവ ഹേളിക്കുന്നതു ശരിയല്ല. "ആഭരണം നീക്കിക്കളക" എന്ന ദൈവ കല്പന അനുസരിക്കുവാൻ അവർക്കു സംഘടിക്കേണ്ട ആവശ്യ വുമില്ലായിരുന്നു. ആഭരണ അനുകൂലികളാണ് യഥാർത്ഥത്തിൽ സംഘടിക്കുന്നത്. ഇപ്രകാരമുള്ള സംഘടിക്കൽ വിശ്വാസികൾ ലോക ത്തോടു ചേരുന്നതിനെയും ദൈവകല്പനകളെ നിരാകരിക്കുന്നതി നെയും വെളിപ്പെടുത്തുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവ ത്തോടു മത്സരിച്ചു ബാബേൽ ഗോപുരം പണിതതുപോലെ ആഭര ണാനുകൂലികൾ സംഘടിക്കുന്ന കാഴ്ച ഇക്കാലത്തു ദൃശ്യമായി ത്തുടങ്ങി.

**ചോദ്യം. 6 (d)** — കേരളത്തിലെ സഭാനവീകരണത്തിനു നേതൃത്വം കൊടുത്ത മഹാകവി കെ.വി. സൈമൺ തന്റെ ഏതെങ്കിലും പുസ്ത കത്തിൽ ദൈവവചനത്തിലെ ഒരു ഉപദേശമാണ് ആഭരണവർജ്ജനം എന്നു പ്രസ്താവിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതു പുസ്തകത്തിന്റെ എത്രാമത്തെ പേജിലാണ് അങ്ങനെ പറഞ്ഞിരിക്കുന്നത് ?

**ഉത്തരം —>** കേരളത്തിലെ ബ്രദറൺകാരായ വിശ്വാസികളെ ലക്ഷ്യം വെച്ചുള്ള ഒരു ചോദ്യമാണിതെന്നു മനസ്സിലാക്കാം. ആഭര ണധാരണത്തെ ന്യായീകരിക്കുവാൻ ശ്രേഷ്ഠദൈവദാസനായ മഹാ കവി കെ.വി. സൈമൺ സാറിനെ ബന്ധിപ്പിക്കുന്ന പ്രവണത ശരിയല്ല. ആയതിനാൽ ആഭരണവർജ്ജനത്തെപ്പറ്റി അദ്ദേഹം ഏതെങ്കിലും പുസ്തകം എഴുതിയോ ഏതെങ്കിലും പുസ്തകത്തിൽ പരാമർശ

മുണ്ടോ എന്നതിനും ഉത്തരം അർഹിക്കുന്നില്ല. ദൈവകല്പന വളരെ വ്യക്തമായി "ആഭരണം നീക്കിക്കളക" എന്നു പറയുമ്പോൾ അതു നിരാകരിക്കുവാൻ മെനഞ്ഞെടുക്കുന്ന കുസൃതി ചോദ്യങ്ങളാണി വ. ദൈവസന്നിധിയിൽ നല്ലപോർപൊരുതു ഓട്ടം തികെച്ചു കർത്തൃ സന്നിധിയിൽ വിശ്രമിക്കുന്നവരെയും, ഇന്നു കർത്താവിനായി പ്രവർത്തിക്കുന്ന ദൈവദാസന്മാരെയും, അവരുടെ കർത്താവിലുള്ള പ്രവർത്തനങ്ങളെയും ഓർത്തു സ്തോത്രം ചെയ്യാം.

മഹാകവി കെ.വി. സൈമൺ സാറിന്റെ *"ശാലോമിയേ! വരികെന്റെ പ്രിയേ, ചേലെഴും സ്വർല്ലോക സുന്ദരിയേ"* എന്ന പ്രസിദ്ധമായ ഗാനത്തിലെ പ്രസക്തഭാഗം ശ്രദ്ധിക്കുക (ആത്മീയഗീതങ്ങൾ - 884).

*വേഷവിശേഷങ്ങളാഭരണം*
*ജാതികൾക്കൊത്ത ദുരാചരണം*
*ദൂരീകരിക്ക നീ സോദരപൂരണം*
*സാധിച്ചിടും കപടാത്മികധാരണം*

**ചോദ്യം. 7 (a)** — യേശുക്രിസ്തുവിന്റെ വീണ്ടും വരവ് 1881 ഒക്ടോബർ 2-ാം തീയതി സംഭവിക്കുമെന്ന് പ്രവചിക്കുകയും പിന്നീട് യൂയോമയ സഭ എന്ന വികലഭക്തി പ്രസ്ഥാനത്തിന് (cult) രൂപം നല്കുകയും ചെയ്ത, ക്രിസ്തീയവിശ്വാസം സ്വീകരിച്ച ബ്രാഹ്മണ പണ്ഡിതനും ഗാനരചയിതാവുമായിരുന്ന വിദ്വാൻകുട്ടി നേതൃത്വം നല്കി നടത്തിയ ഉണർവ്വുയോഗങ്ങളിൽ വച്ചല്ലേ കേരളത്തിലെ ക്രിസ്തീയവിശ്വാസികൾ ദൈവഭക്തിയുടെ അടയാളമായി ആഭരണം ഊരി മാറ്റുവാൻ (വിദ്വാൻകുട്ടി അച്ചന്റെ മുമ്പിൽ കൊണ്ടുവയ്ക്കുവാൻ) തുടങ്ങിയത്? ഈശ്വരധ്യാനനിരതരായിരുന്ന ബ്രാഹ്മണ-ക്ഷത്രിയ വിധവമാരുടെ ആചാരമായിരുന്ന ആഭരണവർജ്ജനമല്ലേ ബ്രാഹ്മണമതമുപേക്ഷിച്ചു ക്രിസ്ത്യാനിയായിത്തീർന്ന വിദ്വാൻകുട്ടിയുടെ കാലത്ത് കേരളക്രിസ്ത്യാനികളിൽ ഒരു വിഭാഗം സ്വീകരിക്കുവാനിടയായത്? ഇതല്ലേ യഥാർത്ഥസത്യം?





**ഉത്തരം —>** യൂയോമയ സഭയ്ക്കു രൂപം നല്കിയ ബ്രാഹ്മണപണ്ഡിതനും ഗാനരചയിതാവുമായിരുന്ന വിദ്വാൻകുട്ടിയുടെ ആഹ്വാനത്താലല്ല ആഭരണം നീക്കിക്കളഞ്ഞത്. സർവ്വശക്തനായ ദൈവത്തിന്റെ കല്പനയാണ് "ആഭരണം നീക്കിക്കളക" എന്നത്. അത് താല്കാലികമായിരുന്നു, ദുഃഖവേളയിൽ മാത്രമായിരുന്നു എന്നൊക്കെയുള്ള വികലമായ വ്യാഖ്യാനങ്ങളുപേക്ഷിച്ച് ദൈവകല്പന അനുസരിക്കുക.

**ചോദ്യം. 7 (b)** — ചില വേദവാക്യങ്ങൾ പിശകായി വ്യാഖ്യാനിച്ചുകൊണ്ട്, ആഭരണവർജ്ജനം, എന്ന ഹിന്ദുമതത്തിലെ ഭക്തിമാർഗ്ഗം ദൈവവചനത്തിലെ ഉപദേശമാണെന്നു വാദിക്കുന്നത് വാസ്തവത്തിൽ ഹിന്ദുമതാചാരത്തെ ക്രൈസ്തവീകരിക്കുന്ന പ്രവൃത്തിയല്ലേ? ദൈവവചനത്തോട് പുറജാതി മതാചാരം കൂട്ടുചേർക്കുക എന്ന വലിയ തെറ്റല്ലേ ഇത് ?

**ഉത്തരം —>** "ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന ദൈവകല്പന വ്യാഖ്യാനങ്ങൾക്കതീതമായി ഇന്നും നിലനില്ക്കുന്നു. ഈ വേദവാക്യം വളരെ വ്യക്തമായും ലളിതവുമായി ഇരിക്കുമ്പോൾ ചിലർ പിശകായി വ്യാഖ്യാനിക്കുന്നുവെന്നു എങ്ങനെ പറയുവാൻ സാധിക്കും? ദൈവ കല്പന അനുസരിക്കുമ്പോൾ ഹിന്ദുമതാചാരത്തെ ക്രൈസ്തവീകരിക്കുകയാണെന്നു എങ്ങനെ പറയുവാൻ സാധിക്കും? ജാതികളായാലും പുറജാതികളായാലും യേശുവിനെ കർത്താവായി സ്വീകരിക്കുന്നവർ ദൈവകുടുംബത്തിലെ അംഗങ്ങളായിത്തീരുന്നു. അവർക്കുള്ള പ്രമാണമാണ് ദൈവവചനം. ദൈവവചനത്തോട് പുറജാതി ആചാരനുഷ്ഠാനങ്ങൾ കൂട്ടിച്ചേർക്കുവാൻ പാടില്ല. ആഭരണധാരണം പുറജാതി അഥവാ രക്ഷിക്കപ്പെടാത്തവരുടെ ആചാരങ്ങളും ചമയങ്ങളും അലങ്കാരങ്ങളുമാണ്. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരം. ഇതിനെ മാലിന്യങ്ങളാൽ അലങ്കരിക്കുന്നത് ശരിയല്ല.

**ചോദ്യം. 7 (c)** — ദൈവവചനത്തിനും സാമാന്യനീതിക്കും നിരക്കുന്ന നിലപാട്, കള്ളന്മാരെയും കവർച്ചക്കാരെയും ഭയമില്ലാത്തവർ ആഭരണം ധരിച്ചു കൊള്ളട്ടെ എന്നു വിചാരിക്കുന്നതും സഭകളല്ല, വ്യക്തികളും കുടുംബങ്ങളുമാണ് ആഭരണകാര്യം തീരുമാനിക്കേണ്ടത് എന്നു ചിന്തിക്കുന്നതുമല്ലേ ?

**ഉത്തരം** —> രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ഓരോ വിശ്വാസിയും ദൈവസഭയുടെ അംഗങ്ങളാണ്. അവർ ജീവനുള്ള കല്ലുകളെന്ന നിലയിൽ പണിയപ്പെടുന്നു (1.പത്രൊ.2:5). അതേ സമയം സഭ കെട്ടിയടച്ച തോട്ടമാണ് (ഉ.ഗീ.4:12). അതിന്റെ ഉടമസ്ഥൻ ദൈവവുമാണ്. ഓരോരുത്തർക്കു ബോധിച്ചതുപോലെ നടക്കാമെന്നതു ലോകത്തിന്റെ പ്രമാണമാണ്. ആഭരണധാരണം ദൈവകല്പനാലംഘനമായതിനാൽ സഭയ്ക്ക് ഒരു നിലപാട് വ്യക്തികൾക്ക് മറ്റൊരു നിലപാട് എന്നില്ല. ആവശ്യമുള്ളവർക്കു ധരിക്കാം, ആവശ്യമില്ലാത്തവർ ധരിക്കണ്ടാ എന്നതല്ല ദൈവസഭയുടെ പ്രമാണം. വ്യക്തികളായാലും സഭയായാലും ദൈവത്തിന്റെ ന്യായപ്രമാണം വിട്ടു ഇടത്തോട്ടോ വലത്തോട്ടോ മാററുത്.

*(ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ : ആഭരണധാരണം : ബൈബിൾ എന്തു പറയുന്നു? എന്ന എനിക്കു ലഭിച്ച ലഘുലേഖയിൽ അടങ്ങിയ ചോദ്യങ്ങൾക്കു അവരുടെ ആവശ്യപ്രകാരം എഴുതിയ ഉത്തരങ്ങളാണ് ഈ ഭാഗത്ത് ചേർത്തിരിക്കുന്നത്.*

*പുസ്തകാവസാനത്തിൽ ഗ്രന്ഥകാരന്റെ പ്രത്യേക അറിയിപ്പിൽ വ്യക്തമാക്കിയിരിക്കുന്ന കാര്യം മേൽവിവരിച്ചിരിക്കുന്ന ഏഴു ചോദ്യങ്ങളുന്നയിച്ച വ്യക്തികൾ ശ്രദ്ധിച്ചാലും. ഞാനെഴുതിയ ഉത്തരം, വിശദീകരണം എന്നിവ സംബന്ധിച്ചു നേരിലോ, എഴുത്തിലൂടെയോ, മറ്റു മാദ്ധ്യമങ്ങളിലൂടെയോ തുടർവാദത്തിനോ, പ്രതികരണത്തിനോ, സംവാദത്തിനോ ഞാൻ തയ്യാറല്ല എന്ന കാര്യം ഇവിടെ പ്രസ്താവിക്കുന്നു).*

.........................................





## (12) വിലയേറിയ വസ്ത്രങ്ങൾ ധരിക്കാമെങ്കിൽ അല്പമാഭരണമുപയോഗിച്ചാൽ എന്താണ് തെറ്റ് ?

ആഭരണധാരണവും, വസ്ത്രധാരണവും ഒന്നായി ചിന്തിക്കരുത്. ആഭരണം നീക്കിക്കളയാൻ ദൈവം കല്പിക്കുമ്പോൾ വസ്ത്രങ്ങൾ വർജ്ജിക്കാൻ തിരുവചനം പറയുന്നില്ല. ദൈവം തന്നെയാണ് ആദിയിൽ മനുഷ്യന് ഉടുപ്പുണ്ടാക്കിക്കൊടുത്തതും, ധരിപ്പിച്ചതും (ഉല്പ.3:21). വിശ്വാസികൾ ലോകത്തിൽ വസിക്കുന്നുവെങ്കിലും സ്വർഗ്ഗീയ പൗരന്മാരും, സമ്പന്നനായ ദൈവത്തിന്റെ മക്കളുമാണ്. ലൗകികർ വിലകൂടിയ വസ്ത്രങ്ങൾ ധരിക്കുമ്പോൾ, വിശ്വാസി എന്ന കാരണത്താൽ കീറിയതും, മോശമായതും, തരം താണതുമായ വസ്ത്രങ്ങൾ ധരിക്കണമെന്നില്ല. എന്നാൽ വിശ്വാസികൾ യോഗ്യമായ വസ്ത്രങ്ങളാണു ധരിക്കേണ്ടത്. ആഡംബരത്തിൽ മുഴുകി ലോകത്തോടനുരൂപരാകുവാൻ ഒരു കാരണവശാലും പാടില്ല. **റോമ.12:2** — *"ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."* വിശ്വാസിയുടെ വസ്ത്രധാരണം യോഗ്യവും മാന്യവുമായിരിക്കണം. വിലയേറിയ ആഡംബരവസ്ത്രങ്ങൾ ധരിച്ചു ലോകത്തിന്റെ മോഹങ്ങളിലേക്കു പോകാതെയും, കീറിയതും, മുഷിഞ്ഞതുമായ വസ്ത്രങ്ങൾ ധരിച്ചു വിശ്വാസിയായതിനാൽ ദരിദ്രനെന്ന മേലെഴുത്തു മറ്റുള്ളവരിൽ നിന്നു നേടി സമ്പന്നനായ ദൈവത്തിന് അപമാനം വരുത്താതെയും യോഗ്യമായ വസ്ത്രങ്ങൾ ധരിക്കണം. *"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ"* (1.കൊരി.10:31).

ആഭരണം ഉപയോഗിക്കാത്ത വേർപെട്ട വിശ്വാസികളെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. അവരുടെ ഉത്തമമായ മാതൃക ലോകമെമ്പാടുമുള്ള വേർപെട്ടവർ അനുകരിച്ചെങ്കിൽ എത്ര നന്നായിരുന്നു. ആഭരണവർജ്ജനം പ്രധാനമായും സഹോദരിമാരോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ലോകമനുഷ്യരിൽ നിന്നുള്ള യഥാർത്ഥ

വേർപാട് അവരെ പ്രത്യക്ഷത്തിൽ കാണുമ്പോൾത്തന്നെ പ്രകടമാകുന്നു. അതായത് ആഭരണവർജ്ജനത്താൽ അവർ സകലരാലും വായിക്കുന്ന വേർപാടിന്റെ പത്രമായി വെളിപ്പെടുന്നു.

എന്നാൽ ആഭരണവാദികളുടെ അതിപ്രസരണത്താൽ ഇന്നനേകം വിശ്വാസികളിൽ ആഭരണ ചിന്ത കടന്നു കൂടിയിരിക്കുന്നു. അതിന്റെ പ്രകടമായ തെളിവാണ് വിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും കൈവിരലുകളിൽ നുഴഞ്ഞു കയറിയിരിക്കുന്ന മോതിരം. യഥാർത്ഥത്തിൽ ഈ വളയം ആത്മികപുരോഗതിയെയും വേർപാടിനെയും തകിടം മറിക്കുന്ന ഫറവോന്റെ ബന്ധനം തന്നെയാണെന്നതിൽ സംശയം വേണ്ടാ. വിരലിനെ അലങ്കരിക്കുന്ന ഇപ്രകാരമുള്ള ലോഹബന്ധനം വേർപാടിൽ നിന്നു അവർ പുറകോട്ടുപോയി ലോകത്തോടു ചേരുന്നതിന്റെ പ്രത്യക്ഷ ലക്ഷണമായി കണക്കാക്കാം.

ആഭരണങ്ങൾ അതു മുത്തോ, പ്ലാസ്റ്റിക്കോ, വെള്ളിയോ, പൊന്നോ ഏതുകൊണ്ടുണ്ടാക്കിയതായാലും വിശ്വാസികൾ ഉപയോഗിക്കുന്നത് ശരിയല്ല. ആത്മീയപുതുമനുഷ്യനെ ലോകത്തിലെ വസ്തുക്കളെക്കൊണ്ടല്ല അലങ്കരിക്കേണ്ടത്. ആഭരണങ്ങൾ ധരിക്കുന്നത് ശരീരത്തെ ഭംഗിയാക്കുവാനും, മോടി പിടിപ്പിക്കുവാനുമുള്ള പ്രവണത തന്നെയാണ്. ആകയാൽ വീണ്ടെടുക്കപ്പെട്ട വിശ്വാസി ക്രിസ്തുവിന്റെ പത്രങ്ങളായി സകലരാലും വായിക്കുന്ന പത്രമെന്ന നിലയിൽ ആഭരണവും ലൗകികമായ ചമയങ്ങളും വെടിഞ്ഞ് യോഗ്യമായ വസ്ത്രം ധരിച്ചു സകലർക്കും മാതൃകയായി ജീവിക്കണം.

## — (1) എന്താണ് യോഗ്യമായ വസ്ത്രധാരണം?

വിശ്വാസികളായവർ വിശേഷാൽ സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കണം. 1.തിമൊ.2:9,10 — *"അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു."*





എന്താണ് യോഗ്യമായ വസ്ത്രധാരണം? യോഗ്യമായ എന്നതിനു modest എന്ന വാക്കാണ് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത്. ഒതുക്കമുള്ള, വിനീതമായ, ലളിതമായ എന്നൊക്കെ അർത്ഥം. ഇതിൽ നിന്നുതന്നെ യോഗ്യമായ വസ്ത്രം ഏതെന്നു വേഗത്തിൽ ഗ്രഹിക്കാം. എന്നാൽ നമുക്കു ചുറ്റും ലോകത്തിലേക്കു നോക്കുന്നതിനു പകരം ഇന്നത്തെ വിശ്വാസികളെത്തന്നെ പരിശോധനയ്ക്കു വിധേയമാക്കാം. ഏറിയപങ്കും ലോകത്തിനനുരൂപരായി ജീവിക്കുന്നു. എന്നാൽ അല്പം എന്നു വെച്ചാൽ തുലോം കുറച്ചു വിശ്വാസികൾ യോഗ്യമായ വസ്ത്രങ്ങൾ ധരിച്ചു ദൈവരാജ്യത്തിന്റെ സന്തതികളായി സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്നു. അവരെയോർത്തു ദൈവത്തെ സ്തുതിക്കുന്നു.

കിട്ടാവുന്നതിൽ ഏറ്റവും വിലകൂടിയവ എന്നതിനു പുറമേ, കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങൾ (വെളിപ്പാടു പുസ്തകത്തിലെ മഹതിയാം ബാബിലോണിനെ വെല്ലുന്ന - വെളി.17:4), കസവും മുത്തും ചേർന്ന പട്ടു സാരികൾ. മാത്രമോ ആണിനെയും പെണ്ണിനെയും തിരിച്ചറിയുവാൻ കഴിയാത്ത വിധത്തിലുള്ള വേഷങ്ങൾ!! ലോകക്കാരെയും ഇവരെയും കണ്ടാൽ ഒരുപോലെ. ഒരുവ്യത്യാസവുമില്ല. രക്ഷിക്കപ്പെട്ടവരെങ്കിലും ജീവിതത്തിൽ ആത്മീയത പ്രാവർത്തികമാക്കാത്തവർ. തിരുവചനം അവരോടു പറയുന്ന പ്രബോധനം എന്ത് ? കനാനിലേക്കു യാത്ര ചെയ്യുന്ന ദൈവജനത്തിനു ദൈവം നല്കുന്ന താക്കീത് എന്ത്?

**ലേവ്യ.18:1-3** — *"യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ : ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുതു; ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പുപോലെയും അരുതു; അവരുടെ മര്യാദ ആചരിക്കരുത്."*

**ആവ.22:5** — *''പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുതു; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവെക്കു വെറുപ്പു ആകുന്നു."*

**— (2) മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ വസ്ത്രധാരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ——**

വിശ്വാസികളുടെ മക്കൾ അവർ ആണാകട്ടെ പെണ്ണാകട്ടെ അവരുടെ വസ്ത്രധാരണത്തിലും ഒരുക്കങ്ങളിലും മാതാപിതാക്കൾ ഏറെ ശ്രദ്ധിക്കേണ്ട ദുഷിച്ച കാലഘട്ടമാണിത്. മുടിയുടെയും മൂടുപടത്തിന്റെയും കാര്യം അവരെ വ്യക്തമായി പഠിപ്പിക്കണം.

**കുഞ്ഞുങ്ങളുടെ വസ്ത്രധാരണം —**

കുഞ്ഞുങ്ങളെ യോഗ്യമായ അഥവാ മാന്യമായ വസ്ത്രം ധരിപ്പിക്കുവാൻ വിശ്വാസികളായ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. വസ്ത്രധാരണത്തിൽ വേർപെട്ട ജീവിത്തിൽ പിടിച്ചുകൊള്ളേണ്ട സത്യങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ തന്നേ അഭ്യസിപ്പിക്കണം. അങ്ങനെയെങ്കിൽ അവർ വളർന്നു വരുമ്പോൾ തിരുവചനപ്രകാരം മാതൃകയുള്ള സാക്ഷ്യമുള്ള കുഞ്ഞുങ്ങളായി വളർന്നു വരും. ഭവനത്തിലായാലും ഭവനത്തിനു പുറത്തായാലും വിശ്വാസികൾക്കു യോഗ്യമായ വസ്ത്രമായിരിക്കണം. സാഹചര്യങ്ങളും സംസ്കാരങ്ങളും അവരെ സ്വാധീനിക്കുവാൻ പാടില്ല. മുടിയുടെയും മൂടുപടത്തിന്റെയും കാര്യം അവരെ വ്യക്തമായി ചെറുപ്രായത്തിലേ പഠിപ്പിക്കണം. ആൺമക്കൾ മുടി നീട്ടി വളർത്തുവാനോ, പെൺമക്കൾ മുടി മുറിച്ചു കളയുവാനോ ദൈവവചനം അനുവദിക്കുന്നില്ല (1.കൊരി.11:13–15).

**— (3) ആൺമക്കളുടെ വസ്ത്രധാരണവും അവരുടെ അനുകരണങ്ങളും —**

ആൺമക്കൾ വളർന്നു വരുമ്പോൾ അവർ ലോകത്തിലെ കൂട്ടുകാരെയും കർത്താവിനെ അറിയാത്ത അവരുടെ സുഹൃത്തുക്കളെയും നോക്കി ചില കാര്യങ്ങൾ അനുകരിക്കാനിടയുണ്ട്. വിശ്വാ





സിക്കു യോഗ്യമായ വസ്ത്രം ആയിരിക്കണം അവർ ധരിക്കേണ്ടത്. ഇക്കാലങ്ങളിൽ ആൺകുട്ടികൾ താടി വിരൂപപ്പെടുത്തി ജപ്പാൻതാടി, ഫ്രെഞ്ചുതാടി എന്നിവയിൽ ഭ്രമം വർദ്ധിക്കുന്നു. ഇപ്രകാരമുള്ള പ്രാകൃത അനുകരണങ്ങൾ ദൈവവചനം വിലക്കിയിരിക്കുന്നു (ലേവ്യ.19:26,27).

**— (4) പെൺമക്കളുടെ വസ്ത്രധാരണവും അവരുടെ അനുകരണങ്ങളും —**

യൗവ്വനക്കാരായ നമ്മുടെ പെൺമക്കളെ വിശ്വാസികൾക്കു യോഗ്യമായ വസ്ത്രങ്ങൾ ധരിപ്പിക്കുവാൻ മാതാപിതാക്കന്മാർ അഭ്യസിപ്പിക്കണം. സഭായോഗങ്ങളിലും ആത്മീയകൂടിവരവുകളിലും സ്ത്രീകൾ തലയിൽ മൂടുപടം ഇടണം. പ്രാർത്ഥിക്കാം എന്നുള്ള ആഹ്വാനം കേൾക്കുന്ന മാത്രയിൽ തന്നെ തലയിൽ മൂടുപടം ഇടുവാനുള്ള ശീലം പെൺകുഞ്ഞുങ്ങളിൽ വളർത്തിയെടുക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. ഏതു സന്ദർഭത്തിലും തലയിലിടുവാനുപയുക്തമായ ഒരു വസ്ത്രഭാഗം (ഷാൾ) രക്ഷിക്കപ്പെട്ട പെൺകുട്ടികളുടെ വസ്ത്രത്തിലുണ്ടായിരിക്കണം. മാത്രവുമല്ല ഷാൾ ധരിക്കുന്നതിന്റെ ഉപയോഗവും അമ്മമാർ മക്കളെ പറഞ്ഞു മനസ്സിലാക്കിയിരിക്കണം.

ലോകത്തിന്റെ ഫാഷൻ അനുസരിച്ചു തലമുടി മുറിച്ചുകളവാനോ, ക്രോപ്പു ചെയ്യുവാനോ ദൈവവചനം അനുവദിക്കുന്നില്ല. ദൈവം അവർക്കു നല്കിയിരിക്കുന്ന മുടി യോഗ്യമായി ഒതുക്കി ചീകി കെട്ടി വെക്കണം. മുടി അഴിച്ചിട്ട് പാറിപ്പറത്തിയുള്ള പ്രവണതയും നല്ലതല്ല. ബ്യൂട്ടിപാർലറുകാർക്ക് ആയിരങ്ങൾ നല്കി തലമുടി സ്ട്രെയിറ്റാക്കുക, ചുരുട്ടി എടുക്കുക, ചെമ്പിപ്പിക്കുക എന്നിവ ഒഴിവാക്കണം. ദൈവം തന്നിരിക്കുന്ന ധനം ബ്യൂട്ടിപാർലറുകാർക്കു കൊടുക്കാനുള്ളതല്ലെന്ന കാര്യം പെൺകുഞ്ഞുങ്ങളെ മനസ്സിലാക്കി ധനത്തിന്റെ കാര്യവിചാരകത്വം അവരെ ചെറുപ്പത്തിലേ പഠിപ്പിക്കണം. ദൈവം നല്കിയ സമ്പത്ത് ഇപ്രകാരം ലോകാഡംബരങ്ങൾക്കു വ്യയം ചെയ്യുവാൻ പാടില്ലെന്നും, ദൈവത്തിനും ദൈവികകാര്യ

ങ്ങൾക്കും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും നമ്മുടെ ധനം ചില വാക്കി സ്വർഗ്ഗത്തിൽ നിക്ഷേപം കരുതുവാൻ അവരെ പഠിപ്പിക്കണം (മത്താ.6:20). ദൈവം നല്കിയ ധനം കപ്പൽക്കാർക്കു കൂലിയായി കൊടുത്തു തർശീശിലേക്കു ഓടിപ്പോയ യോനാപ്രവാചകന്റെ പ്രവൃത്തി വിശ്വാസി ഒരിക്കലും മാതൃകയാക്കരുത്.

## — (5) വിവാഹവേളയിലെ വസ്ത്രധാരണം —

വിവാഹവേളയിലെ വസ്ത്രങ്ങളും ഒരുക്കങ്ങളും വിശ്വാസികൾക്കു യോഗ്യമായതായിരിക്കണം. കണ്ണഞ്ചിപ്പിക്കുന്ന തരത്തിലുള്ള കടുംനിറങ്ങൾ ഒഴിവാക്കുന്നത് നന്നായിരിക്കും. മൂടുപടം തലയുടെ മുകൾ പകുതി മാത്രം മറയ്ക്കുന്ന പ്രവണത ഒഴിവാക്കി യോഗ്യമായ രീതിയിൽ മറയ്ക്കണം. ലൗകികരെ വെല്ലുന്ന ഒരുക്കങ്ങളോടെ ബ്യൂട്ടിപാർലുറുകാരുടെയും വീഡിയോക്കാരുടെയും ഫോട്ടോഗ്രാഫറുമാരുടെയും നിയന്ത്രണത്തിൽ വിശ്വാസികളുടെ പെൺമക്കൾ വിവാഹസ്റ്റേജിലേക്കു മാർച്ചു ചെയ്യുന്നത് കാണുന്നത് ഏറ്റവും ദുഃഖകരമായ അവസ്ഥയാണ്.

ലോകമയമായ വേഷവിധാനങ്ങളും ഫാഷനുകളും വിശ്വാസി അനുകരിക്കുവാൻ പാടില്ല. ലോകക്കാരുടെയും മറ്റു സമുദായക്കാരുടെയും മുമ്പിൽ വേർപാടു സമൂഹത്തെ ഒന്നടങ്കം അപമാനിക്കുന്ന പ്രവണത വേർപെട്ട കുടുംബങ്ങളിൽ ഉണ്ടാകരുത്. വിവാഹവേളയിൽ യോഗ്യമായ വസ്ത്രം ധരിക്കുകയാണ് വേണ്ടത്. അതിനായി മാതാപിതാക്കളും സഭാശുശ്രൂഷകരും മുന്നമേ ശ്രദ്ധിക്കണം. ഒരുക്കങ്ങൾ ബ്യൂട്ടിപാർലറുകാരുടെ സ്വാതന്ത്രത്തിനു നല്കാതെയും, ശുശ്രൂഷകൾ വീഡിയോക്കാരുടെ നിയന്ത്രണത്തിനു വിടാതെയും ഭവനക്കാരും സഭയിലെ ശുശ്രൂഷകരും ശ്രദ്ധിച്ചാൽ വിശ്വാസികളുടെ വിവാഹങ്ങളിൽ തികഞ്ഞ ആത്മിയത നിലനിറുത്തുവാൻ സാധിക്കും.

.........................................





## 13) സ്വർണ്ണഫ്രെയിമിലുള്ള കണ്ണടകൾ, വാച്ചിന്റെ സ്വർണ്ണ ചെയിൻ എന്നിവ ആഭരണങ്ങളിൽ ഉൾപ്പെടുകയില്ലേ? ഇങ്ങനെയുള്ളവ, ആഭരണം ധരിക്കാത്ത വിശ്വാസികൾ ധരിക്കാമോ?

വേർപെട്ട വിശ്വാസികൾ ആഭരണം ധരിക്കുന്നത് തിരുവചനത്തിനു നിരക്കുന്നതല്ല എന്നു പറയുമ്പോൾ ആഭരണഅനുകൂലികൾ തൊടുത്തു വിടുന്ന അനേക ചോദ്യങ്ങളുണ്ട്. — കഴുത്തിൽ നൂൽവണ്ണത്തിലുള്ള ഒരു മാല ധരിച്ചാൽ അതു ആഭരണധാരണമായി, വേർപാടില്ലാതായി, ലോകത്തിനനുരൂപരായി എന്നു പറയുന്ന നിങ്ങൾ വിലകൂടിയ വസ്ത്രം, വലിയ ഇരുനിലവീടുകൾ, കാറുകൾ, എയർകണ്ടീഷണർ, സ്വർണ്ണഫ്രെയിമിലുള്ള കണ്ണടകൾ, വാച്ചിൽ സ്വർണ്ണച്ചെയിൻ, പേനയുടെ ക്ലിപ്പിൽ സ്വർണ്ണനിറം, ബെൽറ്റിന്റെ ബക്കിളിൽ സ്വർണ്ണനിറം ......... എന്നിവ ഉപയോഗിക്കാമോ? അത് തെറ്റാണെന്നു പഠിപ്പിക്കുമോ........ ???? — ഇപ്രകാരമുള്ള ചോദ്യങ്ങളുടെ നിരതന്നെ ആഭരണമുപേക്ഷിച്ചു ജീവിക്കുന്ന വേർപെട്ട വിശ്വാസികളോടു ചോദിക്കുന്നതു കേട്ടിട്ടുണ്ട്. ആഭരണധാരണത്തിനു ദൈവവചനം അനുവദിക്കുന്നില്ലെന്നു വ്യക്തമായി അറിഞ്ഞിട്ടും അനേകർ ആഭരണധാരണത്തെ അനുകൂലിക്കുന്നു. എന്നാൽ ചിലർ സാഹചര്യങ്ങളുടെയും സ്വാർത്ഥതാല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ ആഭരണ ധാരണത്തിനെതിരായി ശബ്ദിക്കുവാൻ മടിക്കുന്നു. ഇപ്രകാരമുള്ളവരിൽ നിന്നുയരുന്ന ചോദ്യങ്ങളായി മാത്രം ഇതിനെ കരുതിയാൽ മതി.

ദൈവത്തെ പിൻപറ്റിയ പിതാക്കന്മാർ വിശ്വാസത്തിനു ഏറെ വിലകൊടുത്തു, പട്ടിണികിടന്നു, കർത്താവിനായി അദ്ധ്വാനിച്ചതിനാൽ അവരും അവരുടെ പിൻതലമുറയും അനുഗ്രഹിക്കപ്പെടുവാൻ ഇടയായി. ആത്മിയവും ഭൗതികവുമായി അവർ അനുഗ്രഹീതരായി. *"എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും, എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും"* (1.ശമൂ.2:30), *"യഹോവ സീയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും; നിന്റെ ആയുഷ്കാലമൊക്കെയും നീ യെരൂശലേ*

*മിലെ നന്മയെ കാണും."* (സങ്കീ.128:5) എന്നീ അനുഗ്രഹവാക്യങ്ങൾ ദൈവത്തെ മാനിച്ചു, ഭയപ്പെട്ടു, ദൈവത്തിന്റെ വഴിയിൽ നടക്കുന്ന വർക്കു ലഭിക്കുന്നതാണ്. ആത്മിയമായി ദൈവം ഉയർത്തുന്നതോ ടൊപ്പം ഭൗതികമായും അവരുടെ ആയുഷ്കാലം നന്മ അനുഭവി പ്പാനും ഇടയാകുന്നു. നേരായ പാതകളിൽ പിതാക്കന്മാർ നടന്നതി നാൽ മക്കളും അനുഗ്രഹിക്കപ്പെടുന്നു. അവരും ഭൗതികമായി അനു ഗ്രഹിക്കപ്പെട്ടു ദേശത്തു ഉയർച്ച പ്രാപിക്കുമ്പോൾ വീണ്ടും ദരിദ്ര രെപ്പോലെ കുടിലുകളിലും, കീറിപ്പറിഞ്ഞതും മുഷിഞ്ഞതുമായ വസ്ത്രം ധരിച്ചും നടക്കേണ്ടതില്ലല്ലോ? അവരുടെ ജീവിതത്തിലു ണ്ടായ ഭൗതികാനുഗ്രഹത്താൽ ഇരുനിലവീടുകളും, സമ്പാദ്യങ്ങളു മുണ്ടാകാം. അപ്പോഴും അവർ ആഭരണം വർജ്ജിച്ചു ജീവിക്കുമ്പോൾ വലിയ വീടിന്റെയും കാറിന്റെയും, എയർകണ്ടീഷണറുടെയും കാര്യ ങ്ങൾ പറഞ്ഞു ചോദ്യങ്ങളുയർത്തുന്നത് മറ്റൊന്നും അവരെക്കു റിച്ചു പറയുവാൻ ലഭിക്കാത്തതിനാലാണ്.

വിശ്വാസികൾ അവർക്കു ലഭിച്ചിരിക്കുന്ന ഭൗതികസമ്പത്ത് ബുദ്ധിയോടെ ഉപയോഗിക്കണം. ദൈവത്തിനും ദൈവീകാര്യ ങ്ങൾക്കും കൊടുത്തുകൊണ്ടു മാന്യമായ ജീവിതം നയിച്ചു ആഡം ബരചിന്ത വെടിഞ്ഞു ജീവിക്കേണ്ടതാണ്. ദൈവം നമുക്കു തരുന്ന ധനവും സമ്പത്തും ഉൾപ്പെടെയുള്ള ഭൗതിക നന്മകൾ ബുദ്ധിപൂർവ്വം ഉപയോഗിക്കണം. അതായത് ലോകസമ്പത്തുകളുടെ ഉടമസ്ഥാവ കാശം നമുക്കു എന്നേക്കുമുള്ളതല്ല മറിച്ച് അത് താല്കാലികം മാത്രം. നാം അവയുടെ താല്കാലിക കാര്യവിചാരകന്മാർ മാത്രമണെന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കണം. അതിന്റെയും കണക്കു ഒരിക്കൽ കർത്തൃസവിധേ ഹാജരാക്കേണ്ടി വരും. ആയതിനാൽ നമുക്കു ലഭി ക്കുന്ന ഭൗതിക ഉന്നതികൾ സ്വർഗ്ഗത്തിൽ നിക്ഷേപമായിത്തീരണം. ദൈവികകാര്യങ്ങൾക്കും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുമായി ചിലവഴിക്കുന്നുവെങ്കിൽ നിത്യതയിൽ മാനിക്കപ്പെടുവാൻ ഇടയാകും.

*"സ്വർണ്ണഫ്രെയിമിലുള്ള കണ്ണടകൾ, വാച്ചിന്റെ സ്വർണ്ണച്ചെ യിൻ എന്നിവ ആഭരണങ്ങളിൽ ഉൾപ്പെടുകയില്ലേ? ഇങ്ങനെയുള്ളവ,*





*ആഭരണം ധരിക്കാത്ത വിശ്വാസികൾ ധരിക്കാമോ?"* എന്ന ചോദ്യ ങ്ങൾ ആഭരണം വർജ്ജിച്ചു ജീവിക്കുന്ന വിശ്വാസികളെ നിശബ്ദ രാക്കുവാനുള്ളതായി കരുതാം. ആയതിനാൽ കഴിയുമെങ്കിൽ അങ്ങ നെയുള്ളവയും ഒഴിവാക്കിയാൽ നന്ന്. നമ്മെക്കുറിച്ചു അപവാദം പറയുവാൻ ആർക്കും ഇടം കൊടുക്കരുത്. അപ്പൊസ്തലനായ പൗലൊസ് തീത്തൊസിനു നല്കുന്ന പ്രബോധനം നാം ശ്രദ്ധിക്ക ണം. തീത്തൊ.2:7,8 — *"വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറ വാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെ ത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക. ഉപദേശ ത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചു കൂടാത്ത പത്ഥ്യവ ചനവും ഉള്ളവൻ ആയിരിക്ക."* ദൈവത്തിന്റെ ഏറ്റവും പ്രിയപുരു ഷനായ ദാനീയേലിനു വിരോധമായി കാരണം കണ്ടെത്തുവാൻ അന്വേഷിച്ചു നടന്നവർക്കു പറയുവാനുള്ളത് *"ഈ ദാനീയേലിന്റെ നേരെ അവന്റെ ദൈവത്തിന്റെ ന്യായപ്രമാണം സംബന്ധിച്ചുള്ളത ല്ലാതെ മറ്റൊരു കാരണവും കണ്ടെത്തുകയില്ല"* (ദാനീ.6:5) എന്നാ ണ്. നമ്മുടെ ജീവിതത്തിലും നമ്മെക്കുറിച്ചു ഇപ്രകാരമുള്ള സാക്ഷ്യം നമ്മെക്കാണുന്നവർ പറയണമെങ്കിൽ നാം ദൈവവചനപ്രകാരം ജീവി ക്കുന്നവരും വേർപെട്ട് സാക്ഷ്യജീവിതം നയിക്കുന്നവരും ആയിരി ക്കണം. നമ്മുടെ നടപ്പും, ജീവിതവും, പെരുമാറ്റവും, സംസാരവും, നോട്ടവും, വസ്ത്രധാരണവും എല്ലാം ദൈവനാമമഹത്വം ഉളവാക്കു ന്നതായിരിക്കണം.

## (14) ആഭരണം ധരിക്കാത്ത സ്ത്രീകളെ വിധവമാരെന്നു പറയുന്ന കാരണത്താൽ സ്ത്രീകൾ ആഭരണം ധരിക്കു ന്നത് അപമാനം ഒഴിവാക്കാൻ നല്ലതല്ലേ ?

രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു ദൈവത്തെ ആരാധിക്കുന്ന വിശ്വാസി ലോകത്തിൽ വസിക്കുന്നുവെങ്കിലും സ്വർഗ്ഗീയ പൗരനാ ണ്. സ്വർഗ്ഗസീയോനിലേക്കുള്ള യാത്രക്കാരനാണ്. ഈ ലോകത്തിൽ വിശ്വാസി "പ്രവാസിയും പരദേശിയും" ആണെന്നു ദൈവവചനം പറയുന്നു (1.പത്രൊ.2:11/ സങ്കീ.119:54). ക്രിസ്തുവിനെ അനുഗമിക്കുക,

യേശുക്രിസ്തുവിന്റെ ശിഷ്യനായിത്തീരുക എന്നതു വളരെ അനുഗ്രഹപ്രദമായ പദവിയാണ്. എന്നാലത് ലോകത്തിൽ കഷ്ടതയുടേയും, നിന്ദയുടേയും, പരിഹാസത്തിന്റേയും പാതയാണ്. ആത്മീയമായി ഇതു സന്തോഷത്തിന്റേയും, സമാധാനത്തിന്റേയും, മാനിക്കപ്പെടുന്നതിന്റെയും പാതയാണ്. സ്വർഗ്ഗത്തിൽ നിന്ദയും, പരിഹാസവും, കഷ്ടതയും വിശ്വാസിക്കുണ്ടായിരിക്കയില്ല. നമ്മുടെ രക്ഷാനായകനെ പരിഹസിച്ച ലോകമാണിത്. കർത്താവ് നിന്ദയുടെയും പരിഹാസത്തിന്റെയും മുമ്പിൽ വായെ തുറക്കാതിരുന്ന്, ഏകനായി മുന്തിരിച്ചക്കു ചവുട്ടി. എന്നാൽ ഇതു തോൽവിയിൽ അവസാനിച്ചില്ല. നിന്ദയും പരിഹാസവും സകല ഉയർച്ചെക്കും, മാനത്തിനും കാരണമായിത്തീർന്നു (ഫിലി.2:9–11/1.ശമൂ.2:30).

ലേവ്യപുസ്തകം.14:1 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ കുഷ്ഠരോഗിയുടെ ശുദ്ധീകരണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. *“പുരോഹിതൻ ഒരു പക്ഷിയെ ഒരു മൺപാത്രത്തിലെ ഉറവുവെള്ളത്തിന്മീതെ അറുപ്പാൻ കല്പിക്കേണം. ജീവനുള്ള പക്ഷി, ദേവദാരു, ചുവപ്പുനൂൽ, ഈസോപ്പു എന്നിവയെ അവൻ എടുത്തു ഇവയെയും ജീവനുള്ള പക്ഷിയെയും ഉറവുവെള്ളത്തിന്മീതെ അറുത്തപക്ഷിയുടെ രക്തത്തിൽ മുക്കി കുഷ്ഠശുദ്ധീകരണം കഴിവാനുള്ളവന്റെ മേൽ ഏഴു പ്രാവശ്യം തളിച്ച് അവനെ ശുദ്ധിയുള്ളവനെന്നു വിധിക്കയും ജീവനുള്ള പക്ഷിയെ വെളിയിൽ വിടുകയും വേണം”* (ലേവ്യ.14:5,6,7). ആത്മിയമായി ചിന്തിച്ചാൽ പാപകുഷ്ഠത്തിൽ നരകിച്ച് അയ്യം വിളിച്ച നമുക്കു നമ്മുടെ പ്രാണപ്രിയനായ കർത്താവിന്റെ കാൽവറിയിൽ ചൊരിയപ്പെട്ട രക്തത്താൽ ശുദ്ധീകരണം ലഭിച്ചു. രക്ഷിക്കപ്പെട്ട മാത്രയിൽ നമ്മിൽ പ്രാണപ്രിയന്റെ രക്തം തളിക്കപ്പെട്ടിരിക്കുന്നു. കർത്താവു തന്റെ ജീവനെ നമുക്കായിത്തന്നു നമ്മെ മരണത്തിൽ നിന്നു സ്വതത്രരാക്കി. കുഷ്ഠശുദ്ധീകരണത്തിനുശേഷം പുറത്തേക്കു വിട്ടയക്കെപ്പെട്ട പക്ഷിയെ നമ്മുടെ ഭാവനയുടെ ചിറകുകളിൽ ശ്രദ്ധിക്കാം — ഇണപ്പക്ഷിയുടെ രക്തം പുരണ്ട ശരീരവുമായി അതു ദൂരത്തേക്കു പറന്നു പോകുന്നു. പഴയ കൂട്ടത്തിലേക്കു ചെല്ലുമ്പോൾ അതിനെ ഒറ്റപ്പെടുത്തി കൊത്തി ഓടിക്കും. അതു വീണ്ടും പറന്നു പോകുന്നു. ഇണപക്ഷിയുടെ രക്തം വഹിക്കുന്ന ഈ പക്ഷിയുടെ ഇരിപ്പു ഇനി പഴയ കൂട്ടത്തിൽ അല്ല, എല്ലാറ്റിൽ നിന്നും വേർപെട്ടു ഏറെ ദൂരെ ചെന്നിരിക്കുന്നു. അവിടെ ദുഃഖിച്ചു ഏകാന്തതയിൽ ഇരിക്കുമ്പോൾ അതിന്റെ പ്രാണപ്രിയന്റെ ശബ്ദം കേൾക്കുവാൻ ഇടവരുന്നു. അതിപ്രകാരമായിരിക്കും — ഉത്തമഗീതം. 2:14 — *“പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ.”* രക്ഷിക്കപ്പെട്ട വിശ്വാസിയിൽ പ്രാണപ്രിയന്റെ രക്തം തളിക്കപ്പെട്ടിരിക്കുന്നു. ഈ വിലയേറിയ രക്തത്താൽ ശുദ്ധീകരണവും, വിണ്ടെടുപ്പും ലഭിച്ചു. ഇനി നമ്മുടെ സ്ഥാനം പഴയ കൂട്ടത്തിലല്ല. (1.യോഹ.1:7/1.കൊരി.1:30/സങ്കീ.1:1–3). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി. പഴയകൂട്ടത്തിലേക്കു പോയാൽ അവർ നമ്മെ നിന്ദിക്കും, ഒറ്റപ്പെടുത്തും, ഓടിക്കും. ആകയാൽ പിളർക്കപ്പെട്ട പാറയായ ക്രിസ്തുവിൽ നാം അഭയം പ്രാപിച്ചിരിക്കുകയാണ്. വിശ്വാസികൾ ലോകത്തോടു അനുരൂപരാകാതിരിക്കുമ്പോൾ ലോകക്കാർ അവരെ പകെക്കും. *“ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ലായ്ക കൊണ്ടു ലോകം അവരെ പകെച്ചു”* (യോഹ.17:14).

വിശ്വാസിയും പ്രാണപ്രിയനായ കർത്താവിന്റെ രക്തം വഹിക്കുന്നവരും വേർപെട്ടവരായി ലോകത്തിൽ ജീവിക്കുന്നു. ജാതികളെപ്പോലെ ആഭരണം ധരിക്കാത്തതിനാൽ വിശ്വാസിയെ ലോകക്കാർ പലതും പറഞ്ഞ് അപമാനിച്ചെന്നു വരാം, ഒറ്റപ്പെടുത്തിയെന്നു വരാം. എന്നാൽ ഈ അപമാനം സഹിക്കുന്ന വിശ്വാസി സ്വർഗ്ഗത്തിൽ മാനിക്കപ്പെടും. പരിഹാസം, ചമ്മട്ടി, ചങ്ങല, തടവു, ബുദ്ധിമുട്ടു, ഉപദ്രവം, കഷ്ടം, മലകളിലും ഗുഹകളിലും പാർപ്പ് എന്നിങ്ങനെ വിവിധ കഷ്ടാനുഭവങ്ങളിലൂടെ കടന്നു പോയ വിശ്വാസവീരന്മാരെക്കുറിച്ചു പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നത് – *“ലോകം അവർക്കു യോഗ്യമായിരുന്നില്ല”* എന്നാണ് (എബ്രാ.11:38). തിരുനാമത്തിനു

വേണ്ടി അപമാനം സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെടുകയാൽ സന്തോഷിച്ചുകൊണ്ടു പുറപ്പെട്ടു പോയ അപ്പൊസ്തലന്മാരെപ്പോലെ നമ്മുടെ കർത്താവിന്നായി അപമാനം സഹിക്കാം (അപ്പൊ.5:41).

## (15) ആഭരണം ധരിച്ച വേർപെട്ട വിശ്വാസികളെ കർത്തൃമേശയിൽ പങ്കെടുക്കുവാൻ അനുവദിക്കാമോ?

ആഭരണം ധരിക്കുന്നവരോടു കൂട്ടായ്മ പാടില്ലെന്നു ദൈവവചനം അനുശാസിക്കുന്നില്ല. എന്നാൽ ആഭരണധാരണം വിശ്വാസിക്കു ചേർന്നതല്ല, അതു ദൈവവചനത്തോട് അനുസരണമില്ലായ്മയും, പൂർണ്ണമായി ലോകത്തിൽ നിന്നും വേർപാടു പാലിക്കാത്തതുമാണ്. രക്ഷിക്കപ്പെട്ട ദൈവപൈതൽ ആരും നിർബന്ധിക്കാതെ തന്നെ ആഭരണം വർജ്ജിക്കേണ്ടതാണ്. ഇതു രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ സാക്ഷ്യജീവിതപ്രദർശനവും പ്രഖ്യാപനവുമാണ്. ദൈവവ്യവസ്ഥയെ ലാഘവമായി കാണുന്നതുകൊണ്ടും, ദൈവത്തെ നോക്കാതെ, മറ്റുള്ളവർ ചെയ്യുന്നതു അനുകരിക്കുന്നതിനാലും രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, പക്ഷേ ആഭരണങ്ങൾ വർജ്ജിക്കാത്ത ചിലർ നമ്മുടെ കൂടിവരവുകളിൽ കടന്നുവരികയും കർത്തൃമേശയിലേക്കു കരങ്ങൾ നീട്ടുകയും ചെയ്യുന്നത് ഇന്നു ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ഇതനുവദിക്കാമോ എന്നുള്ള ചോദ്യത്തിനുത്തരം ലഭിക്കുന്നതിനായി കർത്തൃമേശ എന്താണ്? എന്തിനെക്കുറിക്കുന്നു? ആരാണ് ഇതിൽ പങ്കെടുക്കേണ്ടത്? ഇതിൽ പങ്കെടുക്കുന്ന വിശ്വാസിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമെന്താണ്? വിശുദ്ധിയും വേർപാടുമില്ലാതെ പങ്കെടുത്താൽ ലഭിക്കുന്ന ശിക്ഷയെന്താണ്? ഈ ശുശ്രൂഷ ആരെങ്കിലും പുരോഹിതന്മാരെപ്പോലെ നൽകേണ്ടതാണോ? ഇത്യാദി കാര്യങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്.

ദൈവസഭയ്ക്ക് അഥവാ രക്ഷിക്കപ്പെട്ടവർക്കു നൽകപ്പെട്ടിരിക്കുന്ന രണ്ടനുഷ്ഠാനങ്ങളാണ് സ്നാനവും, കർത്തൃമേശയും. ഇവ ദൈവസഭയുടെ അടിസ്ഥാനോപദേശങ്ങളിൽ ഉൾപ്പെടുന്നു. ഇവ





രണ്ടും പാപമോചനത്തിനോ, രക്ഷിക്കപ്പെടുന്നതിനോ, സ്വർഗ്ഗത്തിൽ പോകുന്നതിനോ, ഏതെങ്കിലും പ്രാദേശികസഭയിൽ അംഗങ്ങളാകുന്നതിനോ വേണ്ടിയുള്ള പ്രമാണങ്ങളുമല്ല. സ്നാനം എന്ന ദൈവകല്പന വിശ്വാസി ജീവിതത്തിലൊരിക്കലായി അനുസരിക്കേണ്ടതും, കർത്തൃമേശ വിശ്വാസികൾ കൂടി വരുമ്പോഴൊക്കെയും കർത്താവിന്റെ രണ്ടാം വരവുവരെയും ആചരിക്കേണ്ടതുമാകുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം പ്രാപിച്ച ഒരുവൻ സ്നാനപ്പെടുമ്പോൾ, ലോകത്തോടു വേർപെട്ടു, പാപസംബന്ധമായി മരിച്ചു, ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോടു ഏകീഭവിച്ച്, ക്രിസ്തുവിനോടൊപ്പം ഉയിർത്തെഴുന്നേറ്റു ഒരു പുതുമനുഷ്യനായി ജീവിക്കുകയും ചെയ്യുന്നു എന്നുള്ള പരസ്യമായ പ്രഖ്യാപനമാണ്. എന്നാൽ കർത്തൃമേശയിൽ അപ്പത്തിലും പാനപാത്രത്തിലും പങ്കുകൊള്ളുന്നത് യേശുക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുകയും, കർത്താവിന്റെ പുനരാഗമനം വരെ ഉയിർത്തെഴുന്നേറ്റ കർത്താവിനെ — നമ്മുടെ രക്ഷിതാവിനെ – ഓർക്കുകയും അതിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ്. കർത്തൃമേശയിൽ പങ്കുകൊള്ളേണ്ടത് രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, വേർപെട്ട വിശ്വാസികളാണ്.

ദൈവസഭയ്ക്കുള്ള ഏഴ് അടിസ്ഥാനപ്രമാണങ്ങളും അതിന്റെ ക്രമവും നോക്കുക. —

**അപ്പൊ.2 :41,42** — *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."*

(Acts.2:41,42 -- "Then those who gladly received his word were baptized; and that day about three thousand souls were added to them. And they continued steadfastly in the apostles doctrine and fellowship, in breaking of bread, and in prayers.")

1. അവന്റെ വാക്കു കൈക്കൊണ്ടവർ
   — **രക്ഷ**

2. സ്നാനം ഏറ്റു
   — **സ്നാനം**

3. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു.
   — **വേർപാട്**

4. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു
   — **വചനപഠനം**

5. കൂട്ടായ്മ ആചരിച്ചു
   — **കൂട്ടായ്മ**

6. അപ്പം നുറുക്കി
   — **കർത്തൃമേശ**

7. പ്രാർത്ഥന കഴിച്ചും പോന്നു
   — **പ്രാർത്ഥന**

രക്ഷിക്കപ്പെട്ടവർ, സ്നാനപ്പെടണം, ലോകത്തിൽ നിന്നും വേർപെടണം, ദൈവവചനം പഠിക്കണം, ദൈവത്തോടും ദൈവമക്കളോടും കൂട്ടായ്മ ആചരിക്കണം, അങ്ങനെയുള്ളവർ കർത്താവിന്റെ മരണപുനരുത്ഥാനത്തെ ഓർപ്പിക്കുന്ന കർത്തൃമേശയിൽ പങ്കെടുക്കുകയും, കൂട്ടായി പ്രാർത്ഥിക്കുകയും വേണം. കർത്തൃമേശ, രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടവർ തങ്ങളുടെ രക്ഷിതാവിനെ ഓർക്കുന്നതും സ്തുതിക്കുന്നതുമായ ശുശ്രൂഷയാണ്. ഇതിന്നായി ഉപയോഗിക്കുന്ന അപ്പവീഞ്ഞുകൾക്കു യാതൊരു വസ്തുമാറ്റവും സംഭവിക്കുന്നില്ല. എന്നാൽ ഇവ കർത്താവിന്റെ ശരീരത്തിന്റെയും, രക്തത്തിന്റെയും ചിഹ്നങ്ങൾ മാത്രമാണ്, ഇതിനെയല്ല ആരാധിക്കുന്നത്.





കർത്തൃമേശയിൽ എല്ലാവർക്കും പങ്കെടുക്കാമോ? അതിനുള്ള യോഗ്യതകൾ എന്താണെന്നു നോക്കുക —

***(1) രക്ഷിക്കപ്പെട്ടവർ***

കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ, പാപമോചനം പ്രാപിച്ചു രക്ഷിക്കപ്പെട്ടവരാണ്, കർത്താവിന്റെ മേശയിൽ പങ്കെടുക്കേണ്ടത്. *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."* (അപ്പൊ.2:41,42).

***(2) സ്നാനപ്പെട്ടവർ***

രക്ഷിക്കപ്പെട്ടവർ ദൈവകല്പനയായ സ്നാനം സ്വീകരിക്കണം. സ്നാനപ്പെടുമ്പോഴാണ് വിശ്വാസി കർത്താവിന്റെ മരണപുനരുത്ഥാനത്തോടു ഏകീഭവിക്കുന്നത് (അപ്പൊ.2:41,42/റോമ.6:3–11).

***(3) ലോകത്തോട് വേർപെട്ടവർ***

രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു കഴിഞ്ഞാൽ അങ്ങനെയുള്ളവരുമായി മാത്രമേ കൂട്ടായ്മ ആചരിക്കാവൂ. ലോകത്തോടു വേർപെട്ടു ജീവിക്കുന്നവരായിരിക്കണം കർത്താവിന്റെ മേശയിൽ പങ്കെടുക്കേണ്ടത് (അപ്പൊ.2:41,42).

***(5) വിശുദ്ധിയെ സംബന്ധിച്ചു ശോധന ചെയ്തവർ***

വിശ്വാസികളാണ് കർത്തൃമേശയിൽ പങ്കെടുക്കേണ്ടത്. ഇതിൽ പങ്കെടുക്കുന്നതിനു മുമ്പായി ജീവിത വിശുദ്ധി പ്രാപിച്ചവരായിരിക്കണം. അയോഗ്യമായി ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ പാടില്ല. അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ പാപ, ലംഘനങ്ങൾ യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരണം പ്രാപിച്ചിരിക്കണം. ദൈവത്തോടുള്ള പാപങ്ങൾ മാത്രമല്ല, സഹോദരവർഗ്ഗത്തോട്, മനസ്സിൽ കയ്പായ മനോഭാവം വെച്ചു പുലർത്തിയിട്ട്, അതു സാരമില്ലെന്നു ചിന്തിച്ച്, ഇതിലേക്കു കരങ്ങൾ നീട്ടുന്നതു ദൈവം ഇഷ്ടപ്പെടുന്നില്ല (1.കൊരി11:27–30/ മത്താ.5:23,24). ആയതിനാൽ

കർത്താവിന്റെ മേശയിൽ പങ്കെടുക്കുന്നതിനു മുമ്പായി തന്നെ ത്തന്നെ ശോധന ചെയ്തു ജീവിതവിശുദ്ധി പ്രാപിച്ചിരിക്കണം.

കർത്തൃമേശയെ സംബന്ധിക്കുന്ന തിരുവചന ഭാഗങ്ങൾ ശ്രദ്ധിക്കുക —

**മത്തായി. 26:26,27** — *"അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നുപറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ."*

**ലൂക്കൊ.22:19,20**— *"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു."*

**1.കൊരി.11:23-29**— *"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏൽപ്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും.* **മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു."**





**1.കൊരിന്ത്യർ.10:16**— *''നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?* **നാം നുറുക്കുന്ന** *അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?"*

ഈ വാക്യങ്ങളിൽ നിന്ന് രണ്ടു അതിപ്രധാനമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലൂടെ, ആഭരണം വർജ്ജിക്കാത്ത വിശ്വാസികൾക്കു കർത്തൃമേശ അനുവദിക്കാമോ എന്ന ചോദ്യത്തിനു ഉത്തരം ലഭിക്കുന്നു.

(1) കർത്തൃമേശയിലെ അപ്പവും, വീഞ്ഞും ഏതെങ്കിലും ഒരു പുരോഹിതൻ വാഴ്ത്തി ഓരോരുത്തർക്കായി കൊടുക്കുന്ന ശുശ്രൂഷയല്ല. നാം നുറുക്കുന്ന അപ്പം, നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം എന്നാണു കാണുന്നത്. അതായതു രക്ഷിക്കപ്പെട്ട വിശ്വാസികൾ പുരോഹിതന്മാരാണ്, അവർ നുറുക്കുന്നു, അവർ പങ്കുകാരാകുന്നു.

(2) കർത്തൃമേശ വിശ്വാസികൾ തന്നെത്താൻ ശോധന ചെയ്തിട്ടു, അതായത് താൻ ഇതിനു യോഗ്യനാണ്, വിശുദ്ധിയെ ഹനിക്കുന്നതും ഏറ്റു പറഞ്ഞുപേക്ഷിക്കാത്തതുമായ പാപം തന്നിലില്ലെന്നു സ്വയം ബോദ്ധ്യപ്പെട്ടതിനു ശേഷം മാത്രം എടുക്കേണ്ടതാണ്. ദൈവകല്പനകൾ നിസ്സാരമെന്നു കരുതി, സമ്പൂർണ്ണ വേർപാടില്ലാതെ, ഗൗരവബോധമില്ലതെ പങ്കെടുത്താൽ ശിക്ഷ ലഭിക്കും.

ഒരു സഭയിലുള്ള സുവിശേഷകന്മാരുടെയോ, മൂപ്പന്മാരുടെയോ, ഇടയന്മാരുടെയോ, ഉപദേഷ്ടാക്കന്മാരുടെയോ ദൗത്യമല്ല കർത്തൃമേശ വിശ്വാസികൾക്കു കൊടുക്കുകയെന്നത്. അതേ സമയം തന്നെ രക്ഷിക്കപ്പെട്ട ഒരാൾ സകല മ്ളേച്ഛപ്രവൃത്തികളിലും കൂത്താടി സാക്ഷ്യമില്ലാതെ നടന്നിട്ടു സഭായോഗത്തിൽ വന്നു കർത്തൃമേശയിലേക്കു കൈ നീട്ടുമ്പോൾ, ദൈവനാമം ദുഷിക്കപ്പെടാതെ ആരാധനയിൽ നിന്ന് ഇങ്ങനെയുള്ളവരെ തടയുവാൻ സഭയ്ക്കുത്തരവാദിത്തമുണ്ട്. രക്ഷിക്കപ്പെട്ട വിശ്വാസികൾ പുരോഹിതന്മാരാണ് (വെളി.1:6/1.പത്രൊ.2:9). പുരോഹിതന്മാരായ വിശ്വാസികൾ തന്നെത്താൻ ശോധന ചെയ്തിട്ടു കർത്തൃമേശയിൽ പങ്കാളികളാകുന്നു. എന്നാൽ ആരാധനയിൽ സൗകര്യത്തിനായും, സകലവും ഉചിതവും ഭംഗിയുമായി നിർവഹിക്കുന്നതിനും വിശ്വാസികളാൽ സാക്ഷ്യമുള്ള ഒന്നോ രണ്ടോ പേർ അപ്പവീഞ്ഞുകൾ എടുത്തു കൈമാറുന്നു. എന്നാൽ അപ്പവും വീഞ്ഞും എടുത്തു കൊടുക്കുന്നവർക്കു, പ്രത്യേകിച്ചു പ്രാധാന്യം യാതൊന്നുമില്ല, അവർ സഹായിക്കുന്നുവെന്നേയുള്ളു. ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ എടുത്തുകൊടുക്കുന്നവർ സഭയിൽ സാക്ഷ്യമുള്ളവരായിരിക്കണം.

ആരാധനയിൽ പങ്കെടുക്കുമ്പോൾ ദൈവസന്നിധിയിലൊരു സമ്പൂർണ്ണ സമർപ്പണമാണുണ്ടാകുന്നത്. അതായതു ജീവനും, വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമുള്ള യാഗമായി തന്നെത്തന്നെ സമർപ്പിക്കുന്നു (റോമ.12:1). പഴയനിയമയാഗങ്ങൾ ചത്ത യാഗമൃഗങ്ങളിലൂടെയായിരുന്നെങ്കിൽ, ഇന്നു ജീവനുള്ള യാഗങ്ങളായി വിശ്വാസികൾ തങ്ങളെത്തന്നെ സമർപ്പിക്കുകയാണ്. ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടത്, യാഗവസ്തുക്കളായ നാം ഊനമില്ലാത്തവരായിരിക്കണം, നമ്മിൽ ലോകത്തിന്റെ മാലിന്യങ്ങൾ പറ്റിപ്പിടിച്ചിരിക്കാൻ പാടില്ല. "ആഭരണം നീക്കിക്കളക" എന്നു തിരുവചനമനുശാസിച്ചിട്ടും, ആഭരണം ധരിച്ചുകൊണ്ടൊരു വിശ്വാസി ഇതിലേക്കു കരങ്ങൾ നീട്ടി പങ്കെടുക്കുന്നുവെങ്കിൽ അതിന്റെ സകല ഉത്തരവാദിത്തവും ആ വിശ്വാസിക്കു തന്നേ. ആഭരണധാരണം ദൈവകല്പനാലംഘനവും, ലോകത്തോടു സമ്പൂർണ്ണമായി വേർപെട്ടിട്ടില്ലെന്നതുമാണു കാണി





ക്കുന്നത്. ഈ കൃപായുഗത്തിൽ ദൈവികകാര്യങ്ങളെ സംബന്ധിച്ചു മനുഷ്യനു സർവ്വസ്വാതന്ത്ര്യവും, തിരഞ്ഞെടുപ്പവകാശവും നൽകിയിട്ടുണ്ട്. രക്ഷാമാർഗ്ഗവും നാശത്തിന്റെ വഴിയും മുതൽ, വിശുദ്ധിയും അശുദ്ധിയും വരെയുള്ള കാര്യങ്ങൾ സ്വയമായി തിരഞ്ഞെടുക്കാം. ആഭരണം ധരിക്കുന്നതും ധരിക്കാത്തതും വ്യക്തിപരമായ സ്വാതന്ത്ര്യത്തിലുൾപ്പെടുന്നു. ആഭരണവർജ്ജനം ആരും നിർബന്ധിച്ചു ചെയ്യിക്കേണ്ടതല്ല, പ്രത്യുതാ ലോകത്തിൽനിന്നും ലോകമോഹങ്ങളിൽ നിന്നും വിശ്വാസി വേർപെട്ടു ദൈവത്തിൽ സമ്പൂർണ്ണമായി തന്നെത്തന്നെ സമർപ്പിക്കുമ്പോൾ സ്വമനസ്സാലെ വർജ്ജിക്കേണ്ടതാണ്.

അയോഗ്യമായി കർത്തൃമേശയിൽ പങ്കെടുത്താൽ ശിക്ഷ ലഭിക്കുമെന്നു തിരുവചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**1.കൊരി.11:27—30** —"*അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു.*"

സഭയുടെ ഉത്തരവാദിത്തം ദൈവസഭയുടെ അടിസ്ഥാനോപദേശസത്യങ്ങൾ വളരെ തെളിവായി വിശ്വാസികളെ പഠിപ്പിക്കുക എന്നതാണ്. തിരുവചനത്തിലെ സത്യങ്ങളും, ഉപദേശങ്ങളും പരിശുദ്ധാത്മസഹായത്താൽ മനസ്സിലാക്കി, ഹൃദയത്തിൽ സംഗ്രഹിക്കുന്ന വിശ്വാസി ക്രിസ്തീയ സാക്ഷ്യത്തിനു മങ്ങലേൽപ്പിക്കുന്നവയെല്ലാംതന്നെ സ്വമനസ്സാലെ മാറ്റും. ആഭരണധാരണം വേർപാടു ജീവിതത്തിനു യോജിച്ചതല്ല.

## (16) സാമുദായിക, ഹൈന്ദവപശ്ചാത്തലത്തിലെ ഭവനങ്ങളിൽ നിന്നു ഏകയായി വിശ്വാസത്തിലേക്കു വന്നവർ ഭവനക്കാരുടെ സമ്മർദ്ദത്താൽ ആഭരണം ധരിച്ചിരിക്കുന്നുവെങ്കിൽ അവർക്കു കർത്തൃമേശകൊടുക്കാമോ?

കർത്തൃമേശയിൽ പങ്കെടുക്കുന്നതു, വിശ്വാസികളുടെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കുമ്പോൾത്തന്നെ, സഭാശുശ്രൂഷയിലായിരിക്കുന്ന ദൈവദാസന്മാർക്കു ആഭരണം ധരിച്ച സ്നാനപ്പെട്ടവർക്കു കർത്തൃമേശ അനുവദിക്കാമോ എന്നുള്ളതിനു, ചില പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഉപദേശം കൊടുക്കേണ്ടതായി വരും. സമുദായങ്ങളിൽ നിന്നും, പ്രത്യേകിച്ചു ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു വരുന്ന വിശ്വാസിനികളായ സഹോദരിമാർ വളരെ എതിർപ്പുകളനുഭവിക്കുന്നവരായിരിക്കും. വിശിഷ്യാ അവരുടെ ഭവനത്തിൽ ഭർത്താവും, മക്കളും, മാതാപിതാക്കളും, സഹോദരങ്ങളുമൊറ്റക്കെട്ടായി എതിർക്കുന്ന ചുറ്റുപാടിൽ ഇത്തരം സഹോദരിമാരുടെ അവസ്ഥ ഏറെ പരിതാപകരമായിരിക്കും. ഈ സഹോദരിമാർ രക്ഷിക്കപ്പെട്ടു, ദൈവകല്പന മനസ്സിലാക്കി ആഭരണങ്ങൾ വർജ്ജിച്ചു സ്നാനപ്പെട്ടവരാകാം. എന്നാൽ അവിശ്വാസികളായ സ്വന്തക്കാരുടെയും ബന്ധുമിത്രാദികളുടെയും അതികർശനമായ എതിർപ്പുകളുടെയും, പീഡനങ്ങളുടെയും, ഭീഷണികളുടെയും മദ്ധ്യേ ഭയന്ന് ഈ സഹോദരിമാർക്കു ആഭരണം ധരിക്കേണ്ടതായി വരാറുണ്ട്. ഈ പ്രത്യേക സാഹചര്യത്തിലായിരിക്കുന്ന സഹോദരിമാർ സഭാശുശ്രൂഷയിലായിരിക്കുന്നവരെ സമീപിച്ചു കർത്തൃമേശയിൽ പങ്കെടുക്കുന്നതിനു അനുവദിക്കുമോ എന്നു ചോദിച്ചാൽ, ദൈവവചനാടിസ്ഥാനത്തിൽ എന്തു മറുപടി കൊടുക്കാം?

ഇതിനുള്ള ഉത്തരത്തിനായി 2.രാജാ.5:1—19 നോക്കുക. അരാം രാജാവിന്റെ സേനാപതിയായ നയമാൻ ഒരു കുഷ്ഠരോഗിയായിരുന്നു. നയമാന്റെ വീട്ടിൽ ശുശ്രൂഷ ചെയ്തിരുന്ന യിസ്രായേൽ ദേശക്കാരിയായ ഒരു അടിമപ്പെൺകുട്ടി തന്റെ യജമാനന്റെ കുഷ്ഠരോഗസൗഖ്യത്തിനായി ദൈവത്തിന്റെ പ്രവാചകനായ എലീശയെ ചൂണ്ടിക്കാട്ടി. പ്രവാചകന്റെ നിർദ്ദേശപ്രകാരം യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങിക്കഴിഞ്ഞപ്പോൾ നയമാന്റെ കുഷ്ഠം മാറി ദേഹം ഒരു ബാലന്റെ ദേഹം പോലെയായി. കുഷ്ഠരോഗസൗഖ്യം ലഭിച്ച നയമാൻ അതിസന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചുകൊണ്ടു എലീശാ പ്രവാചകന്റെ അടുക്കൽ മടങ്ങി വന്നു. പ്രതിഫലമായി പാരിതോഷികങ്ങൾ പ്രവാചകനു നൽകുവാൻ ശ്രമിച്ചുവെങ്കിലും പ്രവാചകൻ യാതൊന്നും വാങ്ങിയില്ല.





തുടർന്നുള്ള ഭാഗം നോക്കുക — 2.രാജാ.5:17-19 — *"........അടിയൻ ഇനി യഹോവെക്കല്ലാതെ അന്യദൈവങ്ങൾക്കു ഹോമയാഗവും ഹനനയാഗവും കഴിക്കയില്ല. ഒരു കാര്യത്തിൽ മാത്രം യഹോവ അടിയനോടു ക്ഷമിക്കുമാറാകട്ടെ: എന്റെ യജമാനൻ നമസ്കരിപ്പാൻ രിമ്മോന്റെ ക്ഷേത്രത്തിൽ ചെന്നു എന്റെ കൈത്താങ്ങലോടെ കുമ്പിടുമ്പോൾ* ***ഞാനും രിമ്മോന്റെ ക്ഷേത്രത്തിൽ നമസ്കരിച്ചു പോകുന്ന ഈ കാര്യത്തിൽ യഹോവ അടിയനോടു ക്ഷമിക്കുമാറാകട്ടെ.*** *അവൻ അവനോടു:* ***സമാധാനത്തോടെ പോക*** *എന്നു പറഞ്ഞു."*

ഇവിടെ നയമാൻ ദൈവപുരുഷനായ എലീശയോടു അപേക്ഷിച്ചതു പ്രവാചകനു അംഗീകരിക്കുവാൻ കഴിയുന്ന ഒന്നല്ലായിരുന്നു. വിഗ്രഹത്തെ ആരാധിക്കുന്നതും അതിനു കൂട്ടു നിൽക്കുന്നതും, പ്രോത്സാഹിപ്പിക്കുന്നതും, ദൈവം വെറുക്കുന്നതാകയാൽ ശിക്ഷ ലഭിക്കും. എന്നാൽ നയമാന്റെ നിസ്സഹായാവസ്ഥ പ്രവാചകൻ മനസ്സിലാക്കുന്നു. നയമാൻ തിരികെ ചെന്നു ജോലിയിൽ പ്രവേശിക്കുമ്പോൾ, രാജാവിനു അകമ്പടി സേവിക്കുവാനും, രാജാവു കല്പിക്കുന്നതൊക്കെയും അനുസരിക്കുവാനും കടപ്പെട്ടിരിക്കുന്നു. രാജാവു ക്ഷേത്രത്തിൽ പോകുമ്പോൾ അവൻ അകമ്പടിക്കാരനായി സഹായിച്ചില്ലെങ്കിൽ, നിസ്സഹരിച്ചു മാറി നിന്നാൽ, അവന്റെ ജീവൻ തന്നെ അപകടത്തിലാകും.

നയമാന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കിയ പ്രവാചകൻ ഉത്തരം നല്കുന്നതു ചെയ്തു കൊള്ളുക എന്നോ ചെയ്യരുതു എന്നോ അല്ല, പിന്നെയോ ***"സമാധാനത്തോടെ പോക"*** എന്നായിരുന്നു. അതായതു ദൈവം സകല ഹൃദയങ്ങളെയും കാണുന്നവനാണ്, സകല പ്രശ്നങ്ങളും നീക്കി ദൈവീകസമാധാനത്തിൽ നിറയ്ക്കുമെന്നതാണ്.

സഭാശുശ്രൂഷയിലായിരിക്കുന്ന നമുക്കും ചെയ്യുവാനുള്ളത്, രക്ഷിക്കപ്പെട്ടു വിശ്വാസത്തിലേക്കു വരുന്നവരെ ദൈവത്തിന്റെ സത്യവചനം യാതൊരു കലർപ്പുമില്ലാതെ പഠിപ്പിക്കുക. കലർപ്പില്ലാത്ത ദൈവവചനം അവരുടെ ആത്മീകകണ്ണുകൾ തുറക്കുവാൻ കാരണമാകുകയും, ആഭരണങ്ങളുൾപ്പെടെയുള്ള എല്ലാ ലോകമോഹങ്ങളിൽ നിന്നും സ്വമനസ്സാൽ വേർപെട്ടു സ്നാനപ്പെടുവാൻ കാരണമാകും. ഇവരിൽ വിശ്വാസത്തിന്നായി ഏറെ വില കൊടുത്തു പ്രതികൂലങ്ങളുടെ മദ്ധ്യേ, ഒരു ഭവനത്തിൽ നിന്നേകയായി ആഭരണമുൾപ്പെടെയുള്ള എല്ലാ ലോകമോഹങ്ങളിൽ നിന്നും വേർപെട്ടു സ്നാനപ്പെട്ടവർ, തുടർന്നുള്ള ജീവിതത്തിൽ യാതൊരു കാരണവശാലും പിടിച്ചു നിൽക്കുവാൻ കഴിയാതെ അവരുടെ ഭവനത്തിലുള്ളവരുടെ അതികഠിനമായ ഭീഷണിമൂലം ആഭരണമുപയോഗിക്കേണ്ടിവന്നാൽ, കർത്തൃമേശ തന്നെത്താൻ ശോധനചെയ്തു എടുക്കേണ്ട കല്പനയാകയാൽ, നമുക്കും പറയുവാനുള്ളത് "സമാധാനത്തോടെ പോക" എന്നതാണ്. ഈ സാഹചര്യത്തിലും വിശ്വാസി ആഭരണം ധരിക്കുന്നതിനുള്ള അനുവാദം നല്കാൻ നമുക്കു കഴിയുകയില്ല. എന്നാൽ സർവ്വശക്തനായ ദൈവം എല്ലാ ഹൃദയങ്ങളുടെയും അവസ്ഥ അറിയുന്നവനാണ്, ദൈവം എല്ലാറ്റിനേയും തന്റെ ദിവ്യസമാധാനത്താൽ നിറച്ചു സകല പ്രശ്നങ്ങളിൽ നിന്നും വിടുവിക്കും.

..........................................





## (17) ആഭരണവർജ്ജനം സ്നാനത്തിനു അനിവാര്യമാണോ?

വിശ്വാസികളുടെ സമൂഹത്തിൽ അടുത്തിടെ എറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് വിശ്വാസികൾ ആഭരണം ധരിക്കാമോ എന്നുള്ളത്. സ്നാനത്തിന്റെ മറവിൽ ആഭരണധാരണത്തെ ബന്ധപ്പെടുത്തി ഒരു ചോദ്യവും അഭിപ്രായ വോട്ടിനായി ദേശത്തെങ്ങും അയെച്ചു. പ്രസ്തുത ചോദ്യം ഇപ്രകാരമായിരുന്നു —*"സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട് കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ച് രക്ഷിക്കപ്പെട്ട് /പരിശുദ്ധാത്മാവിനെ പ്രാപിച്ച് കർത്താവിന്റെ ശ്രേഷ്ഠമായകല്പന ജലത്തിൽ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവരെ ആഭരണം വർജ്ജിക്കാത്ത ഏക കാരണത്താൽ സ്നാനം കഴിപ്പിച്ചു കൂടാതെവണ്ണം വെള്ളം വിലക്കുന്നത് തിരുവചനത്തിന് നിരക്കുന്നതാണോ ?"* ആഭരണം ധരിച്ചിരിക്കുന്നു എന്ന ഏക കാരണത്താൽ വെള്ളം വിലക്കുന്നത് ശരിയല്ല എന്നുള്ള ഭൂരിപക്ഷ അഭിപ്രായം സ്ഥാപിക്കുകയും അതോടൊപ്പം ആഭരണധാരികളുടെ ഭാരതത്തിലെ സ്ഥിതിവിവരക്കണക്കും കാണുവാനിടയായി.

ഭാരതം ജനാധിപത്യരാജ്യമായതിനാൽ തിരുവചനത്തിൽ പേരെടുത്തു പറയാത്ത വിഷയങ്ങൾക്കു ജനാധിപത്യരീതിയിൽത്തന്നെ വിശദീകരിക്കുന്നത് അന്ത്യകാലത്തെ സംബന്ധിച്ചു അതിശയോക്തി ജനിപ്പിക്കുന്നില്ല. ഈ അവസരത്തിൽ കനാൻ ദേശം ഒറ്റുനോക്കുവാൻ പോയ സംഭവമാണ് ഓർമ്മ വരുന്നത്. കനാൻദേശം ഒറ്റുനോക്കുവാനായി ദൈവകല്പനപ്രകാരം മോശെ 12 പേരെ അയക്കുന്നു (സംഖ്യാ.13:1). എന്നാൽ ഒറ്റുനോക്കുവാൻ അയക്കുന്നത് യഥാർത്ഥത്തിൽ ജനത്തിന്റെ ആഗ്രഹപ്രകാരമായിരുന്നു (ആവ.1:22,23). അതായത് ദൈവഹിതത്തിനെതിരായുള്ള ജനത്തിന്റെ സംശയത്താലുള്ള ചാഞ്ചാട്ടത്തിൽ നിന്നാണ് അത് ഉടലെടുത്തത്. അയെക്കപ്പെട്ട 12 പേരിൽ യോശുവയുടെയും കാലേബിന്റെയും അഭിപ്രായം ന്യൂനപക്ഷാഭിപ്രായമെന്നു കണ്ടു തള്ളിക്കളയകയും ഭൂരിപക്ഷാഭിപ്രായത്തെ മാനിച്ച് ജനം അതിനെ പ്രോത്സാഹിപ്പിക്കു

കയും ചെയ്തു. ഫലമോ ദൈവജനം ദൈവാശ്രയമില്ലാത്തവരായി അനേക ദുരന്തങ്ങൾക്കു വഴിതെളിയിച്ചുകൊണ്ടു ദൈവത്തോടു മത്സരിക്കുവാനിടയായി. ഇന്നും ആത്മീയമായ കാര്യങ്ങൾ പരിശുദ്ധാത്മസഹായത്താൽ മനസ്സിലാക്കുന്നതിനു പകരം ലോകജനതയെപ്പോലെ ഭൂരിപക്ഷ അഭിപ്രായം സ്ഥാപിച്ചു അതിനു ഊന്നൽ കൊടുക്കുന്നത് അഭിലഷണീയമല്ല.

## (18) യാതൊരു ആഭരണവും ധരിക്കരുതെന്നു "ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ?"

യാതൊരാഭരണവും ധരിക്കരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? എന്നുള്ള ചോദ്യവുമായി ഈ അന്ത്യകാലത്ത് അനേകർ വിശ്വാസികളെ സമീപിക്കുന്നു. കർത്താവിനെ മാത്രം നോക്കി ലോകത്തിലുള്ള സകലവും ഉപേക്ഷിച്ചുപോയ പിതാക്കന്മാരുടെ പാത പിൻപറ്റുവാൻ പുത്തൻ തലമുറയ്ക്കു ഏറെ വൈഷമ്യമുണ്ട്. ആഭരണമുൾപ്പെടെയുള്ള ലോകവസ്തുക്കൾ പിതാക്കന്മാർ ഉപേക്ഷിച്ചപ്പോൾ അതിനൊക്കെ കാരണവും, ലക്ഷ്യവുമുണ്ടായിരുന്നു. എന്നാൽ അതൊക്കെ പഴഞ്ചൻ സിദ്ധാന്തങ്ങളും ആദർശങ്ങളുമാണെന്നു പറഞ്ഞു മുദ്രകുത്തി ലോകത്തിനു അനുരൂപരായി ജീവിക്കുന്നു. ചുരുക്കത്തിൽ ദൈവവചനത്തിൽ നിശ്ചയമില്ലാതെ, "അങ്ങനെയും ആകാം ഇങ്ങനെയും ആകാം" എന്ന സിദ്ധാന്തത്തിൽ എത്തിച്ചേരുന്നു. ഈ സമയത്തു ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ടു ആഭരണം ധരിക്കരുതെന്നു തിരുവചനത്തിലെവിടെയെങ്കിലും ദൈവം പറഞ്ഞിട്ടുണ്ടോ എന്ന ചോദ്യവുമായി ചിലർ വിശ്വാസിയെ സമീപിക്കുന്നു. "ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്നുള്ള ഈ പഴയചോദ്യത്തിനു മുമ്പിൽ പതറി പാപത്തിലേക്കു വീണുപോയ നമ്മുടെ ആദിമാതാവിനു നേരിട്ട ദുരന്തം നമുക്കു ഭയദൃഷ്ടാന്തമായിട്ടിരിക്കുന്നു. യഥാർത്ഥത്തിൽ പാപത്തിന്റെ തുടക്കം ഏദൻതോട്ടത്തിലല്ലായിരുന്നു. അതു സ്വർഗ്ഗത്തിൽ തന്നെ ദൈവത്തിന്റെ പ്രധാന സൃഷ്ടിയായ ലൂസിഫറിൽ ആരംഭിച്ചു. പ്രഭാതനക്ഷത്രം, അരുണോദയ പുത്രൻ, പ്രകാശവാഹി





എന്നൊക്കെ അറിയപ്പെട്ട "ലൂസിഫർ" ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ വസിച്ചവനായിരുന്നു. മാതൃകാമുദ്രയും, ജ്ഞാനസമ്പൂർണ്ണനും, സൗന്ദര്യസമ്പൂർണ്ണനുമായി നവരത്നങ്ങളാൽ അലംകൃതനായ അരുണോദയപുത്രനായ ശുക്രനിൽ ഉന്നതഭാവവും, നിഗളഹൃദയവുമുണ്ടായി. അത്യുന്നതനായ ദൈവത്തോടു സമനാകുവാൻ ആഗ്രഹിച്ചു പ്രവർത്തിച്ചതിനാൽ ദൈവക്രോധത്തിനു കാരണക്കാരനായി വെട്ടേറ്റു പാതാളത്തിലേക്കു നിലംപതിച്ചു (യെശ.14:12-15/ യെഹെ.28:12-17). അങ്ങനെ ദൈവത്തിന്റെ ഏറ്റവും പ്രധാനസൃഷ്ടിയും, ദൂതനുമായവൻ സാത്താനായി നാശകൂപത്തിൽ ചെന്നെത്തി. അന്നു മുതൽ ഇന്നുവരെയും അവൻ ദൈവീകപ്രമാണങ്ങൾക്കു തുരങ്കം വെക്കുവാനും, മാറ്റിമറിക്കുവാനും അനേകരെ പലവിധത്തിൽ അവന്റെ കെണിയിൽ വീഴ്ത്തുവാനും രാപകൽ അദ്ധ്വാനിക്കുന്നു.

"ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്നുള്ള ചോദ്യം ആഭരണധാരണവുമായി ഒരു ബന്ധവുമില്ല. എന്നാൽ പ്രസ്തുത ചോദ്യത്തിന്റെ പ്രസക്തി നിലനില്ക്കുന്നു. ദൈവീകകൂട്ടായ്മയിലും, സന്തോഷത്തിലും ഏദൻതോട്ടത്തിൽ കഴിഞ്ഞ മനുഷ്യനെ സാത്താൻ നോട്ടമിട്ടു. "ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്നുള്ള ചോദ്യവുമായി ആദിമാതാവായ ഹവ്വായെ സാത്താൻ സമീപിച്ചു. ദൈവം കല്പിച്ചിട്ടുണ്ടെന്നു അറിയിച്ചപ്പോൾ ദൈവകല്പനയെ നിസ്സാരമാക്കുവാൻ പ്രേരിപ്പിച്ചു. നിങ്ങൾ മരിക്കയില്ല, നിങ്ങളുടെ കണ്ണു തുറക്കും, നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആയിത്തീരും എന്നു ഈ കൗശലക്കാരൻ ദൈവകല്പന വ്യാഖ്യാനിച്ചു വികലമായി പൊരുൾ തിരിച്ചു കൊടുത്തു. തുടർന്നു കണ്മോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ പാപങ്ങളിൽ പതിച്ചു; ദൈവീകസംസർഗ്ഗത്തിൽ നിന്നും മനുഷ്യൻ പുറത്താക്കപ്പെട്ടു. ഇന്നും അനേകർ ഈ സൂത്രധാരിയുടെ സ്നേഹിതനായി ലോകമോഹങ്ങളിൽ മുങ്ങിക്കുളിച്ചു ഉപദേശങ്ങളോടും ആചാരങ്ങളോടുമുള്ള ബന്ധത്തിൽ ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു. "ദൈവം വാസ്തവമായി കല്പി

ച്ചിട്ടുണ്ടോ" എന്നുള്ള ചോദ്യവുമായി വിശ്വാസിയെ സമീപിച്ചിട്ട്, ദൈവവചനത്തിലുള്ള വിശ്വാസിയുടെ നിശ്ചയത്തെ പിടിച്ചു കുലുക്കി, ദൈവകല്പന ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നു.

"നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്നു ദൈവം വളരെ വ്യക്തമായി കല്പിച്ചിരിക്കുമ്പോൾ ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?, ശരിതന്നെയോ?, പഴയനിയമവാക്യമല്ലേ?, അവർ നീക്കിയതു താൽക്കാലികമായിരുന്നില്ലേ? പുതിയനിയമത്തിൽ ആഭരണം ധരിക്കരുതെന്നു പറഞ്ഞിട്ടുണ്ടോ? എന്നീ ചോദ്യങ്ങൾക്കു മുമ്പിൽ പതറാതെ "ദൈവം കല്പിച്ചിട്ടുണ്ടു" എന്നു നിശ്ചയത്തോടെ പറഞ്ഞു ആഭരണമോഹങ്ങളിൽനിന്നു അകന്നു ദൈവവചനത്തിൽ പ്രാഗത്ഭ്യമുള്ളവരായി, സാക്ഷ്യമുള്ളവരായി സത്യത്തിന്റെ ഭാഗത്തു നമുക്കു ഉറച്ചു നിൽക്കാം.

ഒരു വസ്തുത ശ്രദ്ധയോടെ ഓർക്കുക — "നിന്റെ ആഭരണം നീക്കികളക" എന്ന പഴയനിയമത്തിൽ ശക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവകല്പനയ്ക്കുശേഷം സുവിശേഷത്തിൽ കർത്താവോ, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ കർത്താവിനെ പിൻപറ്റി ജീവിച്ച അപ്പൊസ്തലന്മാരോ, ലേഖനങ്ങളിൽ ഉപദേശമായോ 'ആഭരണം ധരിച്ചുകൊൾക' എന്ന നിർദ്ദേശം ഇല്ലേയില്ല. ആയതിനാൽ ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്റെ മുമ്പാകെ പതറി വീണുപോകാരിരിപ്പാൻ ദുരുപദേശങ്ങളെ സൂക്ഷിക്കുക. *"അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചു കൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും"* (എഫെ.4:14,15). *"അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടതു അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു"* (എബ്രാ.2:1); *''അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ട*





*താകുന്നു"* (1.യോഹ.2:6) എന്നീ ദൈവവചനങ്ങൾ മുറുകെപ്പിടിച്ചു കൊണ്ടു നോട്ടം നമ്മുടെ പ്രാണപ്രിയനിൽ മാത്രം കേന്ദ്രീകരിച്ചു വിശ്വാസയാത്ര തുടരാം.

## (19) സ്നാനപ്പെടുന്നതിനു മുമ്പ് ആഭരണം നീക്കണം എന്നു പറയുന്നത് കർത്താവിന്റെ അന്ത്യകല്പനയുടെ ക്രമം തെറ്റിക്കലല്ലേ?

കർത്താവിന്റെ അന്ത്യകല്പനയായി മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മഹാനിയോഗത്തെ സ്വാർത്ഥ താല്പര്യത്തോടെ രൂപപ്പെടുത്തി ആഭരണം ധരിക്കുന്നതിൽ തെറ്റില്ല എന്നു വ്യാഖ്യാനിക്കുന്നവരെ കാണാം. രക്ഷിക്കപ്പെട്ടാലുടനെ സ്നാനപ്പെടുത്തണമെന്നും അതിനു ശേഷം മതി സകലതും പഠിപ്പിക്കേണ്ടത് എന്നുമാണവരുടെ നിഗമനം. അതായത് വിട്ടുകളയാത്ത പാപങ്ങളെക്കുറിച്ചും, കുത്തഴിഞ്ഞ വേർപാടില്ലാത്ത ജീവിതത്തെക്കുറിച്ചും സകലവും പഠിപ്പിക്കുന്നത് സ്നാനപ്പെടുത്തിയ ശേഷം മതിയെന്നാണ്. അങ്ങനെയെങ്കിൽ സഭയിൽ അനേകർ വന്നെത്താനിടയാകുമെന്നു സമർത്ഥിക്കുന്നു. സ്നാനപ്പെടുന്നതിനു മുമ്പു ആഭരണം നീക്കണമെന്നു പറഞ്ഞാൽ കർത്താവ് പറഞ്ഞ മഹാനിയോഗത്തിലെ ക്രമം തെറ്റിക്കലാണെന്നു ഇക്കൂട്ടർ ഉപദേശിക്കുന്നു. പ്രസ്തുത ഭാഗം നമുക്കു പരിശോധിക്കാം.

**മത്താ.28:19,20** — "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ..."

മൂലഭാഷയായ ഗ്രീക്കിൽ 'ശിഷ്യരാക്കി സ്നാനപ്പെടുത്തുക' എന്നാണ് കാണുന്നത്. സ്നാനപ്പെടുത്തി ശിഷ്യരാക്കുക എന്നല്ല. വാകൃത്തിന്റെ വിവിധ പരിഭാഷകൾ നോക്കുക —

**NKJV** > "Go therefore and make disciples of all the nations, baptizing them in the name of the Father and of the Son and of the Holy Spirit, teaching them to observe all things that I have commanded you; and lo, I am with you always, even to the end of the age." Amen.

**ASV** > Go ye therefore, and make disciples of all the nations, baptizing them into the name of the Father and of the Son and of the Holy Spirit: teaching them to observe all things whatsoever I commanded you: and lo, I am with you always, even unto the end of the world.

**KJV** > Go ye therefore, and teach all nations, baptizing them in the name of the Father, and of the Son, and of the Holy Ghost: Teaching them to observe all things whatsoever I have commanded you: and, lo, I am with you alway, even unto the end of the world. Amen.

**Tamil** > മത്തേയൂ.28:19,20 — ആകയാൽ നീങ്കൾ പുറപ്പെട്ടു പോയി സകല ജാതികളെയും ശിഷ്യരാക്കി പിതാ കുമാരൻ പരിശുദ്ധാവിയിൻ നാമത്തിലെ അവർകൾക്കു ജ്ഞാനസ്നാനം കൊടുത്തു, ഞാൻ ഉങ്കളുക്കു കട്ടളൈ ഇട്ട് യാവയും അവർകൾ കൈക്കൊള്ളുംപടി അവർകൾക്കു ഉപദേശം പണ്ണുങ്കൾ. ഇതോ, ഉലകത്തിൻ മുടിവു പര്യന്തം സകല നാട്കളിലും നാൻ ഉങ്കളുടനെ കൂടെ ഇരിക്കിറേൻ എൻട്രാർ. ആമേൻ.

**Hindi** > മത്തി.28:19,20 — ഇസിലിയേ തും ജാവോ, സബ് ജാതിയോം കെ ലോഗോം കൊ ചേലാ ബനാവോ ഔർ ഉൻഹേം പിതാ, പുത്രു ഔർ പവിത്യൃആത്മാ കെ നാം ബെപ്തിസ്മാ ദോ. ഔർ ഉനേം സബ് ബാത്തേം ജോ മൈം നെ തുമേം ആജ്ഞാ ദി ഹെ, മാൻനാ സിഖാവോ: ഔർ ദേഖാ, മൈം ജഗത്ത് കെ അന്ത് തക്ക് സദൈവ് തുമാരെ സംഗ് ഹൂം.





**Bharat Bible Society, Kochi** > മത്താ.28:19,20 — "ആകയാൽ നിങ്ങൾ പുറപ്പെട്ടു, സകലജാതികളെയും ശിഷ്യരാക്കി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു."

**Bible League International (World Bible Translation Center, Texas** > മത്താ.28:19,20— "അതിനാൽ നിങ്ങൾ എല്ലാ രാജ്യങ്ങളിലും ചെന്ന് അവരെ ശിഷ്യരാക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പേരിൽ അവരെ സ്നാനപ്പെടുത്തുക. ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുക. ഞാൻ എപ്പോഴും നിങ്ങളോടൊപ്പമുണ്ടാകുമെന്ന് നിങ്ങൾക്കുറപ്പിക്കാം. ലോകാവസാനംവരെ ഞാൻ നിങ്ങളോടൊപ്പമുണ്ടാകും."(Refer : http://www.bibleleague.org/resources/bible-download/malayalam-bible)

ഈ വാക്യങ്ങളിൽ 'ശിഷ്യരാക്കി സ്നാനപ്പെടുത്തുക' (make disciples and baptizing) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശിഷ്യരാക്കുക എന്നാൽ രക്ഷയുടെ ഉപദേശം കൊടുക്കുക മാത്രമല്ല. കർത്താവിന്റെ ക്രൂശെടുത്തു കർത്താവിനെ അനുഗമിക്കുക എന്നുള്ള ഉപദേശവും ഇതിനാവശ്യമാണ്. വീണ്ടും ജനിക്കുക അഥവാ രക്ഷിക്കപ്പെടുക എന്നതും ശിഷ്യനാകുക എന്നതും വ്യത്യസ്തമാണ്.

(1) രക്ഷിക്കപ്പെടുക എന്നാൽ സുവിശേഷം കേട്ടു യേശുക്രിസ്തുവിനെ ഹൃദയത്തിൽ നാഥനും കർത്താവുമായി സ്വീകരിക്കുക. ശിഷ്യനാകുക എന്നാൽ രക്ഷിക്കപ്പെട്ട ശേഷം കർത്താവിന്റെ ഉപദേശം കേട്ടു കർത്താവിനെ പിൻപറ്റി അനുഗമിക്കുന്നതിനെ കുറിക്കുന്നു.

(2) രക്ഷിക്കപ്പെടുക എന്നത് സുവിശേഷം കേൾക്കുന്ന മാത്രയിൽ ഒരു നിമിഷംകൊണ്ടു നടക്കുന്നതാണ്. എന്നാൽ ശിഷ്യത്വം അപ്രകാരമല്ല. കർത്താവിനോടു ചേർന്നു നടന്നു ഉപദേശങ്ങൾ കേൾക്കുകയും പാലിക്കുകയും ചെയ്യു മ്പോൾ ശിഷ്യത്വത്തിലേക്കു കടക്കുന്നു.

(3) രക്ഷിക്കപ്പെട്ടവരെല്ലാം ശിഷ്യന്മാരല്ല. കർത്താവിന്റെ കാലത്തു വിശ്വാസികൾ അനേകരുണ്ടായിരുന്നു. എന്നാൽ ശിഷ്യന്മാർ ചുരുക്കമായിരുന്നു.

(4) പാപികൾ രക്ഷിക്കപ്പെടണമെന്നും അങ്ങനെയുള്ളവർ ശിഷ്യന്മാരാകണമെന്നും കർത്താവു ആഗ്രഹിക്കുന്നു.

(5) രക്ഷിക്കപ്പെടുക എന്നാൽ ക്രൂശിങ്കലേക്കു വന്നു പുത്വത്വം പ്രാപിക്കുക. ശിഷ്യരാകുക എന്നാൽ പുത്രത്വം പ്രാപിച്ചവർ കർത്താവിന്റെ ക്രൂശെടുത്തു നടക്കുക എന്നാണ്.

(6) രക്ഷിക്കപ്പെടുമ്പോൾ ശരീരമാകുന്ന ഭവനത്തിൽ ശുദ്ധീ കരണമുണ്ടായി യേശുക്രിസ്തുവിനെ നിറെക്കുന്നു. ശിഷ്യനാകുമ്പോൾ രക്ഷിക്കപ്പെട്ട അവസ്ഥയിൽ ശരീരമാ കുന്ന ഭവനത്തിലെ സകല ലോകമാലിന്യങ്ങളും നീക്കി കർത്താവിനെ അനുഗമിക്കുന്നു.

'സകലജാതികളെയും ശിഷ്യരാക്കുക' എന്നാൽ രക്ഷയുടെ സന്ദേശവും, അതോടൊപ്പം ശിഷ്യത്വത്തിന്റെ ഉപദേശവും നല്കി ശിഷ്യരാക്കുക എന്നാണ്. ആകയാൽ രക്ഷിക്കപ്പെട്ടവർ സ്നാന ത്തിനു മുമ്പു ആഭരണമുൾപ്പെടെ സകല ലോകമാലിന്യങ്ങളും നീക്കം ചെയ്തു വേർപാടു പാലിക്കണമെന്നത് കർത്താവിന്റെ മഹാ നിയോഗത്തിലെ കല്പനയിലെ ക്രമം തെറ്റിക്കലല്ല. മാത്രവുമല്ല ശിഷ്യ രാക്കിയ ശേഷം പഠിപ്പിക്കേണ്ട വിഷയവുമല്ല ആഭരണമെന്ന ലോക മാലിന്യങ്ങൾ നീക്കുക എന്നുള്ളത്.

..........................................





## (20) യേശുവിന്റെ ജനനത്തിൽ വിദ്വാന്മാർ പൊന്നു കാഴ്ചവെച്ചതിനാൽ വിശ്വാസികൾക്കു ആഭരണം ധരി ക്കാമോ ?

യേശുവിന്റെ ജനനത്തിൽ വിദ്വാന്മാർ പൊന്നു കാഴ്ചവെച്ചു — ആയതിനാൽ വിശ്വാസികൾക്കും പൊന്നാഭരണം ഉപയോഗിക്കാ മെന്നു ആഭരണധാരണത്തെ ചിലർ അനുകൂലിച്ചു വ്യാഖ്യാനിച്ചു കാണുന്നു. യേശുവിനു പൊന്നു കാഴ്ചവെച്ചു എന്നത് ആത്മീയ വ്യാഖ്യാനത്തേക്കാൾ ആക്ഷരികമായി ഈ സംഭവത്തെ അംഗീക രിക്കണമെന്നു സമർത്ഥിക്കുന്നു.

ആത്മീയ വ്യാഖ്യാനത്തേക്കാൾ ആക്ഷരികമായി ഈ സംഭ വത്തെ അംഗീകരിക്കണം എന്നുള്ള പ്രബോധനം കേൾക്കുമ്പോൾ അയ്യോ കഷ്ടം! എന്നു വിലപിക്കുവാനേ ഒരു ദൈവപൈതലിനു സാധിക്കൂ. ഇത് കേൾക്കുമ്പോൾ കർത്താവു പറഞ്ഞ വാക്കുകളാണ് ഇത്തരുണത്തിൽ ഓർമ്മ വരുന്നത് —

*"ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശു ക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു"* (മത്താ.11:25).

*"നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ല താനും; ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു; കണ്ണു അടെച്ചിരിക്കുന്നു; അവർ കണ്ണു കാണാതെയും ചെവി കേൾക്കാ തെയും ഹൃദയംകൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാ തെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നേ"* (മത്താ.13:14).

യേശുവിന്റെ ജനനത്തിൽ വിദ്വാന്മാർ പൊന്നു കാഴ്ചവെച്ചതി നാൽ വിശ്വാസികൾക്കു ആഭരണം ധരിക്കാമോ?

മത്താ.2:10,11 — *“നക്ഷത്രം കണ്ടതുകൊണ്ടു അവർ അത്യന്തം സന്തോഷിച്ചു: ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു; നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വെച്ചു.”* യേശുവിനു വിദ്വാന്മാർ പൊന്നു കാഴ്ചവെച്ചതിനാൽ വിശ്വാസിക്കും പൊന്നു ധരിക്കാമെന്നത് അബദ്ധവ്യാഖ്യാനമാണ്. പൊന്നും കുന്തുരുക്കവും മൂരും വിദ്വാന്മാർ കാഴ്ചവെച്ചത് കർത്താവിനെ ആദരിക്കുന്നതായിരുന്നു. അത് അക്ഷരാർത്ഥത്തിൽ നടന്നതു തന്നെ. അതിലെ ആത്മീയ അർത്ഥം മനസ്സിലാക്കി ഇന്ന് കർത്താവിനെ സ്തുതിക്കുവാൻ വിശ്വാസികളായ നാം കടമ്പെട്ടിരിക്കുന്നു.

പൊന്ന് കർത്താവിന്റെ രാജത്വത്തിന്റെയും, ദൈവത്വത്തിന്റെയും അംഗീകാരം. കുന്തുരുക്കം കർത്താവിന്റെ പൗരോഹിത്വത്തിന്റെ അംഗീകാരം. മൂര് കർത്താവിന്റെ യാഗമരണത്തിന്റെയും കഷ്ടാനുഭവത്തിന്റെയും പ്രവാചകശുശ്രൂഷയുടെയും അംഗീകാരം. അതായത് പൊന്നും കുന്തുരുക്കവും മൂരും കർത്താവിന്റെ മൂന്നു ഔദ്യോഗിക പദവികളെ വെളിപ്പെടുത്തുന്നു. പൊന്ന് രാജത്വത്തെയും, കുന്തുരുക്കം മഹാപൗരോഹിത്വത്തെയും, മൂര് പ്രവാചകത്വത്തെയും കാണിക്കുന്നു. യേശുവിനു പൊന്നു കാഴ്ച വെച്ചതിനാൽ നമുക്കും ധരിക്കാമെന്നു ചിന്തിക്കുകയും അപ്രകാരം വ്യാഖ്യാനിച്ചു വിശ്വാസികളെ വഴിതെറ്റിക്കാതെയിരിക്കുക. മാത്രവുമല്ല വിദ്വാന്മാരെപ്പോലെ കർത്താവിന്റെ ഉന്നതി മനസ്സിലാക്കി നമ്മുടെ നിക്ഷേപപാത്രങ്ങൾ തുറന്നു ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന വിലയേറിയ സ്തുതിസ്ത്രോത്രങ്ങൾ അർപ്പിക്കുക.

യേശുവും പൊന്നും എന്ന വിഷയത്തിൽ താഴെ വിവരിച്ചിരിക്കുന്നവയെ ബന്ധപ്പെടുത്തിയും വിശ്വാസികൾക്ക് ആഭരണം ധരിക്കാമെന്നു സമർത്ഥിക്കുന്നത് തിരുവചനത്തോടുള്ള അവഹേളനവും, ആത്മിക അജ്ഞതയും നിമിത്തമാണ്. അവരുടെ പ്രസ്താവനകൾ താഴെ വിവരിക്കുന്നു. അതിപ്രകാരമാണ് —





> യേശു 70 പേരെ അയച്ചപ്പോൾ മടിശ്ശീലയിൽ പൊന്നും വെള്ളിയും എടുക്കുവാൻ അനുവദിച്ചില്ല (മത്താ.10:9).

> മടിശ്ശീലയിൽ പൊന്നും വെള്ളിയും എടുക്കുവാൻ പിന്നീട് അനുവദിച്ചു (ലൂക്കൊ.22:35,36).

> യേശു പറഞ്ഞ ദ്രഹ്മ, താലന്ത്, എന്നീ ഉപമകളും സ്വർണ്ണത്തോട് യേശുവിനു വിരക്തി ഉണ്ടായിരുന്നില്ല എന്നതിന്റെ തെളിവാണ്.

> ധൂർത്തു പുത്രന്റെ കൈയ്ക്ക് മോതിരം നല്കി പിതാവ് സ്വീകരിച്ചു എന്നു കർത്താവു പറയുന്നത് ശ്രദ്ധേയമാണ് (ലൂക്കൊ.15:2).

> യോഹന്നാൻ പത്മോസിൽ യേശുവിനെ കാണുന്നത് മാറത്ത് പൊൻകച്ച കെട്ടിയവനായിട്ടാണ് (വെളി.1:13).

> തീയിൽ ഊതിക്കഴിച്ച പൊന്ന് വിലയ്ക്ക് വാങ്ങുവാൻ ലവൊദിക്യസഭയോടു കർത്താവു പറയുന്നു (വെളി.3:18).

യേശു 70 പേരെ അയച്ചപ്പോൾ മടിശ്ശീലയിൽ പൊന്നും വെള്ളിയും എടുക്കുവാൻ അനുവദിച്ചില്ല, പിന്നീട് അനുവദിച്ചു, യേശു പറഞ്ഞ ദ്രഹ്മ, താലന്ത്, എന്നീ ഉപമകളും സ്വർണ്ണത്തോട് യേശുവിനു വിരക്തി ഉണ്ടായിരുന്നില്ല, ധൂർത്തു പുത്രന്റെ കൈയ്ക്ക് മോതിരം അണിയിച്ചു, കർത്താവു മാറത്ത് പൊൻ കച്ചകെട്ടിയിരിക്കുന്നു, തീയിൽ ഊതിക്കഴിച്ച പൊന്ന് വിലയ്ക്ക് വാങ്ങുവാൻ സഭയോടു പറഞ്ഞിരിക്കുന്നു എന്നൊക്കെ ചൂണ്ടിക്കാട്ടിയിട്ട്, ദൈവജനമേ നിങ്ങൾക്കു ആഭരണം ആകാം എന്നു വ്യാഖ്യാനിക്കുന്നത് ദൈവവചനത്തോടും ആത്മിയവിഷയത്തോടും കാട്ടുന്ന നിന്ദ്യമായ അവഹേളനമാണ്. വിശ്വാസിയേ, ഇവയൊക്കെ ആത്മിയമായി ചിന്തിച്ചു ആഭരണമോഹമെല്ലാം ഉപേക്ഷിച്ചു കർത്താവിന്റെ കരങ്ങളിലെ ഇണങ്ങിയ ഉപകരണങ്ങളായി അമർന്നിരുന്നു ആത്മഫലം പുറപ്പെടുവിക്കാം.

.........................................

## (21) ആഭരണം വർജ്ജിക്കുക എന്നത് കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നതിനു തുല്യമല്ലേ ?

ആഭരണധാരണത്തെ അനുകൂലിക്കുയും, പ്രോത്സാഹിപ്പിക്കുകയും, അവ ധരിക്കുകയും ചെയ്യുന്നവർ തൊടുത്തുവിടുന്ന ഒരു കുസൃതി ചോദ്യമാണിത്. അവർ ഉയർത്തിക്കാണിക്കുന്ന തിരുവചന ഭാഗം ശാസ്ത്രിമാരുടെയും പരീശന്മാരുടെയും കപടഭക്തിയോടുള്ള കർത്താവിന്റെ പരാമർശമാണ്. **മത്താ.23:25,26 —** *"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ, കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിന്നു മുമ്പെ അവയുടെ അകം വെടിപ്പാക്കുക."* കർത്താവ് തന്നെ അനുഗമിച്ച പുരുഷാരത്തോടും ശിഷ്യന്മാരോടും പറയുന്ന വാക്കുകളാണിവ. മതനേതാക്കളെന്നഭിമാനിക്കുന്ന ശാസ്ത്രിമാരുടെയും പരീശന്മാരുടെയും കപടഭക്തി തുറന്നു കാണിക്കുന്നതാണ് മത്തായി 23 -ൽ വിശദീകരിച്ചിരിക്കുന്നത്. അകമേ ശുദ്ധിയില്ലാത്ത ഒരു കൂട്ടർ!

സന്ദർഭത്തെയും ആത്മീയാർത്ഥത്തെയും മനസ്സിലാക്കാതെ അജ്ഞത നടിച്ചു ആഭരണത്തെ അനുകൂലിക്കുന്നവർ ആഭരണധാരണവുമായി ഈ ഭാഗത്തെ ബന്ധപ്പെടുത്തുന്നു. എന്നാൽ ഇതിന് ആഭരണധാരണവുമായി ബന്ധമില്ല. "ആഭരണം നിഷേധിക്കുന്നതിനാൽ വേർപാട് ആകുന്നത് കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കൽ പോലെയാണ്." അവരുടെ നിഗമനം എന്നത് ആഭരണവർജ്ജനം കിണ്ടികിണ്ണങ്ങളാകുന്ന അവരുടെ ശരീരത്തിന്റെ പുറമേ മാത്രം ശുദ്ധീകരിക്കുന്നവരെന്നാണ്. കിണ്ടികിണ്ണങ്ങളുടെ പുറം മാത്രം വെടിപ്പാക്കിയാൽ പോരാ അകവും വെടിപ്പാക്കണമെന്ന കർത്താവിന്റെ പ്രബോധനത്തിലേക്കു മടങ്ങി വരണം. കിണ്ടിയും കിണ്ണങ്ങളും ശുദ്ധീകരണത്തിനും പാനം ചെയ്യുന്നതിനുമുള്ള ജലം പകർന്നു വെക്കുന്നതിനു സാധാരണയായി ഉപയോഗിക്കുന്നു. ഇവയിൽ അകത്തോ പുറത്തോ അഴുക്കിന്റെ അംശം ഉണ്ടെങ്കിൽ എത്ര വൃത്തിഹീനമായിരിക്കും?





വിശുദ്ധീകരണം എന്നത് അകവും പുറവും ഒരുപോലെ ആയിരിക്കണം. വിശ്വാസികളെ കിണ്ടികിണ്ണങ്ങളെന്നു സാമ്യപ്പെടുത്തിയാൽ പോലും അവരിൽ വിശുദ്ധീകരണത്തിന്റെ പ്രസക്തി ഉയർന്നിരിക്കണം. എന്നാൽ മാത്രമേ ഉടമസ്ഥനു അതിനെ മാനപാത്രമായി എണ്ണുവാൻ സാധിക്കൂ. വിശ്വാസി അകമേ വിശുദ്ധി പാലിക്കുന്നതോടൊപ്പം പുറമേയുള്ള ശുദ്ധീകരണവും നല്ല സാക്ഷ്യവും നിലനിറുത്തണം. ആഭരണവർജ്ജനം ദൈവകല്പനയുടെ അനുസരണവും, ലോകമാലിന്യങ്ങളുടെ നീക്കിക്കളയലും, സാക്ഷ്യജീവിതത്തിന്റെ പ്രദർശനവുമാണ്. ശമൂവേൽ പ്രവാചകൻ പറയുന്നത് t\ m¡ pI þþ **1.ശമൂ.16:7 —** *"യഹോവ ശമൂവേലിനോടു: .......... മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്ന് അരുളിച്ചെയ്തു."* ഇതിനർത്ഥം യഹോവ ഹൃദയത്തെ മാത്രം നോക്കുന്നതേയുള്ളു എന്നു കരുതാമോ? ഒരിക്കലുമില്ല. ദൈവം ആന്തരികഹൃദയശുദ്ധിയെയും പുറമേയുള്ള ശുദ്ധിയെയും നോക്കുന്നു. കർത്താവിനു മറഞ്ഞിരിക്കുന്നതു ഒന്നുമില്ല (എബ്രാ.4:13).

കേരളത്തിലെ ആത്മീയ ഉണർവ്വിനും വേർപാടു സഭകൾക്കു ശക്തി പകരുന്നതിനും കാരണഭൂതനായ മഹാകവി കെ.വി. സൈമൺ സാർ ആഭരണവർജ്ജനത്തെക്കുറിച്ചു ഒന്നും പറഞ്ഞിട്ടില്ലെന്നു ചിലർ ധരിച്ചിരിക്കുന്നു. സാറിന്റെ *"ശാലോമിയേ! വരികെന്റെ പ്രിയേ, ചേലെഴും സ്വർല്ലോക സുന്ദരിയേ"* എന്ന പ്രസിദ്ധമായ ഗാനത്തിൽ വിശ്വാസി ലോകത്തിൽ എപ്രകാരം ജീവിക്കണമെന്നും ഏതൊക്കെ മേഖലകളിൽ വേർപാടു പാലിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ആഭരണം ജാതികളുടെ ദുരാചരണം എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക (ആത്മീയഗീതങ്ങൾ - 884).

*വേഷവിശേഷങ്ങളാഭരണം*
*ജാതികൾക്കൊത്ത ദുരാചരണം*
*ദൂരീകരിക്ക നീ സോദരപൂരണം*
*സാധിച്ചിടും കപടാത്മികധാരണം*

.........................................

## (22) വിവാഹവും വിവാഹമോതിരവും — വിശ്വാസികളുടെ വിവാഹത്തിൽ മോതിരം ഉടമ്പടിയെ വെളിപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നത് ശരിയാണോ?

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്ന പ്രസ്താവനയോടെ ആരംഭിക്കുന്ന ദൈവവചനമായ ബൈബിളിൽ സകലത്തിന്റെയും ആരംഭത്തെ പ്രസ്താവിക്കുന്നതോടൊപ്പം വിവാഹത്തക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ദൈവം രൂപകല്പന ചെയ്തതാകയാൽ വിവാഹം മാന്യമായതാണ്. സൃഷ്ടിയിൽ ദൈവം ഒരു കുടുംബം ചമെച്ചു. ദൈവം തന്റെ ആലോചനപ്രകാരം ഉണ്ടാക്കിയ കുടുംബം. സകലത്തെയും വാക്കിനാൽ സൃഷ്ടിച്ചു. എന്നാൽ മനുഷ്യനെ തന്റെ കരങ്ങളാൽ മെനഞ്ഞു, തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു. ഓരോ ദിവസവും സൃഷ്ടിയെ നോക്കി നല്ലത് എന്നു ദൈവം വിലയിരുത്തി. എന്നാൽ ആദ്യമായി ദൈവം നന്നല്ല എന്നു പറഞ്ഞത് മനുഷ്യനോടുള്ള ബന്ധത്തിലാണ്. "അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു" (ഉല്പ.2:18). സകല ജീവജാലങ്ങൾക്കും ദൈവം ഇണയെ നൽകി. മനുഷ്യനു മാത്രം തക്കതായ തുണയെ കൊടുത്തു. എന്തിന്? ഈ ലോകജീവിതത്തിൽ മനുഷ്യന്റെ സന്തോഷത്തിലും, സന്താപത്തിലും പങ്കു ചേരുവാൻ, പങ്കാളിയാകുവാൻ തക്ക തുണയാണവശ്യം. വിഷമങ്ങൾ, സങ്കടങ്ങൾ പങ്കിടുമ്പോൾ കുറയും. സന്തോഷം പങ്കു വെയ്ക്കുമ്പോൾ ഏറി വരും. ഇതിനു ഇണയല്ല തുണയാണാവശ്യം. എങ്ങനെ തുണയെ കൊടുത്തു? — *"ആകയാൽ യഹോവയായ ദൈവം മനുഷ്യന്നു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിനു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടു വന്നു. അപ്പോൾ മനുഷ്യൻ; ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസ*





*ത്തിൽ നിന്നു മാംസവും ആകുന്നു"* ആദ്യമനുഷ്യനായ ആദാമിനെ മണ്ണിൽ നിന്നെടുത്തുവെങ്കിൽ ആദാമിന്റെ വാരിയെല്ലിൽ നിന്നുമാണ് ഹവ്വായെ ഉണ്ടാക്കിയത്. സ്ത്രീ പുരുഷനെ ഭരിക്കുവാൻ പുരുഷന്റെ തലയിൽ നിന്നല്ല! പുരുഷനു സ്ത്രീയെ ചവിട്ടിത്താഴ്ത്തുവാൻ അവന്റെ കാലിൽ നിന്നുമല്ല! മറിച്ചു ഹൃദയത്തോടു ചേർന്ന വാരിയെല്ല്! കൈകോർത്തു പിടിച്ചു ജീവകാലം മുഴുവൻ ഒരുമിച്ചു നടക്കുവാൻ. പരസ്പരസ്നേഹമാണു വിവാഹജീവിതത്തിലെ പ്രധാന ഘടകം.

ദൈവം ആദിയിൽ ആദാമിനെക്കൊണ്ടു ഹവ്വായെ മിന്നു കെട്ടിച്ചോ, കൂദാശ, കർമ്മങ്ങൾ നടത്തിയോ അല്ല അവരുടെ വിവാഹം നടത്തിയത്. ഇന്നു ലോകത്തിൽ അനേക വിവാഹ രീതികൾ ഉണ്ട്. മിന്നു കെട്ടി, പൂമാല അന്യോന്യം ചാർത്തി, വസ്ത്രങ്ങൾ കൂട്ടികെട്ടി, മോതിരം മാറി എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ വിശ്വാസികളുടെ വിവാഹശുശ്രൂഷ എങ്ങനെ? ദൈവസന്നിധിയിൽ ഇരുവരും ഉടമ്പടി വാചകങ്ങൾ ചൊല്ലി അഥവാ ഉഭയസമ്മതത്താൽ. അതായത് ദൈവമുമ്പാകെ, സഭയുടെ മുമ്പാകെ ഉഭയസമ്മതത്തെയാണ് വിശുദ്ധവേദപുസ്തകം അനുവദിച്ചിരിക്കുന്നത്. "അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ" (മലാ.2:14) — (She is your companion and wife by covenant).

ധർമ്മപത്നി എന്നതിനു വിവാഹഉടമ്പടിയുടെ ഭാര്യ എന്നാണ് മൂലഭാഷയിലെ പ്രയോഗം. ഇത് അവരുടെ ജീവിതകാലത്തേക്കുള്ള കരാർ ഉടമ്പടിയാണ്. ലോകപ്രകാരമുള്ള സ്ഥാനാരോഹണങ്ങളിൽ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ഉടമ്പടി വാചകങ്ങൾ ഏറ്റു പറഞ്ഞാണ് ഭരണസ്ഥാനങ്ങൾ ഏറ്റെടുക്കുന്നത്. ഇത് അവരുടെ ഉടമ്പടിയെ പ്രസിദ്ധമാക്കുന്നു. വിശുദ്ധവിവാഹവും ഉടമ്പടി വാചകങ്ങൾ ഏറ്റുപറഞ്ഞ് പരസ്പരം കൈകൊടുത്തു സ്വീകരിക്കുന്നു. ദൈവം അവരെ യോജിപ്പിക്കുന്നു. ആകയാൽ വിശ്വാസികളുടെ വിവാഹവേളയിൽ മോതിരവളയത്താലുള്ള ബന്ധനത്തിനു പ്രസക്തിയില്ല.

## (23) നിന്റെ വിവാഹമോതിരം എവിടെ ? — വിദേശയാത്രക്കൊരുങ്ങുമ്പോൾ ഹൈക്കമ്മീഷണർ ചോദിച്ചാൽ എന്തുചെയ്യും?

വിദേശയാത്രയോടുള്ള ബന്ധത്തിൽ വിസാ സ്റ്റാമ്പിംഗിനും മറ്റാവശ്യങ്ങൾക്കും വിദേശഎംബസ്സികളിൽ എത്തുമ്പോൾ അവർ വിവാഹിതരാണെന്നു തെളിയിക്കുവാൻ "നിന്റെ വിവാഹമോതിരം എവിടെ?" എന്നു അധികാരികൾ ചോദിക്കുമ്പോൾ എന്തുചെയ്യുമെന്നു ഒരു ശ്രേഷ്ഠദൈവദാസൻ എഴുതിയതു വായിക്കുവാനിടയായി.

ഏറെ രസകരമായ ഒരു ചോദ്യമാണിത്. അദ്ദേഹത്തിന്റെ സംശയചോദ്യം കേട്ടാൽ വിവാഹിതരാണെന്നു തെളിയിക്കുവാൻ ആഭരണം ധരിച്ചാലേ സാദ്ധ്യമാകൂ എന്ന ധ്വനി ഉയരുന്നു. അധികാരികളിൽ നിന്നു അങ്ങനെയൊരു ചോദ്യം ഉണ്ടാകയില്ല എന്നതാണ് വാസ്തവം. അവിടെ വ്യക്തമായ രേഖകളാണ് ആവശ്യം. അഥവാ അങ്ങനെ ഒരു ചോദ്യം ഉണ്ടായാൽ അതിനുള്ള വ്യക്തമായ ഉത്തരം നല്കുവാൻ തിരുവചനം പഠിച്ചു ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരു ദൈവപൈതലിന് സാധിക്കും എന്നതിനു രണ്ടു പക്ഷമില്ല. —— 'ഞാൻ ഒരു ക്രിസ്തീയ വേർപെട്ട വിശ്വാസിയാണ്, ഞാൻ വിശ്വസിക്കുന്ന ദൈവവചനമായ വിശുദ്ധ ബൈബിൾ ആഭരണധാരണത്തെ അനുവദിക്കുന്നില്ല' എന്ന മറുപടി അവരിൽ നിന്നുയരും. അത് ദൈവനാമമഹത്വത്തിനു ഇടയാകും.

വിവാഹിതരാണെന്നു തെളിയിക്കുവാൻ സ്വർണ്ണമോതിരം മാത്രമല്ല നിരവധി വ്യക്തമായ എഴുതപ്പെട്ട രേഖകൾ ഹാജരാക്കുവാൻ സാധിക്കും എന്നത് അദ്ദേഹത്തിനു അറിയില്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവണതയായി ഈ അജ്ഞതയെ കണക്കാക്കാം.

..........................................





## (24) ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ ആഭരണം ധരിക്കുന്നില്ല. എന്നാൽ ആഭരണവർജ്ജനം ദൈവവചനത്തിനു നിരക്കുന്നതല്ല — പ്രസ്താവന ശരിയോ ? —

ആഭരണധാരണത്തെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുന്ന ചിലർ ഇക്കാലങ്ങളിൽ പറഞ്ഞുകേൾക്കുന്ന അഭിപ്രായമാണിത്. സുവിശേഷം കേട്ടു സകലതും വിട്ടു കർത്താവിന്റെ ഭാഗത്തു വന്നതാണെന്നും, അവരുടെ പിതാക്കന്മാർ ആഭരണം ഉപയോഗിക്കുവാൻ അനുവദിച്ചില്ലെന്നും അത് ഇപ്പോഴും തുടരുന്നു എന്നും പറയുന്നു. ആഭരണവിഷയത്തോടുള്ള ബന്ധത്തിൽ അവർക്കു പറയുവാനുള്ളത് ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ ആഭരണം ധരിക്കുന്നില്ല, അത് ഞങ്ങളുടെ വ്യക്തിപരമായ തീരുമാനം എന്നാണ്.

യോശുവയെപ്പോലെ ജീവിതത്തിൽ ദൈവവചനത്തിനടിസ്ഥാനപ്പെടുത്തി വ്യക്തമായ ഒരു തീരുമാനം എടുക്കാത്തതിനാലാവാം പ്രസംഗവും, പ്രവൃത്തിയും, സാക്ഷ്യവും പൊരുത്തപ്പെടാതെ ഇരുതോണിയിൽ കാലു വെക്കുന്നത്. ഇങ്ങനെയുള്ളവരുടെ വ്യക്തിപരമായ തീരുമാനങ്ങൾ ദൈവജനത്തിനു ദോഷം വരുത്തും എന്നു ഓർക്കുക.

യോശുവയുടെ പ്രഖ്യാപനത്തിന്റെ മുന്നിലേക്കും പിന്നിലേക്കും നോക്കുക —

**യോശു.24:14-16** — *"ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ സേവിപ്പിൻ. നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെയും മിസ്രയീമിലുംവെച്ചു സേവിച്ച ദേവന്മാരെ ഉപേക്ഷിക്കയും യഹോവയെത്തന്നേ സേവിക്കയും ചെയ്വിൻ. യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കക്കരെവെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തുവരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ*

*സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തു കൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും. അതിന്നു ജനം ഉത്തരം പറഞ്ഞതു; യഹോവയെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ സേവിപ്പാൻ ഞങ്ങൾക്കു സംഗതി വരരുതേ."*

ആഭരണവും, ആഭരണധാരണവും മിസ്രയീമിലെ അവശിഷ്ടങ്ങളാണ്. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ആചാരങ്ങളും, അനുഷ്ടാനങ്ങളും, ചമയങ്ങളും ചെങ്കടലിൽ കിടക്കട്ടെ. ശിഷ്യത്വത്തിലേക്കു വന്നു ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു ആഭരണധാരണം ഭൂഷണമല്ല.

ആഭരണവർജ്ജനം നോഹയുടെ പെട്ടകത്തിലെ എട്ടുപേരുമായി തുലനം ചെയ്തു ചിലർ സംസാരിച്ചു കേൾക്കാറുണ്ട്. ആഭരണധാരണം വിശ്വാസികൾക്കു ചേർന്നതല്ലെന്നു പറയുമ്പോൾ തൊടുത്തുവിടുന്ന ഒരാരോപണമാണ് — നോഹയുടെ പെട്ടകത്തിൽ അല്പജനം, എന്നു വെച്ചാൽ എട്ടുപേർ മാത്രമേ കയറിയുള്ളു, അതുകൊണ്ടു ഇവിടെയും അതുമതിയെന്നുള്ള ചിന്താഗതിയാണ് ഇവർക്കുള്ളതെന്ന്. ദൈവീകന്യായവിധിയിൽ നിന്നു രക്ഷപ്പെടുവാൻ ഏകരക്ഷാമാർഗ്ഗമായ പെട്ടകത്തിൽ കയറുവാൻ നോഹ വർഷങ്ങളോളം പ്രസംഗിച്ചു. എന്നാൽ എട്ടുപേരേ കയറിയുള്ളു. ആത്മീയാർത്ഥത്തിൽ പെട്ടകം യേശുക്രിസ്തുവിനോടും, ജലപ്രളയത്തിൽനിന്നുള്ള വിടുതൽ യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെയും കുറിക്കുന്നു. ആയതിനാൽ ഇതിനു ആഭരണധാരണത്തോടോ, ആഭരണവർജ്ജനത്തോടോ ബന്ധമില്ല. പക്ഷേ യേശുക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർ ശുദ്ധിയുള്ളവരായിരിക്കണം. എട്ടുപേരെങ്കിൽ എട്ടുപേർ. സഭയിൽ ആളെക്കൂട്ടാനായി ആഭരണവർജ്ജനം ആവശ്യമില്ലെന്നു പ്രഖ്യാപിച്ചു അശുദ്ധിയിലും മാലിന്യത്തിലും കിടന്നുരുളുന്നവർക്കു ദൈവസഭയിൽ സ്ഥാനമില്ല.

.........................................





## (25) ഉപദേശ സ്ഥാപന വ്യവസ്ഥ പ്രകാരം ആഭരണ വർജ്ജനം തിരുവചനത്തിനു നിരക്കുന്നതോ ? —

"ബ്രദറൺകാർ ഉൾപ്പെടെയുള്ള കൺസർവേറ്റീവ്സ് ഒരു ഉപദേശം സ്ഥാപിക്കുന്നതിന് മൂന്നു അതിപ്രധാന വ്യവസ്ഥകൾ അവലംബിച്ചിട്ടുണ്ട് " എന്ന് ഒരു പുസ്തകത്തിൽ എഴുതിയിരിക്കുന്നത് വായിക്കുവാനിടയായി. അവ — (1) യേശുക്രിസ്തു എന്തു പഠിപ്പിച്ചു? (2) അപ്പൊസ്തലിക പ്രായേഗികത? (3) ലേഖനങ്ങളിൽ അത് സംബന്ധമായ ഉപദേശമുണ്ടോ? — കർത്താവ് സുവിശേഷങ്ങളിൽ ആഭരണവർജ്ജനം സംബന്ധിച്ചു എന്തെങ്കിലും പഠിപ്പിച്ചില്ല. അപ്പൊസ്തലന്മാർ ആഭരണം ഉപേക്ഷിക്കുവാൻ നിർബന്ധിച്ചില്ല. ലേഖനങ്ങളിലൂടെ ആഭരണവർജ്ജനത്തിനനുകൂലമായി യാതൊരു വാക്യവും ഹാജരാക്കുവാൻ സാദ്ധ്യമല്ല എന്നിങ്ങനെ യഥാക്രമം ഓരോന്നിനും ഉത്തരം നല്കി വിശദീകരിച്ചിരിക്കുന്നു.

യേശുക്രിസ്തുവിന്റെ ഉപദേശം, അപ്പൊസ്തലന്മാരുടെ പഠിപ്പിക്കൽ, ലേഖനങ്ങളിലെ ഉപദേശം ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഒരു ഉപദേശരൂപത്തെ നാം അംഗീകരിക്കുന്നത്. അപ്രകാരം തന്നെയായിരിക്കണമെന്നതിൽ ഇരുപക്ഷം ഇല്ല. ഇതേ വാദമുഖത്തിൽ നിന്നുകൊണ്ട് ഇവ ഓരോന്നും ആഭരണധാരണത്തോടുള്ള ബന്ധത്തിൽ ചിന്തിക്കാം.

### (1) യേശുക്രിസ്തു എന്തു പഠിപ്പിച്ചു? —

പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിലൂടെ നമ്മുടെ കർത്താവ് അനേക ആത്മീയസത്യങ്ങൾ തന്റെ അനുയായികളെ പഠിപ്പിച്ചു. അവ ഓരോന്നും ഇക്കാലത്തും പ്രസക്തമായിരിക്കുന്നു. ഇവയിലൊന്നും ആഭരണം വിശ്വാസി ധരിക്കുവാൻ അനുവദിക്കുന്ന വാക്യങ്ങളില്ല. മാത്രവുമല്ല കർത്താവോ ശിഷ്യന്മാരോ പൊന്നോ, വെള്ളിയോ, മുത്തോ കൊണ്ടുള്ള ആഭരണങ്ങൾ ധരിച്ചിരുന്നതായും കാണുന്നില്ല. കർത്താവിന്റെ അന്ത്യകല്പനയെന്നത് സകല ജാതികളെയും ശിഷ്യരാക്കി സ്നാനപ്പെടുത്തുക (ഇംഗ്ലീഷിലും, തമിഴിലും, ഹിന്ദിയിലും, മൂലഭാഷയിലുമുള്ള പ്രയോഗം നോക്കുക) എന്നാണ്. രക്ഷിക്കപ്പെടുന്നവരെ സകലവിധ ലോകമാലിന്യങ്ങളോടും

സ്നാനപ്പെടുത്തുക എന്നല്ല മറിച്ച് ശിഷ്യത്വത്തിന്റെ പാത അഭ്യസിപ്പിച്ചു സ്നാനപ്പെടുത്തുകയെന്നതാണ്.

**(2) അപ്പൊസ്തലിക പ്രായോഗികത? —**

കർത്താവിനെ പിൻപറ്റിയവരും കർത്താവിന്റെ ഉപദേശം കേട്ടവരുമായ അപ്പൊസ്തലന്മാർ അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ കാര്യങ്ങളാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിലുള്ളത്. അവിടെയും ആഭരണം ധരിക്കാൻ അനുവദിക്കുന്ന ഒരു വചനവും ഇല്ല. ആദിമസഭയും, വിശ്വാസികളും ആഭരണം ധരിച്ചവരായിരുന്നു എന്നു തെളിയിക്കുന്ന ഭാഗങ്ങളും തിരുവചനത്തിൽ ഇല്ല.

**(3) ലേഖനങ്ങളിൽ അതു സംബന്ധമായ ഉപദേശമുണ്ടോ? —**

സുവിശേഷങ്ങളിൽ കർത്താവായ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളും, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ പ്രായോഗിക കാര്യങ്ങളുടെ പ്രസക്തിയും കഴിഞ്ഞാൽ ഇരുപത്തൊന്ന് ലേഖനങ്ങളിൽ വിശ്വാസികൾ ആഭരണം ധരിക്കുവാൻ അനുവദിക്കുന്ന വചനങ്ങളുണ്ടോ എന്നു നോക്കണം. എന്നാൽ ലേഖനങ്ങളിൽ ആഭരണം ധരിക്കുവാൻ പ്രത്യക്ഷമായോ പരോക്ഷമായോ ഒരു വചനം പോലുമില്ലെന്നതാണ് യാഥാർത്ഥ്യം.

ആഭരണം ദൈവമക്കൾക്കു യോജിച്ചതല്ല, അതു നീക്കിക്കളക എന്നു ദൈവം കല്പിച്ചതും, അതുപ്രകാരം ഹോരേബുമുതൽ അവർ ധരിച്ചില്ല എന്നും വ്യക്തമായി തിരുവചനം വിളിച്ചറിയിക്കുന്നു. **പുറ.33:3-6** —"*വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ദോഷകരമായ **ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല.** നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും; **അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക** എന്നിങ്ങനെ യിസ്രായേൽ മക്കളോടുപറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു. **അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല.**"*





പരിച്ഛേദന, ശബ്ബത്ത്, ലേവ്യായാഗങ്ങൾ തുടങ്ങി പഴയനിയമത്തിലെ അനേക കാര്യങ്ങൾ നീങ്ങിപ്പോകുകയോ മാറ്റപ്പെടുകയോ ചെയ്തതായി പുതിയനിയമതിരുവെഴുത്തുകൾ പ്രഖ്യാപിക്കുന്നു. എന്നാൽ "നിന്റെ ആഭരണം നീക്കിക്കളക" (പുറ.33:5) എന്ന പഴയനിയമത്തിലെ ദൈവകല്പന ഇന്നും മാറ്റമില്ലാതെ നിലനില്ക്കുന്നു.

**"നീ നിന്റെ ആഭരണം നീക്കിക്കളക"** *എന്ന കല്പനയ്ക്കുശേഷം ആഭരണം ധരിക്കാം, മിതമായി ധരിക്കാം എന്നു ആഭരണധാരണത്തെ അനുവദിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന വാക്യങ്ങളൊന്നും തന്നെ സുവിശേഷങ്ങളിൽ കർത്താവോ, പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരോ, ലേഖനത്തിൽ ഉപദേശമായോ പറയുന്നില്ല.* എങ്കിൽ ഉപദേശ സ്ഥാപന വ്യവസ്ഥ പ്രകാരം ആഭരണവർജ്ജനം തിരുവചനത്തിനു നിരക്കുന്നതോ? അതേ, വിശ്വാസിക്കു ആഭരണം അണിയുവാൻ ദൈവവചനം അനുവദിക്കുന്നില്ല. കാരണം—**"നീക്കിക്കളക"**എന്ന കല്പന ഉറച്ച പ്രഖ്യാപനത്തോടെ ഇന്നും മാറ്റമില്ലാതെ നിലകൊള്ളുന്നു.

**(26) ആഭരണവർജ്ജനം രക്ഷിക്കപ്പെട്ടവർക്കു അധിക ഭാരം ചുമത്തലോ ? —**

സാമുദായിക പശ്ചാത്തലത്തിൽ നിന്നും മറ്റു മതങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടു വരുന്നവർ ആഭരണം വർജ്ജിക്കണമെന്നു പറയുന്നത് അവരുടെമേൽ അധികഭാരം ചുമത്തലാണെന്നു അന്ത്യോക്ക്യയിലെ സംഭവത്തോടു ബന്ധപ്പെടുത്തി ഒരു പ്രസിദ്ധീകരണത്തിൽ വായിക്കുവാനിടയായി. മാത്രവുമല്ല അന്ത്യോക്ക്യയിൽ രക്ഷിക്കപ്പെട്ടു വന്ന ജാതികൾ തീർച്ചയായും ആഭരണം ധരിച്ചിട്ടുണ്ടായിരുന്നു എന്നും ദൃക്സാക്ഷിയെപ്പോലെ വിവരിക്കുന്നു.! യഥാർത്ഥത്തിൽ അന്ത്യോക്ക്യയിൽ എന്താണ് നടന്നതെന്നു ശ്രദ്ധിക്കുക.

പരിച്ഛേദന ഏല്ക്കാഞ്ഞാൽ വിശ്വാസത്താലുള്ള രക്ഷ പൂർണ്ണമാകുന്നില്ലെന്നുള്ള വാദത്തിൽ തീർപ്പു കല്പിക്കുന്നതിനു അന്ത്യോക്ക്യയിലേക്കു പ്രതിനിധികളെ അയച്ചപ്പോൾ യെരുശലേം കൗൺസിൽ ഇപ്രകാരം കല്പിച്ചു. *"വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടിച്ചത്തതു, പരസംഗം എന്നിവ വർജ്ജിക്കുന്നതു ആവശ്യം എന്ന ല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുതു എന്നു പരിശുദ്ധാത്മാവിന്നും ഞങ്ങൾക്കും തോന്നിയിരിക്കുന്നു."*

അവിടത്തെ വിഷയം ആഭരണധാരണമല്ലായിരുന്നു. ഇതിനെ ആഭരണധാരണത്തോടു ബന്ധപ്പെടുത്തി അധികഭാരം ചുമത്തലാണെന്നു പറയുന്നതിൽ കഴമ്പില്ല. അന്ത്യോക്ക്യയിൽ രക്ഷിക്കപ്പെട്ടു വന്ന ജാതികൾ തീർച്ചയായും ആഭരണങ്ങൾ ധരിച്ചവരായിരുന്നു വെന്നുള്ള നിഗമനം ആഭരണമോഹത്തിൽ നിന്നുരുത്തിരിഞ്ഞതാണെന്നതിനു സംശയം വേണ്ടാ. ആഭരണവർജ്ജനം രക്ഷിക്കപ്പെട്ടവർക്കൊരു അധികഭാരം ചുമത്തലാണെന്നു ചിലർ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ആഭരണവർജ്ജനം ലോഹങ്ങൾ ശരീരത്തിൽ കെട്ടിത്തുക്കുന്നതിനാലുള്ള ഭാരം കുറയ്ക്കുകയാണ് ചെയ്യുന്നത്.!

നിന്റെ ആഭരണം നീക്കിക്കളക എന്നു ദൈവം തന്റെ ജനത്തോടു പറഞ്ഞപ്പോൾ അതു ദൈവകല്പനയായിരുന്നു. ദൈവത്തിന്റെ ആജ്ഞകളനുസരിക്കേണ്ടതു മക്കളുടെ ചുമതലയും, ഉത്തരവാദിത്തവുമാകുന്നു. *"അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല"* (1.യോഹ.2:4). *"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല"* (1.യോഹ.5:3). കർത്താവിന്റെ കല്പനകൾ ഭാരമുള്ളവയല്ല എന്നു യോഹന്നാൻ പറയുമ്പോൾ, അർത്ഥമാക്കുന്നതു ദൈവകല്പനകൾ പ്രമാണിക്കുവാൻ യാതൊരു പ്രയാസവുമില്ലെന്നല്ല; ഒരു അവിശ്വാസിക്കോ, ദൈവത്തെ പൂർണ്ണമായി സ്നേഹിക്കാത്തവനോ ദൈവകല്പനകൾ





ഭാരവും പ്രയാസവും ഉള്ളതായി തോന്നും. എന്നാൽ രക്ഷിക്കപ്പെട്ടു ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നവനെ സംബന്ധിച്ചു അതു തന്റെ പിതാവിന്റെ ഉപദേശമാണ്. അതു അനുസരിക്കുവാൻ സ്നേഹവും ആഗ്രഹവുമുണ്ടാകുന്നു. ആയതിനാൽ അതു ഭാരമോ, പ്രയാസമുള്ളതോ ആയി തോന്നുകയില്ല.

ആഭരണവർജ്ജനം ഭാരമുള്ളതായി ചിലർക്കു അനുഭവപ്പെടുവാൻ കാരണം ദൈവത്തെ പുർണ്ണമായി അവർ സ്നേഹിക്കുന്നില്ലെന്നതു തന്നെ. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മൂക്കോ കാതുകളോ തുളെച്ചു ലോഹങ്ങൾ ഇടുവാനുള്ള വഴിതെളിയിച്ചു കൊടുക്കുകയോ ആഭരണം ധരിപ്പിക്കുകയോ ചെയ്തില്ല. ഏദെൻ തോട്ടത്തിൽ മേൽത്തരമായ പൊന്നുണ്ടായിരുന്നിട്ടും തോൽകൊണ്ടുള്ള വസ്ത്രം മാത്രമേ അവനു നല്കിയുള്ളു എന്നത് ശ്രദ്ധേയമാണ്. ആയതിനാൽ ദൈവഹിതത്തിനെതിരായി ശരീരങ്ങൾ തുളെച്ചും തുളക്കാതെയും ആഭരണങ്ങൾ ശരീരത്തിൽ കെട്ടിത്തൂക്കുന്നതാണ് യഥാർത്ഥത്തിൽ ഭാരമുള്ളത്. അത് വേർപാടിനു കളങ്കം ചാർത്തുന്നതാണ്.

## (27) കൊല്ലം ബ്രദറൺസഭയും ആഭരണവും

"വിശ്വാസിയും ആഭരണവും" എന്ന പുസ്തകത്തിന്റെ എഴുത്തുകാരൻ ഉൾപ്പെട്ടു നില്ക്കുന്ന കൊല്ലം ബ്രദറൺ സഭയിൽ ആഭരണധാരണത്തോടുള്ള സമീപനം എന്താണെന്നു വ്യക്തമാക്കുന്നത് ഉചിതമെന്നു കരുതുന്നു. കാരണം എഴുതുകയും, ഉപദേശിക്കുകയും, പഠിപ്പിക്കുകയും ചെയ്തിട്ട് തോന്നിയതുപോലുള്ള സമീപനം മാതൃകാപരമല്ലല്ലോ.

കർത്താവ് തന്റെ ശിഷ്യന്മാർക്കു നല്കിയ അന്ത്യകല്പന പാലിക്കുന്നതിൽ ഞങ്ങൾ ഏറ്റവും ശ്രദ്ധിക്കുന്നു. വിശ്വാസത്താലുള്ള ആത്മരക്ഷ എന്തെന്നു അറിയാതെ നാശത്തിലേക്കു സഞ്ചരിക്കുന്ന ലോകജനതയോടു സുവിശേഷം അറിയിച്ചു അവരെ ക്രിസ്തുവിന്റെ പാദപീഠത്തിലേക്കു നയിക്കുന്നു. പരിശുദ്ധാത്മാവ് പാപത്തെക്കു

റിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവരെ ഓർമ്മപ്പെടുത്തുമ്പോൾ അവർ രക്ഷിക്കപ്പെടുന്നു. കർത്താവിന്റെ അന്ത്യനിയോഗത്തിൽ പറഞ്ഞിരിക്കുന്നതുപോലെ തുടർന്നു അവരെ ശിഷ്യത്വത്തിന്റെ കാര്യങ്ങൾ പഠിപ്പിക്കുന്നു. ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിക്കുമ്പോൾ ആഭരണമുൾപ്പെടെയുള്ള സകലത്തിലും ശിഷ്യൻ വേർപാടു പാലിക്കേണ്ട ആവശ്യകത പഠിപ്പിക്കുന്നു. കർത്താവിന്റെ രാജകല്പനയായ സ്നാനം സ്വീകരിക്കുന്നതിനു മുമ്പു അവർ സ്വമേധയാ ആഭരണങ്ങൾ നീക്കം ചെയ്യുന്നു. ആഭരണം ധരിച്ചവരെ അഥവാ അവിശ്വാസികളെപ്പോലെ ലോകമാലിന്യങ്ങളിൽ മുഴുകിയവരെ ഒരുകാരണവശാലും സ്നാനപ്പെടുത്തുകയില്ല.

മറ്റു വേർപാടുസഭകളിൽ പോകുമ്പോൾ അവിടെ ചിലർ ആഭരണം ധരിച്ചവരുണ്ടെങ്കിൽ അവരോടൊപ്പം മേശയിൽ പങ്കെടുക്കുമോ? ആഭരണം ധരിച്ചവർ യാത്രാവേളയിൽ ആരാധനയോഗത്തിൽ വന്നാൽ അവർക്കു കർത്തൃമേശ നല്കുമോ? ജോലിയോടുള്ള ബന്ധത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നു അല്പകാലത്തെ താമസത്തിനായി വരുന്നവരോടുള്ള ആഭരണവിഷയത്തിലുള്ള സമീപനം എന്തായിരിക്കും? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കും വിശദീകരണം ആവശ്യമുണ്ടെന്നു മനസ്സിലാക്കുന്നു.

ആഭരണധാരണം പാപത്തിന്റെ പട്ടികയിൽ വരുന്നില്ലെങ്കിലും വേർപാടു വിഷയത്തിൽ വിശ്വാസി നിശ്ചയമായും ഒഴിവാക്കേണ്ടതാണ്. എന്നാൽ യാത്രമദ്ധ്യേ ഏതെങ്കിലും വേർപെട്ട കൂട്ടങ്ങളിൽ ചെല്ലുമ്പോൾ അവിടെയുള്ളവരിലാരെങ്കിലും ആഭരണം ധരിച്ചിട്ടുണ്ടെങ്കിൽ അക്കാരണത്താൽ കർത്തൃമേശയിൽ നിന്നു മാറിനില്ക്കേണ്ട ആവശ്യമില്ല. അവർ ആഭരണം ധരിച്ചിരിക്കുന്നതു നമ്മുടെ കുറ്റം കൊണ്ടല്ലല്ലോ. മാത്രവുമല്ല കർത്തൃമേശ തന്നത്താൻ ശോധനചെയ്തുകൊണ്ട് അവിടെ എടുക്കുന്നതിൽ ഒരപാകതയുമില്ല.





മറ്റു സ്ഥലങ്ങളിലെ വേർപെട്ട വിശ്വാസികൾ തങ്ങളുടെ യാത്രാവേളയിൽ കൊല്ലത്തെത്തുമ്പോൾ നഗരമദ്ധ്യേയുള്ള കൊല്ലം സഭയിൽ ഞങ്ങളോടൊപ്പം ആരാധിക്കാറുണ്ട്. എന്നാൽ അവരിൽ ആരെങ്കിലും ആഭരണമുപയോഗിക്കുന്നവരുണ്ടെങ്കിൽ അക്കാരണത്താൽ അവരെ അന്ന് കർത്തൃമേശയിൽ നിന്നു അകറ്റി നിറുത്താറില്ല. തന്നെത്താൽ ശോധനചെയ്തു എടുക്കുക എന്ന കല്പനപ്രകാരം അവരെ മേശയിൽ നിന്നു പങ്കെടുക്കുവാൻ അനുവദിക്കും.

എന്നാൽ യാത്രാവേളയിലല്ലാതെ ആഭരണം ധരിച്ച ആരെങ്കിലും തുടർച്ചയായി കൊല്ലം സഭയിൽ ആരാധനയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ അവരോടു ആഭരണധാരണത്തെപ്പറ്റി തിരുവചനം എന്തു പറയുന്നു എന്നു മനസ്സിലാക്കി കൊടുക്കും. വേർപെട്ട വിശ്വാസികൾ ആഭരണം ധരിക്കുന്നത് ദൈവഹിതമല്ലെന്നുള്ള വസ്തുത വളരെ വ്യക്തമായി തിരുവചനാടിസ്ഥാനത്തിൽ സ്നേഹത്തോടെ ഉപദേശിക്കും. ദൈവവചനം കേട്ടു അതിൻപ്രകാരം കൂട്ടായ്മ പുലർത്തണമെന്നു ആഗ്രഹിക്കുന്നവർ സ്വമേധയാ ആഭരണം വർജ്ജിച്ചു സന്തോഷത്തോടെ മുന്നോട്ടു വരും. എന്നാൽ ചെവിയുണ്ടായിട്ടും കേൾക്കാതെയും, ദൈവവചനത്തിനു തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കാതെയും ലോകമോഹങ്ങളിൽ ജാതികളെപ്പോലെ ജീവിക്കണമെന്നു ആഗ്രഹിക്കുന്നവർ അങ്ങനെയുള്ള കൂട്ടങ്ങളിലേക്കു പോകും. അങ്ങനെയുള്ളവരെ പിടിച്ചു നിറുത്തി സഭയിൽ ആളെ കൂട്ടുവാനായി "ദൈവവചനം ഇപ്രകാരം പറയുന്നു" എന്നു പറയുവാൻ കടമ്പെട്ടിരിക്കുന്ന ഞങ്ങൾ ഒരിക്കലും മൗനമായിരിക്കയില്ല.

വേർപെട്ട വിശ്വാസികൾക്കു ആഭരണധാരണം പാടില്ലെന്നു തിരുവചനാടിസ്ഥാനത്തിൽ ഉപദേശിക്കുകയും, പ്രവർത്തിക്കുകയും, ജീവിക്കയും ചെയ്യുന്നതിനാൽ സഭയിൽ അനാത്മികരെ ഒഴിവാക്കുവാൻ സാധിക്കുന്നു എന്നതിൽ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു.

= = = = = = = = = = = = = = = =

# 7

# ഉപസംഹാരം

## നിന്റെ ആഭരണം നീക്കിക്കളക —

**പുറ.33:5,6** — *"......... അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോടുപറക എന്നു യഹോവ മോശെയോടു കല്പിച്ചിരുന്നു. അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല."*

## സൽപ്രവൃത്തികളെ കൊണ്ടത്രേ അലങ്കരിക്കേണ്ടത് —

**1.തിമൊ.2:9,10** — *"അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു."*

## അലങ്കാരം പുറമേയുള്ളതായിരിക്കരുത് —

**1.പത്രൊ.3:3,4** — *"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെയുള്ള പുറമേയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു."*





മാറ്റവും മറിച്ചിലുമുള്ള ലോകത്തിൽ നാം ജീവിക്കുന്നു. ലോകരാഷ്ട്രങ്ങൾ മാറ്റപ്പെടാം, ഭരണകൂടങ്ങൾ മാറ്റപ്പെടാം, സ്നേഹിതർ ശത്രുക്കളായിത്തീരാം, വാക്കു പറഞ്ഞവർ വാക്കു മാറ്റിപ്പറഞ്ഞേക്കാം, ആശ്രയിച്ച കൊമ്പുകൾ ഒടിഞ്ഞുപോകാം, സങ്കേതവും ആശ്രയസ്ഥാനവും ആയിരുന്നതൊക്കെ മാറിയേക്കാം, ഉറച്ചുനിന്ന പാറയെന്നു കരുതിയവയ്ക്കു ഇളക്കം തട്ടാം. ആത്മീയഗോളത്തിലും വിശ്വാസികളുടെ ചിന്തയിലും, കാഴ്ചപ്പാടിലുമൊക്കെ നിരവധി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എന്നാൽ നാം ആശ്രയം വെച്ചിരിക്കുന്ന ദൈവത്തിനോ ദൈവവചനത്തിനോ ഈ മാറ്റം മറിച്ചിലുള്ള ലോകത്തിൽ യാതൊരു മാറ്റവും വന്നിട്ടില്ല. ആഭരണധാരണത്തെപ്പറ്റിയുള്ള ചോദ്യങ്ങളും, സംശയങ്ങളും പുത്തൻ തലമുറയിൽ ലോകത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്നുണ്ടായവയാണ്. നമ്മുടെ പിതാക്കന്മാർ കർത്താവിനെ മാത്രം നോക്കിക്കൊണ്ടു, നാടിനെയും വീടിനെയും, സ്വന്തക്കാരെയും ഒക്കെ വിട്ട് ക്രൂശിന്റെ പാത തിരഞ്ഞെടുത്തു. ലോകത്തിൽ അവർക്കു സ്വന്തമായിരുന്നതൊക്കെയും ചപ്പും ചവറും എന്നു എണ്ണി കർത്താവിന്റെ മുഖത്തേക്കു നോക്കി സാക്ഷ്യമുള്ളവരായി വേർപെട്ടു ജീവിച്ചു. ആഭരണങ്ങൾ ലോകത്തിന്റെ അലങ്കാരങ്ങളാണെന്നും, വിശ്വാസജീവിതത്തിനു ചേർന്നതല്ലെന്നും മനസ്സിലാക്കി അവർ ഉപേക്ഷിച്ചു. കാലങ്ങൾ കഴിഞ്ഞു അവരെ പിൻപറ്റിയ പിൻതലമുറയിലുള്ള വിശ്വാസികളുടെ ആത്മീയതീവ്രതയും കുറഞ്ഞുകൊണ്ടിരുന്നു. ദൈവകല്പനകളും, ഉപദേശങ്ങളും മുറുകെപ്പിടിച്ച മുൻതലമുറ, ലോകം വിലമതിക്കുന്നവയെല്ലാം ചപ്പും ചവറും എന്നു എണ്ണി ഉപേക്ഷിച്ചു. ഇരുപത്തിഒന്നാം നൂറ്റാണ്ടായപ്പോൾ ഒരു പുതിയ തലമുറ ഇവയെല്ലാം വിലയുള്ളതായി കണ്ടു പെറുക്കിയെടുക്കുന്നതിലും, സമ്പാദിക്കുന്നതിലും അവയെക്കൊണ്ടു തങ്ങളെത്തന്നെ അലങ്കരിക്കുന്നതിലും യാതൊരു തെറ്റും കാണുന്നില്ല. പിതാക്കന്മാർ ശ്രേഷ്ഠമായി കരുതി പിൻപറ്റിയ ഉപദേശങ്ങളും പ്രമാണങ്ങളും ഇന്നു ചോദ്യം ചെയ്യപ്പെടുന്നു. ആത്മീയദർശനം നഷ്ടപ്പെട്ടവർ, അന്നു വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാ

ടുകൾ, ദാസീദാസന്മാർ എന്നിവയ്ക്കായി ഓടിയെങ്കിൽ ഇന്നിതാ ഒരുകൂട്ടം ജാതികളെപ്പോലെ ലോകത്തിനു പുറകേ ഓടി എങ്ങനെയും ബാങ്കുബാലൻസ് വർദ്ധിപ്പിച്ച് ആത്മീയബാലൻസ് അടിമുടി തെറ്റിച്ചു ദൈവത്തെ ദുഃഖിപ്പിച്ചു കൊണ്ടു ദൈവജനം എന്ന വ്യഥാഭിമാന ത്തോടെ ജീവിക്കുന്നു. ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? എന്ന ചോദ്യവുമായി തിരുവചനസത്യങ്ങൾ വളച്ചൊടിച്ചു, തങ്ങ ളുടെ സിദ്ധാന്തങ്ങൾക്കൊത്തവണ്ണം വ്യാഖ്യാനിച്ചു പുത്തൻ കൂടി വരവുകൾ രൂപപ്പെയുന്നു. അവ വിശ്വാസികളെ ലോകത്തിന്റെയും സാത്താന്റെയും പിടിയിൽ കൊണ്ടെത്തിക്കുന്നു.

ആഭരണവർജ്ജനം സഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഉൾക്കൊള്ളുന്നതല്ലെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും രക്ഷിക്കപ്പെട്ട വിശ്വാസി വേർപെടണം എന്ന കല്പനയിൽ ലോക ത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടുന്നു. ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന വിശ്വാസി കൾ ലോകത്തിന്റെ എല്ലാ മോഹങ്ങളിൽ നിന്നും, മാലിന്യങ്ങളിൽ നിന്നും, സകല മ്ളേച്ഛതകളിൽ നിന്നും വേർപെടണം.

*"ക്രിസ്തുയേശുവിലുള്ളവർ ജഡത്തെ അതിന്റെ രാഗമോ ഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു"* (ഗലാ.5:24). *"ഞാൻ ക്രിസ്തു വിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു"* എന്നു അപ്പൊസ്തലനായ പൗലൊസ് പറയുമ്പോൾ താൻ അർത്ഥമാക്കുന്നത്, ദൈവമക്കളായ നാം യേശുക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. തുടർന്നു നമ്മൾ ജീവിക്കുന്നത് ഒരു പുതിയ സൃഷ്ടിയെന്ന നിലയിലാണ്. അങ്ങനെ നാം ക്രിസ്തീയജീവിതം നയിക്കുമ്പോൾ നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തു വിന്റെ സ്വഭാവവും ദർശനവും ഉൾക്കൊള്ളുന്നവരായി യേശുക്രി സ്തുവിനോടു അനുരൂപപ്പെടണം.





പഴയനിയമത്തിൽ നാസീർവ്രതത്തെ സംബന്ധിച്ചു ദൈവം കൊടുത്തിരിക്കുന്ന കല്പന ശ്രദ്ധിക്കുക. *"വീഞ്ഞും മദ്യവും വർജ്ജി ച്ചിരിക്കേണം: വീഞ്ഞിന്റെ കാടിയും മദ്യത്തിന്റെ കാടിയും കുടിക്ക രുതു; മുന്തിരിപ്പഴത്തിന്റെ യാതൊരു രസവും കുടിക്കരുതു; മുന്തി രിങ്ങ പഴുത്തതാകട്ടെ ഉണങ്ങിയതാകട്ടെ തിന്നുകയുമരുതു. തന്റെ നാസീർവ്രതകാലത്തു ഒക്കെയും കുരുതൊട്ടു തൊലിവരെ മുന്തി രിങ്ങാ കൊണ്ടുണ്ടാക്കുന്നതു ഒന്നും അവൻ തിന്നരുതു"* (സംഖ്യാ.6:3,4).

നാസീർവ്രതകാലത്തു വീഞ്ഞും, മദ്യവും അതിന്റെ കാടിയും മാത്രമല്ല, മുന്തിരിങ്ങാ കുരുവും, തൊലിയും പോലും ഉപയോഗി ക്കുവാൻ പാടില്ല. മുന്തിരി സന്തോഷത്തെ കുറിക്കുന്നു. ലൗകികസന്തോഷത്തെയും, സുഖത്തെയും ത്യജിച്ചവനാണ് നാസീർവ്രതക്കാരൻ. ലോകത്തിലെ പല സന്തോഷങ്ങളും, അല ങ്കാരങ്ങളും ദോഷമില്ലാത്തവയായിരിക്കാം. എന്നാലും യഥാർത്ഥ ആത്മീകൻ അങ്ങനെയുള്ളതും ത്യജിക്കാൻ തയ്യാറാകണം. ദൈവ ത്തിന്റെ നാസീർവ്രതക്കാരനാണു രക്ഷിക്കപ്പെട്ട വിശ്വാസി. ലോക ത്തിലെ ചെറുതെന്നോ, നിസ്സാരമെന്നു കരുതുന്നതോ ആയ യാതൊ ന്നിലും ഇടപെടുവാനോ, ഉപയോഗിക്കുവാനോ അവനു അനുവാ ദമില്ല. തന്റെ രക്ഷകനിൽ നിന്നു ലോകമോഹങ്ങളിലേക്കു ആകർഷി ക്കുന്ന യാതൊന്നും, ഒരംശം പോലും വിശ്വാസിയുടെ ജീവിതത്തിൽ പാടില്ലെന്നാണ് ഇതു അർത്ഥമാക്കുന്നത്.

☆ മിസ്രയീമിലെ നിക്ഷേപങ്ങളായ ആഭരണങ്ങൾ നമുക്കു വേണ്ട. നമ്മിലും നമ്മുടെ മക്കളിലും ഇതിന്റെ ഒരംശം പോലും പാടില്ല. മിസ്രയീമിലെ നിക്ഷേപ ങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്നു മോശെയെപ്പോലെ എണ്ണാം (എബ്രാ.11:26).

☆ യാക്കോബ് ബേഥേലിൽ ചെന്നു ദൈവത്തെ ആരാധിക്കാനായി തീരുമാനമെടുത്തപ്പോൾ തനിക്കും കുടുംബത്തിനും ഒരു ശുദ്ധീകരണമാവശ്യമാണെന്നു തോന്നിയ നിമിഷത്തിൽ അവരുടെ പക്കലുണ്ടായിരുന്ന അന്യദേവന്മാർ, കാതുകളിലെ കുണുക്കുകൾ എന്നിവ വാങ്ങി ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു (ഉല്പ.35:1-5) കാരണം ഇവ ദൈവത്തെ ആരാധിക്കുന്നതിനു തടസ്സമാകുമെന്നു യാക്കോബ് തിരിച്ചറിഞ്ഞു. ശേഖെമിലെ കരുവേലകക്കുഴി യാക്കോബിന്റെയും കുടുംബത്തിന്റെയും സകലവിധ പാപമാലിന്യങ്ങളുടെയും ശവക്കുഴിയായിരുന്നു. കാൽവറിയിലെ ക്രൂശിങ്കൽ വന്നു സകലവും ഉപേക്ഷിച്ചു കുഴിച്ചിട്ടു, ആത്മാവിലും, സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന വേർപെട്ട വിശ്വാസികൾ തങ്ങളുടെ ജീവിതയാത്രയിൽ ഈ കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ട മിസ്രയീമ്യമാലിന്യം വീണ്ടും മാന്തിയെടുത്തു ദൈവീകാരാധനെക്കു തടസ്സം വരുത്തരുത്.

☆ യിസ്രായേൽ മക്കൾ മിസ്രയീമിൽ നിന്നും കൊണ്ടുവന്ന ആഭരണങ്ങൾ വിഗ്രഹാരാധനയിലേയ്ക്കും, അവരുടെ നാശത്തിനും കാരണമായപ്പോൾ അവർ വഴിയിൽ വെച്ചു നശിക്കാതിരിക്കേണ്ടതിനു അവരുടെ ആഭരണം നീക്കിക്കളയുവാൻ ദൈവം കല്പിച്ചു (പുറ.33:3-6) ദൈവത്തെ വിശുദ്ധിയിലാരാധിക്കുവാൻ, എല്ലാറ്റിലും മീതെ ദൈവത്തെ മാത്രം സ്നേഹിക്കുവാൻ, സേവിക്കുവാൻ, വിഗ്രഹാരാധനയിലേക്കു എത്തിച്ചേരാതിരിക്കുവാൻ, ആഭരണം വേർപെട്ട വിശ്വാസികൾക്കു വേണ്ട.





☆ മിസ്രയീം വിട്ടു കനാനിലേക്കുള്ള യാത്രയിൽ ദൈവം തന്റെ ജനത്തിനു വിജയം നല്കുമ്പോൾ ശത്രുക്കളായ ജാതികളുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടു കളയണം. വശീകരിക്കപ്പെടാതിരിപ്പാൻ വിഗ്രഹങ്ങളെ പൊതിഞ്ഞിട്ടുള്ള വെള്ളിയും പൊന്നും അവർ എടുക്കുവാൻ പാടില്ലെന്നു കല്പന കൊടുക്കുന്നു. **ആവ.7:25,26** — *''അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടുകളയേണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ചു എടുത്തുകൊള്ളരുതു; അതു നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു. നീയും അതുപോലെ ശാപമായ്തീരാതിരിക്കേണ്ടതിന്നു അറെപ്പായുള്ളതു നിന്റെ വീട്ടിൽ കൊണ്ടുപോകരുതു; അതു നിനക്കു തീരെ അറെപ്പും വെറുപ്പുമായിരിക്കേണം; അതു ശാപഗ്രസ്തമല്ലോ."* വിശ്വാസി സ്വർഗ്ഗീയ പൗരനെങ്കിലും ദുഷ്ടന്റെ അധീനതയുള്ള ലോകത്തിൽ വസിക്കുന്നു. സാത്താനെയും ലോകത്തെയും പിമ്പിലാക്കി സ്വർഗ്ഗസീയോനിലേക്കുള്ള വിജയയാത്രയിൽ ലോകത്തിലുള്ള മാലിന്യങ്ങൾ സ്വന്തമാക്കുവാനും ദൈവത്തിന്റെ ആലയമായ ശരീരത്തെ അലങ്കരിക്കുവാനും പാടില്ല. അതിലേക്കു നോക്കിയാൽ വശീകരിക്കപ്പെട്ടു ലോകക്കാരെപ്പോലെ ജീവിക്കുവനിടയാകും.

☆ മിസ്രയീമിലായാലും കനാനിലായാലും ദൈവമക്കൾ ലോകക്കാരെ അനുകരിക്കരുത്. നാട്ടു നടപ്പും ആചാരങ്ങളുമനുസരിച്ചു വിശ്വാസി ജീവിക്കുവാൻ പാടില്ല. ആഭരണധാരണം ലോകക്കാരുടെ നടപ്പിലും മര്യാദയിലും ഉൾപ്പെടുന്നു. രക്ഷിക്കപ്പെട്ടവരെങ്കിലും ജീവിതത്തിൽ ആത്മീയത പ്രാവർത്തികമാക്കാത്ത അനേകരുണ്ട്. തിരുവചനം അവരോടു പറയുന്ന പ്രബോധനം

എന്ത് ? കനാനിലേക്കു യാത്ര ചെയ്യുന്ന ദൈവജന ത്തിനു ദൈവം നല്കുന്ന താക്കീത് എന്ത്? **ലേവ്യ.18:1-3** — *“യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ : ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുതു; ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പുപോലെയും അരുതു; അവരുടെ മര്യാദ ആചരിക്കരുത്.”*

ശുദ്ധീകരണനിയമപ്രകാരം അറുക്കപ്പെട്ട പക്ഷിയുടെ രക്തത്തിൽ മുക്കിയ ജീവനുള്ള പക്ഷി (ലേവ്യ.14:1-8) രക്തപ്പാടോടെ പക്ഷിക്കൂട്ടത്തിൽ പോയിരിക്കുമ്പോൾ അതിനെ മറ്റു പക്ഷികൾ കൊത്തിയോടിക്കും. നമ്മുടെ പ്രാണപ്രീയന്റെ രക്തം രക്ഷിക്കപ്പെട്ട നമ്മിലുള്ളതിനാൽ ലോകക്കാർ നമ്മെ ഒറ്റപ്പെടുത്തും, നിന്ദിക്കും, പരിഹസിക്കും. നമ്മുടെ സ്ഥാനം ഇനി പിളർക്കപ്പെട്ട പാറയായ ക്രിസ്തുവിലും കടുന്തൂക്കിന്റെ മറവിലുമാണ് (ഉ.ഗീ.2:14) വേർപെട്ട വിശ്വാസിയുടെ ശരീരത്തിൽ ഈ വിലയേറിയ രക്തത്തിന്റെ അടയാളം മതി; ലൗകീകാഭരണങ്ങളാൽ അലങ്കരിക്കേണ്ട.

ദൈവം യെരിഹോമതിൽ അത്ഭുതകരമായി ഇടിച്ചു തകർത്തു തന്റെ ജനമായ യിസ്രായേലിനു വിജയം നൽകി (യോശു.6:20). എന്നാൽ ചെറിയ പട്ടണമായ “ഹായി” യിൽ അവർ തോറ്റു (യോശു.7:4). ആഖാന്റെ സ്വർണ്ണത്തോടും വെള്ളിയോടുമുള്ള അത്യാഗ്രഹമായിരുന്നു അതിന്റെ കാരണം. അവ ആഖാൻ മോഹിച്ചെടുത്തു തന്റെ കൂടാരത്തിൽ നിലത്തു കുഴി





ച്ചിട്ടു. ആഖാനെയും ശപഥാർപ്പിതവ്സതുക്കളായ വെള്ളിയും പൊന്നും മേലങ്കിയും ഉൾപ്പെടെ പിടിച്ചെടുത്ത വസ്തുക്കളേയും ആഖോർ താഴ്വരയിൽ കൊണ്ടുപോയി കല്ലെറിഞ്ഞു തീയിൽ ഇട്ടു ചുട്ടുകളഞ്ഞു (യോശു.7:10-26). ഒരാളിന്റെ പാപം അനേക ലക്ഷങ്ങളുടെ യാത്രെക്കു തടസ്സമായിയെന്നും ഇതിലൂടെ മനസ്സിലാക്കാം. രക്ഷിക്കപ്പെട്ടു വേർപെട്ട വിശ്വാസികൾ സ്വർണ്ണവും വെള്ളിയും കണ്ട് അതിന്റെ തിളക്കത്തിൽ മയങ്ങി ആഖാന്റെ വഴി പിൻതുടർന്നാൽ അവർക്കും അവർ നിൽക്കുന്ന സഭയ്ക്കും അതു ആത്മീയപുരോഗതിക്കു തടസ്സകാരണമാകും.

അനീതിയുടെ കൂലി കൊതിച്ചു പൊന്നും വെള്ളിയും സമ്പാദിക്കാനായി മോവാബിലേക്ക് ഇറങ്ങിത്തിരിച്ച ദൈവത്തിന്റെ പ്രവാചകനായ ബിലെയാമിനു സംഭവിച്ചതു രക്ഷിക്കപ്പെട്ട വിശ്വാസികൾക്കുള്ള മുന്നറിയിപ്പായിരിക്കുന്നു (സംഖ്യാ.22,23,24/ 2.പത്രൊ.2:15,16). ദൈവം ബിലെയാമിനെ തെറ്റായ വഴിയിൽ നിന്നും പിൻതിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അതു കൂട്ടാക്കാതെ മുന്നോട്ടു യാത്ര ചെയ്തു മോവാബ്യരോടുകൂടെ അവൻ നശിച്ചു പോയി (സംഖ്യാ.31:8). മോവാബിലേക്കുള്ള വഴിത്തിരിവ് ദ്രവ്യാഗ്രഹത്തിലും, തോൽവിയിലും, വഞ്ചനയിലും ഒരുവനെ എത്തിക്കും. മോവാബിലെ സമ്പാദ്യങ്ങൾ നമുക്കു വേണ്ട. *“ഒരുത്തൻ ഏതിനോടു തോൽക്കുന്നുവോ അതിന്നു അടിമപ്പെട്ടിരിക്കുന്നു”* (1.പത്രൊ.2:19).

ഒരിക്കൽ അരകെട്ടി ദൈവസേവയ്ക്കായി ഇറങ്ങിത്തിരിച്ച എലീശായുടെ ബാല്യക്കാരൻ ഗേഹസി നയമാന്റെ രഥത്തിനു പിന്നാലെ ഓടുന്നു. ലക്ഷ്യം, നയമാൻ അരാമിൽ നിന്നും കൊണ്ടുവന്ന ചാക്കുകെട്ട്.!

തന്റെ ഓട്ടത്തിൽ പറയുകയാണ് ***"യഹോവയാണ, ഞാൻ അവന്റെ പിന്നാലെ ഓടിച്ചെന്നു അവനോടു അല്പമെങ്കിലും വാങ്ങും"*** (2.രാജാ.5:20). സർവ്വശക്തനായ യഹോവയുടെ നാമമുച്ചരിച്ചുകൊണ്ടാണ് ദ്രവ്യം സമ്പാദിക്കുവാനായി ഗേഹസി ഓടുന്നത്. കലപ്പെക്കു കൈവെച്ച ശേഷം ലോകരഥത്തിനു പുറകേയോടി വെള്ളിയും വസ്ത്രവും സമ്പാദിച്ച ഗേഹസി കുഷ്ഠരോഗിയായി ശുശ്രൂഷയിൽ നിന്നും പുറത്തുപോയി (2.രാജാ.5:27). രക്ഷിക്കപ്പെട്ട വിശ്വാസി അരാമ്യസമ്പത്തടങ്ങിയ ലോകരഥത്തിനു പുറകേ ഓടിയാൽ ദ്രവ്യാഗ്രഹിയായി മാറി ദൈവീകശുശ്രൂഷെക്കു അയോഗ്യനായിത്തീരും.

☆ ദേമാസ് ഈ ലോകത്തെ സ്നേഹിച്ചു എന്നെ വിട്ടുപോയി (2.തിമൊ.4:10) എന്നു പൗലൊസു പറയാനിടയായതുപോലെ നമ്മെക്കുറിച്ചു പറയാൻ ഇട കൊടുക്കാതിരിക്കാം. "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ..... നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, എന്നിവയെ പിന്തുടരുക" (1.തിമൊ.6:10,11) എന്നു അപ്പൊസ്തലനായ പൗലൊസ് യൗവനക്കാരനായ തിമൊഥെയൊസിനെ ഉപദേശിച്ചതു വിശ്വാസികളായ നമുക്കും പാലിക്കാം.

☆ നമ്മെക്കാണുന്നവർ ക്രിസ്തുവിനെ ദർശിക്കട്ടെ. "ഇതാ തനിച്ചു പാർക്കുന്നൊരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല" (സംഖ്യാ.23:9). ഇവർ വേറൊരു കൂട്ടർ — വേർപെട്ടവർ — എന്നു ലോകം പറയട്ടെ. *"ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തു*





*വത്രേ എന്നിൽ ജീവിക്കുന്നു."* (ഗലാ.2:20) എന്ന സാക്ഷ്യം പുലർത്താം. സകലമനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ക്രിസ്തുവിൻ പത്രങ്ങളായി വെളിപ്പെട്ടു ജീവിക്കാം (2.കൊരി.3:2,3).

☆ *"ഞങ്ങളെ നോക്കു....വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെനാമത്തിൽ നടക്ക."* (അപ്പൊ.3:5,6) എന്നു പറഞ്ഞ പത്രൊസ്അപ്പൊസ്തലനെപ്പോലെ നമുക്കും പറയാം. ഈ നസ്രേത്തുകാരന്റെ പാതയിലൂടെ ജീവിതസാക്ഷ്യമുള്ളവരായി ജീവിക്കാം. വെള്ളിയും പൊന്നുമായി നമുക്കു ചങ്ങാത്തം വേണ്ടാ, കർത്താവിന്റെ കൃപ നമുക്കു മതി.

ആഭരണധാരണം വിശുദ്ധജീവിതത്തെ നശിപ്പിക്കുന്ന ഒരുതരം പുളിപ്പാണ്. ഈ പുളിപ്പു വിശ്വാസിയുടെ ശരീരത്തിൽ കലർന്നാൽ ആത്മീയജീവിതത്തെ പുളിപ്പിച്ചു പ്രയോജനമില്ലാത്തതാക്കും. യെഹൂദന്മാരുടെ ഏഴു ഉത്സവങ്ങളിൽ ആദ്യത്തെ രണ്ടെണ്ണമാണു പെസഹാപെരുന്നാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും. ഇതിന്റെ ആചരണത്തെക്കുറിച്ചു ദൈവം മോശെയോടു കല്പിച്ചിരിക്കുന്നതു നോക്കുക. —

ലേവ്യ.23:5,6 — *"ഒന്നാം മാസം പതിന്നാലാം തീയതി സന്ധ്യാസമയത്തു യഹോവയുടെ പെസഹ. ആ മാസം പതിനഞ്ചാം തിയ്യതി യഹോവെക്കു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ; ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നേണം."*

മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പിന്റെ ഓർമ്മയാണു പെസഹാപെരുന്നാൾ. ഇതു നമുക്കുവേണ്ടി അറുക്കപ്പെട്ട പെസഹാകുഞ്ഞാടായ യേശുക്രിസ്തുവിനെ കുറിക്കുന്നു. രണ്ടാമതായി, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ദൈവവുമായുള്ള കൂട്ടായ്മയെയും, അവരുടെ വിശുദ്ധിയെയും കാണിക്കുന്നു. സാദൃ

ശ്യാർത്ഥത്തിൽ, പെസഹാകുഞ്ഞാടായ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്കു ക്രിസ്തുവുമായുള്ള ബന്ധവും അവരുടെ ജീവിതവിശുദ്ധിയും കുറിക്കുന്നു. ഏഴുദിവസം എന്നതു പൂർണ്ണതയെക്കാണിക്കുന്നു. അതായത് പുളിപ്പില്ലാത്ത അപ്പം ഏഴു ദിവസം തിന്നണമെന്നത് യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവർ ജീവിതകാലം മുഴുവൻ വിശുദ്ധിയോടെ, യാതൊരു പുളിപ്പും അശുദ്ധിയുമില്ലാതെ ജീവിക്കണമെന്നതാണ്. പതിന്നാലാം തിയ്യതി സന്ധ്യാസമയത്തു പെസഹ, പതിനഞ്ചാം തിയ്യതി പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ. ആദ്യം വീണ്ടെടുപ്പ് തുടർന്നു വിശുദ്ധജീവിതം. വീണ്ടെടുപ്പ് അഥവാ രക്ഷ പ്രാപിച്ച ഉടൻതന്നെ വിശുദ്ധജീവിതത്തിനാരംഭം കുറിക്കുന്നു. സാധാരണയായി തലേ ദിവസത്തെ പുളിച്ചമാവിൽ നിന്ന് അല്പമെടുത്തു പുതിയ മാവിൽ ചേർത്താണു പുളിപ്പിക്കുന്നത്. ദൈവം കല്പിച്ച പെസഹപെരുന്നാൾ അവർ ആചരിച്ചതു പുളിപ്പില്ലാത്ത അപ്പം കൊണ്ടാണ്. അതായതു വിശ്വാസിയുടെ ജീവിതത്തിലോ, ശരീരത്തിലോ പഴയജീവിതത്തിലെ യാതൊന്നും കലരാൻ പാടില്ല. പെസഹാപെരുന്നാൾ ആചരിക്കുന്നതിനു മുമ്പ് ഓരോ യെഹൂദനും, പുളിച്ചമാവോ അതിന്റെ അംശമോ ഉണ്ടോയെന്നു പരിശോധിച്ചു ഇല്ലെന്ന് ഉറപ്പു വരുത്തിയിട്ടേ പെരുന്നാൾ ആചരിക്കാവൂ എന്നും കല്പിച്ചിരുന്നു.

പുളിച്ചമാവു എവിടെയൊക്കെ പരിശോധിച്ചു നീക്കിക്കളയണം? —

(1) പുറ.12:15 -- *"ഏഴുദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പം തിന്നേണം; ഒന്നാം ദിവസം തന്നേ പുളിച്ചമാവു നിങ്ങളുടെ വീടുകളിൽ നിന്നു നീക്കേണം."* വിശ്വാസിയുടെ വ്യക്തിപരമായ ജീവിതത്തിലോ, കുടുംബജീവിതത്തിലോ ഒരശുദ്ധിയും പാടില്ല.

(2) പുറ.13:7 — *"നിന്റെ പക്കൽ പുളിപ്പുള്ള അപ്പം കാണരുതു."* വിശ്വാസജീവിതയാത്രയിൽ വ്യക്തിപരമായ ശോധന വീണ്ടും ചെയ്തു യാതൊരശുദ്ധിയും തന്നിൽ കടന്നു കൂടിയിട്ടില്ലെന്ന് ഉറപ്പു വരുത്തണം.





(3) പുറ.13:7 —*"നിന്റെ അതിർത്തിക്കകത്തെങ്ങും പുളിച്ചമാവും കാണരുതു."* വിശ്വാസിയുടെ നടപ്പിൽ, ഇടപാടുകളിൽ, ഭൗതികജോലികളിൽ, ആത്മീയജീവിതത്തിൽ ഒരശുദ്ധിയും ഉണ്ടായിരിക്കരുത്. പഴയനിയമത്തിൽ എന്നപോലെ പുതിയനിയമത്തിലും, പുളിപ്പ് അശുദ്ധിയേയും, പുളിപ്പില്ലായ്മ വിശുദ്ധിയേയും കുറിക്കുന്നു. പുതിയനിയമത്തിൽ പ്രധാനമായി രണ്ടുതരം പുളിപ്പു കാണാം.

ഒന്നാമതായി **ഉപദേശത്തിലെ പുളിപ്പ്** — ദൈവവചനം കോട്ടിമാട്ടുന്നത് — *"പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ"* എന്നു കർത്താവു പറഞ്ഞു. (മത്താ.16:6/ ലൂക്കൊ.12:1). ഇവിടെ പുളിച്ചമാവു കാണിക്കുന്നത് ദൈവീകോപദേശങ്ങൾ വിശ്വസിക്കാതെയും തെറ്റായി വ്യാഖ്യാനിച്ചും കപടഭക്തിക്കാരായി ജീവിക്കുന്നതിനെയാണ്.

രണ്ടാമതായി **വിശ്വാസജീവിതത്തിലെ പുളിപ്പ്** —സാക്ഷ്യജീവിതത്തിലെ വീഴ്ച — 1.കൊരി.5:6-8 — *"അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു എന്നു അറിയുന്നില്ലയോ? നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന്നു പഴയപുളിമാവിനെ നീക്കിക്കളവിൻ."* രക്ഷിക്കപ്പെട്ടു, വേർപെട്ട വിശ്വാസികളിൽ — അവരുടെ കുടുംബത്തിൽ — അവരുടെ സാക്ഷ്യജീവിതത്തിൽ ദൈവവചനത്തിനോ, വിശുദ്ധജീവിതത്തിനോ അശുദ്ധി വരുത്തുന്ന യാതൊന്നും പാടില്ലെന്ന സത്യം പഴയനിയമത്തിലും പുതിയനിയമത്തിലും വ്യക്തമാക്കുന്നു.

ദൈവവചനം ഓരോരുത്തരുടെ അഭിരുചിക്കനുസരിച്ചു തെറ്റായി വ്യാഖ്യാനിച്ച്, ജാതികളെ അനുകരിച്ചു ആഭരണങ്ങളണിയുന്നത്, ദൈവത്തിന്റെ വിശുദ്ധമന്ദിരമായ വിശ്വാസിയുടെ ശരീരത്തിൽ പുളിപ്പു ചേർക്കുകയാണെന്നതിനു സംശയമില്ല. വിശ്വാസി സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടാണ് ജീവിക്കേണ്ടതും, ദൈവത്തെ ആരാധിക്കേണ്ടതും.

ഇന്നു വേർപെട്ട ദൈവജനത്തിന്റെ മദ്ധ്യേ സഹോദരിമാരിൽ കാണുന്ന ആഭരണഭ്രമവും, ആഡംബരവസ്ത്രധാരണവും, ഫാഷൻമാറ്റങ്ങളും, അണിഞ്ഞൊരുങ്ങലുകളുമൊക്കെ ലോകമയത്വം വർദ്ധിച്ചു വരുന്നതിന്റെ ലക്ഷണങ്ങളാണ്. നിസ്സാരമെന്നു കരുതുന്ന ആഭരണധാരണം, *"അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു"* എന്നു ദൈവവചനം വ്യക്തമാക്കുന്നതുപോലെ അവരിൽ മാത്രമല്ല, അവർ കൂടിവരുന്ന സഭകളിലും വിശ്വാസികളിലും പ്രവേശിച്ച് ആത്മീയമുരടിപ്പുണ്ടായി, യാതൊരാത്മഫലവും പുറപ്പെടുവിക്കാതെ ലോകത്തിനനുരൂപരായി ജീവിക്കാനിടയായിത്തീരുന്നു.

കർത്താവു നമുക്കു സ്ഥലമൊരുക്കുവാൻ പോയിരിക്കുന്നു. *"ഇതാ ഞാൻ വേഗം വരുന്നു"* (വെളി.22:7,12,20) എന്നു പറഞ്ഞ നാഥൻ താമസംവിനാ മടങ്ങിവരും. കാലം അതിന്റെ അന്ത്യത്തിലേക്കെത്തിയിരിക്കുന്നുവെന്ന് നമുക്കു ചുറ്റും നടക്കുന്ന സംഭവവികാസങ്ങൾ നിരീക്ഷിച്ചാൽ മനസ്സിലാകും. *"നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക"* (റോമ.13:11) എന്ന ദൈവവചനത്തിന്റെ മുമ്പാകെ നമ്മെത്തന്നെ ശോധനചെയ്ത്, വിശുദ്ധിയോടെ കർത്താവിന്നായി കാത്തിരിക്കാം.

ലോകത്തിലേക്കു നോക്കുമ്പോൾ ദൈവമക്കളിൽത്തന്നെ വിശ്വാസം കുറഞ്ഞു കൊണ്ടിരിക്കുന്നു. *"മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?"* എന്നു കർത്താവ് ചോദിച്ചു. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യവിശ്വാസികളോടു പറഞ്ഞത് *''നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധനചെയ്വിൻ"* (2.കൊരി.13:5).





ഇന്നത്തെ തലമുറയിലെ പുരോഗമന ചിന്താഗതിക്കാരായ വിശ്വാസികൾ, ലോകത്തിന്റെ ആഡംബരമോഹങ്ങളിലേക്കു തിരിഞ്ഞു തങ്ങളുടെ ഉടയവനെ ദുഃഖിപ്പിക്കുന്നു. ഈ അവസരത്തിൽ മോശെ പറഞ്ഞതുപോലെ *"യഹോവയുടെ പക്ഷത്തിൽ ഉള്ളവൻ എന്റെ അടുക്കൽ വരട്ടെ"* (പുറ.32:26) എന്നു നമുക്കും പറയാം. *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു""* (യെശ.56:1) എന്ന പ്രവാചകശബ്ദത്തോടെ,*"ചെവിയുള്ളവൻ കേൾക്കട്ടെ"* (മത്താ.13:9) എന്ന കർത്താവിന്റെ ആഹ്വാനത്തോടെ, മനുഷ്യരെ ശങ്കിക്കാതെയും, ഭയക്കാതെയും ദൈവവചനം കലർപ്പില്ലാതെ ഉറക്കെ പ്രസ്താവിക്കാം. ദൈവീകവാഗ്ദത്തങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ടു ആഭരണചിന്തകൾ ഉൾപ്പെടെയുള്ള ലോകത്തിന്റെ വഴികൾ വിട്ടോടാം. *"ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു"* (2.തിമൊ.4:7) എന്നു സധൈര്യം ജീവിതാന്ത്യത്തിൽ പറയുവാൻ കഴിയണമെങ്കിൽ ഒരിക്കൽ സ്വീകരിച്ച *"അതിവിശുദ്ധവിശ്വാസത്തെ ആധാരമാക്കി"* (യൂദാ.20) ജീവിതസാക്ഷ്യമുള്ളവരായി നടക്കണം.

വിശ്വാസിക്ക് ആഭരണം ധരിക്കാമെന്നു വാദിക്കുന്നവർ വാദിക്കട്ടെ; ആഭരണം ധരിക്കണമെന്നുള്ളവർ ധരിക്കട്ടെ. നാം മറ്റുള്ളവരെ വിധിക്കുകയോ ദൈവീകകാര്യങ്ങളിൽ നിന്നു കടുകിട പിന്മാറിപ്പോകുകയോ ചെയ്യരുത്. ദൈവത്തിന്റെ സഭയെ ദൈവം നോക്കിക്കൊള്ളുമെന്ന ചിന്തയോടെ സകല കാര്യങ്ങളും സഭയുടെ ഉടമസ്ഥനായ നമ്മുടെ കർത്താവിന്റെ കരങ്ങളിൽ കണ്ണുനീരോടെ അർപ്പിക്കുകയും ഇവരുടെ ലോകമയത്വത്തിൽ നിന്നുള്ള വിടുതലിന്നായി പ്രാർത്ഥിക്കുകയും ചെയ്യാം. ***''ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും"*** (റോമ.14:12). ആയതിനാൽ കർത്താവിനെ മാത്രം നോക്കി, സത്യത്തിന്റെ ഭാഗത്തു നമുക്കുറച്ചു നിൽക്കാം. അപ്പൊസ്തലനായ യോഹന്നാനിലൂടെ പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധയോടെ ഉൾക്കൊള്ളുക. -- **വെളി.22:11,12 — *"അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ."***

ആഭരണവർജ്ജനം പുതിയനിയമ വെളിച്ചത്തിൽ ഉപദേശമായി നൽകപ്പെട്ടിട്ടെല്ലെന്നു വാദിച്ചു ആഭരണധാരണത്തെ ലാഘവമായി ചിന്തിക്കുന്നവരുണ്ട്. അങ്ങനെയെങ്കിൽ ബീഡി വലിക്കുക, സിഗററ്റു വലിക്കുക, വെറ്റില, പാക്കു, പുകയില എന്നിവ ഉപയോഗിച്ചു മുറുക്കുക എന്നിവയും പുതിയനിയമത്തിൽ പേരെടുത്തു പറഞ്ഞിട്ടില്ലാത്തതിനാൽ വേർപെട്ട വിശ്വാസികൾക്കും ആകാമോ? ചിലർ ഇതിനെ ദുശ്ശീലമായി കാണുമ്പോൾ, ഉപയോഗിക്കുന്നവർ ഇതിനെ നല്ല ശീലമായി കാണുന്നു.

ദൈവികതേജസ്സു നഷ്ടപ്പെടുത്തിയ മനുഷ്യന്റെ പാപപ്രകൃതിയുടെ അനന്തരഫലം തന്നെയാണ് ആഭരണധാരണം. മനുഷ്യസൃഷ്ടിയോടു ബന്ധത്തിലുള്ള തിരുവചനം മാത്രം പരിശോധിച്ചാൽ ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യത്തിന്റെ പരിപൂർണ്ണത വെളിപ്പെടുന്നു. ഉല്പ.1:27,31 — *"ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.... താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം."* ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട, ദൈവത്താൽ അലങ്കൃതനായ മനുഷ്യന് ഒരു ന്യൂനതയും ഉണ്ടായിരുന്നില്ല. എന്നാൽ സാത്താന്റെ കൗശലത്തിൽ വീണ്, ദൈവതേജസ്സു നഷ്ടപ്പെട്ടിട്ടും ഏദെൻതോട്ടത്തിൽ സുലഭമായുണ്ടായിരുന്ന മേത്തരമായ പൊന്നുകൊണ്ടു ദൈവം അവനെ അലങ്കരിച്ചില്ല. തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിക്കമാത്രമേ ചെയ്തുള്ളു. ഏദെൻതോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടപ്പോൾ, തന്റെ അഹോവൃത്തിക്കായി ഭൂമിയിൽ അദ്ധ്വാനിച്ച മനുഷ്യൻ മണ്ണിൽ നിന്നും ലോഹങ്ങൾ കുഴിച്ചെടുത്തു ആഭരണങ്ങളായി രൂപപ്പെടുത്തി ധരിക്കുവാൻ തുടങ്ങി. ഫണം ഉയർത്തിയ സർപ്പത്തെ കഴുത്തിനു ചുറ്റും മാലയായി ധരിച്ച സങ്കല്പദേവനെയും, ഭയപ്പെടുത്തുന്ന രൂപത്തിലുള്ള വിഗ്രഹങ്ങളെ മാല ചാർത്തി ആരാധിക്കുന്ന





ജാതികളെയും പിൻപറ്റുന്ന രീതി വേർപെട്ട വിശ്വാസികൾ ഒരുകാലത്തും അനുകരിക്കുവാൻ പാടില്ല. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. ആത്മീയമന്ദിരത്തെ ആത്മീയമല്ലാത്തയാതൊന്നു കൊണ്ടും മോടിപിടിപ്പിച്ചു അശുദ്ധമാക്കരുത്. .

എന്താണ് വേർപാട്? ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷതയാണ് വിശുദ്ധി. പരിശുദ്ധൻ, പരിശുദ്ധി, എന്നീ പദങ്ങൾക്ക് എബ്രായഭാഷയിൽ 'കാദേശ് ' എന്നും ഗ്രീക്കിൽ 'ഹാഗിയോസ്' എന്നുമാണ്. വേർതിരിച്ച, വേർതിരിക്കപ്പെട്ട എന്നാണ് ഈ പദങ്ങളുടെ അർത്ഥം. പരിശുദ്ധനായ ദൈവം ലോകത്തിൽ നിന്നും, സർവ്വസൃഷ്ടികളിൽ നിന്നും മാത്രമല്ല പാപത്തിൽ നിന്നും വേർപെട്ടവൻ എന്ന നിലയിൽ വ്യത്യസ്തനായിരിക്കുന്നു. *"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കേണം"* (ലേവ്യ11:45) എന്ന ദൈവത്തിന്റെ ആഗ്രഹത്തിലും അരുളപ്പാടിലും കാണുന്നത് ഞാൻ വേർപെട്ടവനാകയാൽ നിങ്ങളും വേർപെട്ടവരായിരിക്കേണം എന്നാണ്. വിശ്വാസികളോടുള്ള ബന്ധത്തിലും വേർപാട് അവരുടെ സ്വഭാവസവിശേഷതയാണ്. ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങൾ മോചിക്കപ്പെടുമ്പോൾ "വിശുദ്ധൻ"എന്ന പേരിനു അർഹനായിത്തീരുന്നു. ദൈവത്തിനായി വേർതിരിച്ചു മാറ്റിയത് എന്ന ആശയമാണ് ഇവിടെ ലഭിക്കുന്നത്. എബ്രായലേഖനത്തിലും പത്രൊസിന്റെ ഒന്നാം ലേഖനത്തിലും ഇപ്രകാരമുള്ള വിശുദ്ധീകരണം അഥവാ വേർപാട് കാണുന്നു. **എബ്രാ.10:10** — *"ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ **വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.**"* **1.പത്രൊ.1:15** — *"നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും **വിശുദ്ധരാകുവിൻ.**"* വിശ്വാസികൾ ലോകത്തിൽ പാർക്കുന്നുവെങ്കിലും ലോകം അവരിൽ വസിക്കുവാൻ ഇടയാകരുത്. അവർ പാപത്തോടും, ആചാരാനുഷ്ഠാനങ്ങളോടും, ജാതികളുടെ ചമയങ്ങളിൽ നിന്നും വേർപാട് പാലിച്ചു ജീവിക്കണം.

ബാബിലോണിനെപ്പോലെ അകൃത്യങ്ങളുടെ കൂമ്പാരത്തിൽ മുങ്ങിക്കുളിച്ചു കഴിയുന്ന എല്ലാക്കാലത്തുമുള്ള ദൈവജനത്തോടുള്ള ദൈവീകാഹ്വാനമാണ് വിട്ടുപോരുക അഥവാ വേർപാടു പാലിക്കുക എന്നത് (Come out of her / Be Separated). അപ്പൊസ്തലനായ പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളോടു പറഞ്ഞത് വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു എന്നാണ്. **2.കൊരി.6:16** — *"ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. ....... അതുകൊണ്ടു അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു."* ഒന്നാം നൂറ്റാണ്ടിൽ വേർപാടിന്റെ സന്ദേശം വിശ്വാസികൾക്കു നൽകിയതുപോലെ സഭ എടുക്കപ്പെട്ടശേഷം മഹോപദ്രവകാലത്തെ വിശുദ്ധന്മാർക്കും ദൈവം വേർപാടിന്റെ സന്ദേശം നൽകുന്നു. അശുദ്ധിയുടെ കൂമ്പാരമായ ബാബിലോൺ നഗരത്തിന്മേൽ വന്നു പതിക്കുന്ന നാശത്തിൽ ഉൾപ്പെടാതെ വിട്ടോടിപ്പോകുക എന്നാണ് അവരോട് പറയുന്നത്. **വെളി.18:4** — *"എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ."*

ബാബിലോൺ പ്രവാസത്തിലായിരിക്കുന്ന യിസ്രായേൽ ജനം യെരൂശലേമിലേക്കു മടങ്ങിപ്പോകുവാൻ യെശയ്യാപ്രവാചകൻ നൽകുന്ന ആഹ്വാനം നോക്കുക. **യെശ.52:11** — *"വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെ നിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുതു; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടു പോരുവിൻ; യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മലീകരിപ്പിൻ."* ബാബിലോൺ ദൈവജനത്തിനു പാർക്കുവാൻ അനുയോജ്യമായ സ്ഥലമല്ല. ബാബേൽ അടിമത്തത്തിന്റെയും സകലവിധ പാപങ്ങളുടെയും ഉറവിടമാണ്. അക്കാരണത്താൽ അവർ അവിടെ നിന്നു വിട്ടുപോരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (1) *അശുദ്ധമായതൊന്നും തൊടരുതു; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടു പോരുവിൻ* — ബാബേലിലെ വസ്തു





ക്കൾ യാതൊന്നും കൈക്കലാക്കി തങ്ങളെത്തന്നേ അശുദ്ധമാക്കരുത് *(2) യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മലീകരിപ്പിൻ* — അശുദ്ധമായതു തൊടരുത് എന്നു പറഞ്ഞതിനു കാരണം അവർ യഹോവയുടെ ഉപകരണം ചുമക്കുന്നവരാണ്. അവർ ദൈവികപ്രമാണങ്ങൾ അറിഞ്ഞവരും, വഹിക്കുന്നവരും ദൈവത്തിനായി വേർപെട്ടവരുമാണ്.

യിസ്രായേൽ മിസ്രയീമിലും, ബാബിലോണിലും എന്നപോലെ നാമും സാത്താന്റെയും ലോകത്തിന്റെയും ബന്ധനത്തിലായിരുന്നു. യിസ്രായേലിനെ പുറപ്പെട്ടുപോരുവാൻ പ്രോത്സാഹിപ്പിച്ച് ആഹ്വാനം ചെയ്ത ദൈവം നമ്മോടും സംസാരിക്കുന്നത് ജാതികളുടെ വേഷവിധാനങ്ങളും ആചാരാനുഷ്ഠനാങ്ങളും ജീവിതത്തിൽ പകർത്തുവാൻ പാടില്ല എന്നാണ്. നാം സ്വർഗ്ഗസീയോനിലേക്കുള്ള യാത്രക്കാരാണ്. ഈ ലോകത്തിലെ അശുദ്ധമായതൊന്നും തൊടുവാനോ കൈക്കലാക്കുവാനോ പാടില്ല. വിശ്വാസികൾ ദൈവത്താൽ വിളിക്കപ്പെട്ടവരാകയാൽ ദൈവത്തിന്റെ ഉപകരണം ചുമക്കുന്നവരെന്ന നിലയിൽ വിശുദ്ധിയിൽ ജീവിക്കണം.

വേർപെട്ട സമൂഹത്തിലെ വിശ്വാസികളുടെയും ദൈവദാസന്മാരുടെയും മക്കളും കൊച്ചുമക്കളുമടങ്ങിയ പുതിയ തലമുറ ഏറെക്കുറെ ആഭരണങ്ങൾ ധരിക്കുന്നതു നല്ലശീലമായി തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. മക്കളെ ആഭരണധാരികളുടെ കൂട്ടത്തിലേക്കും, അങ്ങനെയുള്ള സാഹചര്യങ്ങളിലേക്കും ബന്ധം തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. സ്നാനത്തിനു ആഭരണം മാറ്റേണ്ടാ, രക്ഷിക്കപ്പെട്ടാലുടനെ സ്നാനപ്പെടുത്തണം, ഉപദേശം പഠിപ്പിക്കൽ പിന്നീട് മതി എന്നു പഠിപ്പിക്കുന്ന ആധുനിക യുഗം. ഇങ്ങനെയുള്ളവർക്കു എങ്ങനെ നിഷ്പക്ഷമായി ആഭരണ ധാരണം തിരുവചനത്തിനു നിരക്കുന്നതല്ലെന്നു പറയുവാൻ സാധിക്കും? ആഭരണധാരണം ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളിലോ ഉപശാഖകളിലോ ഉൾപ്പെടുന്നില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും, രക്ഷിക്കപ്പെട്ട വിശ്വാസി വേർപെടേണം എന്ന കല്പനയിൽ ലോകത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടും.

വേർപെട്ട ദൈവജനമെന്നഭിമാനിക്കുന്നവർ പോലും ശേഷം മനുഷ്യരെപ്പോലെ ലോകമയത്വത്തിലേക്കു വഴുതിവീണു കൊണ്ടിരിക്കുന്നു. *"ലോകം വേണം, എനിക്കെല്ലാം വേണം, എന്റെ നാഥന്റെ സന്നിധിയിൽ ചേരേം വേണം!"* എന്ന ഗീതമാണ് അവരുടെ ജീവിതത്തിൽ, കാഴ്ചപ്പാടിൽ, ചിന്തയിൽ, പ്രവർത്തനത്തിൽ, ലക്ഷ്യത്തിൽ എല്ലാം പ്രകടമാകുന്നത്. സ്ത്രീകൾ ആഭരണങ്ങൾ വാരിക്കോരി ധരിച്ചു, ചുണ്ടിൽ ലിപ്സ്റ്റിക്കും തേച്ചുപിടിപ്പിച്ചു, കൈകാൽ വിരലുകളിൽ ക്യൂട്ടക്സും പുരട്ടി, തലമുടി ബ്യൂട്ടി പാർലറുകളിൽ ബോബ് ചെയ്ത്, തലയിൽ ഒരു തുണിക്കഷണം പോലുമിടാതെ, വിശ്വാസിക്കു യോഗ്യമല്ലാത്ത വസ്തങ്ങൾ ധരിച്ച്, പുരുഷന്മാരുടെ വേഷവിധാനത്തോടെ ദൈവത്തെയാരാധിക്കുന്ന പുതിയ കൂട്ടങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സാറാ തന്റെ ഭർത്താവായ അബ്രഹാമിനെ "യജമാനനേ" എന്നു സംബോധന ചെയ്തു ബഹുമാനിച്ചെങ്കിൽ (1.പത്രൊ.3:5,6), ആധുനിക യുഗത്തിൽ തങ്ങളുടെ ഭർത്താക്കന്മാരെ "അബ്രഹാമേ" എന്നു പേരുവിളിക്കുന്ന പുതിയ തലമുറയിലെ സാറാമാരെക്കൊണ്ടു കൂടിവരവുകൾ നിറയുന്നു. സ്ത്രീ തലമുടി കത്രിച്ചു കളയുവാനോ, മൂടുപടം ധരിക്കാതിരിക്കുവാനോ, പുരുഷൻ മുടി നീട്ടി വളർത്തുവാനോ (1.കൊരി.11:4,5,7,14,15), താടി വിരൂപപ്പെടുത്തുവാനോ (ലേവ്യ.19:27) തിരുവചനം അനുവദിക്കുന്നില്ല . എന്നാൽ സ്ത്രീകൾ മുടി കത്രിച്ചും, പുരുഷന്മാർ മുടി നീട്ടി വളർത്തിയും, താടി വിരൂപപ്പെടുത്തിയും വിശ്വാസികളെന്നഭിമാനിച്ചു ഒരു പുതിയ തലമുറ രൂപം കൊള്ളുന്നു. ദൈവദാസന്മാർ മുൻകാലങ്ങളിൽ ക്ലീൻ ഷേവ് ചെയ്ത് തൂവെള്ള വസ്ത്രധാരികളായി തെരുവോരങ്ങളിലും സഭാശുശ്രൂഷകളിലും കാണപ്പെട്ടുവെങ്കിൽ ഇക്കാലങ്ങളിൽ മഹതിയാം ബാബിലോണെന്ന ദുഷിച്ച സ്ത്രീയുടെ മുഖമുദ്രയായ ധൂമ്രവർണ്ണവും കടുംഞ്ചുവപ്പു നിറവുമുള്ള (വെളി.17:4) വേഷവിധാനത്തിൽ വിവിധപ്രസംഗമാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. സഭയെയും വിശ്വാസികളെയും നയിക്കുന്നവർ ഇപ്രകാരമെങ്കിൽ "ആഭരണം നീക്കിക്കളക" എന്നുള്ള ദൈവത്തിന്റെ കല്പനയിൽ വിശ്വാസികൾ എത്രത്തോളം ഗൗരവമുള്ളവരായിരിക്കും?





"താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിനു ദുഃഖമായി" (ഉല്പ.6:6) എന്നുള്ള നോഹയുടെ കാലത്തെപ്പോലെ മനുഷ്യരുടെ ദുഷ്ടതയും മ്ലേച്ഛതയും പെരുകുന്ന ആധുനിക ലോകം. മാത്രവുമല്ല ദൈവജനം കെട്ടഴിഞ്ഞു ദൈവീക കല്പനകൾക്കു പ്രാധാന്യം കൊടുക്കാത്ത ഹബക്കൂക്ക് പ്രവാചകന്റെ കാലം പോലൊരു സമയത്തിലേക്കും നാം വന്നെത്തിയിരിക്കുന്നു. ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർദ്ധിച്ചു ദൈവത്തെയും, ദൈവവചനത്തെയും അവഗണിച്ചു മാനുഷിക കല്പനകൾക്കും ലോകവ്യവസ്ഥകൾക്കും, നാട്ടുനടപ്പുകൾക്കും, ആചാരങ്ങൾക്കും പ്രാധാന്യം കൊടുത്ത്, ലോകത്തിനനുരൂപരായി ദൈവജനമെന്നഭിമാനിച്ചു ജീവിക്കുന്നു (ഹബ.1:4). രക്ഷിക്കപ്പെട്ട്, വേർപെട്ട്, ദൈവത്തെ ആത്മാവിലും സത്യത്തിലും (യോഹ.4:23,24) ആരാധിക്കുന്ന ദൈവമക്കളേ, ഇങ്ങനെയുള്ള കൂട്ടങ്ങൾ കാണുമ്പോൾ ഹബക്കൂക്ക് പ്രവാചകനെപ്പോലെ "അയ്യോ കഷ്ടം!" (ഹബ.2:6,9,12,15,19) എന്നു അയ്യം വിളിച്ചുകൊണ്ടു ഇവർക്കായി ദൈവസന്നിധിയിൽ നമുക്കു വീഴാം. ഇവരുടെ ഹൃദയദൃഷ്ടി പ്രകാശിച്ച്, സകല ലോകമാലിന്യങ്ങളും നീക്കി ദൈവത്തിങ്കലേക്കു മടങ്ങി വരാൻ പ്രാർത്ഥിക്കാം. അപ്പോൾതന്നെ *"നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും"* (ഹബ.2:4), *"വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു"* (വെളി.22:11,12) എന്ന ദൈവശബ്ദം കേട്ട്, വിശ്വാസവും വിശുദ്ധിയും വർദ്ധിപ്പിക്കാം.

ലോകത്തിനു അനുരൂപരാകാതെ, ആഡംബരപ്രിയരാകാതെ, ആഭരണവും അവ ധരിക്കുവാനുള്ള മോഹവും ഉപേക്ഷിച്ചു ജീവിതത്തിൽ സാക്ഷ്യമുള്ളവരായി, യേശുക്രിസ്തുവിന്റെ അനുകാരികളായി മാതൃകാജീവിതം നയിക്കാം.

കർത്താവിനെ അറിയാത്തവരെയും കർത്താവിനെ അനുഗമിച്ചു ജീവിക്കാത്തവരെയും വിശ്വാസി അനുകരിക്കരുത്. അവർ അവരുടേതായ പ്രമാണങ്ങളും ആചാരങ്ങളും അനുസരിച്ചു ജീവിക്കുന്നു. എന്നാൽ വിശ്വാസിയേ, നിനക്കു ഏറെ പരിമിതികളുണ്ട്. ലോകക്കാരെപ്പോലെ ജീവിക്കുവാനും ആഡംബരങ്ങളിൽ മുഴുകി ലോകത്തിനനുരൂപമായി ജീവിക്കുവാനും അനുവാദമില്ല. കർത്താവു തന്റെ സ്വന്തരക്തത്താൽ നമ്മെ വിലെക്കു വാങ്ങിയിരിക്കുകയാണ്. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരം. അതിനെ ഈ ലോകത്തിലെ പൊന്നോ, വെള്ളിയോ, റോൾഡ്ഗോൾഡോ, മുത്തോ, പലുങ്കോ, പ്ലാസ്റ്റിക്കോ, ചെമ്പോ, ലോഹങ്ങളോ കൊണ്ടു അലങ്കരിക്കേണ്ട ആവശ്യമില്ല.

ആഭരണം ധരിക്കാൻ പാടില്ലെന്നു പുതിയനിയമത്തിലില്ല, ധരിക്കുന്നതിൽ തെറ്റില്ല, മിതമായി ധരിക്കാം, വചനവിരുദ്ധമല്ല, കേരളത്തിൽ മാത്രമേ നിബന്ധനയുള്ളു, കേരളത്തിനു പുറത്തും വിശേഷാൽ തമിഴ്നാട്ടിലും പ്രവർത്തിച്ച ആരംഭകാലപ്രവർത്തകർ ആഭരണധാരണത്തെ എതിർത്തില്ല എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള അഭിപ്രായങ്ങൾ ഉയർന്നു വരാം. ഇവയാൽ ചമയ്ക്കപ്പെട്ട ഭൂരിപക്ഷാഭിപ്രായമല്ല ദൈവജനത്തിനു സ്വീകാര്യമായത് എന്ന കാര്യം നാം എപ്പോഴും ഓർക്കണം.

“നിന്റെ ആഭരണം നീക്കികളക” (പുറ.33:5) എന്നു ദൈവജനത്തോട് പഴയനിയമത്തിൽ ശക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവകല്പനെക്കുശേഷം സുവിശേഷങ്ങളിൽ കർത്താവോ, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ കർത്താവിനെ പിൻപറ്റി ജീവിച്ചു പ്രവർത്തിച്ച അപ്പൊസ്തലന്മാരോ, ലേഖനങ്ങളിൽ ഉപദേശമായോ ‘ആഭരണം ധരിച്ചുകൊൾക’ എന്ന അനുവാദം നല്കിയിട്ടില്ല. ആഭരണധാരണം യഥാർത്ഥത്തിൽ ദൈവകല്പനയെ നിസ്സാരമാക്കുന്ന പ്രവണത തന്നെയാണ്. ആയതിനാൽ ആഭരണധാരണം വിശ്വാസിക്കു ഒരു കാരണവശാലും അനുകരിക്കുവാൻ കൊള്ളാവുന്ന മാതൃകയല്ല.

===== AMEN, HALLELUJAH =====





# പ്രത്യേക അറിയിപ്പ്

“വിശ്വാസിയും ആഭരണവും” എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പു പുറത്തിറങ്ങുന്ന വേളയിൽ ഒരു കാര്യം കൂടി വ്യക്തമാക്കുന്നു. വിശ്വാസികൾ ആഭരണം ധരിക്കുന്നതു ദൈവവചനപ്രകാരം തെറ്റാണോ? വേർപെട്ട വിശ്വാസികൾ ധരിക്കാത്തതെന്താണ്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ദൈവവചനത്തിലൂടെ ലഭിച്ച സത്യങ്ങളാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

സ്വർഗ്ഗവും നരകവും, നന്മയും തിന്മയും, അനുഗ്രഹവും ശാപവും തിരഞ്ഞെടുക്കുവാനുള്ള അവകാശം മനുഷ്യനു ദൈവം നല്കിയിരിക്കുന്നു. അതുപോലെ ആഭരണം ധരിക്കണമോ, ധരിക്കാതിരിക്കണമോ എന്നതിന്റെ തീരുമാനവും അനുസരണവും ഓരോ വിശ്വാസിയിലും നിക്ഷിപ്തമായിരിക്കുന്നു. അവരുടെ വ്യക്തിപരമായ തീരുമാനങ്ങളിലേക്കു കടക്കുന്നതിനു എനിക്കവകാശമില്ല.

*ബ്രദറൺ-പെന്തക്കോസ്തു വിശ്വാസികളുടെ വരുംതലമുറകൾ ആഭരണം ധരിക്കാതിരിക്കുന്നതിന്റെ കാരണം എന്തെന്ന് അറിഞ്ഞിരിക്കണം. ആഭരണവർജ്ജനം പാലിക്കുന്നവരുടെ മക്കൾ അന്ധമായി മാതാപിതാക്കളെ അനുകരിക്കാതെ ആഭരണവർജ്ജനം ദൈവകല്പനയുടെ പൂർണ്ണമായ അനുസരണമാണെന്നു മനസ്സിലാക്കി സ്വയമായി ഉപേക്ഷിച്ചു വിശുദ്ധിയിൽ ജീവിക്കുവാൻ അവരെ സജ്ജരാക്കുകയെന്നതാണ് ഈ പുസ്കരചനയിലൂടെ ആഗ്രഹിക്കുന്നത്.*

ആഭരണവർജ്ജനത്തോടുള്ള ബന്ധത്തിൽ ദൈവം എനിക്കു നല്കിയ ആലോചനകൾ എഴുതി. എന്നാൽ ഇതു സംബന്ധിച്ചു നേരിലോ, എഴുത്തിലൂടെയോ, മറ്റു മാദ്ധ്യമങ്ങളിലൂടെയോ തുടർവാദത്തിനോ, പ്രതികരണത്തിനോ, സംവാദത്തിനോ ഞാൻ തയ്യാറല്ല എന്ന കാര്യം പ്രസ്താവിക്കുന്നു. അങ്ങനെയുള്ള ഏതെങ്കിലും ചോദ്യങ്ങൾ ലഭിച്ചാൽ “വിശ്വാസിയും ആഭരണവും” എന്ന പുസ്തകം ഇനി ഒരിക്കൽ മൂന്നാമത്തെ പതിപ്പ് പ്രസിദ്ധീകരിക്കാൻ ദൈവം സാഹചര്യങ്ങളെ ഒരുക്കിത്തരുന്നുവെങ്കിൽ അതിൽ ഉൾപ്പെടുത്താം എന്നു കർത്താവിൽ ശരണപ്പെടുന്നു.

ഗ്രന്ഥകാരൻ
(SAMSON HENRY, KOLLAM)